# 3

# കൊള്ളകൾ! കൊള്ളകൾ!

തിരൂരങ്ങാടിയിലുണ്ടായ സംഭവങ്ങളെപ്പററി പല ഊഹവർത്തമാനങ്ങളും ആഗസ്റ്റ് 21–ാം൹ ആയതോടുകൂടി നാടെല്ലാം പരന്നിരുന്നു. കമ്പിയും തപ്പാലും നിന്നതോടുകൂടി ഓരോരുത്തരും അവരുടെ മനോധർമ്മത്തിന്നനുസരിച്ച് ഈ വർത്തമാനങ്ങളെ പ്രചരിപ്പിച്ചു. പള്ളി നശിച്ചു എന്നതിനെപ്പററി ആർക്കും യാതൊരു സംശയവുമുണ്ടായിരുന്നില്ല. എങ്കിലും തിരൂരങ്ങാടി പള്ളി പട്ടാളം നശിപ്പിച്ചുവെന്ന് 20–ാം൹ വൈകുന്നേരം കേട്ട വർത്തമാനം 22–ാം൹ ആയപ്പോൾ പട്ടാളവും പോലീസ്സും മുഴുവൻ മാപ്പിളമാരുടെ തോക്കിനും വാളിനും ഇരയായി എന്നു വിപരീതനിലയിൽ രൂപാന്തരപ്പെട്ടു. കലക്ടർ തോമസ്സിനേയും ഡിസ്ട്രിക്ട് സൂപ്രഡണ്ട് മിസ്റ്റർ ഹിച്ച്കോക്കിനേയും ഡിപ്യൂട്ടി സൂപ്രഡണ്ട് ആമുവിനേയും കണ്ടംകണ്ടമായി മാപ്പിളമാർ വെട്ടിക്കൊന്നതായ ''സൂക്ഷ്മവിവരം'' പലരും വിസ്തരിച്ചു വർണ്ണിക്കുവാൻ തുടങ്ങി. പോലീസ്സുകാർ പൊന്തയിലും കാട്ടിലും ഓടിയൊളിച്ചു. പോലീസ്സ് സ്റ്റേഷനിലെ ആയുധങ്ങളെല്ലാം ലഹളക്കാരുടെ കയ്യിലായി. ഉദ്യോഗസ്ഥന്മാരെ മഷിവെച്ചാൽ പോലും കാണ്മാനില്ല. അരാജകത്വത്തിന്റെ സർവ്വ ലക്ഷണങ്ങളും നാട്ടിൽ പ്രത്യക്ഷപ്പെട്ടു. നീലമ്പൂർ നിന്നു മടങ്ങിപ്പോന്ന ലഹളക്കാർ പൂക്കോട്ടൂർക്കു മടങ്ങിപ്പോയെങ്കിലും അന്നു 21–ാം൹ രാത്രി മറെറാരു സംഘം മഞ്ചേരി ഖജാനയെ ആക്രമിച്ചു. ഈ ഖജാനയിൽ ഏഴര ലക്ഷത്തോളം ഉറുപ്പിക സൂക്ഷിച്ചുവെച്ചിട്ടുണ്ടായിരുന്നു. മഞ്ചേരിക്ക് ആപത്ത് തൽക്കാലം നീങ്ങി എന്ന സമാധാനത്തോടുകൂടി ഉറങ്ങുവാൻപോയ ഞങ്ങൾ ഭയങ്കരമായ ശബ്ദംകേട്ടു ഏകദേശം അർദ്ധരാത്രിയായപ്പോൾ ഞെട്ടിയുണർന്നു. അനവധി ജനങ്ങൾ കൂടി ഉച്ചത്തിൽ അവസാനമില്ലാതെ ചൊല്ലുന്ന ''അല്ലാഹുഅക്ബർ'' എന്ന ശബ്ദം ശ്രവണപുടത്തിൽ അലയ്ക്കുവാൻ തുടങ്ങി. പല സഭകളിലും ഈ ശബ്ദം കേട്ടു തഴകിയിരുന്ന എന്റെ ശ്രവണപുടങ്ങളിൽ വാതിലുകളും പൂട്ടുകളും വെട്ടിപ്പൊളിക്കുന്ന ശബ്ദത്തോടുകൂടി ഇടകലർന്നുകൊണ്ടു രാത്രിവേളയിൽ ഈ ശബ്ദം പ്രവേശിച്ചപ്പോൾ അതിന്നു

എന്തൊന്നില്ലാത്ത ഒരു ഭയങ്കരത്വം തോന്നി. കാര്യങ്ങളെല്ലാം അബദ്ധത്തിലായിയെന്ന് എനിക്ക് ബോദ്ധ്യപ്പെട്ടു. ഞങ്ങളുടെ ഉപദേശങ്ങളെ നിരസിച്ച് പൂക്കോട്ടൂർകാർ നിലമ്പൂർക്കു പോയി എന്നു കേട്ടപ്പോഠം തന്നെ പകുതിജീവൻ പോയിരുന്ന ഞാൻ 21—ാംനു- രാത്രി കോടതി വളപ്പിലുള്ള ശബ്ദം കേട്ടപ്പോഠം മൃതപ്രായനായി. വമ്പിച്ച തിരമാലകളെപ്പോലെ തള്ളിത്തള്ളി കയറുന്ന അക്രമഗതിയെ നിയന്ത്രിക്കുവാൻ ആവാതെ തീരെ അശക്തനായ ഞാൻ അപാരമായ മനോവ്യസനത്തിന്നും ലജ്ജയ്ക്കും വശപ്പെട്ടു സ്തബ്ധനായി. രണ്ടു മണിക്കൂർ കഴിഞ്ഞപ്പോഠം ഈ ഘോര ശബ്ദങ്ങഠം നിലച്ചു. നേരം പുലർന്ന ഉടനെ എം. പി.യും ഞാനും കൂടി കോടതിവളപ്പിലേയ്ക്കുപോയി. ഖജാനയുടെ മുമ്പിൽ ഇൻസ്പെക്ടർ നാരായണമേനോൻ നില്ക്കുന്നത് കണ്ടു. പോലീസ്സ്റ്റേഷനും ഖജാനയും തൊട്ട എടുപ്പുകളാണ്. ലഹളക്കാരുടെ വരവുകേട്ട് താനും പോലീസ്സുകാരും ഓടി രക്ഷപ്പെട്ടുവെന്നും അവരുടെ വരവിൻെറ വിവരം അറിയുവാൻ അല്പംകൂടി താമസിച്ചിരുന്നുവെങ്കിൽ താൻ ഇപ്പോഠം ജീവനോടുകൂടി ഉണ്ടാകയില്ലായിരുന്നുവെന്നും ഇൻസ്പെക്ടർ എന്നോടു പറഞ്ഞു. ഞാൻ അക്കാര്യത്തിൽ അദ്ദേഹത്തെ അനുമോദിച്ചു. തൻെറ സ്ഥാനത്തെ ഉപേക്ഷിച്ചു ഓടിപ്പോയ ധീരനാണെന്നു കണ്ടത് അതുവരെ താൻ വിശ്വസിച്ചിരുന്ന ഇൻസ്പെക്ടർക്കു ഭൂഷണമായില്ലെന്നും മററും എം. പി. ഇൻസ്പെക്ടരെ പഴിച്ചു. പക്ഷേ, ഇവർ തമ്മിലുള്ള വാദപ്രതിവാദത്തെ തുടരുവാൻ ഞാൻ സമ്മതിച്ചില്ല. വാതിലുകഠം എല്ലാം വെട്ടിപ്പൊളിച്ചിരുന്നുവെങ്കിലും ഖജാനപ്പെട്ടി പൊളിക്കുവാൻ ലഹളക്കാർക്കു സാധിച്ചിരുന്നില്ല. അന്നു 22—ാംനു- ഉച്ചതിരിഞ്ഞതിന്നു ശേഷം ഖജാനയെ രണ്ടാമതും ലഹളക്കാർ ആക്രമിച്ചു. പൂട്ടുകഠം വെട്ടിപ്പൊളിച്ചു. ലഹളക്കാരും അടുത്ത പ്രദേശത്തുള്ളവരും കൂടി പണം മുഴുവൻ വാരിക്കൊണ്ടുപോയി. തടവിൽ കിടന്നിരുന്ന തടവുകാരെ വിട്ടയച്ചു. തിരൂരങ്ങാടി മുതലായ ദിക്കുകളിൽ പല അക്രമങ്ങളും പിന്നീട് പ്രവർത്തിച്ചു. ഈ സംഭവത്തിന്നു ശേഷം ജനസാമാന്യത്തിനുള്ള ഭയം തീരെ നശിച്ചു. പള്ളികളിൽനിന്ന് 'നകാര'ത്തിൻെറ (ഒരുവിധം ചെണ്ട) ശബ്ദം കേഠക്കുവാൻ തുടങ്ങി. അടുത്ത പ്രദേശങ്ങളിലുള്ള മാപ്പിളമാരെ വിളിച്ചുകൂട്ടുവാനായിരുന്നുവത്രെ 'നകാരം' അടിച്ചിരുന്നത്. അബ്ദുള്ളക്കുട്ടി മഞ്ചേരി ജയിലിൽനിന്നു ലഹളക്കാർ രക്ഷപ്പെടുത്തിയവരുടെ കൂട്ടത്തിൽ ഒരാളായിരുന്നു. തടവുകാരിൽ രണ്ടു ഹിന്ദുക്കളുമുണ്ടായി

രുന്നു. ഇവരെയും വാർഡർ അച്യുതൻനായരേയും മതം മാററുകയും ചെയ്തു. ഗവർമ്മേണ്ടിൻെറ ശക്തി തീരെ നശിച്ചുവെന്നും കലക്ടരും മററും തിരൂരങ്ങാടിയിൽനിന്നു ഓടിപ്പോയെന്നും ഉള്ള പ്രസ്താവങ്ങരം നാട്ടിൽ പരന്നതോടു കൂടി മാപ്പിളമാർ രാജ്യം തങ്ങരംക്കധീനമായെന്നു തീർച്ചപ്പെടുത്തി. രണ്ടാമതും ഗവർമ്മേണ്ടു ഈ പ്രദേശങ്ങളിലേയ്ക്കു പ്രവേശിക്കാതിരിപ്പാനായി ചിലർ റെയിൽ നീക്കി. ചിലർ പാലം പൊളിച്ചു. മരങ്ങരം വെട്ടി റോഡിലിട്ടു. വീടു തോറും നടന്നു തോക്കു മുതലായ ആയുധങ്ങരം കരസ്ഥപ്പെടുത്തി. പട്ടാളത്തിനും അധികാരസ്ഥന്മാർക്കും നാട്ടിൽ പ്രവേശിപ്പാൻ അസാദ്ധ്യമാക്കുന്ന തടസ്സങ്ങരം എല്ലാം ഉണ്ടാക്കി.

പക്ഷേ, നാട്ടുകാർ കഷ്ടത്തിലായതു ഈ പ്രവൃത്തികരം കൊണ്ടല്ല. സ്വയം രക്ഷയ്ക്കായോ ഗവർമ്മേണ്ടിനോടു എതിർപ്പാനോ നിരാശയോ മത്സരബുദ്ധിയോ മൂലമോ ഇങ്ങനെ ചിലതെല്ലാം മാപ്പിളമാർ കാട്ടികൂട്ടിയതിൻെറ ഉദ്ദേശ്യം മനസ്സിലാക്കാൻ വിഷമം കാണുന്നില്ല. തങ്ങരംക്കു യാതൊരു ദോഷവും ചെയ്യാത്തവരും നിരപരാധികളും ആയ നാട്ടുകാരുടെ വീടുകരം പരക്കെ കൊള്ളചെയ്തു അവരെ കഷ്ടപ്പെടുത്തിയതാണ് ഈ ലഹളയിൽ ഏററവും അത്ഭുതകരമായി പലർക്കും തോന്നിയിട്ടുള്ളത്. ഇതിനുള്ള ചില കാരണങ്ങളെല്ലാം എനിക്ക് തോന്നീട്ടുള്ളത് മുൻ അദ്ധ്യായങ്ങളിൽ വിവരിച്ചിട്ടുണ്ട്. ലഹളയുടെ രണ്ടാമത്തെ ഘട്ടത്തിൽ ലഹളക്കാർ ചെയ്ത അക്രമങ്ങരം ആലോചിക്കുമ്പോരം അതിൽ അൻപതുശതമാനം അക്രമങ്ങരം പോലും ഈ ആദ്യഘട്ടത്തിൽ അവർ പ്രവൃത്തിച്ചിട്ടില്ല. പക്ഷേ, രണ്ടാമത്തെ ഘട്ടത്തിൽ അവർ ചെയ്ത അക്രമങ്ങളിൽ പലതിന്നും ചില കാരണങ്ങളുണ്ടായിരുന്നു. അങ്ങിനെയുള്ള യാതൊരു കാരണവും ഈ കൊള്ളകരംക്കില്ല. ഹിന്ദുക്കളോടു മതസംബന്ധമായും സാമ്പത്തികമായും മററും സ്പർദ്ധ അവർക്കുണ്ടായിരുന്നിരിക്കാം. പക്ഷേ, അതു മാത്രമാണോ ഈ കൊള്ളകരംക്ക് കാരണം എന്നു ഞാൻ ശങ്കിക്കുന്നു. മതഭ്രാന്തന്മരായ ചില ഹിന്ദുക്കളുടെ മനഃസ്ഥിതിപോലെ, ഖിലാഫത്ത് പ്രസ്ഥാനത്തിൻെറ അവസാനഫലം ഇസ്ലാം സാമ്രാജ്യസ്ഥാപനമാണെന്നു പല മാപ്പിളമാരും ധരിച്ചിരുന്നുവെന്നാണ് അവരുടെ പ്രവൃത്തികൊണ്ടും ചിലരുടെ വാക്കുകൊണ്ടും അനുമാനിക്കേണ്ടിയിരിക്കുന്നത്. ഇതു ഏററവും ആപൽക്കരമായ ഒരു മനഃസ്ഥിതിയാണെന്നു പറയാതെ നിവൃത്തിയില്ല. മാപ്പിളമാരിൽ വിവരമുള്ളവർക്കു ഈ

മനോഭാവം ഇല്ലാതിരുന്നേക്കാം. പക്ഷേ, സാധാരണക്കാർ അങ്ങനെ വിശ്വസിച്ചിരുന്നുവെന്നു തന്നെയാണ് ഊഹിക്കേണ്ടിയിരിക്കുന്നത്. ഇവരുടെ അഭിപ്രായപ്രകാരം അന്യമതസ്ഥന്മാരുടെ സ്വത്തു കൊള്ളചെയ്യുന്നതോ അപഹരിക്കുന്നതോ ദൈവം മുഖേനയുള്ള ഒരു പാതകവുമല്ലായിരുന്നു. ഈ സംഗതികളാണ് സാധാരണ ദുർമ്മാർഗികളല്ലാത്ത മാപ്പിളമാരിൽ പലരും ഈ കൊള്ളയിൽ ഏർപ്പെടുവാനുള്ള കാരണം എന്നാണ് എനിക്കു തോന്നുന്നത്. ഞാൻ പറഞ്ഞതു തെററാണെങ്കിൽ ആരെപ്പററി ഞാൻ മേൽപ്രകാരം പറഞ്ഞുവോ അവരോടു ഞാൻ മാപ്പു ചോദിക്കുന്നു. ശരിയാണെങ്കിൽ അവരുടെ മനഃസ്ഥിതിയെ ഭേദപ്പെടുത്തുവാൻ വളരെ താല്പര്യത്തോടുകൂടി അവരോടു അപേക്ഷിക്കുകയും ചെയ്യുന്നു.

ഏതായാലും ആഗസ്റ്റ് 21–ാംനു- മുതൽ ഏതാനും ദിവസങ്ങളിലോളം ഏറനാട്, വള്ളുവനാട്, കോഴിക്കോട്, പൊന്നാനി താലൂക്കുകളിൽ അധിവസിക്കുന്ന ഹിന്ദുക്കൾ അനുഭവിച്ച സങ്കടങ്ങൾ ചില്ലറയൊന്നുമല്ല. ഈ കൊള്ളകൾ ഏറനാടു താലൂക്കിൻെറ വടക്കു പടിഞ്ഞാറും കോഴിക്കോട് താലൂക്കിൻെറ പടിഞ്ഞാറും വള്ളുവനാട് താലൂക്കിൻേറയും പൊന്നാനി താലൂക്കിൻേറയും തെക്കും ഭാഗങ്ങളിൽ ഒഴികെ മേൽപറഞ്ഞ നാടുകളുടെ ബാക്കി എല്ലാ സ്ഥലങ്ങളിലും ഏകദേശം ഒരുപോലെ വ്യാപിച്ചിരുന്നുവെന്നു തന്നെ പറയാം. ചെറുതും വലുതും ആയ സംഘങ്ങളായിട്ടാണ് ഈ കൊള്ളകൾ നടത്തിയിരുന്നത്. സംഘങ്ങളിൽ ചിലതിൽ പത്തും പതിനഞ്ചും ചിലതിൽ നൂറും ഇരുനൂറും പേർ ഉണ്ടായിരുന്നു. ഒരു വീട്ടിൽ ഒരു സംഘക്കാർ വന്നു കൊള്ള കഴിച്ചുപോയാൽ ആ വീട്ടുകാരൻെറ കടങ്ങൾ അതുകൊണ്ടു തീർന്നില്ല. ഉടനെ വരും മറെറാരു സംഘം. ഇങ്ങനെ ഒന്നു രണ്ടു ദിവസംകൊണ്ടു നാലും അഞ്ചും കൊള്ളകൾ കഴിഞ്ഞ വീടുകൾ ഈ പ്രദേശങ്ങളിലുണ്ട്. ആദ്യത്തെ കൂട്ടർ തോക്കും ആയുധവും മാത്രമാണ് ചോദിച്ചിരുന്നത്. അതു കൊടുത്താൽ അവരുടെ ഉപദ്രവം തീർന്നു. പിന്നത്തെ സംഘത്തിന്നു പണമോ നെല്ലോ കിട്ടിയാൽ മതി. കിട്ടേണ്ടതു കിട്ടി അവർ പോയാൽ പിന്നെ വരുന്നവർ അകത്തുകടന്നു ആഭരണങ്ങളും മററും കൊള്ള ചെയ്കയായി. പിന്നെ വരുന്നവർക്കു വ്യവസ്ഥയില്ല. കയ്യിൽ കിട്ടിയതെല്ലാം കല്യാണംതന്നെ. ചുരുക്കം ചില സ്ഥലങ്ങളിൽ ഒഴികെ ഈ സംഘങ്ങൾ ജനങ്ങൾക്കു ദേഹോപദ്രവം ഒന്നും ചെയ്തിരുന്നില്ല. തോക്ക്, കത്തി,

വാൾ, വടി, മഴു, ഈർച്ചവാൾ, കുന്തം എന്നിങ്ങനെ പല ആയുധങ്ങളും ഇവർ കൊണ്ടുനടന്നിരുന്നു. ഇവയെല്ലാം ജനങ്ങളുടെ നേരെ പ്രയോഗിപ്പാനല്ല ഭയപ്പെടുത്തുവാനാണ് ഉപയോഗിച്ചിരുന്നത്. കൊള്ള ചെയ്യുവാൻ വരുന്നവർ ദേഹോപദ്രവം ചെയ്കയില്ലാ എന്നു ആർക്കും തീർച്ചയില്ലാതിരുന്നതിനാൽ പലരും വീടു വിട്ടു കുററിക്കാട്ടിലും പൊന്തയിലും ഒളിച്ചു. സ്ത്രീകളും കുട്ടികളും പേടിച്ചരണ്ടു പലവഴിക്കും പാഞ്ഞു. വീടുകളിൽ തന്നെ ഇരുന്ന ചിലരുമുണ്ട്. മഞ്ചേരി കച്ചേരിക്കടുത്ത് ഹിന്ദുക്കളായ ഉദ്യോഗസ്ഥന്മാരും സ്കൂൾ മാസ്റ്റർമാരും വക്കീൽമാരും തിങ്ങി താമസിച്ചിരുന്നതായ അരുകിഴായ എന്ന സ്ഥലമുണ്ട്. അവിടെ പല ബ്രാഹ്മണഗൃഹങ്ങളുമുണ്ട്. ആ പ്രദേശത്തു ഒരു വീടും ബാക്കിവെയ്ക്കാതെ സകലതും മാപ്പിളമാർ കൊള്ള ചെയ്തു. രാവിലെ പറമ്പിൽ കൂലിപ്പണി എടുത്തിരുന്നവനാണ് ഉച്ചയ്ക്കു കൊള്ളചെയ്യുവാൻ വന്നിരുന്നത്. അപ്പോഴേയ്ക്കു അവന്റെ ഭാവവും വേഷവുമെല്ലാമൊന്നുമാറിയിരിക്കും. ഈ കാലത്ത് നമുക്കു ഏററവും പരിചയമുള്ള മാപ്പിളമാരുടെ നമ്മോടുള്ള പെരുമാററം ദിവസംതോറും മണിക്കൂറുതോറും മാറിയിരുന്നുവെന്നു പലർക്കും അനുഭവപ്പെട്ട സംഗതികളാണ്. വക്കീൽ ഈശ്വരയ്യരുടെ മഠത്തിൽ രാവിലെ കന്നുനോക്കിയിരുന്ന ഒരു മാപ്പിളയാണ് ഉച്ചതിരിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ചാരുകസേരയിൽ കയറിയിരുന്ന് അദ്ദേഹത്തോടു പരുഷസ്വരത്തിൽ പണം വെയ്ക്കാൻ പറഞ്ഞത്. മഞ്ചേരി കോടതിയിലെ പ്രധാന വക്കീലും ഒരു വയോവൃദ്ധനുമായ ടി. നാരായണൻനായർ ഉടുത്തമുണ്ടിന്നു ഇണയില്ലാതെ ആണ് തന്റെ ഭാര്യയോടും മക്കളോടുംകൂടി ഞാൻ താമസിക്കുന്ന സ്ഥലത്തു സങ്കേതം പ്രാപിച്ചത്. ഇങ്ങനെ കൊള്ള നടത്തിയിരുന്നതിന്റെ ഇടയിൽ ഒരു ദിവസം മഞ്ചേരി കച്ചേരിപ്പടിക്കൽ നിന്നു രണ്ടു നാഴിക ദൂരമുള്ള എന്റെ ഭാര്യവീട്ടിൽ മാപ്പിളമാർ കൊള്ള ചെയ്യാൻ പോകുന്നുണ്ടെന്നു എനിക്ക് വിവരം കിട്ടി. എന്നെ മാപ്പിളമാർക്കെല്ലാം ബഹുമാനമാണെന്നും എന്റെ അടുത്തവരെ മാപ്പിളമാർ ഉപദ്രവിക്കയില്ലെന്നും ഉള്ള വിശ്വാസത്താലാണ് അനേകം ഹിന്ദുക്കൾ ഞാൻ താമസിച്ചിരുന്ന സ്ഥലത്തു വന്നു ചേർന്നിരുന്നത്. പക്ഷേ, എന്റെ ഭാര്യയും കുട്ടികളും അവരുടെ വീട്ടിൽത്തന്നെയായിരുന്നു. അവിടെ കൊള്ളയ്ക്ക് ഭാവമുണ്ടെന്നു കേട്ടപ്പോൾ ഉടനെ ഞാൻ അങ്ങോട്ടുപോയി. ചെന്നപ്പോൾ ആ വീട്ടിന്റെ പടിഞ്ഞാറു

ഭാഗത്തുള്ള ഒരുബ്രാഹ്മണൻെറ മഠത്തിൻെറ പടിവാതിൽ മാപ്പിളമാർ കുത്തിപ്പൊളിക്കയായിരുന്നു. ഭാര്യവീട്ടിലേയ്ക്കു കടന്നിരുന്നില്ല. കൊള്ളചെയ്‌വാൻ പുറപ്പെടുന്ന മാപ്പിളമാരോട് ''എന്താണ് ഇങ്ങിനെ ചെയ്യുന്നതെന്നു'' ഞാൻ ചോദിച്ചു. എന്നെ അറിയാത്ത ചിലർ എൻെറ നേർക്കു തിരിഞ്ഞു. പക്ഷേ, അറിയുന്നവരും അതിൽ ചിലർ ഉണ്ടായിരുന്നു. അവർ ഞാനാരാണെന്നു മററുള്ളവരെ മനസ്സിലാക്കിയപ്പോരം അവരുടെ ഭാവമെല്ലാം മാറി. ഒന്നും മിണ്ടാതെ നില്പായി. ഇതൊന്നും നല്ലതല്ലെന്നും അവരവരുടെ പാട്ടിന്നു പോകുന്നതാണ് ഉത്തമം എന്നും ഞാൻ പറഞ്ഞുപോയി. അവർ പകരമൊന്നും പറയാതെ അവിടെ നിന്നും പോയി. എൻെറ ഭാര്യവീട്ടിലേയ്ക്കു വന്നില്ല. അവിടെനിന്നു അങ്ങാടിയിൽകൂടി പോകുന്ന വഴിക്കും ഇങ്ങനെയുള്ള അനേകം സംഘങ്ങളെ ഞാൻ കണ്ടു. അവർ അടുത്തുകണ്ട ഹിന്ദുക്കളെയൊന്നും ഉപദ്രവിച്ചില്ല. കൊള്ളക്കാരുടെ സ്വഭാവം വെളിവാക്കുവാൻവേണ്ടി മാത്രം ഈ അനുഭവങ്ങരം ഞാൻ ഇവിടെ വിവരിച്ചതാണ്.

ഈ കൊള്ളകളിൽ ധനികൻ എന്നും ദരിദ്രൻ എന്നും മാപ്പിളമാർ വലിയ ഭേദമൊന്നും കാണിച്ചില്ല. പല ധനികന്മാരെയും ജന്മിമാരേയും അവർ കൊള്ളകളിൽനിന്നു ഒഴിവാക്കീട്ടുണ്ടായിരുന്നു. മഞ്ചേരിയിൽതന്നെ മഞ്ചേരി കോവിലകത്തൊന്നും മാപ്പിളമാർ കൊള്ളനടത്തീട്ടുണ്ടായിരുന്നില്ല. ചില സ്ഥലങ്ങളിൽ മാപ്പിളമാർതന്നെ സംഘം കൂടി ഹിന്ദുക്കളുടെ ഗൃഹങ്ങളെയും ഹിന്ദുക്കളെയും കൊള്ളകളിൽനിന്നും രക്ഷിച്ചിട്ടുമുണ്ടായിരുന്നു എന്നതു പ്രസ്താവയോഗ്യമാണ്.

# ആറു സ്ഥലങ്ങളിൽ നടന്ന ലഹളകൾ

ലഹളയുടെ ആരംഭത്തിൽ ലഹള ബാധിച്ചിരുന്ന താലൂക്കുകളിലെ മുഴുവൻ ചരിത്രവും എഴുതുവാൻ പ്രയാസമാണ്. എങ്കിലും നിലമ്പൂർ, പൂക്കോട്ട്, പെരിന്തൽമണ്ണ, തിരൂർ, പൊന്നാനി, മണ്ണാർക്കാട് മുതലായ സ്ഥലങ്ങളിലെ സംഭവങ്ങൾ വിശേഷിച്ചും വിവരിക്കേണ്ടത് ഈ ചരിത്രത്തിൻെറ പൂർണ്ണതയ്ക്കു ആവശ്യമാണെന്നു തോന്നുന്നു.

## നിലമ്പൂർ

പൂക്കോട്ടൂർ മാപ്പിളമാർ 20–ാംനു- രാത്രി നിലമ്പൂരിലേയ്ക്കു പോയ വിവരം മുൻപ്രസ്താവിച്ചിട്ടുണ്ടല്ലോ. ലഹളയുടെ ആരംഭത്തിനു കുറെ മുമ്പു പൂക്കോട്ടൂർ കോവിലകത്തേയ്ക്കു പോയി മാപ്പിളമാർ ലഹളയുണ്ടാക്കിയതിന്നുശേഷം നിലമ്പൂർ കോവിലകത്തെ കുറെ കാവൽക്കാരെ കോവിലകം കാക്കാനായി ഏർപ്പാടു ചെയ്തിരുന്നുവെന്നും 21–ാംനു- ഞായറാഴ്ച രാവിലെ അവർ മിക്കവാറും തങ്ങളുടെ നിത്യകർമ്മങ്ങൾക്കായി പോയിരുന്ന അവസരത്തിലാണ് പൂക്കോട്ടൂർ മാപ്പിളമാർ അവിടെ എത്തിയിരുന്നതെന്നും ആ ഘട്ടത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ലഹളക്കാർ ആദ്യം കോവിലകത്തുനിന്നു രണ്ടു ഫർല്ലോങ്ങു ദൂരമുള്ള നിലമ്പൂർ അങ്ങാടിയിൽ എത്തി. 'തക്ബീർ' ചൊല്ലിക്കൊണ്ടാണ് അവർ വന്നിരുന്നത്. അങ്ങാടിയിൽ അവർ വന്നു ''മമ്പുറത്തു പള്ളി വെടിവെച്ചു പൊളിച്ചിരിക്കുന്നു. ഇനി ഇരുന്നിട്ടു കാര്യമില്ല. എല്ലാവരും പുറപ്പെട്ടുകൊള്ളുവിൻ'' എന്നു ഉച്ചത്തിൽ പറഞ്ഞു. സബ്ബ് ഇൻസ്പെക്ടർ ഉണ്ണ്യൻ അവരെ സമാധാനിപ്പിക്കാൻ പലതും പറഞ്ഞുനോക്കിയെങ്കിലും യാതൊരു ഫലവും ഉണ്ടായിരുന്നില്ല. അവർ ഇൻസ്പെക്ടറുടെ തലക്കെട്ടിനെ വലിച്ചു എറിഞ്ഞു. പകരം അയാളുടെ തലയിൽ ഒരു തൊപ്പിവെക്കുകയും ഒരു വാൾ കയ്യിൽ കൊടുത്തു ഒന്നിച്ചു നടക്കുവാൻ പറയുകയും ചെയ്തു. ലഹളക്കാർ പിന്നെ കോവിലകത്തേയ്ക്കു നേരിട്ടുപോയി.

പടിക്കൽ കാവൽക്കാരായി അല്പം പേർ മാത്രമേ ഉണ്ടായിരു ന്നുള്ളൂ. അവരിൽ ഒരുവനായ വെളുത്തേടൻ നാരായണൻ ലഹളക്കാരുടെ നേരെ ഒരു വെടി വെച്ചു. എങ്കിലും അതു ഫലിച്ചില്ല, ലഹളക്കാർ നാരായണനെയും അടുത്തു ള്ളവരെയും വെട്ടി. അവർ അടുത്തുള്ള ഒരു നായരുടെ വീട്ടിൽ അഭയം പ്രാപിച്ചു, ലഹളക്കാർ അവിടെ ചെന്ന് അവിടെ കണ്ടവരെയെല്ലാം വെട്ടി. ആകെ 2 കുട്ടികളും 12 പുരുഷന്മാരും 2 സ്ത്രീകളും മരണപ്പെട്ടു. രണ്ടാരംക്ക് കലശലായ പരിക്കുകളും ഏററു. ഇതു കഴിഞ്ഞ് ലഹള ക്കാർ കോവിലകത്തേയ്ക്കു തിരിച്ചു. അപ്പോഴേയ്ക്കും തമ്പു രാക്കന്മാരും സ്ത്രീകളും ഭയപ്പെട്ടു പുതിയ കോവിലകത്തു കടന്നു വാതിലടച്ചു നിൽപ്പായി. ലഹളക്കാർ ആദ്യം കണ്ടതു ഇളയതമ്പുരാനെയാണ്. അദ്ദേഹത്തെ വെടിവെ യ്ക്കുവാനായി ചിലർ പുറപ്പെട്ടപ്പോരം അദ്ദേഹം, ''ഇതു ഞാനാണ്. ഇളയതമ്പുരാനാണ്, നിങ്ങരംക്കു വെച്ചേ കഴിയൂവെങ്കിൽ ഞാൻ അങ്ങോട്ടു ഇറങ്ങിവരാം'' എന്നു മുകളിൽനിന്നു പറഞ്ഞു. അവർ വെടിവെയ്ക്കാതെ തോക്കിനെ താഴ്ത്തി ഒരു സല്യൂട്ടു കൊടുത്തു വലിയ കോവി ലകത്തെ റിക്കാർട്ടുമുറിയിലേയ്ക്കു പോയി. റിക്കാർട്ടുകരം ഏതാനും ചുട്ടുകളഞ്ഞു. സാമാനങ്ങരം നശിപ്പിച്ചു. നിലമ്പൂർ ബേങ്കിൽ കയറി പുസ്തകങ്ങരം നശിപ്പിച്ചു അതിനുശേഷം മടങ്ങിപ്പോവുകയും ചെയ്തു.

പിറേറന്നു മുതൽക്ക് നിലമ്പൂരിലും കൊള്ള തുടങ്ങി. കരിമ്പുഴ പാലം പൊളിക്കുവാൻ ശ്രമിച്ചു. പക്ഷേ, അതു സാധിച്ചില്ല. മരങ്ങരം വെട്ടി നിരത്തിലിട്ടു. കോവിലക ത്തുള്ള പുരുഷന്മാരും സ്ത്രീകളും ഭയപ്പെട്ടു കാടുകയറി. വളരെ സുഖത്തിൽ ജീവിച്ചിരുന്ന അവർ പലവിധ അപകട ങ്ങരം അനുഭവിച്ചു. നിലമ്പൂർ കോവിലകം കീഴിൽ ഒരു മരക്കരാറുകാരനായ അറഞ്ഞിക്കൽ വീരാൻകുട്ടിയുടെ സഹാ യത്തോടുകൂടി സപ്തംബർ ആദ്യത്തിൽ ബോട്ടുവഴിക്കു കോഴിക്കോട്ടേയ്ക്കു പോകുന്നതുവരെ അവർ ഏതാണ്ട് വന വാസമായിത്തന്നെയാണ് കഴിച്ചുകൂട്ടിയത്.

നിലമ്പൂർ ഫോറസ്റ്റാഫീസറായിരുന്ന മിസ്റ്റർ എം. സി. ചാണ്ടി ലഹളയുടെ ആരംഭത്തിൽ നെടുങ്കയത്തുപോയി രക്ഷ പ്രാപിച്ചു. പക്ഷേ, മാപ്പിളമാർ അദ്ദേഹത്തെ അവിടെ വളഞ്ഞുകൂടി മതം മാററിക്കാനും അല്ലെങ്കിൽ കൊല്ലു വാനും ശ്രമിച്ചു. മമ്പാട്ടിലെ ചില മാപ്പിള പ്രമാണികരം ഈ വിവരം അറിഞ്ഞു ആരംക്കാരോടുകൂടി ചെന്നു അദ്ദേ ഹത്തെ രക്ഷപ്പെടുത്തി.

## പുല്ലങ്ങോട്

ലഹളയുടെ ആരംഭത്തിൽ ലഹളക്കാർ ചെയ്ത അക്രമ പ്രവൃത്തികളിൽ വളരെ ക്രൂരമായ ഒന്നാണ് പുല്ലങ്ങോട് റബ്ബർ തോട്ടത്തിൽവെച്ചുണ്ടായ സംഭവം. 21–ാംനു- ഞായറാഴ്ച പൂക്കോട്ടൂർ മാപ്പിളമാർ നിലമ്പൂരിൽ പോയി പലരെയും കൊന്നു മടങ്ങിയതോടുകൂടി കിഴക്കൻ പ്രദേശങ്ങളിലുള്ള മാപ്പിളമാർ എല്ലാം ഒന്നിളകിയിരുന്നു. ഏറനാടു താലൂക്കിലുള്ള മാപ്പിളമാരിൽവെച്ചു അജ്ഞാനവും അന്ധവിശ്വാസവും മതഭ്രാന്തും തികഞ്ഞ മാപ്പിളമാർ അധിവസിക്കുന്ന സ്ഥലങ്ങളാണ് കാളികാവ്, കരുവാരക്കുണ്ട്, ചെമ്പ്രശ്ശേരി പ്രദേശങ്ങൾ. ഈ പ്രദേശത്ത് അനേകം മാപ്പിളമാർ പ്രവൃത്തി എടുക്കുന്ന ''പുല്ലങ്ങോട്'', ''കേരള'' മുതലായ റബ്ബർ തോട്ടങ്ങൾ ഉണ്ട്. എത്രയും നിസ്സാരങ്ങളായ സംഗതികൾക്കുപോലും ജീവൻ കളയുവാൻ തയ്യാറുള്ള ഈ പ്രദേശത്തെ മാപ്പിളമാരുടെ ഇടയിൽ ഖിലാഫത്തിൻെറ വിത്ത് വളരെ ക്ഷണത്തിൽ മുളച്ചുവളർന്നു സർവവ്യാപകമായി പരിലസിച്ചിരുന്നു. ആ പ്രദേശങ്ങളിൽ ഒരു ഖിലാഫത്തുകമ്മിററി സ്ഥാപിക്കുവാൻ ചില കോൺഗ്രസ്സു ഖിലാഫത്ത് പ്രവർത്തകർ പോയി ഒരു കമ്മിററി സ്ഥാപിച്ചു മടങ്ങിപ്പോന്നിട്ടുണ്ടായിരുന്നു. പക്ഷേ, അവിടെവെച്ചു ഈ പ്രവർത്തകന്മാർ സഭകൾ കൂടുകയോ സഹകരണത്യാഗത്തെപ്പററിയോ അക്രമരാഹിത്യത്തെപ്പററിയോ വല്ല പ്രസംഗങ്ങളും ചെയ്യുകയോ ഒന്നും ഉണ്ടായിരുന്നില്ല. ഖിലാഫത്തോ കോൺഗ്രസ്സോ കമ്മിററി സ്ഥാപിച്ചുവെന്ന ചാരിതാർത്ഥ്യത്തോടുകൂടി മേപ്പടി പ്രവർത്തകന്മാർ അടങ്ങിയിരുന്നുവെങ്കിലും തങ്ങൾ സ്ഥാപിച്ച കമ്മിററി കോൺഗ്രസ്സിൻെറ ആദർശങ്ങളെ എത്രത്തോളം നടപ്പിൽ വരുത്തുവാൻ ഉതകിയവരായിരുന്നുവെന്നു അവർ ആലോചിച്ചിട്ടുണ്ടായിരുന്നുവെന്ന് തോന്നുന്നില്ല. ക്ഷണകാലംകൊണ്ടു ഈ കമ്മിററികളിൽ അനേകം മെമ്പർമാർ ചേർന്നിട്ടുണ്ടായിരിക്കണം. ഇങ്ങനെ സ്ഥാപിച്ച കമ്മിററിയിലെ മെമ്പർമാരിൽതന്നെ പലരും ലഹളയിൽ ഏർപ്പെട്ടതായിട്ടാണ് എൻെറ അറിവ്.

പൂക്കോട്ടൂർ മാപ്പിളമാരുടെ പ്രവൃത്തിയെ അനുകരിപ്പാനും ഉപദേശങ്ങൾ ശിരസാ വഹിപ്പാനും ഈ പ്രദേശങ്ങളിലെ മാപ്പിളമാർ തയ്യാറായതിൽ യാതൊരത്ഭുതവുമില്ല. 'അണ്ണാൻ കുഞ്ഞും തന്നാലായതു' എന്ന പഴമൊഴിക്കനുസരിച്ചാണ് മാപ്പിളമാർ പല ദിക്കിലും പ്രവർത്തിച്ചിരുന്നത്.

ഒരു മരമെങ്കിലും വെട്ടി നിരത്തിലിടാതിരിക്കുകയോ ഒരു കൽവർട്ടെങ്കിലും പൊളിക്കാതിരിക്കുകയോ ചെയ്യുന്നതു ഇസ്ലാമിനോടു ചെയ്യുന്ന ഒരു പാതകമാണെന്നും ഈ സാധുക്കൾ വിശ്വസിച്ചു. അധികം സംഘബലമുള്ള കാളികാവിലെ മാപ്പിളമാർ തങ്ങളാൽ കഴിയുന്നതു ചെയ്‌വാൻ ഏതുവിധത്തിലും ബാദ്ധ്യസ്ഥരുമാണല്ലോ.

ഇവർ ഒന്നാമതായി ചെയ്തതു കരുവാരകുണ്ടു പോലീസ്‌സ്റ്റേഷൻ കൊള്ളയിട്ടു അവിടുത്തെ ആയുധങ്ങൾ കരസ്ഥപ്പെടുത്തുകയായിരുന്നു. ഇതോടുകൂടി അവർ 'പുല്ലങ്ങോട്', 'കേരള' എസ്റ്റേററുകളിലേയ്ക്കു നടന്നു. പക്ഷേ, നിലമ്പൂരിൽ നടന്ന ഒരു സംഭവമല്ലാതെ മററു വിശേഷസംഭവമൊന്നും അവർ കേൾക്കാത്തതുകൊണ്ടു തങ്ങൾ ചെയ്തതു അനാവശ്യമായോ എന്നു അവർക്കു ശങ്ക തോന്നി. 21—ാംനു- രാത്രി പിന്നെ അവർ ഒന്നും ചെയ്തില്ല. 22—ാംനു- രണ്ടാമതും സംഘം കൂടി എസ്റ്റേററുകൾ തങ്ങളുടെ ഉപജീവനമാർഗമായതുകൊണ്ട് അവരുടെ നേരെ അക്രമം പ്രവൃത്തിക്കേണ്ടാ എന്നു നിശ്ചയിച്ചു. വൈകുന്നേരമായപ്പോഴേയ്ക്ക് ആ അഭിപ്രായം മാറി. രാത്രി എസ്റ്റേററിനെ അക്രമിക്കുവാൻ ഉറച്ചു പുറപ്പെട്ടു. മിസ്റ്റർ ബ്രൌണും മിസ്റ്റർ കോൾബ്രൂക്കും ഈ വർത്തമാനം അറിഞ്ഞു കാട്ടിലേക്കിറങ്ങി. ഇവർ എസ്റ്റേററ് വിട്ടു അധികം കഴിഞ്ഞില്ല, അപ്പോഴേയ്ക്കും കൂലിക്കാർ കേരള എസ്റ്റേററ് മുഴുവൻ കൊള്ളചെയ്തു. കയ്യിൽ കിട്ടിയതെല്ലാം കൊണ്ടുപോയി. അതിന്നുശേഷം ബങ്കളാവുകളും ഫാക്ടറികളും മററു എടുപ്പുകളും കത്തിച്ചു. മിസ്റ്റർ ബ്രൌണിനേയും മററും ലഹളക്കാർ കാട്ടിൽ തേടി. പക്ഷേ, കണ്ടെത്തിയില്ല. മിസ്റ്റർ ഈററൻ മറെറാരു എസ്റ്റേററിലായിരുന്നു ഉണ്ടായിരുന്നത്. തകരാറുകൾ തുടങ്ങിയപ്പോൾ അദ്ദേഹം കേരള എസ്റ്റേററിലേയ്ക്കു പുറപ്പെട്ടു. സാധാരണ വരുന്ന നേർവഴിക്കു തന്നെയാണ് അദ്ദേഹം വന്നത്; കൂടെ തൻെറ ചൊക്രയും മൂന്നു നായ്ക്കളും ഉണ്ടായിരുന്നു. യാതൊരു തകരാറും കൂടാതെ മിസ്റ്റർ ഈററൻ രക്ഷപ്പെടുമായിരുന്നു. അപ്പോഴേയ്ക്ക് അദ്ദേഹത്തിൻെറ നായ്ക്കൾ എന്തിൻേറയോ നേരെ കുരച്ചു. ലഹളക്കാർ ഈററനെ കണ്ടുപിടിക്കുകയും ചെയ്തു. മിസ്റ്റർ ഈററൻെറ ചൊക്ര ഒരു മരത്തിന്മേൽ കയറി രക്ഷപ്പെട്ടു. മിസ്റ്റർ ഈററൻ തൻെറ കയ്യിലുള്ള കൈത്തോക്കുകൊണ്ടു മൂന്നു വെടിവെച്ചു. അപ്പോഴേയ്ക്കു ലഹളക്കാർ അയാളെ കടന്നു പിടികൂടി. അവർ മിക്കവരും തൻെറ സ്വന്തം കൂലിക്കാരായിരുന്നു. ''നീ ഇന്നവനെ അടിച്ചില്ലേ?

അതിനിതാ''—നീ മററവനെ ഇതു് ചെയ്തില്ലേ! അതിനിതാ'' എന്നിങ്ങനെ ഓരോന്നു ചൊല്ലിയും ഓരോന്നു ചവിട്ടിയുമാണ് ഈററനെ കൊന്നതു്. മിസ്റ്റർ ഈററൻ മരിച്ചതിന്നുശേഷം അയാളുടെ തല ലഹളക്കാർ ഛേദിച്ചെടുത്തു് പബ്ലിക് റോഡിൽ നടുക്കു എല്ലാവർക്കും കാണത്തക്കവിധം സ്ഥാപിച്ചു, ദേഹത്തെ പുഴയിൽ വലിച്ചെറിയുകയും ചെയ്തു.

## തിരൂർ

മിസ്റ്റർ തോമസ് തിരൂരങ്ങാടിയിൽ നിന്നു ഓടിപ്പോയതുകൊണ്ടുണ്ടായ ഭവിഷ്യത്തുകളെപ്പററി മുമ്പു സൂചിപ്പിച്ചുവല്ലോ. ഏകദേശം അതുപോലെത്തന്നെ മാപ്പിളമാർക്കു ധൈര്യവും ഗവർമ്മേണ്ടിൻെറ ശക്തി പോയതിൽ വിശ്വാസവും വർദ്ധിപ്പിക്കത്തക്ക ചില സംഭവങ്ങളാണ് 21, 22 തിയ്യതികളിൽ തിരൂരിൽ നടന്നതു്. എന്നുമാത്രമല്ല, മേപ്പടി സംഭവങ്ങളും അതിൽനിന്നുത്ഭവിച്ച പ്രധാനപ്പെട്ട ഒരു കേസ്സും കേസ്സിലെ തെളിവും അതിലെ വിധിന്യായവും സാധാരണ മാപ്പിളമാരുടെ മനഃസ്ഥിതിയും പടിഞ്ഞാറൻ ദിക്കിലെ മാപ്പിളമാരായ ഖിലാഫത്തു പ്രവർത്തകന്മാരുടെ അക്രമരാഹിത്യവും പോലീസ്സുകാർ ലഹളക്കാലത്തു പ്രദർശിപ്പിച്ച ഭീരുത്വവും കോടതികളിൽവെച്ചുള്ള അവരുടെ അസത്യവാദിത്വവും എല്ലാം ഒന്നിച്ച് വിശദമാക്കുന്നതാണ്. സഹകരണത്യാഗപ്രസ്ഥാനം ഒട്ടും തന്നെ സ്പർശിക്കാത്ത കിഴക്കൻ പ്രദേശങ്ങളിലെ മാപ്പിളമാർ ഖിലാഫത്തു കമ്മിററിയിലെ അംഗങ്ങൾ ആയാലും അല്ലെങ്കിലും മിക്കവരും അക്രമം പ്രവർത്തിക്കുന്നതിലും ഹിന്ദുക്കളേയും ഉദ്യോഗസ്ഥന്മാരേയും ഹിംസിക്കുന്നതിലും ഉത്സാഹികളായിട്ടാണ് കണ്ടതു്. നേരെമറിച്ച്, ഏറനാട്ടിൻെറ പടിഞ്ഞാറു ഭാഗത്തും പൊന്നാനിയുടെ വടക്കു ഭാഗത്തും വള്ളുവനാട്ടിൻെറ തെക്കുപടിഞ്ഞാറെ പകുതിയിലും ഖിലാഫത്തു പ്രസ്ഥാനത്തിൽ ഏർപ്പെട്ട് സഹകരണത്യാഗം അനുഷ്ഠിച്ചിരുന്ന മിക്ക മാപ്പിള പ്രവർത്തകന്മാരും യാതൊരക്രമപ്രവൃത്തിയിലും ഏർപ്പെട്ടിരുന്നില്ല എന്നു മാത്രമല്ല ഹിന്ദുക്കളേയും ഉദ്യോഗസ്ഥന്മാരേയും ലഹളക്കാരുടെ ആക്രമണങ്ങളിൽനിന്നു രക്ഷിപ്പാൻ കഴിയുന്നതെല്ലാം പ്രവർത്തിച്ചിരുന്നു എന്നതു പ്രത്യേകം പ്രസ്താവയോഗ്യമാണ്. അക്രമരാഹിത്യത്തിൽ വിശ്വാസമില്ലാത്ത ആലി മുസലിയാർ പോലും ഈ പ്രസ്ഥാനത്തിൻെറ ഫലമായി തൻെറ അഭിപ്രായത്തേയും പ്രവൃത്തിയേയും എത്രത്തോളം ഭേദപ്പെടുത്തിയി

രിക്കുന്നുവെന്നു മുമ്പു വിവരിച്ചിട്ടുണ്ടല്ലോ. കുഞ്ഞിക്കാതരുടെ പേരിലുള്ള കേസ്സ് ലഹളയെ സംബന്ധിച്ച പ്രധാനപ്പെട്ട കേസ്സുകളിൽ ഒന്നാമത്തേതല്ലായിരുന്നുവെങ്കിൽ അത് തിരൂർ ഖിലാഫത്ത് സിക്രട്ടറിയായ പഞ്ചിളിയകത്ത് മുഹമ്മദാജിയുടെ പേരിലുള്ള കേസ്സുപോലെതന്നെ കലാശിക്കുമായിരുന്നു എന്നാണ് എൻെറ പൂർണ്ണവിശ്വാസം. എടക്കുളം ടൈൽവർക്സ് മാനേജർ മിസ്റ്റർ കൂൾട്ടാസ്സ് മഞ്ചേരി രാമയ്യർ മുതലായി സ്ഥലത്തുണ്ടായിരുന്ന യോഗ്യന്മാർ സാക്ഷി പറഞ്ഞതുകൊണ്ടും ഒടുവിൽ പാപ്പരാകത്തക്കവണ്ണം അനേകായിരം ഉറുപ്പിക തൻെറ നിരപരാധിത്വം പുലർത്തുവാനുള്ള ഉദ്ദേശ്യത്തോടുകൂടി മുഹമ്മദുഹാജി ചെലവു ചെയ്തതുകൊണ്ടും കേസ്സിൻെറ തീർപ്പ് ലഹള കഴിഞ്ഞ ശേഷമായതുകൊണ്ടും മുഹമ്മദാജി രക്ഷപ്പെട്ടു. ദരിദ്രനായ കുഞ്ഞിക്കാതർക്ക് ഈ ഭാഗ്യങ്ങളൊന്നുമുണ്ടായില്ല. അതിനാൽ അയാൾ തൂക്കിക്കൊല്ലപ്പെട്ടു. തിരൂർ നടന്ന സംഭവങ്ങളെപ്പററി സ്പെഷൽജഡ്ജി നാരായണയ്യർ തൻെറ വിധിന്യായത്തിലെഴുതീട്ടുള്ളതാണ് താഴെ ചേർക്കുന്നത്:

''തിരൂരങ്ങാടിയിലുണ്ടായിരുന്ന പട്ടാളത്തിൻെറ ആവശ്യത്തിനായി തിരയും മരുന്നും മററും കോഴിക്കോട്ടുനിന്നു കൊണ്ടുവന്നിരുന്ന ലിൻസ്റ്റർ പട്ടാളത്തിലെ (Leinster Regiment) രണ്ടു പട്ടാളക്കാരും ഏതാനും റിസർവ്വ് പോലീസ്സും പരപ്പനങ്ങാടിയിലെത്തിയപ്പോൾ അവിടെ കൂടിയിരുന്ന ആൾകൂട്ടത്തിൻെറ പ്രാതികൂല്യത്താൽ പരപ്പനങ്ങാടിയിൽ പോകുവാൻ സാധിക്കാതെ തിരൂർ നേരിട്ടു വന്നു. ഇത് 20–ാംനു- ശനിയാഴ്ച വൈകുന്നേരമാണ്. അവർ കൊണ്ടു വന്ന മരുന്നു സാമാനങ്ങൾ കച്ചേരിയിൽ സൂക്ഷിച്ചു. പോലീസ്സും മജിസ്ട്രേട്ടും ലിൻസ്റ്റർ പട്ടാളക്കാരും രാത്രി കാത്തു. 22–ാംനു- ചൊവ്വാഴ്ച രാവിലെ മാപ്പിളമാർ കൂട്ടംകൂട്ടമായി ഒരുക്കൂട്ടി തുടങ്ങി. മമ്പുറം പള്ളി പട്ടാളക്കാർ വെടിവെച്ചു തകർത്തിരിക്കുന്നുവെന്നും തിരൂരങ്ങാടി മാപ്പിളമാരെ പട്ടാളം അകാരണമായും അക്രമമായും വെടിവെച്ചു കൊന്നിരിക്കുന്നുവെന്നും തിരൂരിൽ വെടിമരുന്ന് കൊണ്ടുവന്നിട്ടുള്ളതു തിരൂർക്കാരുടെ നേരെ ഉപയോഗിക്കാനാണെന്നും മററുമുള്ള ഊഹങ്ങൾ നാട്ടിൽ പരന്നു. സ്റ്റേഷനിലുണ്ടായിരുന്ന ഒരു ഗുഡ്സ്‌വണ്ടി കൊള്ളചെയ്യുകയും പാലത്തിന്മേലും അതിനപ്പുറവുമുള്ള റെയിലുകൾ നീക്കംചെയ്യുകയും ചെയ്തു. നേരം കുറെക്കൂടെ ചെന്നപ്പോൾ വടിയും കത്തിയും ധരിച്ച അനേകായിരം ജനങ്ങൾ കച്ചേരിയെ വളഞ്ഞ് തിരയും മരുന്നും കൊടുക്കാത്തപക്ഷം

കച്ചേരി ചുട്ടുകളയുമെന്നും കയ്യിൽ കിട്ടുന്ന ഉദ്യോഗസ്ഥന്മാരെ കൊല്ലുമെന്നും ഭീഷണിപ്പെടുത്തി. ഇവരുടെ ആക്രമണത്തെ തടുപ്പാൻ തങ്ങൾക്ക് ആവുന്നതല്ലെന്ന് ഉദ്യോഗസ്ഥന്മാർ തീർച്ചപ്പെടുത്തി മാധ്യസ്ഥ്യം വഹിപ്പാൻ മാപ്പിളമാരിൽ രണ്ടു പ്രമാണികളെ കൊണ്ടുവരുവാൻ അവർ ആളെ അയച്ചു. അതിൽ ഒരാൾ തിരൂർ ഖിലാഫത്ത് കമ്മിററി സിക്രട്ടരിയായിരുന്ന പഞ്ചിളിയകത്ത് മുഹമ്മദാജിയായിരുന്നു. ആ സംസാരത്തിൻെറ ഫലമായി ഉണ്ടയും മരുന്നു തിരയുമെല്ലാം കൊണ്ടുപോയി പുഴയിൽ ഇടുവാൻ തീർച്ചപ്പെടുത്തി. അപ്രകാരം സാമാനങ്ങൾ വണ്ടിയിൽ കയററുവാൻ പുറപ്പെട്ടപ്പോൾ ആൾക്കൂട്ടം മുന്നോട്ടു തിരക്കിവന്ന് അതെല്ലാം എടുത്തുകൊണ്ടുപോയി. അനവധി ലഹളക്കാർ കച്ചേരിയിൽ കയ്യേറി. അവിടെ ഒരു കൊടി നാട്ടി. പോലീസുസ്റ്റേഷനിലെ തോക്കുകളെല്ലാം നീക്കം ചെയ്തു. ജെയിലിലുണ്ടായിരുന്ന തടവുകാരെ വിട്ടയപ്പാൻ മജിസ്ട്രേട്ടിനെ നിർബ്ബന്ധിച്ചു. അവിടെ ഉണ്ടായിരുന്ന പണമെല്ലാം കൊള്ളചെയ്തെടുത്തു. സാമാനങ്ങൾ ചിലത് കൊണ്ടുപോയി ചിലതെല്ലാം നശിപ്പിച്ചു. റിക്കാർട്ടുകൾ മുഴുവൻ തീയ്യിലിട്ടു ചുട്ടു. ഇതാണ് തിരൂരിലുണ്ടായ സംഭവത്തിൻെറ ചുരുക്കം.

മുഹമ്മദാജിയുടെ പേരിലുള്ള കേസ്സ് ഗവർമ്മേണ്ടിനോടു യുദ്ധം ചെയ്യുവാൻ ഒരുങ്ങിയ സംഘത്തിലെ അംഗമായി നിന്ന് ഗവർമ്മെണ്ട് എടുപ്പുകളിൽ കൊള്ള നടത്തിയെന്നും ജെയിലിലെ തടവുകാരെ വിടുവിച്ചു എന്നുമായിരുന്നു. യഥാർത്ഥത്തിൽ തിരൂരുള്ള ഉദ്യോഗസ്ഥന്മാരേയും മിസ്റ്റർ കൂൾട്ടാസ്സിനേയും പോലീസ്സുകാരേയും പട്ടാളക്കാരേയും നാലഞ്ചുദിവസത്തോളം ലഹളക്കാരിൽനിന്നു രക്ഷപ്പെടുത്തി ഒടുവിൽ യാതൊരു തകരാറും കൂടാതെ പട്ടാളം വന്നപ്പോൾ പട്ടാളത്തിന്നു ഏല്പിച്ചുകൊടുക്കുകയാണ് മുഹമ്മദാജി ചെയ്തിരുന്നത്. ഈ സംഗതികൾ മജിസ്ട്രേട്ടിൻെറ ആദ്യത്തെ റിപ്പോർട്ടുകൊണ്ടും മിസ്റ്റർ കൂൾട്ടാസ്സിൻേറയും മഞ്ചേരി രാമയ്യരുടേയും തെളിവുകൊണ്ടും കോടതിക്കു ബോദ്ധ്യപ്പെട്ടു. അന്യായഭാഗം വിസ്തരിച്ച സബ്ബ് ഇൻസ്പക്ടർ കരുണാകരമേനോനും ഇൻസ്പക്ടർ റായിബഹദൂർ നീലകണ്ഠൻനായരും പലവിധത്തിലും പരമാർത്ഥസംഗതികളെ വികൃതമാക്കാൻ ശ്രമിച്ചു. മദ്ധ്യസ്ഥത പറവാൻ വിളിച്ച മുഹമ്മദാജി ലഹളക്കാരിൽ ഒരുവനായിരുന്നുവെന്നാണ് പോലീസ്സുകാരുടെ ഒന്നാമത്തെ ചാർജ്ജ്. മാദ്ധ്യസ്ഥ്യം പറവാൻ വന്ന ഉടനെ തോക്കും മരുന്നും തിരൂര

ഞാടി തങ്ങളുടെ സഹോദരന്മാർക്ക് അയച്ചുകൊടുക്കുവാൻ തരണമെന്ന് ഉദ്യോഗസ്ഥന്മാരെ മുഹമ്മദാജി നിർബ്ബന്ധിച്ചു വെന്നതായിരുന്നു രണ്ടാമത്തെ ചാർജ്ജ്. തടവുകാരെ വിടുവിക്കുവാനും എടുപ്പുകഠം കൊള്ളയിടാനും റിക്കാർട്ടുകഠം നശിപ്പിക്കുവാനും ലഹളക്കാരുടെ മുമ്പനായി പ്രവർത്തിച്ചതു മുഹമ്മദാജിയായിരുന്നുവെന്നാണ് ശേഷം ചാർജ്ജുകഠം. പക്ഷേ, ഇതെല്ലാം പച്ചക്കളവാണെന്നു പല സംഗതികഠം കൊണ്ടും തെളിഞ്ഞു. അയാളുടെ ഭാവം കൊണ്ടും നടപടികൊണ്ടും ലഹളക്കാരോടു പ്രസംഗിച്ച തിൽനിന്നും അവരെ തടസ്സപ്പെടുത്തിയതിൽനിന്നും മുഹമ്മദാജി ഉദ്യോഗസ്ഥന്മാർക്കു അനുകൂലമായിരുന്നുവെന്നു മാത്രമല്ല, അവർക്കു വലിയ സഹായങ്ങഠം ചെയ്തിരുന്നു എന്നതായിരുന്നു മിസ്റ്റർ കൂഠംട്ടാസ്സിൻെറ തെളിവ്. സ്ഥലത്തുള്ള ഉദ്യോഗസ്ഥന്മാരുടേയും മൂന്നു യൂറോപ്യന്മാരുടേയും ജീവനെ രക്ഷിപ്പാൻ തന്നാൽ കഴിയുന്നതെല്ലാം ചെയ്തുവെന്നും ഇവരെ ലഹളക്കാരുടെ ഉപദ്രവം നേരിടാതെ തൻെറ പാണ്ടികശാലയിൽ കൊണ്ടുപോയി അഞ്ചു ദിവസത്തോളം തൻെറ ചിലവിന്മേൽ താമസിപ്പിച്ച് അവരെ രക്ഷിച്ചു ഒടുവിൽ 25—ാംനു- അവരെ പട്ടാള ഉദ്യോഗസ്ഥന്മാർക്ക് ഏല്പിച്ചു കൊടുത്തതായിരുന്നു അയാളുടെ കുററം എന്നാണ് ജഡ്ജി വിധിന്യായത്തിൽ അഭിപ്രായപ്പെട്ടിട്ടുള്ളത്. തൻെറ രക്ഷയെപ്പോലും നോക്കാതെ റൌലി, ജോൺസൺ ഇവർക്കു സംഭവിച്ചപോലുള്ള ആപത്തിൽനിന്നു മൂന്നു യൂറോപ്യൻമാരേയും പോലീസ്സുദ്യോഗസ്ഥന്മാരേയും രക്ഷപ്പെടുത്തിയ ഒരു മാപ്പിളയെ ഒരു ലഹളക്കാരനായി ഞാൻ എങ്ങനെ വിചാരിക്കാമെന്നാണ് ജഡ്ജി ചോദിക്കുന്നത്. പോലീസ്സുഭാഗത്തുനിന്നു കൊടുത്ത ഓരോ തെളിവും പരസ്പരവിരുദ്ധവും, തീരെ അവിശ്വാസയോഗ്യവും ആണെന്നും ആ വിധിന്യായത്തിൽ യുക്തിയുക്തമായി പ്രതിപാദിച്ചിട്ടുണ്ട്.

യഥാർത്ഥത്തിൽ അക്രമം പ്രവർത്തിച്ചവരെ ശിക്ഷിപ്പിക്കുന്നതിനെക്കാഠം കോൺഗ്രസ്സ്, ഖിലാഫത്ത് ഈ പ്രസ്ഥാനങ്ങളോടു ബന്ധപ്പെട്ടവരെ ഗൌരവമായി കുററം ചുമത്തി ശിക്ഷിപ്പിച്ച് കോൺഗ്രസ്സിൻെറ കീർത്തിയെ മലിനപ്പെടുത്തേണമെന്നുതന്നെയായിരുന്നു പോലീസ്സുകാരുടെയും അധികൃതന്മാരുടേയും ഉദ്ദേശ്യമെന്നു ഈ സംഗതികൊണ്ടു മാത്രമല്ല പല സംഗതികഠംകൊണ്ടും വ്യക്തമാകുന്നുണ്ട്.

പൂക്കോട്ടൂരിൽ തകരാറുകഠം ഉണ്ടായപ്പോഠം അത് അമർത്തുവാനോ ബന്ധപ്പെട്ടവരെ അറസ്റ്റ് ചെയ്‌വാനോ

ശ്രമിക്കാതെ ഉൾപ്രദേശങ്ങളിൽ ഖിലാഫത്ത് പ്രസ്ഥാനവുമായി സംബന്ധിച്ച പ്രധാന പ്രവർത്തകന്മാരെ അറസ്റ്റ് ചെയ്യാൻ അധികൃതന്മാർ ഒരുങ്ങിയപ്രകാരം തന്നെ ലഹളയിൽ പല കടുംക്രിയകൾ ചെയ്തവരെ പിടിപ്പാനോ അവരുടെ മേൽ വേണ്ടുന്ന നടപടികൾ നടത്താനോ ശ്രമിച്ചതിനേക്കാൾ ലഹള ഒതുക്കുവാനും അധികൃതന്മാർക്കു കഴിയുന്ന ഒത്താശകൾ ചെയ്‌വാനും തങ്ങളുടെ രക്ഷയെ അഗണ്യമാക്കി ജീവനെ ബലികഴിപ്പാൻ തയ്യാറായിരുന്ന മുഹമ്മദാജി, കട്ടിലശ്ശേരി മുഹമ്മദ്മുസലിയാർ, തയ്യിൽ മമ്മദ്കുട്ടി മുസലിയാർ, ഓടായിപുറത്ത് ചേക്കുട്ടി, കെ. കേളപ്പൻനായർ, കെ. വി. ബാലകൃഷ്ണമേനോൻ, കെ. വി. രാമൻമേനോൻ, പി. രാമുണ്ണിമേനോൻ, എം. പി. നാരായണമേനോൻ മുതലായവരുടെ മേൽ ഗൌരവമായ കുററങ്ങൾ ചുമത്തി ശിക്ഷിപ്പിക്കുന്നതിലായിരുന്നു അധികൃതന്മാരും പോലീസുകാരും അത്യുത്സാഹം പ്രദർശിപ്പിച്ചിരുന്നത്.

തോക്കും ഉണ്ടയും മരുന്നും എല്ലാം കൈവശം ഉണ്ടായിരുന്ന തിരൂരിലെ ഉദ്യോഗസ്ഥന്മാരും ശൂരന്മാരായ പോലീസ്സുകാരും തങ്ങളെയോ തങ്ങളുടെ കെട്ടിടങ്ങളെയോ ആക്രമണത്തിൽനിന്നും കുറെ നേരത്തേക്കെങ്കിലും പരാശ്രയം കൂടാതെ രക്ഷിപ്പാൻ ശ്രമിച്ചതുനിമിത്തം മരണപ്പെടുകയോ നിവൃത്തിയില്ലാതെ ഒടുവിൽ കീഴൊതുങ്ങുകയോ ചെയ്തിരുന്നുവെങ്കിൽ അത് മലബാർ കലാപത്തിൽ സംബന്ധിച്ച ഉദ്യോഗസ്ഥന്മാരുടെ ചരിത്രത്തിൽ ഉദ്ദീപകവും ശോഭനവുമായ ഒരു സംഭവമാകുമായിരുന്നു. എന്നാൽ ''യഥാരാജാ തഥാപ്രജാ'' എന്ന ആപ്തവാക്യത്തിന്നനുസരിച്ചു മിസ്റ്റർ തോമസ്സിൻെറയും മിസ്റ്റർ ഹിച്ച്കോക്കിൻെറയും ഓട്ടത്തെ ഇവർ അനുകരിക്കുകയാണ് ചെയ്തത്. മലബാറിലെ നാലുതാലൂക്കിലുള്ള ഒരു പോലീസ്സുകാരനോ പോലീസു ഉദ്യോഗസ്ഥനോ തൻെറ സ്റ്റേഷനും ആയുധങ്ങളും ലഹളക്കാരുടെ ആക്രമണത്തിൽനിന്നു രക്ഷിക്കുന്ന കൃത്യങ്ങളിൽ മരണപ്പെട്ടുവെന്നു കേട്ടിട്ടില്ല. ലഹള തുടങ്ങിയതോടുകൂടി സകല പോലീസുകാരും ഓടി ഒളിച്ചു. പിന്നെ പട്ടാളം വരുന്നതുവരെ ഇവരെയാരെയും കണികണ്ടിട്ടുമില്ല. തിരൂരങ്ങാടിയിലും തിരൂരിലും മററു സ്ഥലങ്ങളിലും അധികൃതന്മാരും പോലീസുകാരും പ്രദർശിപ്പിച്ച ഭീരുത്വത്തിൻെറ ഫലമായി മാപ്പിളമാർ രാജ്യം തങ്ങൾക്കു ഒതുങ്ങി എന്നു തീർച്ചപ്പെടുത്തിയതിൽ എന്താണത്ഭുതം?

## പൊന്നാനി

ഇരുപതാംതീയതി തിരൂരങ്ങാടിയിൽ നടന്ന സംഭവങ്ങൾ ഇരുപത്തൊന്നാം തീയതിയോടുകൂടിയാണ് നാടെങ്ങും പല രൂപത്തിൽ പ്രചരിപ്പാൻ തുടങ്ങിയത്. എങ്കിലും പൊന്നാനി നഗരത്തിലുള്ള മാപ്പിളമാർ സമാധാനത്തോടുകൂടിത്തന്നെ ഇരുന്നു. 21-ാംതീയ്യതി രാത്രിയായപ്പോഴേക്കാണ് അവിടെക്ക് അന്യദിക്കുകാരുടെ ഒരാക്രമണം ഉണ്ടായത്. ഖജാന കൊള്ളചെയ്‌വാനും പബ്ലിക്ക് എടുപ്പുകൾ നശിപ്പിക്കുവാനും ഉള്ള ഉദ്ദേശ്യത്തോടുകൂടിയാണ് ഈ സംഘം വരുന്നതെന്ന് നഗരത്തിൽ വർത്തമാനം കിട്ടി. അതുകേട്ടപ്പോൾ നഗരവാസികൾ അമ്പരന്നു. ഉദ്യോഗസ്ഥന്മാർ ഭയപ്പെട്ടു, പോലീസുകാർ ഓടി. കോൺഗ്രസ്സ് പ്രവർത്തകന്മാരുടേയും മററും നേരെ പല പരാക്രമങ്ങളും പിന്നീടു പ്രകടിപ്പിച്ച സബ്ബ് ഇൻസ്പക്ടർ കുഞ്ഞിരാമൻനായർ അവിടത്തെ പ്രധാന കോൺഗ്രസ്സ് പ്രവർത്തകന്മാരായ ബാലകൃഷ്ണമേനോൻ, കേളപ്പൻനായർ ഇവരെ അഭയം പ്രാപിച്ചു. അദ്ദേഹത്തെ ലഹളക്കാർക്കു കാണുവാൻ പോലും തരമാകാത്തവിധം അദ്ദേഹത്തിന്നു അവർ രക്ഷാസ്ഥാനം നൽകി. പൊന്നാനിക്ക് വരുന്ന മാപ്പിളമാരുടെ നേരെ ചെന്നു. അന്നത്തെ സംഭവത്തെപ്പററി ആഗസ്റ്റ് 22-ാംനു- പൊന്നാനി മജിസ്ട്രേട്ട് പറയുന്നതാണല്ലോ ഏററവും വിശ്വാസയോഗ്യമായ തെളിവ്. അതിൻെറ തർജ്ജമയാണ് താഴെ ചേർക്കുന്നത്:

''ഇന്നലെ രാത്രി ഏകദേശം 8 മണിക്ക് തിരൂർ, വെട്ടം പള്ളിപ്പുറം മുതലായ ദിക്കുകാരായ സുമാർ അഞ്ഞൂറോളം മാപ്പിളമാർ സംഘം ചേർന്ന് ഖജാന കൊള്ളചെയ്‌വാനും പോലീസ്സ്റ്റേഷൻ മുതലായ പബ്ലിക് എടുപ്പുകൾ നശിപ്പിക്കാനും ഉള്ള ഉദ്ദേശ്യത്തോടുകൂടി പൊന്നാനിക്കു വന്നു. അവരുടെ കൈയിൽ തോക്കും, വാളും കത്തിയും വടിയും കുന്തവുമുണ്ടായിരുന്നു. ചമ്രവട്ടം മുതൽ പൊന്നാനിവരെയുള്ള എല്ലാ കമ്പിയും അവർ മുറിക്കയും പുതിയ വിളക്കുകൾ നശിപ്പിക്കുകയും ചെയ്തിരുന്നു. അവർ കനോലിതോട്ടിൻെറ മീതെയുള്ള പാലത്തിൻെറ അടുത്തെത്തിയപ്പോൾ സ്ഥലത്തെ ഖിലാഫത്തു നേതാക്കന്മാരും വേറെ പ്രമാണികളും അവരെ ചെന്നു കണ്ടു. കേളപ്പൻനായർ, ബാലകൃഷ്ണമേനോൻെറ ചുമലിൽ കയറി അവരുടെ സാഹസകൃത്യത്തിൻെറ വൈഷമ്യത്തെ ചൂണ്ടിക്കാണിച്ചും സമാധാനത്തോടുകൂടി മടങ്ങി പോകുവാൻ ഉപദേശിച്ചും ഒരു

പ്രസംഗം ചെയ്കയാണുണ്ടായത്. അവരെ ഖിലാഫത്തു ആഫീസിലേയ്ക്കു കൊണ്ടുപോയി. ഖജാന കൊള്ളചെയ്യണമെന്നും പോലീസ് സ്റ്റേഷനിലുള്ള തോക്കുകൾ എല്ലാം കൈവശപ്പെടുത്തണമെന്നും ജെയിലിലുള്ള തടവുകാരെ വിട്ടയയ്ക്കണമെന്നും ആണ് തങ്ങൾ ആഗ്രഹിക്കുന്നതെന്നും അവർ പറഞ്ഞു. എന്നാൽ ഖിലാഫത്തു നേതാക്കന്മാരും (ഇവരിൽ പ്രധാനി തിരൂർ ഖിലാഫത്തു സിക്രട്ടറിയായിരുന്ന പഞ്ചിളിയകത്ത് മുഹമ്മദാജിയുമായിരുന്നെന്ന് മജിസ്ട്രേട്ട് മുഹമ്മദാജിയുടെ കേസ്സിൽ തെളിവു കൊടുത്തിട്ടുണ്ട്) കേളപ്പൻനായരും ബാലകൃഷ്ണമേനോനും അങ്ങനെയൊന്നും ചെയ്യരുതെന്ന് ഉപദേശിച്ചു. അന്നു രാത്രി ഈ സംഘം അവിടെ വേറെ തകരാറുകൾ ഒന്നും ചെയ്യാതെ തിരൂർക്കു മടങ്ങിപ്പോയി. വഴിക്കു കണ്ട റാക്കുഷാപ്പുകളും അവർ തീവെച്ചു നശിപ്പിച്ചു. രാവിലെ 4 മണിയോടുകൂടി എല്ലാം സമാധാനമായി....''

മേൽ പറഞ്ഞ കേളപ്പൻനായരേയും ബാലകൃഷ്ണമേനോനേയുമാണ് ലഹളക്കാരുടെ കൂട്ടത്തിൽ ചേർന്നു കള്ളുഷാപ്പിനെ തീവെച്ചു എന്നും മററുമുള്ള കുററം ചുമത്തി മേപ്പടി സബ്ബ് ഇൻസ്പെക്ടർ പിന്നീടു അറസ്റ്റ് ചെയ്തത്. അവരെ വായു കടക്കാത്ത വാഹനത്തിൽ കയററി കണ്ണൂർക്കു കൊണ്ടുപോയി അനേകമാസത്തോളം തടവിൽ പാർപ്പിച്ചു. ഒടുവിൽ സാക്ഷി പറവാൻ ആളെപ്പോലും കിട്ടാതെ അവരെ വിട്ടയയ്ക്കേണ്ടി വന്നു. ബാലകൃഷ്ണമേനോന് ജെയിലിൽ വെച്ചു ടൈഫോയ്ഡ് പിടിക്കുകയും, സന്നി കൂടി ഓർമ്മയില്ലാതെ മുറിയിൽ ഓടുന്ന അവസരത്തിൽപോലും ഒരാളുടെ സഹായമോ പരിചരണമോ ഇല്ലാതെ അദ്ദേഹം കഷ്ടപ്പെടുകയും ചെയ്തു. ബന്ധുജനങ്ങളുടെ അപേക്ഷയനുസരിച്ചു അവസാനം ഒരുവിധം ജയിലിൽനിന്നു വിടപ്പെട്ടുവെങ്കിലും അധികം മണിക്കൂർ കഴിയുന്നതിന്നു മുമ്പു മരിച്ചുപോവുകയുമാണുണ്ടായത്. ഇൻററമീഡിയററ് പാസ്സായി എം. ബി. ബി. എസ്സിന്നു പഠിച്ചിരുന്ന കാലത്താണ് ഈ യുവാവ് രാജ്യത്തിന്നുവേണ്ടി തൻെറ ജീവൻതന്നെ അർപ്പിച്ച് സഹകരണത്യാഗിയായി കോൺഗ്രസ്സ് പ്രവൃത്തിയിൽ ഏർപ്പെട്ടത്. കോൺഗ്രസ്സ് പ്രവർത്തകന്മാരുടെ ഇടയിൽ ബാലകൃഷ്ണമേനോനേക്കാൾ പരിശുദ്ധഹൃദയന്മാരായി ആരും ഉണ്ടായിരുന്നില്ല. ഇന്ത്യാ മാതാവിന്നു വേണ്ടി ബന്ധുമിത്രാദികളെ അപാരമായ വ്യസനത്തിൽ തള്ളിയിട്ടു ലോകത്തിലുള്ള സകല സുഖാനുഭവങ്ങളേയും ത്യജിച്ചു കാരാഗൃഹസ്ഥനും രോഗാക്രാന്തനുമായി,

ഹാ! കഷ്ടം, ഇഹലോകത്തെ വെടിഞ്ഞു. അദ്ദേഹത്തിൽ യാതൊരു വാട്ടവും തട്ടാതെ അവസാനംവരെ കത്തി ജ്വലിച്ചിരുന്ന ആ സ്വാതന്ത്ര്യവഹ്നി കേരളത്തിലെ യുവാക്കളെ എന്നെന്നും ഉദ്ദീപിപ്പിക്കുമാറാകട്ടെ!

## പെരിന്തൽമണ്ണ

വള്ളുവനാടു താലൂക്കിൻെറ തലസ്ഥാനമായ പെരിന്തൽമണ്ണയിൽ ഖിലാഫത്തു പ്രസ്ഥാനത്തിന്നു ഒരുവിധം നല്ല ശക്തിയുണ്ടായിരുന്നു. 1921 ആരംഭത്തിൽ സഹകരണത്യാഗത്തെപ്പററി ഞാൻ അവിടെവെച്ചു ഒരു പ്രസംഗം ചെയ്യുകയുണ്ടായി. ആ സദസ്സിൽ പതിനായിരത്തിൽ കുറയാതെ ആളുകരം ഉണ്ടായിരുന്നു. മാപ്പിള പ്രവർത്തകരുടെ ഇടയിൽ വളരെ ഉത്സാഹികളായ പലരും പെരിന്തൽമണ്ണയിൽ ഉണ്ടായിരുന്നു. ഹിന്ദുക്കളായ പ്രവർത്തകന്മാരിൽ എം. പി. നാരായണമേനോൻ, പറമ്പോട്ട് അച്യുതൻകുട്ടി മേനോൻ മുതലായവർ പെരിന്തൽമണ്ണക്കാരാണെന്നു തന്നെ പറയാം. പക്ഷേ, നാരായണമേനോൻ അപ്രദേശങ്ങളിൽ കോൺഗ്രസ്സ് പ്രവൃത്തി അധികമായി ചെയ്തിരുന്നില്ല. മാപ്പിളമാരായ കോൺഗ്രസ്സ് ഖിലാഫത്ത് പ്രവർത്തകന്മാരിൽ അഗ്രഗണ്യനും, പണ്ഡിതനും ബുദ്ധിമാനും, ശാന്തനും ആയ കട്ടിലശ്ശേരി മുഹമ്മദ് മുസലിയാരും നാരായണമേനോനും വള്ളുവനാട്ടുകാരായതു കൊണ്ടു അവർക്കു അപ്രദേശങ്ങളിൽ വലിയ സ്വാധീനശക്തി ഉണ്ടായിരുന്നു. ലഹളയുടെ ആരംഭകാലത്ത് അവർ രണ്ടു പേരും പെരിന്തൽമണ്ണയിൽ ഉണ്ടായിരുന്നില്ല. പറമ്പോട്ട് അച്യുതൻകുട്ടിമേനോൻ പോലീസുകാരുടെ തെളിവുപ്രകാരം പെരിന്തൽമണ്ണയിലായിരുന്നുവെങ്കിലും യഥാർത്ഥത്തിൽ മഞ്ചേരിയിലായിരുന്നു. മാപ്പിള പ്രവർത്തകന്മാരായ ഒതുക്കുംപുറത്തു ഉണ്ണ്യാലി, കച്ചവടക്കാരൻ വെള്ളാമ്പോല കുഞ്ഞഹമ്മദ് ഇവർ മാത്രമേ ലഹള ആരംഭിച്ച സമയം അവിടങ്ങളിൽ ഉണ്ടായിരുന്നുള്ളു.

ഇരുപത്തൊന്നാം തീയതി മാപ്പിളമാരുടെ ഇടയിൽ ചില ഇളക്കമെല്ലാം തുടങ്ങിയിരുന്നുവെങ്കിലും ഉണ്ണ്യാലി, കുഞ്ഞഹമ്മദ് മുതലായവരുടെ ശ്രമങ്ങളാൽ അത് വളരെ പ്രകടമായില്ല. പുറംദിക്കിൽനിന്നു കൂട്ടമായി വന്ന പലരേയും അവർ മടക്കി അയച്ചു. ഉദ്യോഗസ്ഥന്മാരേയും മററും രക്ഷിക്കാൻ അവർ വേണ്ടുന്ന ഏർപ്പാടുകരം ചെയ്തു. 22–ാംനു-യായപ്പോഴേയ്ക്കു് പ്രകൃതം എല്ലാം ഒന്നു മാറി. ലഹളക്കാർ അവരുടെ നേരെ തിരിഞ്ഞു. ലഹളക്കാരുടെ

ശക്തിയെ തടുപ്പാൻ ഈ പ്രവർത്തകർക്ക് ശക്തിയില്ലാതായി. അന്നു ഏകദേശം ഉച്ചയായതോടുകൂടി മാപ്പിളമാർ 'കൂട്ടബാങ്ക്' കൊടുത്തു. പബ്ലിക്ക് ആപ്പീസുകളെ ആക്രമിച്ചു. ഒന്നാമതായി ഖജാന കൊള്ളയിട്ടു. സബ്ബ് മജിസ്ട്രേട്ടു മുതലായവർ എടുപ്പിൻെറ പിൻഭാഗത്തുകൂടി ഓടി രക്ഷപ്പെട്ടു. കണ്ണിൽ കണ്ടതെല്ലാം നശിപ്പിക്കുകയാണ് പിന്നീടുണ്ടായത്. 12000—ക.യുടെ മുദ്രക്കടലാസ്സുകളും 100ക. യുടെ കറൻസിനോട്ടും അവർ നശിപ്പിച്ചു. ഖജാനയിൽ അധികം പണം ഉണ്ടായിരുന്നില്ല. സുമാർ 2000ക. യോളം മാത്രമേ ഉണ്ടായിരുന്നുള്ളൂ. പല റിക്കാർഡുകളും അവർ ചുട്ടുനശിപ്പിച്ചു. പിന്നെ മുൻസീഫ് കോടതിക്കിറങ്ങി. അവിടത്തെ റിക്കാർഡുകൾ നശിപ്പിച്ചിട്ട് വീടുകൾതോറും നടന്നു പണം വാങ്ങുവാനും കൊള്ളചെയ്‌വാനും ഉള്ള ശ്രമമായി. എം. പി. നാരായണമേനോൻെറ ഭാര്യവീടുപോലും ലഹളക്കാർ ഒഴിവാക്കിയില്ല. അതിന്നുശേഷം 28—ാംനു-വരെ അവിടെ വിശേഷിച്ചു തകരാറുകൾ ഒന്നും ഉണ്ടായിരുന്നില്ല. 28—ാംനു- കരുവാരകുണ്ടു മുതലായ പ്രദേശങ്ങളിൽ നിന്നു കുറെ ലഹളക്കാർ വന്നു അങ്ങാടിയിൽ ചില പീടികകളും താലൂക്കാപ്പീസ്സും തീവെച്ചു നശിപ്പിച്ചു.

പെരിന്തൽമണ്ണ ഖജാന കൊള്ളയടിക്കുവാനും മററും ഉത്സാഹിച്ചു എന്നായിരുന്നു പറമ്പോട്ട് അച്യുതൻകുട്ടി മേനോൻേറയും അരിപ്ര കോവിലകത്തെ തമ്പുരാൻേറയും പേരിലുണ്ടായിരുന്ന കേസ്സ്. അവർ രണ്ടുപേരേയും സ്പെഷൽ കോടതി ശിക്ഷിച്ചു. തമ്പുരാനെ ഹൈക്കോടതി വിട്ടു. അച്യുതൻകുട്ടിമേനോൻെറ പേരിലുള്ള നാടുകടത്തൽ ശിക്ഷ 7 കൊല്ലമായി ചുരുക്കി. ഈ കേസ്സ് ശുദ്ധമേ കളവാണെന്നു പിന്നീടു കലക്ടറായിരുന്ന മിസ്റ്റർ തോറൺ തെളിവ് എടുത്തു റിപ്പോർട്ടു ചെയ്കയാൽ അച്യുതൻകുട്ടിമേനോനെ നിരുപാധികമായി വിട്ടു. ഉണ്ണ്യാലിയും കുഞ്ഞഹമ്മദും മററും അല്പകാലത്തെ ശിക്ഷ അനുഭവിക്കേണ്ടതായിതന്നെ വന്നു.

## മണ്ണാർക്കാട്

മററു പല സ്ഥലങ്ങളിൽ നടന്നപോലെ കൊള്ളയും കമ്പി മുറിക്കലും, പാലം പൊളിക്കലും എല്ലാം മണ്ണാർക്കാട്ടും നടന്നു. ആഗസ്റ്റ് ഇരുപത്തിരണ്ടാം തീയതിയാണ് തുപ്പനാട് പാലം ലഹളക്കാർ പൊളിച്ചത്. ആഗസ്റ്റ് 30—ാംനു-വരെ സാധാരണയിൽ കവിഞ്ഞ വിശേഷസംഭവങ്ങ

ളൊന്നും അവിടെ ഉണ്ടായിരുന്നില്ല. എങ്കിലും മണ്ണാർക്കാട്ടു ഇളയനായർ ലഹളക്കാരുടെ ഭാഗത്താണെന്നും കല്ലടിക്കാർ ലഹളക്കാരുടെ എതിർഭാഗത്താണെന്നും വരുത്തിത്തീർക്കാൻ പത്രങ്ങളിൽ വലുതായ ഒരു ലഹള ഉണ്ടാകാതിരുന്നില്ല.

വള്ളുവനാടിന്റെ തെക്കൻ പ്രദേശങ്ങളിൽ വിശേഷിച്ചു ലഹളയൊന്നും ഉണ്ടായില്ല. എങ്കിലും ചെർപ്പുളശ്ശേരി പോലീസ്സ്റ്റേഷൻ ആഗസ്റ്റ് 24—ാം തിയ്യതി ചില മാപ്പിളമാർ കൊള്ളചെയ്തു് ചില ആയുധങ്ങൾ എടുത്തുകൊണ്ടു പോയി. ഈ പ്രദേശങ്ങളിലെ അല്പം ചില ഹിന്ദുക്കൾ ലഹളക്കാരുടെ കൂട്ടത്തിൽ കൂടി പാലം പൊളിക്കുവാനും സ്റ്റേഷൻ കൊള്ളചെയ്‌വാനും പോയിട്ടുണ്ട്. അങ്ങനെ ഏതാനും പേർ ചെയ്ത കുററത്തിന്നു അപ്രദേശത്തുള്ള നിരപരാധികളായ ഹിന്ദുക്കൾ പരക്കെ പോലീസുകാരുടെ പലവിധ ഉപദ്രവങ്ങൾ അനുഭവിക്കുവാൻ ഇടയായിട്ടുണ്ട്.

ലഹളയുടെ ആദ്യഘട്ടത്തിൽ നമ്പൂതിരിമാർ അനുഭവിച്ച സങ്കടങ്ങൾക്കു കണക്കില്ല. ലഹളക്കാർ അതിക്രൂരമായ കൃത്യങ്ങൾ നടത്തിയതു ലഹളയുടെ രണ്ടാമത്തെ ഘട്ടത്തിലാണെങ്കിലും നമ്പൂതിരിമാർ അധികം കഷ്ടപ്പെട്ടത് ഒന്നാമത്തെ ഘട്ടത്തിൽതന്നെയാണ്. അന്നത്തെ ആക്രമണങ്ങളാൽ അവർ അന്യദിക്കുകളിൽ അഭയം പ്രാപിച്ചിരുന്നതിനാലാണ് രണ്ടാമത്തെ ഘട്ടത്തിൽ വലിയ ആപത്തുകൾ അവർക്കു സംഭവിക്കുവാൻ ഇടയാകാതിരുന്നത്. ലഹളയുടെ ആദ്യകാലത്ത് കൊലകൾതന്നെ ചുരുക്കമായിരുന്നുവെന്നു മുൻപ്രസ്താവിച്ചുവല്ലോ. എങ്കിലും കോഴിക്കോടു താലൂക്കിൽ കിഴക്കൻ പ്രദേശത്തുള്ള ചുഴലിപ്രത്ത് മനക്കലെ വാസുദേവൻനമ്പൂതിരിയെ ലഹളയുടെ ആദ്യഘട്ടത്തിൽതന്നെ ലഹളക്കാർ കൊന്നു. ഏറനാട് താലൂക്കിൽ കോട്ടക്കലിന്നടുത്തുള്ള അച്ചിപ്ര എന്ന സ്ഥലത്തും കൊണ്ടോട്ടിക്ക് വടക്കുള്ള വിളയിൽ പറപ്പൂർ എന്ന ദിക്കിലുമുള്ള നമ്പൂതിരിമാരാണ് അതികഠിനങ്ങളായ സങ്കടങ്ങൾ അനുഭവിച്ചിട്ടുള്ളത് എന്നാണ് പ്രസ്താവം. കൊലകൾ ആ പ്രദേശങ്ങളിൽ നടന്നിട്ടില്ലെങ്കിലും അതിൽ താഴെയായി എന്തെല്ലാം അക്രമം ചെയ്യാമോ അതെല്ലാം ലഹളക്കാർ ചെയ്തിട്ടുണ്ടത്രെ.

കൊണ്ടോട്ടി—ഫറോക്ക് റോഡിന്നു വടക്കും അരീക്കോടിന്നു പടിഞ്ഞാറുമുള്ള സ്ഥലങ്ങളിൽ ലഹള ആരംഭിച്ച് രണ്ടു മാസങ്ങളോളം യാതൊരു തകരാറും ഉണ്ടായിരുന്നില്ല. അരീക്കോട്ട് ചില കൊള്ളകൾ ഉണ്ടായെങ്കിലും കല്ലുവെട്ടിക്കുഴി അഹമ്മത്കുട്ടിയുടെയും മകന്റെയും ഉത്സാഹത്താൽ

പലർക്കും മുതൽ മടക്കി കിട്ടുകയുണ്ടായി. ചെറുവായൂർ, വാഴക്കാട് മുതലായ പ്രദേശങ്ങളിൽ കൊന്നകറതങ്ങൾ മുതലായ മുഹമ്മദീയ പ്രധാനികളും ഹിന്ദുക്കളും യോജിച്ചു യാതൊരു തകരാറുകളും ഇല്ലാതിരിപ്പാൻ വേണ്ടുന്ന ഏർപ്പാടുകൾ ചെയ്കയും അതു ഫലിക്കുകയും ചെയ്തിരുന്നു.

# വാരിയൻകുന്നൻ കുഞ്ഞഹമ്മദാജി

മഞ്ചേരിയിൽ കൊള്ളകഠം നടന്നുകൊണ്ടുതന്നെ ഇരിക്കുന്നു. അങ്ങനെ ഇരിക്കെ 23–ാംനു- ഏകദേശം ഉച്ചയായതോടുകൂടി പട്ടാളം വരുന്നു എന്ന് ഒരു ഊഹം ആ പ്രദേശങ്ങളിൽ മുഴങ്ങാൻ തുടങ്ങി. ഈ ഊഹം പരന്നതോടുകൂടി ഹിന്ദുക്കഠം സന്തോഷിച്ചു. മാപ്പിളമാർ നടുങ്ങി. കൊള്ളകഠം നിർത്തി ഓരോസംഘവും ഓരോവഴിക്കു പാച്ചിലായി.

ഈ ഘട്ടത്തിൽ എൻെറയും കുടുംബങ്ങളുടേയും സ്ഥിതി ഏതാണ്ട് അപകടത്തിലാണെന്നു എനിക്ക് തോന്നി. ഞാൻ താമസിക്കുന്ന വീടു മലപ്പുറത്ത്നിന്നു മഞ്ചേരിക്കുള്ള റോഡിൻെറ വക്കത്താണ്. പഞ്ചാബിൽ പട്ടാളക്കാർ ചെയ്ത അക്രമപ്രവൃത്തികളുടെ ചരിത്രത്തെപ്പററി നല്ലവണ്ണം അറിവുണ്ടായിരുന്ന ഞാൻ എൻെറ വീടും കുടുംബങ്ങളും പട്ടാളക്കാരുടെ അക്രമത്തിന്നു ഒന്നാമത്തെ ഇരയാകുമെന്നു തീർച്ചപ്പെടുത്തി. ഞാൻ മൂലം അവർക്ക് നാശം വരരുതെന്ന മോഹത്താൽ ഞാൻ നിരത്ത് വിട്ട് രണ്ടുഫർലോംഗു ദൂരമുള്ള കാവുങ്ങൽ നമ്പൂതിരിയുടെ സ്ഥലത്തേയ്ക്കു താമസമാക്കി. അതോടുകൂടി ആ പ്രദേശത്തുള്ള അനേകം ഹിന്ദുക്കളും അവിടെ തന്നെ വന്നു കൂടി. എം. പി. നാരായണമേനോൻ, മുൻസീഫ് കുണ്ടുപണിക്കരുടെയും കുടുംബത്തിൻേറയും രക്ഷയ്ക്കായി അദ്ദേഹത്തിൻെറ കൂടെയും താമസമാക്കി.

പട്ടാളം വരുന്നു, വരുന്നു എന്നു കേഠംവിയല്ലാതെ യഥാർത്ഥത്തിൽ വന്നിരുന്നില്ല. 24–ാം തീയതിയായപ്പോഠം കൊള്ളകഠം വീണ്ടും ആരംഭിച്ചു. അന്ന് ഏകദേശം ഉച്ചയായിരിക്കുന്നു. അപ്പോഠം ഞാൻ താമസിക്കുന്ന വീടിൻെറ തെക്കുഭാഗത്തുള്ള ഒരു നായർ ഗൃഹത്തിൽ വാക്കേത്തൊടിക്കാരായ ചില മാപ്പിളമാർ കൊള്ള നടത്തുന്നതായി വിവരം കിട്ടി.

അധികം താമസിയാതെ ഞാൻ താമസിച്ചിരുന്ന വീടിൻെറ മുൻഭാഗത്തുള്ള വയലിൻെറ നടുവരമ്പിൽക്കൂടെ ഒരു കൊടിയും മുമ്പിൽ പിടിച്ച് ആയുധങ്ങളുമായി

സുമാർ 25 മാപ്പിളമാർ തെക്കോട്ടു പോകുന്നതു കണ്ടു. ആ സംഘത്തിൻെറ തലവൻ വാരിയൻകുന്നൻ കുഞ്ഞഹമ്മദാജിയാണെന്നും അറിഞ്ഞു.

വാരിയൻകുന്നൻ കുഞ്ഞഹമ്മദാജിയെ ഞാൻ മുമ്പ് കണ്ടിട്ടില്ല.

1921 ഫിബ്രവരി ആദ്യത്തിൽ 144–ാം വകുപ്പുപ്രകാരം ഡിസ്ത്രിക്ട് മജിസ്ത്രേട്ട് അയച്ച ഒരു നോട്ടീസിൽ ഗോപാലമേനോൻെറയും എൻെറയും പേരോടുകൂടി ഈ കുഞ്ഞഹമ്മദാജിയുടെ പേരുകൂടി ചേർത്തിരുന്നുവെങ്കിലും ഞാൻ ആ നോട്ടീസ്സിൽനിന്നാണ് ഇങ്ങനെ ഒരാറം ഉണ്ടെന്നുതന്നെ മനസ്സിലാക്കിയത്.

കുഞ്ഞഹമ്മദാജിയുടെ ജനനസ്ഥലം മഞ്ചേരിയിൽനിന്നു 4 നാഴിക ദൂരെ പാണ്ടിക്കാട്ടുനിന്നു 4 നാഴിക പടിഞ്ഞാറുള്ള നെല്ലിക്കുത്ത് എന്ന പ്രദേശത്താണ്. ഇതു ഏറനാട്ടിലെ ലഹളപ്രദേശത്തിൽപ്പെട്ട ഒരു സ്ഥലമാണ്. കുഞ്ഞഹമ്മദാജിയുടെ വീടും ആലിമുസലിയാരുടെ വീടും തമ്മിൽ 20 വാരയിൽ അധികം അകലമില്ല. കാക്കത്തോടു പാലത്തിൻെറ അടുത്ത് പടിഞ്ഞാറു നിരത്തിന്നു തൊട്ടു തെക്കുവശത്താണ് ഈ രണ്ടു വീടുകളും സ്ഥിതി ചെയ്യുന്നത്. ഈ വീടുകറം രണ്ടും പട്ടാളം തീവെച്ചു നശിപ്പിച്ചെങ്കിലും ചുമരുകറം വീഴാത്ത നിലയിൽ ലഹളയ്ക്കുശേഷം ഞാൻ കണ്ടിട്ടുണ്ട്. കുഞ്ഞഹമ്മദാജി ചെറുപ്പമായിരുന്ന കാലത്തിൽതന്നെ അയാറം തൻെറ ബാപ്പയോടുകൂടി മക്കത്തേയ്ക്കു നാടുകടത്തപ്പെട്ടിരുന്നു. മുമ്പ് ഉണ്ടായ ചില ലഹളകളിൽ സംബന്ധിച്ചിരുന്ന കുററത്തിനാണ് ഇങ്ങനെ നാടുകടത്തിയിരുന്നത്. ലഹളയ്ക്കു ആറേഴു കൊല്ലം മുമ്പാണ് കുഞ്ഞഹമ്മദാജി മലബാറിലേയ്ക്കു മടങ്ങിവന്നത്. മടങ്ങിവന്നപ്പോഴും അയാളെ തൻെറ ജനനസ്ഥലത്തേയ്ക്ക് പോവാൻ ഗവർമ്മേണ്ടു അനുവദിച്ചിരുന്നില്ല. അതിനാൽ അയാറം കൊണ്ടോട്ടിക്കടുത്തുള്ള നെടിയിരുപ്പിൽ താമസിച്ചു. അവിടെ ഒരു പോത്തുവണ്ടിക്കാരനായിട്ടാണ് കാലക്ഷേപം നടത്തിയിരുന്നത്. കുറച്ചുകാലം നെടിയിരുപ്പിൽ ഇങ്ങനെ താമസിക്കേണ്ടിവന്നെങ്കിലും പിന്നീടു അയാളുടെ ജനനസ്ഥലത്തേയ്ക്കുപോവാൻ ഗവർമ്മേണ്ടു അനുവദിച്ചു. അതുപ്രകാരം അയാറം നെല്ലികുത്ത് താമസം ഉറപ്പിക്കുകയും ചെയ്തു. അവിടെയും പ്രവൃത്തി വണ്ടിക്കാരൻേറതുതന്നെയായിരുന്നു.

ഖിലാഫത്തു പ്രസ്ഥാനം ആരംഭിച്ചപ്പോറം അയാറം അതിലെ ഒരു പ്രധാന പ്രവർത്തകനായി ചേർന്നുവെന്നും

ഏറനാട്ടിൽ പല സഭകളും സ്ഥാപിച്ചുവെന്നും ചില ഇംഗ്ലീഷു പത്രങ്ങളിലും ദിവാൻബഹദൂർ സി. ഗോപാലൻ നായർ എഴുതിയ 'മാപ്പിള ലഹള' എന്ന പുസ്തകത്തിലും പ്രസ്താവിച്ചത് ശരിയാണെന്നു തോന്നുന്നില്ല. അപ്രകാരം വല്ല പ്രവൃത്തികളും അയാറം ചെയ്തിട്ടുണ്ടെങ്കിൽ കോഴിക്കോട്ടുള്ള പ്രധാന കോൺഗ്രസ്സ്–ഖിലാഫത്ത് പ്രവർത്തകന്മാർക്ക് അറിവാൻ ധാരാളം സംഗതികാം ഉണ്ടായിരുന്നു. മിസ്റ്റർ തോമസ്സിൻെറ നോട്ടീസിൽ അയാളുടെ പേർ കണ്ടതിന്നുശേഷം ലഹളക്കാലത്തു മാത്രമേ അയാളുടെ പേർ പിന്നെ അവർ കേട്ടിരുന്നുള്ളൂ.

ഖിലാഫത്ത് പ്രസ്ഥാനത്തിൽ എല്ലാ മാപ്പിളമാരും ഉത്സാഹം പ്രദർശിപ്പിച്ചിരുന്ന പ്രകാരത്തിലോ അിതലധികമായോ കുഞ്ഞഹമ്മദാജിയും ഉത്സാഹം കാണിച്ചിരിക്കണം. അയാറം കോൺഗ്രസ്സ്–ഖിലാഫത്ത് വക ചില ലഘുപത്രികകാം തന്നോടു വാങ്ങിക്കൊണ്ടു പോയതായി ഓർക്കുന്നുണ്ടെന്നു ആഗസ്റ്റ് 24–ാംനു- കണ്ടപ്പോറം എൻെറ അനുജൻ കേശവൻനായർ എന്നോട് പറഞ്ഞിട്ടുണ്ട്. ഇതല്ലാതെ അയാറം ഖിലാഫത്ത് പ്രസ്ഥാനത്തിൽ പങ്കുകൊണ്ടതായോ സഭകാം സ്ഥാപിച്ചതായോ പ്രസംഗങ്ങാം ചെയ്തതായോ ഞങ്ങളാരും അറിഞ്ഞിട്ടില്ല.

പ്രസ്ഥാനത്തിൽ പങ്കുകൊണ്ടിട്ടില്ലെങ്കിലും പാരമ്പര്യമായി മതഭ്രാന്തന്മാരാണെന്നു പ്രസിദ്ധി നേടീട്ടുള്ള ഒരു കുടുംബത്തിലെ അംഗമായ കുഞ്ഞഹമ്മദാജി ഖിലാഫത്തിന്നു വേണ്ടി മരിക്കാൻ തയ്യാറായതിൽ യാതൊരത്ഭുതവുമില്ല.

കുഞ്ഞിക്കാതരോ, ആലിമുസലിയാരോ, ബ്രിട്ടീഷു ഗവർമ്മേണ്ടിനോട് യുദ്ധത്തിന്നു ഒരുങ്ങിയിരുന്നില്ല എന്നും അധികൃതന്മാരുടെ അപനയത്താലാണ് തിരൂരങ്ങാടിയിൽ ഒരു പോരാട്ടം ഉണ്ടാകുവാൻ സംഗതിയായതെന്നും ഞാൻ മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ സംഭവങ്ങറംക്കു ശേഷം ആലിമുസലിയാർ ജിഹാദു വിളിച്ചിരുന്നുവെന്നു മാപ്പിളമാരുടെ ഇടയിൽ ഒരു ഊഹം നടന്നിരുന്നുവെങ്കിലും അയാളുടെ നടപടികൊണ്ടും അയാളും കോൺഗ്രസ്സ് പ്രവർത്തകന്മാരും തമ്മിൽ പിന്നീടുണ്ടായ കൂടിക്കാഴ്ചയിൽ അയാറം പറഞ്ഞ സംഗതിയിൽ നിന്നും അത് വാസ്തവമല്ലെന്നു ഊഹിപ്പാനാണ് ഇടയുള്ളത്. ഖിലാഫത്തിന്നു വേണ്ടി ബ്രിട്ടീഷുഗവർമ്മേണ്ടിനോടു യുദ്ധം ചെയ്‌വാൻ ഒന്നാമതായി ഒരുങ്ങിപുറപ്പെട്ടതു വാരിയൻകുന്നൻ കുഞ്ഞഹമ്മദാജിയാണ് എന്നതിന്നു സംശയമില്ല. ലഹളത്തലവ

ന്മാരിൽവെച്ച് ഏററവും പ്രധാനിയും കുഞ്ഞഹമ്മദാജി തന്നെയായിരുന്നു.

ലഹളയുടെ ആരംഭത്തിൽ അയാരം കൊള്ളക്കാരുടെ ആക്രമണങ്ങളിൽനിന്നു ഹിന്ദുക്കളെ രക്ഷിച്ച് കൊള്ള ചെയ്യിരുന്ന മാപ്പിളമാരെ ശിക്ഷിച്ചു. ഗവർമ്മേണ്ടിന്നു സഹായകമായ മാപ്പിളമാരെ അയാരം ദ്രോഹിക്കുകയും കൊല്ലുകയും ചെയ്യു. അക്കാലങ്ങളിൽ അയാരം മതപരിവർത്തനത്തിന്നു വലിയ വിരോധിയായിരുന്നു.

പക്ഷേ, പിന്നീടു ഈ വിധങ്ങളെല്ലാം മാറി. ഗവർമ്മേണ്ടുമായിട്ടുള്ള യുദ്ധത്തിൽ ഹിന്ദുക്കരം തൻെറ ശത്രുക്കളാണെന്നു അനുഭവപ്പെട്ടതിനാലോ മറേറാ അയാരം ഹിന്ദുക്കളെ ദ്രോഹിപ്പാനും കൊല്ലുവാനും മതംമാററുവാനും തുടങ്ങി. എങ്കിലും ലഹളയുടെ ആരംഭത്തിൽ അയാളിൽനിന്നു ഹിന്ദുക്കരംക്കു വലുതായ രക്ഷയുണ്ടായിരുന്നു എന്നതിന് സംശയമില്ല.

24—ാംനു- ഏകദേശം ഉച്ചയോടുകൂടിയാണ് കുഞ്ഞഹമ്മദാജി വയലിൽക്കൂടെ തെക്കോട്ടു പോയതായി കണ്ടത് എന്നു പറഞ്ഞുവല്ലോ. അയാരം പോയി അല്പം കഴിഞ്ഞപ്പോഴേയ്ക്ക് അയാളുടെ അനുചരനായ ഒരാരം എൻെറ അടുക്കൽ വന്നു. ഹാജിക്ക് എന്നെ കാണണമെന്നു ആഗ്രഹമുണ്ടെന്നും അരുകിഴായ കുളത്തിൻെറ വക്കത്തുള്ള ആൽത്തറയിൽ, അയാരം നിന്നിരുന്നേടത്തേയ്ക്ക് ചെന്നാൽ വേണ്ടതില്ലാ എന്നും എന്നോടു പറഞ്ഞു. ഞാനും എൻെറ അനുജൻ കേശവൻനായരുംകൂടി അങ്ങോട്ടു ചെന്നു. അപ്പോരം അയാരം ആൽത്തറയിൽ ഇരിക്കുകയായിരുന്നു. എന്നെ കണ്ട ഉടനെ എഴുന്നേററ് എൻെറ അടുക്കലേയ്ക്കു വന്നു. ക്ഷീണംകൊണ്ടോ മറേറാ നിവർന്നുനില്ക്കാൻ വയ്യാതെ ഹാജിയാർ വീണ്ടും ആൽത്തറയിൽതന്നെ ഇരുന്നു എന്നോടു സംഭാഷണം ആരംഭിച്ചു.

കുഞ്ഞഹമ്മദാജിക്ക് അറുപതിൽ കുറയാതെ പ്രായം തോന്നി. കറുത്തിരുണ്ട നിറം. വായിൽ പല്ലുണ്ടോ എന്നു സംശയം. ഒരു ഒത്ത മനുഷ്യൻെറ നീളംതന്നെ കഷ്ടിച്ചേ ഉള്ളു. വണ്ണം വളരെ ഇല്ല. നന്ന മെലിഞ്ഞിട്ടുമല്ല. കറുത്ത ഒരു കുപ്പായമാണ് ധരിച്ചിരുന്നത്. അരയിൽ ഒരു വാളുണ്ട്, കൈയിൽ ഒരു തോക്കുമുണ്ട്. തലയിൽ എന്താണ് ധരിച്ചിരുന്നതെന്ന് ഇപ്പോരം ഓർക്കുന്നില്ല. മുഖത്തു ശൂരതയുടെ ലക്ഷണമൊന്നും കണ്ടിരുന്നില്ല. എങ്കിലും താൻ ചിലതിന്നു ഉറച്ചിരിക്കുന്നു എന്ന ഭാവം മുഖത്തു നല്ലവണ്ണം സ്ഫുരിച്ചിരുന്നു. കൂട്ടത്തിലുള്ള

വരിൽ ചിലരുടെ കൈയിൽ വാളും ചിലരുടെ കൈയിൽ തോക്കും കുന്തവുമുണ്ട്. പാണ്ടിക്കാട് പോലീസ്സ്റ്റേഷനിൽ കയ്യേറി കരസ്ഥമാക്കിയിരുന്ന ആയുധങ്ങളായിരുന്നു ഇവയിൽ അധികവും. അവരെല്ലാം ഹാജിയുടെ ചുററും സമീപത്തായി നിന്നിരുന്നു.

അതുവരെ കാണുവാൻ സംഗതിവന്നിട്ടില്ലെങ്കിലും അന്നു ഒന്നാമതായി കാണുന്നതാണെന്നും മററും കുശലപ്രശ്നങ്ങൾ കഴിഞ്ഞതിന്നുശേഷം "ഇനി ഞങ്ങൾ എന്താണ് വേണ്ടത്? എല്ലാം ഉപദേശിച്ചു തരണം" എന്ന് ഹാജിയാർ എന്റെ കയ്യും പിടിച്ചുകൊണ്ട് ഒരു അപേക്ഷാഭാവത്തിൽ എന്നോടു പറഞ്ഞു. ഞാൻ അല്പമൊന്നു അന്ധാളിച്ചു. ഈ ചോദ്യം ഞാൻ ലേശംപോലും പ്രതീക്ഷിച്ചിരുന്നില്ല. എന്റെ ഉപദേശങ്ങളും അപേക്ഷകളും എല്ലാം നിരസിച്ചു ലഹളയ്ക്കു പുറപ്പെട്ട മാപ്പിളമാരിൽ ആരും എന്നോടു വീണ്ടും ഒരു ഉപദേശത്തിന്നു ആവശ്യപ്പെടുകയില്ലാ എന്നു ദൃഢമായി വിശ്വസിച്ചിരുന്നതുകൊണ്ടാണ് ഞാൻ ഇങ്ങനെ പരിഭ്രമിച്ചു നിന്നുപോയത്. കുഞ്ഞഹമ്മദാജി പുറത്ത് ഒരു ശത്രുവെപ്പോലെയല്ലെങ്കിലും ഒരു മിത്രത്തെപ്പോലെ എതിരേല്ക്കുകയില്ല എന്നും ഞാൻ സംശയിച്ചിരുന്നു. പക്ഷേ, ഈ ചോദ്യം വളരെ ആന്തരമായി ചോദിക്കുന്നതാണെന്ന് എനിക്കു ബോദ്ധ്യപ്പെട്ടു. അക്രമരാഹിത്യം ഒരു വ്രതമായി സ്വീകരിച്ചിരുന്ന എനിക്ക് ഇതിനു മറുപടി പറവാൻ വളരെ വിഷമം തോന്നിയില്ല. ഞാൻ ഏതാണ്ട് ഇങ്ങനെ പറഞ്ഞു:

"കാര്യം മുഴുവൻ പിഴച്ചു. നാടുമുഴുവൻ കുട്ടിച്ചോറായി. ഇനി ഞാനെന്താണ് നിങ്ങളോട് പറയേണ്ടത്. പക്ഷേ, നിങ്ങൾ എന്റെ ഉപദേശം കേൾപ്പാൻ ഇനിയും ഒരുക്കമുണ്ടെങ്കിൽ എനിക്ക് പറയുവാൻ ഉള്ളത് 'നിങ്ങൾ ഈ ആയുധങ്ങളെല്ലാം ഉപേക്ഷിച്ചു വീട്ടിലേയ്ക്കു മടങ്ങിപ്പോകണം, അക്രമങ്ങൾ പ്രവർത്തിക്കാതിരിക്കണം, ശേഷമുള്ളവരേയും സമാധാനത്തോടുകൂടി ഇരിപ്പാൻ ഉപദേശിക്കണം' എന്നാണ്. നിങ്ങൾക്ക് എന്റെ ഈ വാക്കുകൾ രസിക്കുകയില്ലായിരിക്കാം. പക്ഷേ, എനിക്ക് ഈ ഉപദേശങ്ങളല്ലാതെ മറെറാന്നും നിങ്ങൾക്കു തരുവാനില്ലാ". എന്റെ വാക്കുകൾ ഹാജിയാരെ കുപിതനാക്കുമെന്നാണ് ഞാൻ വിചാരിച്ചത്. പക്ഷേ, വളരെ ശാന്തസ്വരത്തിൽ ഹാജിയാർ എന്നോടു ഇങ്ങനെ പറഞ്ഞു: "അത് ഇനി പറഞ്ഞിട്ടു കാര്യമില്ലാ, ഞാൻ ഇങ്ങനെ ഇറങ്ങി പുറപ്പെട്ടു; ചിലതെല്ലാം ചെയ്യുകയും ചെയ്തു; ഇനി പിന്തിരിയുവാൻ

നിവൃത്തിയില്ല. എന്നു മാത്രമല്ല ആലിമുസലിയാർ അപക ടത്തിൽ ചാടിയിരിക്കുന്നു. അദ്ദേഹത്തെ സഹായിക്കാതെ എനിക്കു് നിവൃത്തിയുമില്ല. ഇതല്ലാതെ വേറെ വല്ല ഉപദേശങ്ങളും നിങ്ങൾക്കു തരുവാനുണ്ടോ?'' ഞാൻ അല്പം ആലോചിച്ച് വീണ്ടും ഇങ്ങനെ പറഞ്ഞു: ''എനിക്കു മററൊന്നും പറയുവാനില്ല. എങ്കിലും മാപ്പിളമാർ പ്രവർ ത്തിച്ച അക്രമങ്ങൾ നിങ്ങൾ കണ്ടുവോ? ഒരു ഹിന്ദുവിൻെറ വീടെങ്കിലും ഇനി അവർ കൊള്ള ചെയ്യാൻ ബാക്കി ഇല്ലല്ലോ. ഇതെന്തു അന്യായമാണ്? ഇങ്ങനെയാണോ നിങ്ങളുടെ മതം ഉപദേശിക്കുന്നത്. നിങ്ങൾക്കു ശക്തിയുണ്ടെങ്കിലും മനസ്സുണ്ടെങ്കിലും ഈ കൊള്ള നിർത്തുകയാണ് വേണ്ടത്.''

ഉടനെ ഹാജിയാർ കണ്ണൊന്നുരുട്ടി മിഴിച്ചു എന്നോട് ഇങ്ങനെ പറഞ്ഞു: ''അതിന്നുതന്നെയാണ് ഞാൻ ഇവിടെ വന്നിട്ടുള്ളത്. മഞ്ചേരി നാലുംകൂടിയ സ്ഥലത്തുവെച്ചു ഞാൻ ഇപ്പോൾ ഇത് പറഞ്ഞുതന്നെയാണ് ഇങ്ങോട്ടുവ ന്നത്. കൊള്ള ചെയ്യുന്ന ഏത് മാപ്പിളയേയും എൻെറ കൈയിൽ കിട്ടിയാൽ അവൻെറ വലത്തെ കയ്യ് ഞാൻ വെട്ടി മുറിക്കും. അതിനു സംശയമില്ല. ഇവിടെ ഒരു കൊള്ള നടക്കുന്നുണ്ടെന്നു കേട്ടിട്ടാണ് ഞാൻ ഇങ്ങോട്ടുതന്നെ ഇപ്പോൾ വന്നത്.''

''കൈ മുറിക്കുന്നതും മററും സാഹസമാണ്, അതൊന്നും ചെയ്യരുത്. പക്ഷേ, കൊള്ള എങ്ങിനെയെ ങ്കിലും നിർത്തുന്നത് അത്യാവശ്യമാണ്'' എന്നു ഞാൻ മറുപടി പറഞ്ഞു.

ഹാജിയാർ ''അങ്ങനെ പറഞ്ഞാലേ അവർ പേടിക്ക യുള്ളൂ'' എന്നു സ്വകാര്യമായി എൻെറ ചെവിയിൽ മന്ത്രിച്ചു.

ഈ സംഭാഷണത്തിന്നുശേഷം ഞാൻ മടങ്ങിപ്പോരുവാൻ പുറപ്പെട്ടപ്പോൾ ''ഇനി എപ്പോൾ കാണാം'' എന്നു ഹാജി യാർ എന്നോട് ചോദിച്ചു. ''നാം തമ്മിൽ ഇനി കാണുക യില്ല. നമ്മുടെ വഴി രണ്ടും രണ്ടാണ്. അതിനാൽ കണ്ടിട്ട് യാതൊരു ഫലവുമില്ല'' എന്നു ഞാൻ പറഞ്ഞു. ഹാജി യാർ മൌനം അവലംബിച്ചു. ഞാൻ വീട്ടിലേയ്ക്കു തിരിച്ചു പോവുകയും ചെയ്തു.

അല്പം കഴിഞ്ഞതിന്നുശേഷം ഹാജിയാരും നാരായണ മേനോനും തമ്മിൽ കാണുകയുണ്ടായി. പാലം പൊളിക്കു കയും മരം മുറിച്ചിട്ട് റോഡ് തടസ്സപ്പെടുത്തുകയും ചെയ്താൽ ബ്രിട്ടീഷുപട്ടാളത്തിന്നു ഏറനാട്ടിലേയ്ക്കു കടക്കാൻ സാധിക്കുകയില്ലെന്നും മററും ഹാജിയാർക്കുണ്ടായിരുന്ന

അഭിപ്രായത്തെ മാററുവാൻ നാരായണമേനോൻ ശ്രമിക്കുകയുണ്ടായി. പക്ഷേ, അതൊന്നും ഹാജിയാർക്ക് അത്ര ബോദ്ധ്യമായില്ലത്രെ.

കുഞ്ഞഹമ്മദാജി അന്നുതന്നെ മഞ്ചേരിയിൽ താമസിച്ചു. അയാൾ മഞ്ചേരിയിൽ താമസിക്കുന്നത് അവിടത്തെ മാപ്പിളമാരിൽ പലർക്കും ഒട്ടുംതന്നെ ഇഷ്ടമായിരുന്നില്ല. അവിടെ പുല്ലൂർ നമ്പൂതിരിയുടെ വക ഒരു ബാങ്ക് ഉണ്ടായിരുന്നു. ആ ബാങ്ക് കൊള്ള ചെയ്യുവാൻ അവർ എല്ലാ ഏർപ്പാടുകളും ചെയ്തുകൊണ്ടിരുന്ന അവസരത്തിലാണ് കുഞ്ഞഹമ്മദാജി അവിടെ വന്നിരുന്നത്. ഹാജി ഈ വർത്തമാനം അറിഞ്ഞു. ബാങ്ക് കാക്കുവാൻ തന്റെ സ്വന്തം ഭടന്മാരെ കാവൽക്കാരായി നിർത്തി. പണ്ടത്തിന്റെ ഉടമസ്ഥന്മാർ ലക്ഷ്യത്തോടുകൂടി വന്നു ചോദിക്കുന്നപക്ഷം പണ്ടം മടക്കികൊടുക്കുന്നതാണെന്ന് വിളംബരം ചെയ്തു. പല ഹിന്ദുക്കളും മാപ്പിളമാരും അവിടെ ചെന്ന് പണ്ടങ്ങൾ മടക്കി വാങ്ങികൊണ്ടുപോയി. ബാങ്കിലെ ക്ലാർക്ക് മുഖാന്തരം ഇതെല്ലാം കുഞ്ഞഹമ്മദാജിയുടെ സ്വന്തം മേൽനോട്ടത്തിലാണ് ചെയ്തത്. ബാങ്കിന്റെ ഉടമസ്ഥൻ വാസുദേവൻ നമ്പൂതിരി (തിരുന്നാവായ ഹിന്ദു കോൺഫറൻസിനുണ്ടാക്കിയ പന്തൽവീണ് പരലോകപ്രാപ്തനായ കരുമത്തിൽ കൃഷ്ണപ്പണിക്കരുടെ അച്ഛന്റെ അനുജൻ) ലഹള തുടങ്ങിയപ്പോൾതന്നെ ഓടിയൊളിച്ചിരുന്നു. 25–ാം തീയതി ഉച്ചതിരിയുന്നതുവരെ ഇങ്ങനെ പണ്ടം മടക്കി കൊടുത്തിരുന്നു. അതിന്നുശേഷം ഹാജിയുടെ ശ്രദ്ധ ഗൗരവമായ മറെറാരു കാര്യത്തിൽ പതിയേണ്ടിവന്നു. ആ സംഗതിയെ പററിയും മററും ഇനിയത്തെ അദ്ധ്യായത്തിൽ വിവരിക്കാം.

# പൂക്കോട്ടൂർ യുദ്ധം

രാജ്യം മുഴുവൻ തങ്ങൾക്കധീനമായി. പോലീസുകാർ ഓടി ഒളിച്ചു. ഉദ്യോഗസ്ഥന്മാരെ എങ്ങും കാണുന്നില്ല. ഗവർമ്മേണ്ടിൻെറ ശക്തി തീരെ അസ്തമിച്ചു. മാപ്പിളമാർക്ക് എന്തും പ്രവർത്തിക്കാം എന്നു തീർച്ചയായി. ഇപ്രകാരം ഇസ്‌ലാമിൻെറ അധികാരം ഉറച്ചതോടുകൂടി മതഭ്രാന്തരായ പൂക്കോട്ടൂർ മാപ്പിളമാർക്ക് ഒരു ബുദ്ധി തോന്നി. മേലാൽ ഹിന്ദുവെന്നും ഇസ്‌ലാമെന്നും രണ്ടു മതങ്ങൾ വേണ്ട എന്നു അവർ തീർച്ചപ്പെടുത്തി. ലഹള തുടങ്ങിയതിൻെറ ശേഷമുള്ള ആദ്യത്തെ വെള്ളിയാഴ്ചയായിരുന്നു, ആഗസ്റ്റ് 26—ാം തീയതി വെള്ളിയാഴ്ച. ആ ശുഭദിവസത്തിൽ പൂക്കോട്ടൂരിനടുത്തുള്ള മഞ്ചേരി, മലപ്പുറം മുതലായ എല്ലാ പ്രദേശങ്ങളിലെ ഹിന്ദുക്കളെയും മുസൽമാൻമാരാക്കുവാൻ അവർ തീർച്ചപ്പെടുത്തി. ആ ലിസ്റ്റിൽ എന്നെയും ഉൾപ്പെടുത്തിയിരുന്നുവത്രെ. ഈ വർത്തമാനം നാടെങ്ങും പരന്നു. ഹിന്ദുക്കൾ അമ്പരന്നു. രണ്ടു മൂന്നു ദിവസത്തെ കൊള്ളകൾ കഴിഞ്ഞതിന്നുശേഷം രാത്രി പാറാവിന്നു ഞങ്ങൾ ഏർപ്പെടുത്തിയിരുന്ന സംഘത്തിൽ ചില മാപ്പിളമാരും ഉണ്ടായിരുന്നു. ഈ ഊഹവർത്തമാനത്തെപ്പററി അവരോടു ചോദിച്ചപ്പോൾ അങ്ങിനെ ഒരു വർത്തമാനമുണ്ടെന്നു അവരും സമ്മതിച്ചു. മതപരിവർത്തനത്തിനായി അന്യദിക്കിൽനിന്നു മാപ്പിളമാർ വരുന്നപക്ഷം, ഞങ്ങളെ സഹായിപ്പാൻ ഏററ അവരുടെ നില എന്തായിരിക്കുമെന്നു ചോദിച്ചപ്പോൾ അക്കാര്യത്തിൽ തടസ്സം ചെയ്യാൻ മതം തങ്ങളെ അനുവദിക്കുന്നില്ലെന്നു അവർ തുറന്നു പറഞ്ഞു. ഇതിനിടയിൽ കുഞ്ഞഹമ്മദാജിയുടെ ആളാണെന്നു പറഞ്ഞു ഒരു മാപ്പിള എൻെറ അടുക്കൽവന്ന് യു. ഗോപാലമേനോൻ മുതലായവർ എല്ലാം ഇസ്‌ലാംമതത്തിൽ ചേർന്നിരിക്കുന്നുവെന്നും കൊണ്ടോട്ടിക്കോ, തിരൂരങ്ങാടിക്കോ പോയിരിക്കുന്നുവെന്നും, ഞാൻ എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും എന്നോടു ചോദിച്ചു. എന്തുവന്നാലും മററുള്ളവർ എന്തുചെയ്താലും ഞാൻ എൻെറ മതം ഉപേക്ഷിക്കാൻ ഒരുക്കമില്ലെന്ന് ഞാൻ മറുപടി പറയുകയും ചെയ്തു.

പൂക്കോട്ടൂരിൽ വെള്ളിയാഴ്ചയ്ക്കു മുമ്പായിതന്നെ മതം മാററം ആരംഭിച്ചിരുന്നു. ആഗസ്റ്റ് 23–ാംതീയതി മുതൽക്കുതന്നെ അവർ ഹിന്ദുക്കളെ മതം മാററുവാൻ നിർബ്ബന്ധിച്ചു തുടങ്ങി. മേൽമുറി അംശത്തിലെ ഒരംശം ഉദ്യോഗസ്ഥനോട് കെ. പി. കേശവമേനോൻ വാങ്ങിയ ഒരു സ്റ്റേററ്മെൻറിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: ''ആഗസ്റ്റ് മാസം 23–ാം തീയതി ഉച്ചക്കുശേഷം ചില ലഹളക്കാർ ഞാൻ നിരത്തിലേയ്ക്കു പോകുന്ന സമയം ...................എന്ന മാപ്പിളയുടെ വീട്ടിൽവെച്ചു എന്നെ വളഞ്ഞു. മുഹമ്മദ് മതത്തിൽ ചേർന്ന് അവരുടെ ഒന്നിച്ചു പോകണമെന്നു എന്നോടു ആവശ്യപ്പെട്ടു. എല്ലാ ഹിന്ദുക്കളും ചേരുന്നപക്ഷം ഞാനും ചേർന്നോളാമെന്നു പറഞ്ഞു. ബാക്കിയുള്ളവരെ ചേർക്കുന്നതുവരെ എന്നെ അവരുടെ ബന്ധനത്തിൽ പാർപ്പിക്കണം എന്നു പറഞ്ഞു എന്നെ ........ എന്ന മാപ്പിളയുടെ വീട്ടിൽ താമസിപ്പിച്ച് ആ വീടു വിട്ടുപോകുവാൻ പാടില്ല, പോയാൽ വെടിവെക്കുമെന്നു എന്നെ ഭയപ്പെടുത്തി. 24–ാം തീയതി രാത്രിവരെ ഞാൻ അവിടെ പാർത്തു. രാത്രി വാതിൽ തുറന്നു ഓടി മലയിൽ കയറി. ആ വഴിക്ക് വന്ന് കോഴിക്കോട് താലൂക്കിൽ കൊടല അംശത്തിൽ എത്തി രക്ഷപ്പെട്ടു''. മേൽ കാണിച്ച സ്റ്റേററ്മെൻറിൽനിന്നു പൂക്കോട്ടൂർ മാപ്പിളമാർ തുടങ്ങിയ മതംമാററത്തിന്നു തങ്ങളുടെ സൈന്യത്തിൽ ആളെ വർദ്ധിപ്പിക്കുക എന്നൊരു ഉദ്ദേശ്യംകൂടി ഉള്ളതായി കാണുന്നുണ്ട്. പൂക്കോട്ടൂരിൽ സുമാർ 75 പേരെ അവർ നിർബ്ബന്ധിച്ചു മതംമാററി. അങ്ങനെ മതം മാററപ്പെട്ടവരിൽ അധികംപേരും താണജാതിക്കാരായിരുന്നുവെങ്കിലും സുമാർ മുപ്പതോളം പേർ ആ പ്രദേശങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒരു നായർകുടുംബമായ പൊന്നുണിക്കാട്ട് വീട്ടുകാരായിരുന്നു. ആ വീട് സാരംട്ട് അസിസ്റ്റാണ്ട് കമ്മീഷണറായി ഉദ്യോഗത്തിൽനിന്നു പെൻഷനായി പിരിയുന്ന പുലാത്തോട്ടത്തിൽ കോമൻ മേനവനും അദ്ദേഹത്തിൻെറ ഭാര്യയും മക്കളും താമസിച്ചിരുന്ന വീടാണ്. കോമൻമേനോന്നു അക്കാലത്തു 76 വയസ്സ് പ്രായമാണ്. മാപ്പിളമാരെ അദ്ദേഹത്തിന്നു വലിയ വിശ്വാസമായിരുന്നു. അദ്ദേഹത്തോട് മാപ്പിളമാരും വളരെ ഭക്തിബഹുമാനത്തോടുകൂടിയാണ് പെരുമാറിയിരുന്നത്. ബഹുമാനസൂചകമായി മാപ്പിളമാർ അദ്ദേഹത്തെ 'തങ്ങൾ' എന്നാണ് വിളിച്ചുവന്നിരുന്നത്. ലഹള തുടങ്ങിയപ്പോൾ അവരുടെ സ്നേഹവും ബഹുമാനവും മറെറാരു രൂപത്തിലാണ് പ്രകാശിച്ചത്.

ആഗസ്റ്റ് 22—ാം തീയതി മാപ്പിളമാർ ഹിന്ദുക്കളുടെ വീടു കൊള്ളചെയ്യുന്നുണ്ടെന്നു കോമൻമേനോൻ കേട്ടപ്പോൾ അടുത്തുള്ള ആലത്തൂർ പള്ളിയിലെ മുസലിയാരോട് അദ്ദേഹം സഹായത്തിന്നു അർത്ഥിച്ചു. ഇസ്ലാംമതത്തിൽ ചേരാത്തപക്ഷം യാതൊരു സഹായവും ചെയ്യുവാൻ തന്നാൽ സാധിക്കുകയില്ലെന്നും അതിന്നു മനസ്സുണ്ടെങ്കിൽ അറിയിക്കണമെന്നും മുസലിയാർ മറുപടി അയച്ചു.

ഇരുപത്തിനാലാം തീയതി ഉച്ചതിരിഞ്ഞ് ഏകദേശം മൂന്നുമണിക്കു സുമാർ അഞ്ഞൂറോളം മാപ്പിളമാർ കോമൻ മേനോൻെറ വീടു വളഞ്ഞു. അവരുടെ കൈയിൽ തോക്ക്, വാൾ മുതലായ ആയുധങ്ങളുണ്ടായിരുന്നു. അവരിൽ അധികം പേരും അദ്ദേഹത്തിൻെറ കുടിയാന്മാർ തന്നെയായിരുന്നു. അവർ കോമൻമേനോനോട് ഇസ്ലാമിൽ ചേരുവാനാവശ്യപ്പെട്ടു. അദ്ദേഹം അത് കൂട്ടാക്കിയില്ല. വീട്ടിലുള്ള സകല ആളുകളേയും കൊലപ്പെടുത്തുമെന്നു മാപ്പിളമാർ ഭയപ്പെടുത്തി. അവരെല്ലാവരും നിലവിളി തുടങ്ങി. മുടികളയുന്ന ഒസ്സാന്മാർ അവരുടെ പ്രവൃത്തി ആരംഭിച്ചു. പുരുഷന്മാരുടെ മുടികളഞ്ഞു അവരെ മാപ്പിളത്തൊപ്പി ധരിപ്പിച്ചു. മുസൽമാൻ പേരുകൾ നൽകി. സ്ത്രീകൾക്ക് ഉമ്മമാരുടെ വസ്ത്രങ്ങൾ കൊടുത്തു. കോമൻ മേനോൻെറ മുടി അവർ കളഞ്ഞില്ല. അദ്ദേഹത്തിന്ന് ഒരു തൊപ്പികൊടുത്തു, അത് അദ്ദേഹം ധരിച്ചില്ല. യാതൊരാളും അവിടെ കൊള്ളചെയ്യരുതെന്നു വിളംബരവും ചെയ്ത് ലഹളക്കാർ പോയി. രാത്രി കാവലിന്നു മാപ്പിളമാർ അവരുടെ ആളുകളെ തന്നെ നിർത്തി. പിറേറന്നു യാതൊരു തകരാറും ഉണ്ടായില്ല. 26—ാംതീയതി രാവിലെ പിന്നേയും കൂട്ടത്തോടുകൂടി മാപ്പിളമാർ വന്നു. കോമൻമേനോനെ മാപ്പിളയാക്കാനുള്ള ഉദ്ദേശ്യത്തോടുകൂടിയായിരുന്നു അവരുടെ വരവ്. അവർ വന്ന് പത്തുമിനിട്ടു കഴിയുന്നതിന്നു മുമ്പായി വളരെ ഉച്ചത്തിൽ 'നകാരം' അടി കേട്ടുതുടങ്ങി. പട്ടാളക്കാർ പൂക്കോട്ടൂരിൽ എത്തിയ വിവരം മാപ്പിളമാരെ അറിയിക്കുന്ന 'നകാര'മടിയായിരുന്നു അത്. ഇതു കേട്ടതോടുകൂടി അവിടെ കൂടിയിരുന്ന മാപ്പിളമാർ എല്ലാം ഓടി. കോമൻമേനോൻ രക്ഷപ്പെടുകയും ചെയ്തു.

മലപ്പുറം ഡിവിഷനൽ ഓഫീസർ മിസ്റ്റർ ആസ്റ്റിന്നു സഹായമായി ഒരു രക്ഷാസൈന്യം അവിടെ എത്തിച്ചേരുവാൻ ഉള്ള ശ്രമങ്ങൾ 22—ാംതീയതി മുതല്ക്കേതന്നെ അധികൃതന്മാർ ആരംഭിച്ചിരുന്നു. ഈ സൈന്യത്തിൻെറ നേതൃത്വം വഹിച്ചിരുന്നത് ജനനാൽ ഐർലണ്ടുകാരനായ കേപ്ററൻ

മെക്കൻറോയി എന്ന സേനാനായകനായിരുന്നു. വഴിക്കുള്ള പല പാലങ്ങളും ഓവുപാലങ്ങളും മററും ലഹളക്കാർ കേടു വരുത്തിയിരുന്നതിനാൽ അവയെല്ലാം രണ്ടുമൂന്നു ദിവസം കൊണ്ടു നന്നാക്കിയതിന്നുശേഷം 25—ാംതിയ്യതി ക്യാപ്ററൻ മെക്കൻറോയി 125 പട്ടാളക്കാരോടും പോലീസ്സുകാരോടും കൂടി 22 ബസ്സുകളിലും ലോറികളിലുമായി മലപ്പുറത്തേയ്ക്കു് പുറപ്പെട്ടു. പാലങ്ങളും റോഡുകളും നന്നാക്കുന്ന ശ്രമങ്ങളാലും മററും പട്ടാളം മലപ്പുറത്തേയ്ക്കു് പോകാൻ ഒരുക്കമുണ്ടെന്ന വിവരം മാപ്പിളമാർ അറിഞ്ഞിരുന്നു. അങ്ങനെ വരുന്ന പട്ടാളത്തോടു് എതിർപ്പാൻ അവരും വേണ്ടത്ര ഒരുക്കങ്ങൾ ചെയ്തു.

കോഴിക്കോട്ടുനിന്നു മലപ്പുറത്തേയ്ക്കു പോകുന്ന റോഡിൽ 26—ാം മൈലിൽവെച്ചാണു് ലഹളയിലെ ഏററവും പ്രധാനപ്പെട്ട പൂക്കോട്ടൂർ യുദ്ധം നടന്നതു്. പൂക്കോട്ടൂർ എന്ന പ്രദേശം മലപ്പുറത്തുനിന്നു് 5 നാഴിക വടക്കും മഞ്ചേരിയിൽനിന്നു 5 നാഴിക പടിഞ്ഞാറും ആയി മോങ്ങത്തുനിന്നു് മലപ്പുറത്തേയ്ക്കുപോകുന്ന നിരത്തുവക്കത്തുള്ള ഒരു പ്രദേശമാണു്. നിലമ്പൂർ കോവിലകം വക ഒരു പ്രധാന ചേരിക്കലായ പൂക്കോട്ടൂരിൽ അവർക്കു് താമസിപ്പാൻ ഒരു കോവിലകം ഉണ്ടു്. അവിടത്തെ നിവാസികൾ അധികവും മാപ്പിളമാരാണു്. ലഹളയ്ക്കുമുമ്പും ലഹള ആരംഭിച്ചപ്പോഴും അതിന്നുശേഷവും ഈ പ്രദേശത്തുണ്ടായ സംഭവങ്ങൾ മുമ്പു് വിവരിച്ചിട്ടുണ്ടു്. ലഹളയ്ക്കു മുമ്പു് അക്രമത്തിനായി മാപ്പിളമാർ വല്ല ഏർപ്പാടും ചെയ്തിരുന്നുവെങ്കിൽ അതു് ഈ പ്രദേശത്തായിരുന്നു. ഗവർമ്മേണ്ടിന്നു തങ്ങളുടെ അധികാരം വീണ്ടെടുപ്പാൻ സാധിക്കുന്നപക്ഷം പൂക്കോട്ടൂർ മാപ്പിളമാരെ ബാക്കിയാക്കുകയില്ലെന്നു് അവർക്കു് നല്ല ഭയവും ഉണ്ടായിരുന്നു. അതിനാൽ തങ്ങളുടെ ജീവരക്ഷ യുദ്ധത്തിലാണെന്നു അവർ തീർച്ചപ്പെടുത്തി. കഴിയുന്ന സന്നാഹങ്ങൾ എല്ലാം അവർ ഒരുക്കൂട്ടി. പല ദിക്കിൽനിന്നും മാപ്പിളമാർ അവിടെ വന്നുചേർന്നു, സുമാർ 3000—ത്തോളം മാപ്പിളമാർ യുദ്ധത്തിന്നു തയ്യാറായി, കുഞ്ഞഹമ്മദാജിക്കും സംഘത്തിനും ആളയച്ചു് കിട്ടാവുന്നേടത്തോളം ആയുധങ്ങൾ അവർ ശേഖരിച്ചു. ആ പ്രദേശത്തുള്ള ഹിന്ദുക്കളെ കൈയിൽ കിട്ടിയേടത്തോളം മുഹമ്മദീയരാക്കി. മെക്കൻറോയിയുടേയും പട്ടാളക്കാരുടെയും വരവിനെ പ്രതീക്ഷിച്ചു ഇരിപ്പായി.

ഇരുപത്താറാം മൈലിൽ റോഡു് വഴിക്കു് തെക്കോട്ടു പോകുമ്പോൾ പടിഞ്ഞാറുഭാഗത്തു് ചെറിയ ഒരു കുന്നും

കിഴക്കു ഭാഗത്തു ഒരു തോട്ടവും ഉള്ളതിൻെറ തെക്ക് മുമ്പി ലായി ഒരു ഫർല്ലോങ്ങ് ദൂരത്തോളം വിസ്താരമുള്ള ഒരു വയ ലുണ്ട്. റോഡ് ഈ വയലിൻെറ ഏതാണ്ടു പടിഞ്ഞാറു ഭാഗത്ത് കൂടെയാണ് പോകുന്നത്. നിരത്തിൻെറ കിഴക്കു ഭാഗത്തുള്ള വയലിൽ, നിരത്തിൽനിന്നു സുമാർ 30 വാര വിട്ട്, വടക്കുനിന്നു പടിഞ്ഞാറോട്ടു ഒഴുകുന്ന ഒരു തോടുണ്ട്. ഈ യുദ്ധത്തിൻെറ ആവശ്യത്തിന്നായി ഈ തോടിനെ ലഹളക്കാർ കിടങ്ങായി ഉപയോഗിച്ചു. തോടിൽ നിന്നു വെടിവെയ്ക്കുന്ന മാപ്പിളമാരെ പട്ടാളക്കാർക്ക് അങ്ങോട്ടു കാണുവാനോ വെടിവെപ്പാനോ കഴിയുകയില്ല. തോടും കടന്നു പട്ടാളം വയലിലുള്ള റോട്ടിൽ ഒഴിഞ്ഞ സ്ഥലത്ത് എത്തിയാൽ വയലിൻെറ തെക്കുഭാഗത്തു വീടു കളും തോട്ടങ്ങളും ഉള്ളേടത്തുനിന്നും, തോട്ടിൽനിന്നും, വടക്കുള്ള തോട്ടത്തിലുള്ള മരങ്ങളിൽനിന്നും വീട്ടിൽനിന്നും പടിഞ്ഞാറു ഭാഗത്തുള്ള കുന്നിന്മേൽനിന്നും പട്ടാളക്കാരെ വെടിവെപ്പാനും എതിർപ്പാനും വേണ്ട സകല ഏർപ്പാടു കളും ലഹളക്കാർ ചെയ്തിരുന്നു. നേരം രാവിലെ ഏകദേശം എട്ടു മണിയായിരിക്കുന്നു. യാതൊരു തടസ്സവുംകൂടാതെ പൂക്കോട്ടൂർ വരെ എത്തുവാൻ സാധിച്ച പട്ടാളക്കാരും പോലീ സ്സുകാരും അപകടം യാതൊന്നും ശങ്കിക്കാതെ മുന്നോട്ടു പോയി മേൽപറഞ്ഞ വയലിൽ പ്രവേശിക്കുന്നു. അപ്പോ ഴേയ്ക്കു മുമ്പിൽനിന്നും പിന്നിൽനിന്നും വലത്തുനിന്നും ഇടത്തുനിന്നും തോട്ടത്തിൽനിന്നും തോട്ടിൽനിന്നും വെടി തുടങ്ങി. എവിടെനിന്നാണ് വെടി വരുന്നതെന്നറിയാതെ പട്ടാളക്കാർ അല്പമൊന്നു അന്ധാളിച്ചു. വെടി പുറപ്പെടുന്ന സ്ഥലം മനസ്സിലായ ഉടനെ പട്ടാളക്കാർ തങ്ങളുടെ ഭയങ്കരങ്ങ ളായ തോക്കുകൾകൊണ്ടു തിരിമുറിയാത്ത 'വെടിവർഷം' ആരംഭിച്ചു. ഈ വെടിയുടെ നാദം മഞ്ചേരി, മലപ്പുറം മുതലായ ദൂരപ്രദേശങ്ങളെപ്പോലും ഇട്ടുകുലുക്കി. അന വധി ലഹളക്കാർ ശവങ്ങളായി നിലംപതിച്ചു. തങ്ങളുടെ തോക്കുകളും വെടികളും ഫലപ്രദമാകുന്നില്ല എന്നു കണ്ട തോടുകൂടി മാപ്പിളമാർ കത്തിയും വാളും കയ്യിലേന്തി പട്ടാ ളക്കാരുടെ നേർക്കു കുതിച്ചു. മാരിപോലെ ചൊരിഞ്ഞി രുന്ന വെടിയെ ലക്ഷ്യമാക്കിയിട്ടായിരുന്നു അവരുടെ മുന്നോട്ടേയ്ക്കുള്ള ഗതി. പോലീസ്സ് സുപ്രഡണ്ട് മിസ്റ്റർ ലങ്കാസ്റ്ററെ അവർ വെടിവെച്ചു വീഴ്ത്തി. (ബസ്സിനു മുമ്പിൽ നടന്നിരുന്ന അദ്ദേഹം പോലീസ്സുകാരുടെ വെടി തന്നെകൊണ്ടു മരിച്ചതാണെന്നും ഒരു പ്രസ്താവമുണ്ട്.) പക്ഷേ, അവരുടെ അമാനുഷമായ നെഞ്ഞൂക്കും ആശ്ചര്യക

രമായ യുദ്ധവൈദഗ്ധ്യവും മെഷിൻതോക്കുകളോട് ഫലി ച്ചില്ല. അഞ്ചു മണിക്കൂർ നേരത്തെ യുദ്ധത്തിന്നുശേഷം തീരെ പരാജിതരായി നാനൂറോളം പേർ മരിച്ചുവീണു. ശേഷമുള്ളവർ ഓടി. മാപ്പിളമാരുടെ ഊക്കു നിലച്ചു. കുഞ്ഞഹമ്മദാജി വന്നവഴിക്കുതന്നെ തിരിച്ചുപോയി. ഹിന്ദുക്കാം രക്ഷപ്പെട്ടു. ബ്രിട്ടീഷു ഗവർമ്മേണ്ടിന്നു പട്ടാള മുണ്ടെന്നു മാപ്പിളമാർക്ക് ബോദ്ധ്യമായി. കുഞ്ഞഹമ്മ ദാജി ഉണ്ടാക്കിയ ചില കുഴപ്പങ്ങളൊഴികെ ഏറനാട്ടിൻെറ കിഴക്കൻ പ്രദേശത്തുള്ളവർ കുറെ ദിവസങ്ങളോളം ഏതാണ്ട് സമാധാനത്തോടുകൂടിത്തന്നെ ജീവിച്ചു.

മാപ്പിളമാരുടെ വെടികൊണ്ട് മിസ്റ്റർ ലങ്കാസ്റ്റർ അല്പം മണിക്കൂറു കഴിഞ്ഞപ്പോാം മരിച്ചുപോയി. വെടികൊണ്ടു രണ്ടു പട്ടാളക്കാരും ആ യുദ്ധത്തിൽ മരിച്ചു. ഏഴാാംക്ക് മുറിപററി.

ഒരു യുദ്ധത്തിന്നു തക്ക ഒരുക്കങ്ങാം ഒന്നുംകൂടാതെ സ്വരക്ഷയ്ക്കുമാത്രമുള്ള ആയുധങ്ങളോടും യുദ്ധസാമഗ്രിക ളോടും കൂടി ചെറിയ ഒരു സൈന്യത്തിൻെറ സഹായത്താൽ മാത്രം ഇത്ര ഗംഭീരമായ ഒരു വിജയം നേടിയതിനു ക്യാപ്ററൻ മെക്കൻറോയിയെ എത്രതന്നെ അഭിനന്ദിച്ചാലും മതിയാവുന്നതല്ല. ശത്രുക്കളുടെ എണ്ണം കണ്ടു ഭയപ്പെട്ട മിസ്റ്റർ തോമസ്സിനെപോലെ അദ്ദേഹവും പിന്തിരിഞ്ഞ് ഓടുകയോ മററോ ചെയ്തിരുന്നെങ്കിൽ അത് എത്രമാത്രം ആപൽക്കരമായികലാശിക്കുമായിരുന്നു എന്നു വിവരിപ്പാൻ പ്രയാസമാണ്. ആ യുദ്ധത്തിൽ അദ്ദേഹം പ്രദർശിപ്പിച്ച ധൈ ര്യവും സാമർത്ഥ്യവും എല്ലാവരും ഒരുപോലെ പുകഴ്ത്തു ന്നുണ്ട്.

യുദ്ധം കഴിഞ്ഞതിന്നുശേഷം മാപ്പിളമാരുടെ ശവങ്ങ ളെല്ലാം എടുത്ത് വടക്കുഭാഗത്തു തോട്ടത്തിലുള്ള പുരയിൽ ഇട്ടു ദഹിപ്പിച്ചു. അതോടുകൂടി പട്ടാളക്കാരും മലപ്പുറ ത്തേയ്ക്കു തിരിച്ചു.

7

# ആലിമുസലൃാരുടെ അന്ത്യം

കുറെ ദിവസത്തേയ്ക്ക് കിഴക്കൻ പ്രദേശങ്ങളിൽ കുഞ്ഞഹമ്മദാജി ഉണ്ടാക്കിത്തീർത്ത ചില കുഴപ്പങ്ങളല്ലാതെ മററു തകരാറുകറം ഒന്നും ഉണ്ടായിരുന്നില്ലെന്നു മുമ്പു സൂചിപ്പിച്ചുവല്ലോ.

ആഗസ്റ്റ് ഇരുപത്തിരണ്ടാം തീയതി രാത്രി ഖജാന പൊളിക്കാൻ ലഹളക്കാർ വരുന്നതിന്നു മുമ്പായി ഇൻസ്പക്ടർ നാരായണമേനോൻ സ്റ്റേഷൻവിട്ടു ഓടിപ്പോയതും പിറേറന്നു അദ്ദേഹത്തെ എം. പി. നാരായണമേനോൻ പഴിച്ചതും മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. കുഞ്ഞഹമ്മദാജി മഞ്ചേരി വന്നു പോയതിന്നുശേഷം ഇൻസ്പക്ടർ തൻെറ വീട്ടിൽത്തന്നെയാണ് താമസിച്ചിരുന്നത്. അദ്ദേഹത്തിൻെറ ദേഹരക്ഷയ്ക്കായി എം. പി. നാരായണമേനോൻെറ സഹായം അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച് നാരായണമേനോൻ തൻെറ താമസം ഇൻസ്പക്ടരുടെ കൂടെയാക്കി. ഇവർ ചെറുപ്പകാലത്ത് സഹപാഠികളും വലിയ സ്നേഹിതന്മാരും ആയതിനാൽ ഇടയ്ക്ക് അവർ തമ്മിൽ നടന്ന വാക്കലഹങ്ങറം അവരുടെ സ്നേഹബന്ധത്തെ ഖണ്ഡിച്ചിരുന്നില്ല എന്നാണ് ഞങ്ങറക്കു തോന്നിയത്. എങ്കിലും ഒരു പോലീസ്സ് ഉദ്യോഗസ്ഥൻെറ കൂടെ താമസിക്കുന്നത് മാപ്പിളമാരുടെ ഇടയിൽ നാരായണമേനോനെപ്പററി തെററിദ്ധാരണയ്ക്കു ഇടകൊടുക്കുന്നതാകയാൽ അത് കൂടാതെ കഴിച്ചാൽ വേണ്ടില്ല എന്നു ഞാൻ എം. പി. യോടു പറഞ്ഞുനോക്കി. ''എൻെറ കടമയെ മററുള്ളവരുടെ അഭിപ്രായത്തിന്നനുസരിച്ചു ഞാൻ നിയന്ത്രിക്കാറില്ല, ഒരു കാലത്തും ഞാൻ ബ്രിട്ടീഷുഗവർമ്മേണ്ടിൻെറ ഹിതം നോക്കിയില്ല. ഇക്കാര്യത്തിൽ ഞാൻ മാപ്പിളമാരുടെ ഹിതവും നോക്കുന്നില്ല'' എന്നാണ് ഞാൻ പറഞ്ഞതിന്ന് എനിക്കു കിട്ടിയ മറുപടി. അപ്രകാരം രണ്ടു നാരായണമേനോന്മാരും കൂടി ഒരുമിച്ചു താമസിച്ചിരുന്ന ദിവസങ്ങളിൽ ഒന്നായ ആഗസ്റ്റ് 29—ാംനു- രാവിലെ സുമാർ ഒമ്പതു മണിക്കു ഇവർ രണ്ടുപേരുംകൂടി മഞ്ചേരി അങ്ങാടിയിലേയ്ക്കിറങ്ങി. ഇൻസ്പക്ടർ മലപ്പുറത്തേയ്ക്കു പോകുവാൻ ഉദ്ദേശിച്ചിട്ടാണ് പുറപ്പെട്ടിരുന്നതത്രെ. പൂക്കോട്ടൂർ യുദ്ധത്തിന്നു ശേഷം ലഹളയൊന്നും ഇല്ലാതെ ആ പ്രദേശ

ങ്ങൾ ഏതാണ്ട് സമാധാനത്തിൽ ഇരുന്നതുകൊണ്ട് റോഡ് വഴിക്ക് മലപ്പുറത്തേയ്ക്ക് പോകുവാൻ ഇൻസ്പെക്ടർക്കു വലിയ അധൈര്യമൊന്നും തോന്നിയില്ല. അങ്ങനെ മലപ്പുറത്തേയ്ക്ക് പുറപ്പെട്ട ആ അവസരത്തിൽ അതിഭയങ്കരമായ ഒരു വർത്തമാനം അവരുടെ ചെവികളിൽ പതിച്ചു. കുഞ്ഞഹമ്മദാജിയും സംഘവും പെൻഷ്യൻ ഇൻസ്പെക്ടർ ഖാൻബഹദൂർ ചേക്കുട്ടിയെ കൊന്നു. ആ തല കുന്തത്തിന്മേൽ കുത്തിക്കോർത്തു ഇൻസ്പെക്ടരുടെ നേരെ വരുന്നുണ്ടെന്നായിരുന്നു ആ വർത്തമാനം. ഖിലാഫത്ത് പ്രസ്ഥാനത്തിൽ ഉൾപ്പെട്ടിരുന്ന മാപ്പിളമാരെ ഇൻസ്പെക്ടർ നാരായണമേനോൻ കഠിനമായി ദ്രോഹിച്ചിരുന്നുവെന്നും അയാളെ ഭയന്നിട്ടാണ് മഞ്ചേരി മുതലായ പ്രദേശങ്ങളിൽ ഖിലാഫത്ത് പ്രസ്ഥാനത്തിന്നു പ്രാബല്യം സിദ്ധിക്കാതിരുന്നതെന്നും മാപ്പിളമാർ പൂർണ്ണമായി വിശ്വസിച്ചിരുന്നു. അതിനാൽ ഒരു ഖിലാഫത്ത് രാജാവായ കുഞ്ഞഹമ്മദാജിക്കും സംഘത്തിന്നും നാരായണമേനോനോടു കഠിനമായി വൈരം ഉണ്ടായിരുന്നതിൽ അത്ഭുതമില്ലല്ലോ.

പൂക്കോട്ടൂർ യുദ്ധത്തിന്നുവേണ്ടി പോയ കുഞ്ഞഹമ്മദാജി അവിടെ ചെന്നപ്പോഴേയ്ക്കും യുദ്ധം ഏതാണ്ടു കഴിഞ്ഞു മാപ്പിളമാർ ഓടിപ്പോവാൻ തുടങ്ങിയിരുന്നതിനാൽ യുദ്ധത്തിൽ പങ്കുകൊള്ളാതെ പാണ്ടിക്കാട്ടേയ്ക്കോ മറേറാ മടങ്ങിപ്പോകുകയാണത്രെ ചെയ്തിരുന്നത്. അതിന്നുശേഷം അയാൾ മാപ്പിളമാരുടെ നേരെയാണ് തിരിഞ്ഞത്. പെരിന്തൽമണ്ണയിൽ പോയി അങ്ങാടിയിലുള്ള ചില മാപ്പിള വീടുകൾ നശിപ്പിച്ചതിന്നുശേഷം പന്തലൂർവഴിക്കോ മറേറാ അയാളും പരിവാരങ്ങളും ഖാൻ ബഹദൂർ ചേക്കുട്ടി താമസിക്കുന്ന ആനക്കയത്തേയ്ക്ക് തിരിച്ചു. ചേക്കുട്ടി ശാന്തനും സാത്ത്വികനും ഹിന്ദുക്കൾക്കും മുസൽമാന്മാർക്കും ഒരുപോലെ വിശ്വസ്തനും വലിയ ഒരു ഗവർമ്മേണ്ടുഭക്തനും ആയ വന്ദ്യവയോധികനായിരുന്നു. ചെറുപ്പകാലത്ത് തന്നേയും തൻെറ ബാപ്പയേയും നാട് കടത്തുവാൻ ഉത്സാഹിച്ചവരിൽ ഒരാൾ ചേക്കുട്ടിയാണെന്ന വൈരം കുഞ്ഞഹമ്മദാജിക്കു മുമ്പുതന്നെയുണ്ട്. വേറെ വിരോധങ്ങളും ഉണ്ടായിരുന്നിരിക്കും. ആ കാരണങ്ങളാൽ കുഞ്ഞഹമ്മദാജി ചേക്കുട്ടിയുടെ വീടിനെ ആക്രമിച്ചു. വഴിക്കു തന്നെ മറെറാരു മാപ്പിള ഹെഡ്കോൺസ്റ്റബിളെ കൊന്നിട്ടായിരുന്നുവത്രെ അയാളുടെ വരവ്. ഏതു ലഹളക്കാർക്കും ചേക്കുട്ടിയെ ബഹുമാനമാകയാൽ അദ്ദേഹം ഇവരുടെ വരവു കണ്ടു ലേശം ഭയപ്പെട്ടില്ല.

ലഹളക്കാർ വരുമ്പോറം അദ്ദേഹം മാളികയുടെ മുകളിലായിരുന്നു. ''എന്താ മക്കളെ വേണ്ടത്'' എന്നു അറവാതിലിൽ കൂടെ അദ്ദേഹം ലഹളക്കാരോടു ചോദിച്ചു. തോക്കുകറം കൈവശമുള്ളവരെല്ലാം തോക്കുകറം ഹാജരാക്കേണ്ടതാണെന്നു ഒരു നോട്ടീസ് ഗവർമ്മേണ്ട് അതിനിടയ്ക്കു പ്രസിദ്ധപ്പെടുത്തിയിരുന്നു. അതിനെ സൂചിപ്പിച്ചുകൊണ്ടു ലഹളക്കാർ ഇങ്ങനെ പറഞ്ഞു: ''ഞങ്ങളുടെ കൈവശം കുറെ തോക്കുകറം ഉണ്ട്, അതു നിങ്ങളുടെ മുമ്പാകെ ഹാജരാക്കാമെന്നു വിചാരിച്ചിട്ടാണ് ഞങ്ങറം ഇങ്ങോട്ടു പോന്നത്. അത് വാങ്ങിവെച്ചാൽ തരക്കേടില്ല.'' ചേക്കുട്ടി ഇതുകേട്ട് ''തോക്കുകറം വാങ്ങുവാൻ എനിക്ക് അധികാരമില്ലല്ലോ. അത് മലപ്പുറത്ത് തുക്കിടി മുമ്പാകെ ഹാജരാക്കേണ്ടതാണ്. വേണമെങ്കിൽ ഒരെഴുത്തുകൂടി നിങ്ങളുടെ കൈവശം തരാം.'' എന്നു സമാധാനം പറഞ്ഞു. ''എല്ലാം ഇവിടെ തന്നെയാണ് ഞങ്ങറം ഹാജരാക്കുന്നത്'' എന്നു പറഞ്ഞതും ചേക്കുട്ടിയെ വെടിവെച്ചതും ഒപ്പമായിരുന്നു. വെടി കൊണ്ടു വീണ ചേക്കുട്ടിയുടെ തല തൻെറ മടിയിൽവെച്ചു അദ്ദേഹത്തിൻെറ ഭാര്യ നിലവിളിക്കുന്നതിനിടയിൽ ലഹളക്കാർ മുകളിലേയ്ക്കു പാഞ്ഞെത്തി, ഭാര്യയെ അവർ തട്ടിനീക്കി. വെടികൊണ്ടു വീണ ദേഹത്തിൽനിന്നു തല മുറിച്ചു വേറെയെടുത്ത് ആ തല കുന്തത്തിന്മേൽ കോർത്തുകൊണ്ടാണ് അവർ മഞ്ചേരിക്കു പിന്നെ യാത്ര ചെയ്തത്.

ഈ നിലയിലുള്ള കുഞ്ഞഹമ്മദാജിയുടെ വരവു കേട്ടപ്പോറം ഇൻസ്പെക്ടർക്കും നാരായണമേനോന്നും വലിയ പരിഭ്രമം ഉണ്ടായി. എന്താണ് വേണ്ടതെന്നറിയാതെ അന്ധനായി നിന്നിരുന്ന അയാളെ എം. പി. രണ്ടു നാഴിക വടക്കുള്ള മേലാക്കം എന്ന പ്രദേശത്ത് കൊണ്ടുപോയി ഒരു നായർ ഗൃഹത്തിൽ ഒളിപ്പിച്ചു. ഇപ്പോറം മദിരാശിയിലുള്ള ഡോക്ടർ പരശുരാമൻ എന്ന ആളും ഇവരുടെ കൂടെ ഉണ്ടായിരുന്നു എന്നാണ് വർത്തമാനം. ഇൻസ്പെക്ടർ അന്നുരാത്രി ചില കാട്ടുവഴികളിൽകൂടി വേഷച്ഛന്നനായി മലപ്പുറത്തേയ്ക്കു പോയി രക്ഷപ്പെടുകയും ചെയ്തു.

കുഞ്ഞഹമ്മദാജിയും സംഘവും ഇൻസ്പെക്ടരുടെ വീട്ടിൽ ചെന്നപ്പോറം അയാളെ അവിടെ കണ്ടില്ല. ആ വീട്ടിൽ പല നാശങ്ങളും അവർ ചെയ്തു. അതിന്നുശേഷം അവർ മുൻസീഫ് കോടതിയിൽ പോയി. അതു തീവെച്ചു നശിപ്പിച്ചു. ഉച്ചതിരിഞ്ഞതോടുകൂടി കുഞ്ഞഹമ്മദാജി മഞ്ചേരി വിടുകയും ചെയ്തു. അപ്പോറംതന്നെ കോഴിക്കോട്ടുള്ള

കോൺഗ്രസ്സ്—ഖിലാഫത്ത് പ്രവർത്തകന്മാർ ലഹള ഒതുക്കാനായി പല ശ്രമങ്ങളും ചെയ്തിരുന്നു. ഹിന്ദു—മുസ്ലിം നേതാക്കന്മാർ ഒപ്പിട്ടതായ പല ലഘുപത്രികകളും അവർ ധാരാളമായി വിതരണം ചെയ്തു. മഞ്ചേരി മുതലായ പ്രദേശങ്ങളിലേയ്ക്കു വരുവാൻ സംസ്ഥാന കോൺഗ്രസ്സ് കമ്മിററി സിക്രട്ടറി കേശവമേനോനും മററും പുറപ്പെട്ടു കൊണ്ടോട്ടിയിൽ എത്തിയെങ്കിലും വഴിക്കുള്ള തടസ്സങ്ങളാൽ മുന്നോട്ടു പോകാൻ നിവൃത്തിയില്ലാതെ മടങ്ങേണ്ടിവന്നു. അതിന്നു ശേഷം ആലിമുസലിയാരെ കണ്ടു സമാധാനിപ്പിക്കാൻ അവർ തീർച്ചപ്പെടുത്തി. അതിനായി കലക്ടരോട് അനുവാദം ചോദിച്ചു. കലക്ടർ അനുവാദം നൽകി. മലബാർ ലഹളയ്ക്ക് കാരണഭൂതന്മാർ മലബാറിലെ കോൺഗ്രസ്സ്—ഖിലാഫത്ത് പ്രവർത്തകന്മാരാണെന്ന് കോടതികളിൽ തെളിയിപ്പാൻ അധികൃതന്മാർ പല ഭഗീരഥപ്രയത്നങ്ങളും ചെയ്തിട്ടുണ്ടെങ്കിലും ആയത് ഒരു പുനരാലോചനയാണെന്നാണ് ഈ സംഗതി ദൃഷ്ടാന്തപ്പെടുന്നത്.

സുമാർ പതിനഞ്ചോളം കോൺഗ്രസ്സ് ഖിലാഫത്ത് പ്രവർത്തകന്മാർ കലക്ടറുടെ അനുവാദപ്രകാരം തിരൂരങ്ങാടിക്കു പോയി. അവർക്കെല്ലാം പാസ്സ് കൊടുത്തിരുന്നു. പോകുന്ന വഴിക്കു മാപ്പിളമാർ അവരെ എതിരേററു വേണ്ടുന്ന ഉപചാരങ്ങൾ എല്ലാം നൽകി. കേശവമേനോൻ, ഗോപാലമേനോൻ മുതലായവർ ആലിമുസലിയാരെ കണ്ടു.

കോൺഗ്രസ്സ് ഖിലാഫത്ത് പ്രവർത്തനക്കാർ സമാധാനത്തിന്നു ചെയ്ത ഈ ഉദ്യമം കുഞ്ഞലവിക്കും ലവക്കുട്ടിക്കും ഒട്ടും രുചിച്ചില്ല. കേശവമേനോൻ മുതലായവർ മുകളിൽ നിന്നു താഴെ ഇറങ്ങിയപ്പോൾതന്നെ മാപ്പിളമാരുടെ പ്രകൃതം മാറിയതായി കണ്ടു. ഉടനെ തിരിച്ചുപോകുന്നതാണ് നല്ലതെന്ന് അവർക്കു ബോദ്ധ്യപ്പെട്ടു. പോവുമ്പോൾ മാസ്റ്റർ എം. പി. ഗോവിന്ദമേനോൻെറ സഹോദരനായ എം. പി. നാരായണമേനോൻെറ ഗർഭിണിയായ ഭാര്യയെയും കുട്ടികളേയും അവർ കൊണ്ടുപോന്നു. ഈ പ്രവർത്തകന്മാർതന്നെ ആണ് ആ സ്ത്രീയെ ഡോലിയിലെടുത്തു കൊണ്ടുവന്നത്.

ആഗസ്റ്റ് മാസം 28—ാം തീയതി ഒരു ബ്രിട്ടീഷുപട്ടാളത്തിൻെറ കമാണ്ടറായ ഡെ. ഡബ്ലിയു. റാഡ്ക്ലിഫും മലപ്പുറം തുക്കിടിയായ ടി. ആസ്റ്റിനും താഴെ ചേർത്ത വിളംബരം പ്രസിദ്ധപ്പെടുത്തി. ഇതു യാതൊരു പത്രത്തിലും പ്രസിദ്ധപ്പെടുത്തിയതായി കണ്ടിട്ടില്ല. എങ്കിലും ആലിമുസലിയാർ കീഴൊതുങ്ങാത്തപക്ഷം മമ്പറം പള്ളിയും

മററും അടങ്ങിയ തിരൂരങ്ങാടി നഗരം മുഴുവൻ വെടിവെച്ചു തകർക്കുമെന്നും മററും പ്രഖ്യാപനം ചെയ്തത് എത്ര സാഹസമാണെന്നും അതു മാപ്പിളമാരുടെ മനസ്സിൽ എന്തെല്ലാം തെററിദ്ധാരണയും നിരാശയും വഴിയാക്കിയെന്നും കാണിക്കുവാൻവേണ്ടി ഇവിടെ ചേർക്കാം:

''ബ്രിട്ടീഷുസൈന്യം തിരൂരങ്ങാടിയിൽ കടക്കാൻ ഭാവിക്കുന്നു. ഇതിന്നു യാതൊരു തടസ്സവും ചെയ്യുപോകരുതെന്നു മാത്രമല്ല എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കേണ്ടതാണെന്നും എല്ലാവരേയും ഇതിനാൽ താക്കീതാക്കുന്നു. പള്ളികളിൽനിന്നു അതിലുള്ളവർ എതിർത്തല്ലാതെ പള്ളികളുടെ നേരെ വെടിവെക്കുകയോ വേറെപ്രകാരം നാശം വരുത്തുകയോ ചെയ്യുന്നതല്ല. എരുകുന്നൻ എന്ന പാലത്ത് മൂലയിൽ ആലിമുസലിയാർ 1921 ആഗസ്റ്റ് മാസം 30—ാംനു ചൊവ്വാഴ്ച കാലത്ത് 9 മണിക്കു മുമ്പായി ഒരു വെളുത്ത തുണി വീശിക്കൊണ്ട് തിരൂരങ്ങാടിക്കും വേങ്ങരയ്ക്കും ഇടയിലുള്ള പുഴവക്കത്തുവന്നു ബ്രിട്ടീഷു സൈന്യത്തിന്നു കീഴടങ്ങി നേരിട്ട് ഹാജരാകാത്തപക്ഷം തിരൂരങ്ങാടി നഗരം വലിയ തോക്കുകൊണ്ട് വെടിവെച്ചു പൊളിക്കുന്നതാണ്. ആലിമുസലിയാരുടെ കൂടെ പത്തിൽ അധികം ആറ വരാൻ പാടില്ല. ബാക്കിയുള്ളവർ അവരവരുടെ വീട്ടിൽതന്നെ ഇരിക്കേണ്ടതും കൈവശമുള്ള ആയുധങ്ങൾ ആവശ്യപ്പെടുമ്പോൾ ഹാജരാക്കി കൊടുക്കുകയും വേണം.''

ഈ വിളംബരത്തിൻെറ കോപ്പികൾ ഏറനാട്ടിൽ മുഴുവൻ വിതരണം ചെയ്തു. മഞ്ചേരിയിൽവെച്ചാണ് എനിക്കു ഇതു കിട്ടിയത്. ആലിമുസലിയാരെയും തിരൂരങ്ങാടിക്കാരേയും വിവരം അറിയിപ്പാനാണെങ്കിൽ അതു അവിടേയും അടുത്ത പ്രദേശങ്ങളിലും വിതരണം ചെയ്താൽ മതിയായിരുന്നു. പക്ഷേ, അങ്ങിനെ ചെയ്താൽ പൂക്കോട്ടൂർ യുദ്ധം കഴിഞ്ഞശേഷം അല്പം ഒന്നടങ്ങിയ മാപ്പിളമാരെ രണ്ടാമതും ഇളക്കുവാൻ സാധിക്കാതെ വരുമല്ലോ.

30—ാം തിയ്യതിയും 31—ാം തിയ്യതിയും തിരൂരങ്ങാടിയിലുള്ള സംഭവങ്ങളെ പററി ഗവർമ്മേണ്ടു ഒരു കമ്യൂനിക്കെയിൽ ഇങ്ങനെ പറയുന്നു: തിരൂർനിന്നും മലപ്പുറത്തുനിന്നും രണ്ടു വഴിക്കായി പട്ടാളം തിരൂരങ്ങാടിക്ക് മാർച്ച് ചെയ്തു. 30—ാംനു വൈകുന്നേരം അവർ കിഴക്കെ പള്ളി വളഞ്ഞു. പള്ളിയിൽ അനവധി മാപ്പിളമാർ ഉണ്ടായിരുന്നു. പള്ളി നശിപ്പിക്കരുതെന്ന വിചാരത്തിന്മേൽ അന്നു പള്ളിയുടെ നേരെ വെടിവെച്ചില്ല. 30—ാം തീയതി ഒമ്പതേ

മുക്കാൽ മണിക്കു ലഹളക്കാർ ഇങ്ങോട്ടു വെടി തുടങ്ങി. പിന്നെ അവർ പുറത്തുചാടി പട്ടാളക്കാരെ എതിർത്തു. ഇരുപത്തിനാലു ലഹളക്കാർ മരണപ്പെട്ടു. ആലിമുസലിയാർ അടക്കം നാല്പത്തിരണ്ടു പേർ കീഴടങ്ങി. പതിനാറ് തോക്കുകളും അധികം വാളുകളും കുറെ തിരകളും കിട്ടി.''

ഇങ്ങനെ ചുരുങ്ങിയ വിവരണം മാത്രമാണ് ഗവർമ്മേണ്ടുഭാഗത്ത് നിന്നു പ്രസിദ്ധപ്പെടുത്തീട്ടുള്ളത്. 21–ാം തീയതിക്കുശേഷം തിരൂരങ്ങാടിയിലുണ്ടായ സംഭവങ്ങളെ ലവക്കുട്ടി നല്ലവണ്ണം വിസ്തരിക്കുന്നുണ്ട്. അയാൾ പറഞ്ഞതുകൂടെ ഇവിടെ ചേർക്കുന്നത് വായനക്കാർക്കു രസകരമായിരിക്കും:

''കുറച്ചു ദിവസം കഴിഞ്ഞു കോഴിക്കോട്ടുനിന്നു കേശവമേനോൻ മുതലായവർ വന്നിരുന്നു. ഞങ്ങൾ കൊലക്കുററം ചെയ്തിരുന്നവരായതുകൊണ്ട് ഞങ്ങളെ കിട്ടിയാൽ കൊല്ലാതെ വിടില്ല എന്നു തീർച്ചയുള്ളതുകൊണ്ടു ഞങ്ങൾ കീഴടങ്ങുവാൻ സമ്മതിച്ചില്ല. താൻ പറഞ്ഞാൽ തന്നെ ഒരു സമയം സമ്മതിക്കില്ലാ എന്നുള്ള സംശയം വന്നതുകൊണ്ടായിരിക്കും ആലിമുസലിയാർ, തന്നാൽ സമാധാനപ്പെടുത്തി നിർത്താൻ സാധിക്കില്ലെന്നു പറഞ്ഞത്. അതിന്നുശേഷം പട്ടാളക്കാർ വന്നുചേർന്നതു ഒരു ദിവസം വൈകുന്നേരമാണ്. അപ്പോൾ ജമായത്ത് പള്ളിയിൽ നൂറോളം ആളുകൾ ഉണ്ടായിരുന്നു. വാതിലുകളെല്ലാം അടസ്ഥാനായി മുസലിയാർ പറഞ്ഞപ്രകാരം അടച്ചിരുന്നു. ഒരാൾ പള്ളിയിലുള്ളവരോടു പുറത്തിറങ്ങുവാനും അവരുടെ കൂട്ടത്തിൽ പോരുവാനും അങ്ങനെ ചെയ്താൽ ആരെയും ഉപദ്രവിക്കയില്ലെന്നും വിളിച്ചുപറഞ്ഞു. അത് സുപ്രഡണ്ടാണെന്നാണ് തോന്നുന്നത്. അപ്പോൾ ആലിമുസലിയാരുടെ ആവശ്യപ്രകാരം അത്തൻകുട്ടി ''ഞങ്ങൾ കഞ്ഞികുടിച്ചു രാവിലെ പുറത്തിറങ്ങാം'' എന്നു പറഞ്ഞു. അങ്ങനെ ചെയ്താൽ മതി എന്നു സമ്മതിച്ചു ഞങ്ങൾ കഞ്ഞിവെയ്ക്കുവാനുള്ള ഒരുക്കങ്ങൾ ചെയ്തു. കൊല്ലുമെന്നു നിശ്ചയമുള്ളതുകൊണ്ടു ഞാനും കുഞ്ഞലവിയും കീഴടങ്ങുവാൻ തയ്യാറില്ലെന്നു പറഞ്ഞു. കൊന്നുകളയുമെന്നു തീർച്ചയുണ്ടെങ്കിൽ ഒഴിഞ്ഞുമാറുവാൻ നിവൃത്തിയില്ലെന്നു കണ്ടാൽ സ്വയരക്ഷയ്ക്കുവേണ്ടി എതിർക്കുന്നതിന്നു വിരോധമില്ലെന്നു ആലിമുസലിയാർ പറഞ്ഞു. അപ്രകാരം ഞാനും കുഞ്ഞലവിയും മററു ചിലരും ഒതുങ്ങുകയില്ലെന്നു തീർച്ചപ്പെടുത്തി. ആലി മുസലിയാരും അധികം ആളുകളും കീഴടങ്ങുവാനാണ് തീർച്ചപ്പെടുത്തിയത്.

രാത്രി നിസ്കാരം കഴിഞ്ഞു റാത്തീബ് ചൊല്ലിക്കൊണ്ടിരിക്കുമ്പോഠം പട്ടാളക്കാർ പള്ളിക്കു വെടിവെച്ചു. കഞ്ഞി ഉണ്ടാക്കിയിരുന്ന കൂട്ടർക്കു അതു ഉണ്ടാക്കുവാൻ സാധിച്ചില്ല. അങ്ങനെ എല്ലാവരും ഭയത്തോടുകൂടി പട്ടിണി കിടന്നു. വെടിവെച്ചത് ഞങ്ങഠംക്ക് സഹായിപ്പാൻ വേറെ ആളുകഠം വരുന്നുണ്ടെന്നു പട്ടാളക്കാർ സംശയിച്ചാണ് എന്നു പിറേറന്നു രാവിലെ വിളിച്ചു പറഞ്ഞു. രാത്രി കഞ്ഞികഴിപ്പാൻ സാധിക്കാത്തതുകൊണ്ട് കഞ്ഞി കുടിച്ചു പുറത്തിറങ്ങാം എന്നു മറുപടി പറഞ്ഞു. അതിനു സമ്മതിക്കയില്ലെന്നും പുറത്തിറങ്ങിയില്ലെങ്കിൽ പള്ളിക്കു വെടിവെയ്ക്കുമെന്നുമായിരുന്നു മറുപടി. പുറത്തിറങ്ങിയാൽ വെടിനിർത്തും എന്നു വിചാരിച്ചു പടിപ്പുരയുടെ വാതിൽ തുറക്കുവാനായി ആലിമുസലിയാർ പറഞ്ഞു. ആരോ ഒരാഠം വാതിൽതുറന്നു. വാതിൽ തുറന്നവനും അതിനടുത്തു നിന്നിരുന്നവരും വെടികൊണ്ടു വീണു. പള്ളിയുടെ മുകളിൽനിന്നവരിൽ ചിലരും വെടികൊണ്ടുവീണു. അവർ അങ്ങോട്ടു വെടിവെയ്ക്കുകയും ചെയ്തു. മുകളിലിരുന്നവർ എതിർക്കുവാൻ ഒരുങ്ങിയവരായിരുന്നു. ലഹളയുടെ ആരംഭത്തിൽ മഞ്ചേരി ജയിലിൽനിന്നു ചാടിയ അവുള്ളക്കുട്ടി തിരൂരങ്ങാടിയിൽ വന്നുകൂടിയിട്ടുണ്ടായിരുന്നു. തിരൂരങ്ങാടിക്കു വന്നശേഷം കുഞ്ഞലവിയോടു മാപ്പു ചോദിച്ചു അയാളുമായി ലോഗ്യമായി. അവനും ഈ കൂട്ടത്തിൽ പള്ളിയിലുണ്ടായിരുന്നു. ആലി മുസലിയാർ വെടികണ്ടപ്പോഠം പള്ളിമുകളിൽനിന്നു വെള്ളക്കൊടി കാണിപ്പാനായി ഒരാളെ കയററി. അതിന്നുമുമ്പുതന്നെ എതിർക്കാനുള്ളവരോട് പുറത്തിറങ്ങുവാൻ കുഞ്ഞലവി പറഞ്ഞപ്രകാരം കുഞ്ഞലവിയും അവുള്ളക്കുട്ടിയും മററു ചിലരും പുറത്തേയ്ക്കു ചാടി. ഞാൻ അക്കൂട്ടത്തിൽ ചാടിയില്ല. വെള്ളക്കൊടി കാണിച്ചപ്പോഠം വെടിനിർത്തി. ആലിമുസലിയാരും മററും തെക്കുഭാഗത്തുള്ള പടിപ്പുര തുറന്നു പുറത്തേയ്ക്കിറങ്ങി. ഈരണ്ടാളുകളായി യാതൊരു ആയുധവും ഇല്ലാതെ വരണമെന്ന് പട്ടാളക്കാർ പറഞ്ഞപ്രകാരം ഈരണ്ടാളുകളായി ചെന്നു. ചെല്ലുന്നവരെ പിടിച്ചു കെട്ടുന്നത് കണ്ടു. ഞാൻ വടക്കു ഭാഗത്തുള്ള വനംകാടായ കുന്നിലേയ്ക്കിറങ്ങി, എന്നോടുകൂടി പലരും അവിടേയ്ക്കിറങ്ങി. അപ്പോഴേയ്ക്കും നേരം ഉച്ചതിരിഞ്ഞിരുന്നു. രാത്രിയാവുന്നതുവരെ അവിടെ തന്നെയായിരുന്നു. പട്ടാളക്കാർ പള്ളിക്കൽനിന്നു പോയി എന്നു തോന്നിയതിന്നുശേഷം കാട്ടിൽനിന്നു പോവുകയും ചെയ്തു.''

30, 31 തിയ്യതികളിൽ തിരൂരങ്ങാടിയിൽ നടന്ന സംഭവങ്ങളെ പററി ഒരുവിധം സൂക്ഷ്മമായ വിവരം മേൽപറഞ്ഞതിൽനിന്നു വായനക്കാർക്ക് ഊഹിക്കാവുന്നതാണ്. ഈ സംഭവത്തിന്നുശേഷം പട്ടാളക്കാർ തിരൂരങ്ങാടിയിൽനിന്നു മടങ്ങിപ്പോകുന്ന വഴിക്കു അവർ വേങ്ങര അങ്ങാടിയിൽ മററുള്ള അനേകം മാപ്പിള വീടുകളും പീടികകളും തീവെച്ചു നശിപ്പിച്ചു. ആ ആക്രമണങ്ങളെല്ലാം അതിഘോരമായ മറെറാരു ലഹളയ്ക്കു കാരണമായിത്തീരുകയും ചെയ്തു.

ആലിമുസലിയാരെ മാർഷ്യൽ ലോ കോടതി വിചാരണ ചെയ്തു. ഗവർമ്മേണ്ടു ഏല്പിച്ചിരുന്ന ഏ. വി. ബാലകൃഷ്ണ മേനോനായിരുന്നു അദ്ദേഹത്തിൻെറ ഭാഗം വക്കീലായി കേസ്സ് നടത്തിയിരുന്നത്. കേസ്സിൻെറ മദ്ധ്യത്തിൽ തനിക്കുവേണ്ടി ആ വക്കീൽ യാതൊരു എതിർ ചോദ്യവും ചെയ്യേണ്ടെന്നു ആലിമുസലിയാർ പറഞ്ഞു. അദ്ദേഹം കൊടുത്ത സ്റ്റേററ്മെൻറും മേൽപറഞ്ഞ ലവക്കുട്ടിയുടെ സ്റ്റേററ്മെൻറും തമ്മിൽ ഏതാണ്ട് സാമ്യമുള്ളതിനാൽ ആലിമുസലിയാരുടെ സ്റ്റേററുമെൻറു ഇവിടെ പകർത്തുന്നില്ല.

മാർഷ്യൽ കോടതി ആലിമുസലിയാരെ നവംബർ 5നു തൂക്കിക്കൊല്ലുവാൻ വിധിച്ചു. 1922 ഫിബ്രവരി 17—ാംനു കോയമ്പത്തൂർ ജയിലിൽവെച്ചു തൂക്കിക്കൊല്ലുകയും മേട്ടുപാളയം റോഡിന്നടുക്കെ അയാളെ മറചെയ്യുകയും ചെയ്തു. ആലിമുസലിയാരുടെ തൂക്കലോടുകൂടി കലാപ നാടകത്തിലെ ഒന്നാംരംഗം അവസാനിച്ചു. അധികൃതന്മാർ അല്പം നയത്തോടും ദയയോടും വിവേകത്തോടും പ്രവർത്തിച്ചിരുന്നുവെങ്കിൽ ഒരു രണ്ടാംരംഗം ഇല്ലാതെ തന്നെ ഈ കലാപം അവസാനിക്കുമായിരുന്നു. പക്ഷേ, അതിന്നു മലബാർ നിവാസികൾക്ക് ഭാഗ്യമുണ്ടായില്ല.

# മൂന്നാം ഭാഗം

1

# ശാന്തത

ആലിമുസലിയാർ കീഴടങ്ങിയതോടുകൂടി ലഹളകരം എങ്ങും കേരംക്കാതായി. കൊള്ളകരം തീരെ നിന്നു. തീവണ്ടികരം ശരിക്ക് ഓടിത്തുടങ്ങി. റെയിൽവശത്തോ റോഡിലോ മാപ്പിളമാരെ കാണാതെയായി. ലഹളക്കാരെ ഭയപ്പെട്ട് ഓടിപ്പോയിരുന്ന ചില ഹിന്ദുക്കരം തങ്ങളുടെ ദിക്കുകളിലേയ്ക്ക് മടങ്ങിത്തുടങ്ങി. കുഞ്ഞഹമ്മദാജിയുടെ യാതൊരൊച്ചപ്പാടും കേരംപ്പാനില്ല. അയാരം പാണ്ടിക്കാട്ടിന്നടുത്ത് ഏതോ കാട്ടിലൊളിച്ചു പാർക്കുകയാണെന്ന ഊഹം നാട്ടിൽ പരന്നു. ലഹളയ്ക്ക് ഒരുങ്ങിയ മാപ്പിളമാർ കൂട്ടം പിരിഞ്ഞു. അവരിൽ പലരും ലഹളയെ ആക്ഷേപിക്കാൻ തുടങ്ങി. തകരാറുകരം ഒന്നും ഇല്ലെന്ന് ഗവർമെണ്ട് പ്രഖ്യാപനം ചെയ്തു. സ്ഥിതി ശാന്തമായിട്ടുണ്ടെന്ന് വൈസ്രോയി അവർകളും ഹോംമെമ്പർ സർ വില്യം വിൻസൻറും അസംബ്ലിയിൽ പ്രസ്താവിച്ചു. ലഹളക്കാരുടെ ശക്തിയെല്ലാം ക്ഷയിച്ചുവെന്നും സംഘം ചേർന്നു യാതൊരു ലഹളയും ഉണ്ടാകുന്നതല്ലെന്നും 'മദ്രാസ് മെയിൽ' ഉറപ്പായി പറഞ്ഞു. കമ്പികളുടെ കേടുകരം എല്ലാം തീർന്നു. തപാലാപ്പീസുകരം മുൻരീതിയിൽത്തന്നെ പ്രവൃത്തി തുടങ്ങി. പല മാപ്പിളമാരെയും അറസ്റ്റ് ചെയ്തു. യാതൊരു തടസ്സവും എതിർപ്പും ഉണ്ടായില്ല. പട്ടാളം ഏറനാടു ചുററിസഞ്ചരിച്ചു. ഹിന്ദുക്കരംക്ക് ഭയംപോയി. മാപ്പിളമാർക്ക് ഭയം ആരംഭിച്ചു. എങ്കിലും ഒതുങ്ങിയിരുന്നു. ഇങ്ങനെ സപ്തംബർ ഒന്നാംതീയതി മുതൽ 12—ാം തീയതി വരെ കഴിഞ്ഞുകൂടി.

പക്ഷേ, ഈ ശാന്തത, വരുവാൻ പോകുന്ന വലിയ കൊടുങ്കാററിന്നു മുമ്പുള്ള ഒരു ശാന്തതയായിട്ടാണ് പിന്നീടുള്ള അനുഭവംകൊണ്ട് ബോദ്ധ്യപ്പെട്ടത്. മാപ്പിളമാരെ നിരാശയ്ക്ക് തീരെ വശഗരാക്കിയ പല സംഗതികളും അക്കാലത്തു സംഭവിച്ചു. അവയെപ്പററി അല്പമൊന്ന് വിവരിക്കാം.

പട്ടാളനിയമത്തിൻെറ കാഠിന്യങ്ങളെപ്പററി പലർക്കും അറിയാം. ഏറനാട്, പൊന്നാനി, കോഴിക്കോട്, വള്ളുവ

നാട്, വയനാട് ഈ താലൂക്കുകളിലായിരുന്നു പട്ടാളനിയമം നടപ്പിൽ വരുത്തിയിരുന്നത്. ആഗസ്റ്റ് 29–ാം തിയ്യതി ഈ താലൂക്കുകളിൽ ഈ നിയമം വിളംബരം ചെയ്യപ്പെട്ടു. സപ്തംബർ ആദ്യത്തിൽ കലക്ടർ വേറെ ചില നോട്ടീസ്സുകൾ പ്രസിദ്ധപ്പെടുത്തി. അവ താഴെ ചേർക്കുന്നു:

''1921–ലെ 11–ാം നമ്പ്ര് ഓർഡിനൻസ് 5–ാം വകുപ്പിൻ കീഴിലുള്ള 2–ാം നമ്പർ കല്പന.

കോഴിക്കോട് മുൻസിപ്പാലിററിയിലും അതിന്നു ചുററുമുള്ള അംശങ്ങളിലും താമസിക്കുന്നവരും ഏറനാട്, വള്ളുവനാട്, പൊന്നാനി ഈ താലൂക്കുകളിൽ സാധാരണയായി താമസിക്കുന്നവരും അവിടങ്ങളിൽനിന്നു വരുന്നവരും ആയ യാതൊരു മാപ്പിളമാർക്കും താമസിക്കാനുള്ള യാതൊരേർപ്പാടും ചെയ്തുകൊടുക്കരുതെന്ന് പട്ടാളനിയമം പാസ്സാക്കിയ പ്രദേശങ്ങളിലെ മിലിട്ടറി കമാണ്ടരുടെ അധികാരപ്രകാരം നാം ഇതിനാൽ കല്പിക്കുന്നു. ഏറനാട്, വള്ളുവനാട്, പൊന്നാനി ഈ താലൂക്കുകളിൽ താമസക്കാരായ വല്ല മാപ്പിളമാരും തങ്ങളുടെ അടുക്കെ താമസിക്കാനോ സങ്കേതം പ്രാപിപ്പാനോ വന്നാൽ ആ വിവരം ഉടനെ ഏററവും അടുത്തുള്ള പോലീസ് സ്റ്റേഷനിൽ അറിയിക്കണമെന്ന് എല്ലാ വീട്ടുകാരോടും ഇതിനാൽ കല്പിക്കുന്നു. മേപ്പടി കല്പന അനാദരവ് ചെയ്യുന്നവർക്ക് മാർഷ്യൽ നിയമം റഗുലേഷ്യനിൽ വിധിക്കപ്പെട്ടിട്ടുള്ള ശിക്ഷ കൊടുക്കപ്പെടുന്നതാണ്.

ഇ. എഫ്. തോമസ്സ്,
ഡിസ്ട്രിക്ട് മജിസ്ട്രേട്ട്.''

''1921–ലെ 11–ാം നമ്പ്ര് ഓർഡിനൻസ് 5–ാം വകുപ്പുപ്രകാരമുള്ള ഒന്നാംനമ്പർ കല്പന.

ഒരു മജിസ്ട്രേട്ടോ സബ് ഇൻസ്പെക്ടരിൽ താഴെയല്ലാത്ത പോലീസ്സുദ്യോഗസ്ഥനോ കൊടുത്തതായ പാസ്സോടുകൂടിയല്ലാതെ മാർഷ്യൽ നിയമം പ്രബലപ്പെട്ടിരിക്കുന്ന കോഴിക്കോട്, ഏറനാട്, വള്ളുവനാട്, പൊന്നാനി ഈ താലൂക്കുകളിൽനിന്നു മാപ്പിളമാർക്ക് തീവണ്ടിവഴിയായി വിട്ടുപോവാനോ അവിടങ്ങളിലേയ്ക്ക് പ്രവേശിപ്പാനോ പാടുള്ളതല്ലെന്ന് മാർഷ്യൽ നിയമം പ്രബലപ്പെട്ടിരിക്കുന്ന പ്രദേശങ്ങളിലെ മിലിട്ടറി കമാണ്ടറുടെ സമ്മതപ്രകാരം നാം ഇതിനാൽ കല്പിച്ചിരിക്കുന്നു.

ഇ. എഫ്. തോമസ്സ്,
ഡിസ്ട്രിക്ട് മജിസ്ട്രേട്ട്.''

(മേപ്പടി പ്രദേശങ്ങളിലെ മിലിട്ടറി കമാണ്ടറായി നിശ്ച യിച്ചിരുന്നത് മേജർ ജനറൽ ബർനററ് സ്റ്റുവാർട്ടിനെ ആയി രുന്നു.)

മേപ്പടി രണ്ട് കല്പനകളും മേപ്പടി താലൂക്കിലെ മാപ്പിള മാരെ കൂട്ടിൽ അടച്ചിട്ട പോലെ ബന്ധിച്ചു. ആഗസ്റ്റ് ഒടു വിലാണ് പട്ടാളം തിരൂരങ്ങാടിയിൽനിന്ന് മലപ്പുറം വഴിക്ക് ഏറനാട്ടിലേയ്ക്ക് പ്രവേശിച്ചത്. അതോടുകൂടി അറസ്റ്റുകളും തുടങ്ങി.

കുററം ചെയ്ത മാപ്പിളമാർ എല്ലാം ഭയപ്പെട്ട് ഒളിവിലാ യിരുന്നു. കുററം ചെയ്യാത്തവർ നിരപരാധികളെന്ന വിശ്വാസത്താൽ അവരുടെ വീടുകളിൽ തന്നെ ഇരുന്നു. അക്കാലത്തുണ്ടായ അറസ്റ്റുകൾ കുററം ചെയ്തവരെന്നും ചെയ്യാത്തവരെന്നും ഉള്ള വ്യത്യാസത്തെ അല്പ ആസ്പദിച്ചിരു ന്നത്. കണ്ണിൽ കണ്ട മാപ്പിളമാരെല്ലാം കുററക്കാർ തന്നെ. അവരുടെ പിടുത്തവും ശിക്ഷയും ഏതാണ്ട് ഒപ്പംതന്നെയാ യിരുന്നു. അവരെ വിചാരണചെയ്ത് ശിക്ഷിപ്പാൻ പല മജിസ്ട്രേട്ടുമാർക്കും ഒന്നാംക്ലാസ്സ് അധികാരം നൽകിയി രുന്നു. വിചാരണയ്ക്ക് ഹാജരാക്കപ്പെട്ട മാപ്പിളമാർ വല്ലവരും രക്ഷപ്പെട്ടിട്ടുണ്ടോ എന്ന് സംശയമാണ്. കുററക്കാരന ല്ലെന്ന് തെളിയിപ്പാൻ കേസ്സിലെ പ്രതികൾക്ക് തീരെ അസാദ്ധ്യമായിരുന്നു. ഓരോ കുററത്തിന്ന് ഈരണ്ട് കൊല്ലപ്രകാരം 14—ഉം 20—ഉം കൊല്ലത്തെ ശിക്ഷ ഇവരിൽ പലർക്കും വിധിച്ചുകൊടുത്തിട്ടുണ്ട്. അറസ്റ്റും ശിക്ഷകളും ഒന്നും രണ്ടും ആയിട്ടല്ല ഇരുനൂറ് മുന്നൂറ് ആയിട്ടായി രുന്നു. നാട് വിട്ടു പോവാൻ പാടില്ല. വീട്ടിൽ താമസി പ്പാൻ പാടില്ല. കുററക്കാരാണെങ്കിലും അല്ലെങ്കിലും അറ സ്റ്റ്ചെയ്യും. ശിക്ഷിക്കും. തെളിവ് കൊടുപ്പാൻ നിവൃ ത്തിയില്ല. കൊടുത്താൽതന്നെ കാര്യവുമില്ല. കിട്ടുന്ന ശിക്ഷ മരണത്തേക്കാൾ അസഹ്യം. അറസ്റ്റ് ചെയ്താൽ റിമാ ണ്ടിൽ കിടക്കുന്ന കാലം അതിലും അസഹ്യം. 10 പേരെ ഇടാവുന്ന മുറിയിൽ 50, 100 ആളുകളെ കുത്തിത്തിരക്കി തള്ളുന്നു. ഇത്ര അനവധി തടവുകാരെ ഇടാൻ വേറെ സ്ഥലങ്ങളില്ല. അവർക്ക് ഇരിപ്പാനോ കിടപ്പാനോ ഇട മില്ല. ഭക്ഷണവും, മൂത്രവിസർജ്ജനവും, മലവിസർജ്ജ നവും അവിടെത്തന്നെ. ശൌചമില്ല. കുളിയില്ല. അതി നുള്ള സൌകര്യങ്ങളുമില്ല. ശിക്ഷ കഴിഞ്ഞാൽ കൊണ്ടു പോകുന്നത് വായുസഞ്ചാരമില്ലാത്ത ഗുഡ്സ് വാഗൺ വണ്ടിയിൽ. അവിടെ അനങ്ങുവാനോ നീങ്ങുവാനോ ഇട മില്ല. ശ്വാസം കഴിപ്പാൻ വായുവില്ല. തന്നെ കണ്ണൂർക്ക്

കൊണ്ടുപോയ വണ്ടിയിൽ ഒരു ദ്വാരം ഏതോ ഒരു റെയിൽവേ ഉദ്യോഗസ്ഥൻ കോഴിക്കോട്ടുവെച്ച് തുറന്നു തന്നതിനാലാണ് ചിലർ ശ്വാസംമുട്ടി മരിക്കാതിരുന്നത്, എന്ന് കേളപ്പൻനായർ പറഞ്ഞറിഞ്ഞിട്ടുണ്ട്. ഈ വിധം സങ്കടങ്ങളിൽനിന്ന് ഒരു മാപ്പിളയും ഒഴിവാകയില്ലെന്ന് അറസ്റ്റിൻെറ സ്വഭാവം കണ്ട് മാപ്പിളമാർ തീർച്ചപ്പെടുത്തി.

അതിരിക്കട്ടെ, ഇനി നമുക്ക് അല്പനേരത്തേയ്ക്ക് പട്ടാളത്തെ പിൻതുടരാം. പട്ടാളം കടന്നുപോയാൽ വഴിക്കുള്ള നിവാസികൾക്ക് സാധാരണ കാലത്തുതന്നെ പല ദ്രോഹങ്ങളും ബുദ്ധിമുട്ടുകളും നേരിടാറുണ്ട്. അങ്ങനെയിരിക്കെ ഗവർമ്മേണ്ടിനോട് യുദ്ധം ചെയ്ത്, അനേകം യൂറോപ്യന്മാരെ കൊന്ന്, ഖജാനകൾ കൊള്ളയിട്ട്, ഗവർമ്മേണ്ട് കെട്ടിടങ്ങൾ നശിപ്പിച്ച്, പല അക്രമങ്ങളും നടത്തിയ മാപ്പിളമാർ അധിവസിക്കുന്ന പ്രദേശങ്ങളിൽകൂടെ പ്രതിക്രിയാഭ്രാന്തന്മാരായ പട്ടാളക്കാർ കടന്നു പോകുമ്പോൾ അവർ എന്തെല്ലാം പ്രവർത്തിക്കുമെന്ന് വായനക്കാർ തന്നെ ഊഹിച്ചുകൊള്ളട്ടെ. പക്ഷേ, തിരൂരങ്ങാടിയിൽനിന്നു മടങ്ങിപ്പോന്ന പട്ടാളം വേങ്ങര അങ്ങാടിയിൽ ചെയ്തതുപോലുള്ള അക്രമങ്ങൾ ഒന്നുംതന്നെ ഈ പട്ടാളക്കാർ മഞ്ചേരിയിൽ എത്തുന്നതുവരെ ചെയ്തിട്ടില്ല. വഴിക്ക് കാണുന്ന മാപ്പിളമാരെ സാമാനം ഭേസുവാനും ഓവുപാലങ്ങളും പാലങ്ങളും നന്നാക്കുവാനും മററും അവർ നിർബ്ബന്ധിച്ചിരുന്നത് ശരിയാണ്. ചുരുക്കം ചില പീടികകൾ കൊള്ളയിട്ടതും നേരാണ്. മഞ്ചേരിയിൽതന്നെ ഒരു മാപ്പിളയുടെ പീടിക അവർ കൊള്ളയിട്ടു. മാപ്പിള വർഗത്തിൽപ്പെട്ട ഒരുവന് അനർത്ഥം നേരിട്ടപ്പോൾ ഹിന്ദുക്കൾ സന്തോഷിച്ചു. അവിടെയുണ്ടായിരുന്ന ചില ഹിന്ദുക്കളും കൊള്ള ചെയ്യാൻ കൂടി. ആ സംഭവത്തെ അവർ കൊട്ടിഘോഷിച്ചു. ചിലർ അത് എന്നോടുവന്നു പറഞ്ഞു. അതിൽപരം ഒരപകടം ഹിന്ദുക്കൾ പ്രവർത്തിപ്പാനില്ലെന്നും കൊള്ള ചെയ്യുവാൻ കൂടിയതു വലിയ തെററായിപ്പോയി എന്നും പറഞ്ഞപ്പോഴാണ് ഭേദപ്പെട്ട ചില ഹിന്ദുക്കൾക്കുപോലും അതു ശരിയാണെന്നു ബോദ്ധ്യപ്പെട്ടത്.

പട്ടാളത്തിൻെറ വരവിൽ ഹിന്ദുക്കൾ അത്യധികം സന്തോഷിച്ചുവെന്ന് ഞാൻ പറഞ്ഞുവല്ലൊ. മാപ്പിളമാരുടെ കൊള്ളകൾക്കും ആക്രമണങ്ങൾക്കും വഴിപ്പെട്ട് യാതൊരു ഗതിയും ഇല്ലാതെ മതംമാററവും മരണവും പ്രതീക്ഷിച്ച് ഭയപ്പെട്ടു പത്തുപന്ത്രണ്ടു ദിവസങ്ങളോളം ജീവച്ഛവങ്ങളെപ്പോലെ കഴിച്ചുകൂട്ടിയ ഹിന്ദുക്കൾക്ക് പട്ടാള

ക്കാർ ദൈവദൂതന്മാരെപ്പോലെ പ്രത്യക്ഷപ്പെട്ടപ്പോഠം ആശ്വാസവും ആനന്ദവും ഉണ്ടായതിൽ യാതൊരാശ്ചര്യവുമില്ല. അവർക്ക് ഇളനീരും പഴവും കൊടുക്കുവാനും വേണ്ടുന്ന ഉപചാരങ്ങളും ഒത്താശകളും ചെയ്‌വാനും ഹിന്ദുക്കഠം അഹമഹമികയാ സന്നദ്ധരായതിലും അത്ഭുതമില്ല. ഇതെല്ലാം തങ്ങളുടെ ആക്രമണപ്രവൃത്തിയുടെ ഫലംതന്നെയായിരുന്നുവെങ്കിലും മാപ്പിളമാർക്ക് ഹിന്ദുക്കളിൽ വൈരവും പകയും ജനിപ്പിക്കുവാനും വർദ്ധിപ്പിക്കുവാനും ഉപകരിച്ചു.

മഞ്ചേരിനിന്ന് പട്ടാളം കിഴക്കോട്ട് പാണ്ടിക്കാട്ടേയ്ക്കും അവിടെനിന്ന് തുവ്വൂർ, കാളികാവ്, കരുവാരകുണ്ട് എന്നീ പ്രദേശങ്ങളിലേയ്ക്കും പോയി. മിസ്റ്റർ ഈററനെ കൊലപ്പെടുത്തിയ അപ്രദേശങ്ങളിൽ എത്തിയപ്പോഠം പട്ടാളക്കാരുടെ പ്രകൃതം ഒന്നു മാറി. അതുവരെ അവർ മാപ്പിളമാരുടെ ചില പീടികകഠം കൊള്ളചെയ്തിരുന്നുവെന്നതല്ലാതെ വേറെ ദ്രോഹങ്ങഠം ഒന്നും ചെയ്തിരുന്നില്ല. തുവ്വൂർ, കരുവാരകുണ്ട് എന്നീ പ്രദേശങ്ങളിൽ അവർ പല അക്രമങ്ങളും ചെയ്തു. മാപ്പിളമാരുടെ വീടുകഠം പലതും തീ വെച്ചു, കൊള്ളയിട്ടു. ഈ വിധം അക്രമങ്ങഠം പ്രവർത്തിപ്പാൻ ഹിന്ദുക്കളും പട്ടാളക്കാരെ സഹായിച്ചു. ഇങ്ങനെ ചെയ്തതായിട്ടുള്ള രണ്ടോ മൂന്നോ ഉദാഹരണങ്ങളേ കേട്ടിരുന്നുള്ളു. ലഹളയുടെ രണ്ടാമത്തെ ഘട്ടത്തിൽ ഉണ്ടായ ഈ വിധം കടുംക്രിയകളിൽ ഏതാനും ചിലതെങ്കിലും പ്രതിക്രിയ പ്രകടനങ്ങളായിരുന്നുവെന്ന് പിന്നീട് വിവരിക്കുന്നതിൽനിന്ന് പ്രത്യക്ഷപ്പെടുന്നതാണ്.

പട്ടാളം ഇങ്ങനെ റോഡിൽക്കൂടെ മാർച്ച് ചെയ്തു മേൽ വിവരിച്ച അക്രമങ്ങഠം പ്രവർത്തിച്ച് ഹിന്ദുക്കളും മാപ്പിളമാരും തമ്മിൽ വലിയ വൈരത്തിനും പകയ്ക്കും കാരണമാക്കി പോയതല്ലാതെ ജനങ്ങളുടെ രക്ഷയ്ക്കായി പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ചെറിയ സംഘങ്ങളായി സങ്കേതം ഉറപ്പിക്കയോ താമസിക്കയോ ചെയ്തിരുന്നില്ല. അതിനാൽ ക്ഷയിച്ചുകിടന്നിരുന്ന കലഹബീജങ്ങളെ ഉജ്ജീവിപ്പിക്കുകയും അടങ്ങിക്കിടന്നിരുന്ന ലഹളവഹ്നിയെ ഉജ്ജ്വലിപ്പിക്കുകയും മാത്രമാണ് അവരുടെ യാത്രയുടെ ഫലമായി ജനങ്ങഠംക്ക് അനുഭവപ്പെട്ടത്. ആ അനുഭവങ്ങളെപ്പററി മറെറാരദ്ധ്യായത്തിൽ വിവരിക്കുന്നതാണ്.

ഈ കാലത്തു അധികൃതന്മാരുടെ മനോഭാവം ഏതുവിധമായിരുന്നുവെന്ന് കാണിപ്പാൻ ഈ ചരിത്രകർത്താവിന്റെ

അനുഭവത്തെ വർണ്ണിക്കുന്നത് ഈയവസരത്തിൽ അനൌചിത്യമായിരിക്കയില്ല.

സപ്തമ്പർ 1—ാംനു-യോ 2—ാംനു-യോ ആണ് പട്ടാളം മഞ്ചേരിയിൽ വന്ന് അവിടെനിന്ന് പാണ്ടിക്കാട്ടേയ്ക്കു പോയത്. പട്ടാളം വന്നതോടുകൂടി എൻെറ കൂടെ താമസിച്ചിരുന്ന ഹിന്ദുക്കരം മിക്കവാറും അവരവരുടെ വീട്ടിലേയ്ക്കു തന്നെ മടങ്ങിപ്പോയി. അരിയും ഉപ്പും ഇല്ലാതെ ഏതാണ്ട് ഒരു നേരത്തെ ഭക്ഷണമായിട്ടാണ് ഞങ്ങരം കഴിച്ചുവന്നിരുന്നത്. റിലീഫ് പ്രവൃത്തി ഉടനെ തുടങ്ങാത്തപക്ഷം ജനങ്ങരം പട്ടിണികൊണ്ട് മരണപ്പെട്ടുപോകുമെന്ന് എനിക്ക് ബോദ്ധ്യപ്പെട്ടു. കോഴിക്കോട്ടേയ്ക്ക് ഈ വിവരം അറിയിപ്പാൻ യാതൊരു മാർഗവും ഉണ്ടായിരുന്നില്ല. വേറെ സംഗതിക്ക് എഴുത്തു കൊണ്ടുപോയിരുന്ന ചിലരെ മാപ്പിളമാർ കൊന്നിട്ടുണ്ടായിരുന്നതിനാൽ പോവാൻ വല്ലവരും ധൈര്യപ്പെടുന്നതാണെങ്കിൽതന്നെ അവരെ എഴുത്തോടുകൂടെ അയയ്ക്കുന്നതു ആപൽക്കരമായി തോന്നി. ആ സന്ദർഭത്തിൽ തൃക്കലങ്ങോട്ടുകാരനായ ഒരു നായർ കോഴിക്കോട്ടു പോകുന്നുണ്ടെന്ന് ഞാൻ അറിഞ്ഞു. നിവൃത്തിയുള്ളപക്ഷം കുറെ അരിയും ഉപ്പും മഞ്ചേരിക്ക് അയച്ചുതരുന്നത് അത്യാവശ്യമാണെന്നു പോകുന്ന ആളുടെ ഷർട്ടിൻെറ പുറത്തെഴുതി അതു കോൺഗ്രസ്സ് ആപ്പീസിൽ കാണിപ്പാൻ അയാളെ ഞാൻ പറഞ്ഞേല്പിച്ചയച്ചു. ഇതിനിടയ്ക്ക് എന്നെ മാപ്പിളമാർ കൊന്നുവെന്നോ ഞാൻ ആത്മഹത്യ ചെയ്തുവെന്നോ ബലമായ ഒരു പ്രസ്താവം കോഴിക്കോട്ട് പ്രചരിച്ചതിനാൽ സൂക്ഷ്മം അറിവാനായി കോഴിക്കോട്ടുള്ള കോൺഗ്രസ്സ് പ്രവർത്തകന്മാർ എൻെറ അടുക്കലേയ്ക്കും രണ്ടാളെ അയച്ചിരുന്നു. അവർക്ക് മഞ്ചേരി എത്തുവാൻ കഴിഞ്ഞില്ല. എങ്കിലും ഭാഗ്യവശാൽ ലഹളക്കാരിൽനിന്നും രക്ഷപ്പെട്ട് കോഴിക്കോട്ടേയ്ക്ക് തന്നെ മടങ്ങുവാൻ അവർക്കു സാധിച്ചു. ഇങ്ങനെയുള്ള അവസരത്തിലാണ് പട്ടാളക്കാർ മഞ്ചേരിയിലെത്തിയത്. അപകടങ്ങരം ഏതാണ്ട് നീങ്ങിയെന്ന് ജനങ്ങരം വിശ്വസിച്ച് അവരവരുടെ ഗൃഹങ്ങളിലേയ്ക്ക് മടങ്ങിപ്പോകാൻ ആരംഭിച്ചു. മഞ്ചേരിയിൽ ഞാൻ പിന്നെയും താമസിക്കുന്നതുകൊണ്ടു യാതൊരു പ്രയോജനവും ഇല്ലെന്നും റിലീഫിന്നുള്ള ഏർപ്പാടുകരം ചെയ്യാൻ കോഴിക്കോട്ടെത്തുന്നതു ഉപയോഗപ്രദമായിരിക്കുമെന്നും പട്ടാളക്കാരുടെ ഉപദ്രവങ്ങളിൽനിന്നും രക്ഷപ്പെടുവാൻ മഞ്ചേരി വിടുന്നത് ഉത്തമമാണെന്നും ബോദ്ധ്യപ്പെട്ടതിനാൽ ഞാൻ മെയ്മാസം 3—ാംനു-ഉച്ചതിരിഞ്ഞ് എൻെറ അനുജൻ കേശവൻനായരോടുകൂടി

അരീക്കോട് വഴി കോഴിക്കോട്ടേയ്ക്ക് തിരിച്ചു. കുഞ്ഞുപണിക്കരുടെ കൂടെ അല്പദിവസവും കൂടി താമസിക്കണമെന്ന് അദ്ദേഹം ഇഷ്ടപ്പെട്ടതിനാൽ തൽക്കാലം കോഴിക്കോട്ടേയ്ക്ക് ഇല്ലെന്ന് എം. പി. നാരായണമേനോൻ പറയുകയാൽ അദ്ദേഹം എൻെറ കൂടെ പോന്നില്ല. പല കൊള്ളകളും നടന്ന പ്രദേശത്തുകൂടെയായിരുന്നു എനിക്ക് പോകേണ്ടിയിരുന്നത്. കാൽനടയായി ആ വഴിക്ക് പോകുമ്പോൾ മുമ്പു പരിചയമുള്ള പല മാപ്പിളമാരെയും എനിക്കു കാണുവാനിടയായി. ''ഗാന്ധി കോഴിക്കോട്ട് എത്തിയോ? മുഹമ്മദാലിയും ഷൗക്കത്താലിയും എന്നു വരും? അവർ ഇവിടത്തെ വർത്തമാനങ്ങളൊന്നും അറിഞ്ഞിട്ടില്ലേ? എന്താണ് അവർ വരുവാൻ താമസിക്കുന്നത്?'' എന്നിങ്ങനെയുള്ള ചോദ്യങ്ങൾ കേട്ടപ്പോഴാണ് മാപ്പിളമാർ ഖിലാഫത്തു പ്രസ്ഥാനത്തെ എത്രമാത്രം തെററിദ്ധരിച്ചിരിക്കുന്നുവെന്ന് എനിക്കു ബോദ്ധ്യപ്പെട്ടത്. അവരെല്ലാവരും എന്നോട് വളരെ സ്നേഹവും ഔദാര്യവും പ്രദർശിപ്പിച്ചു. അവർ എവിടെനിന്നോ ഒരു കാളവണ്ടി കെട്ടിക്കൊണ്ടുവന്ന് എന്നെ അതിൽ പോവാൻ നിർബ്ബന്ധിച്ചു. അങ്ങനെ വണ്ടിയിൽ കയറി വൈകുന്നേരത്തോടുകൂടി ഞാൻ അരീക്കോട് എത്തി.

അരീക്കോട്ടുനിന്ന് തോണി കയറി പോകുവാൻ രണ്ടുമൂന്നു മണിക്കൂർ താമസം നേരിട്ടു. ആ സമയം വിശ്രമിച്ചത് കല്ലുവെട്ടികുഴി അഹമ്മദ്കുട്ടിയുടെ വീട്ടിലായിരുന്നു. അരീക്കോട്ട് നടന്ന ചില കൊള്ളകളിൽ ഏർപ്പെട്ടവർ കൊള്ളചെയ്ത സാധനങ്ങളെ ഹിന്ദുക്കൾക്ക് മടക്കിക്കൊടുപ്പിക്കുന്നതിലും അഹമ്മദ്കുട്ടിയും മകൻ കുഞ്ഞോലൻകുട്ടിയും വളരെ പരിശ്രമിച്ചിട്ടുണ്ടായിരുന്നു. ലഹളയുടെ ആരംഭത്തിൽ നടന്ന കൊള്ളകൾക്ക്ശേഷം അവിടെ ഞാൻ ചെല്ലുന്നതുവരെ വേറെ തകരാറുകൾ ഒന്നും ഉണ്ടായിരുന്നില്ല. എങ്കിലും അവിടത്തെ മാപ്പിളമാരുടെ സ്വഭാവത്തിൽ ഗൌരവമായ മാററം വരുന്നുണ്ടായിരുന്നു എന്ന് അല്പസമയംകൊണ്ട് എനിക്ക് അനുഭവപ്പെട്ടു.

അഹമ്മദ്കുട്ടിയുടെ മകനും ഞാനുമായി ലഹളയെപ്പററി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ സുമാർ 20—25 മാപ്പിളയുവാക്കന്മാർ ഞങ്ങൾ ഇരിക്കുന്നേടത്തു വന്നുചേർന്നു. അക്രമം കൊണ്ടുണ്ടായ ആപത്തുകളെപ്പററിയും അഹിംസയുടെ ആവശ്യത്തെയും പററി ഞാൻ വർണ്ണിക്കുന്നതു കേട്ട് അക്ഷമരായി അവർ എൻെറ നേരെ നോക്കി ഏതാണ്ട് ഇപ്രകാരം പറഞ്ഞു:

''ഇനിയും ക്ഷമയെപ്പററി പറയുന്നത് മതിയാക്കാറായില്ലെ? പട്ടാളക്കാർ വേങ്ങര അങ്ങാടിയിൽ ചെയ്ത അക്രമങ്ങളൊന്നും നിങ്ങൾ കേട്ടില്ലയോ? മാപ്പിളയായി ജനിച്ച ഒരാളെയെങ്കിലും ഗവർമ്മേണ്ട് ബാക്കിയാക്കില്ലെന്നു ഞങ്ങൾക്ക് ബോദ്ധ്യം വന്നിരിക്കുന്നു. ഞങ്ങൾ കൂട്ടത്തോടെ ചാവണമെന്നും ജയിലിൽ പോവണമെന്നുമാണോ നിങ്ങൾ പറയുന്നത്. ഇങ്ങനെ ഞങ്ങൾ ജീവിച്ചിരുന്നിട്ട് എന്താണ് ഫലം? ക്ഷമിച്ചിരിപ്പാൻ ഞങ്ങളാൽ ഇനി സാധിക്കയില്ല. വരുന്നത് വരട്ടെ.'' എന്നിങ്ങനെ പലരും കൂടി ഓരോ നിലയ്ക്ക് തൊണ്ട ഇടറിയും ദേഹം വിറപ്പിച്ചും പരുഷമായ സ്വരത്തിൽ സംസാരിച്ചു. കാണുന്ന മാപ്പിളമാരെയെല്ലാം അറസ്റ്റ് ചെയ്യാനും ചുട്ട് നശിപ്പിക്കാനും പോലീസ്സുകാരും പട്ടാളക്കാരും ആരംഭിച്ചതിന്റെ ഫലമാണ് നിരാശയ്ക്ക് വഴിപ്പെട്ട ഈ മനഃസ്ഥിതി എന്ന് മനസ്സിലാക്കുവാൻ വളരെ വിഷമമുണ്ടായിരുന്നില്ല. അവരെ സമാധാനിപ്പിക്കുവാൻ എന്നാൽ കഴിയുന്നതെല്ലാം ഞാൻ ശ്രമിച്ചു. ഞാനുമായുള്ള സംസാരത്തിലെ സ്വരത്തിന് അല്പം ഭേദമുണ്ടായി എന്നല്ലാതെ അവരുടെ മനഃസ്ഥിതിക്ക് പറയത്തക്ക യാതൊരു മാററവും ഉണ്ടായില്ല എന്ന് എനിക്ക് ബോദ്ധ്യപ്പെട്ടു. ഒരു ലഹളത്തലവനായിത്തീർന്ന പൂക്കോട്ടൂർകാരൻ കാരാടൻ മൊയ്തീൻകുട്ടിഹാജി അന്നു അരീക്കോട് എത്തിയിട്ടുണ്ടെന്നും അറസ്റ്റിനേയും പുരചുടലിനേയും ആസ്പദമാക്കി അയാൾ മാപ്പിളയുവാക്കന്മാരെ ഇളക്കുവാൻ ശ്രമിക്കുന്നുണ്ടെന്നും എനിക്ക് വിവരം കിട്ടി. ഈ നിലയ്ക്ക് അവിടെയുള്ള മാപ്പിളമാരെ ഒതുക്കി നിർത്തുവാൻ സാധിക്കുന്ന കാര്യം വളരെ സംശയമായിരിക്കുന്നുവെന്നും എങ്കിലും അങ്ങനെ ചെയ്യാൻ തങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യുന്നതാണെന്നും അഹമ്മദ്കുട്ടിയും മകനും എന്നോട് പറഞ്ഞു. രാത്രി സുമാർ 10 മണിയോടുകൂടി ഞാൻ അവിടം വിട്ടു,

പിറേറന്ന് കാലത്ത് ഞാൻ കോഴിക്കോട്ട് എത്തി. തിരുവണ്ണൂരിലാണ് തോണി ഇറങ്ങിയത്. മരിച്ചുവെന്ന് കേട്ട ആളെ രണ്ടാമതും കണ്ടതിൽ എന്റെ സ്നേഹിതന്മാർക്ക് വളരെ സന്തോഷമായി.

അഞ്ചാംതീയതി രാവിലെ ഇൻസ്പക്ടർ ഗോവിന്ദക്കിടാവ് എന്റെ അടുക്കൽ വന്ന് ലഹളയെപ്പററി ഞാൻ അറിയുന്ന വിവരങ്ങളെല്ലാം എന്നോട് ചോദിച്ചറിഞ്ഞു. ഈ വിവരങ്ങളെല്ലാം കലക്ടറോട് നേരിട്ട് പറയുന്നതിൽ വിരോ

ധമുണ്ടോ എന്ന് എന്നോട് ചോദിച്ചു. യാതൊരു വിരോധവുമില്ലെന്ന് ഞാൻ മറുപടി പറഞ്ഞു.

അഞ്ചാംതീയതി ഏകദേശം ഉച്ചയോടുകൂടി ഞാൻ മിസ്റ്റർ തോമസ്സിനെ ഹജൂർ കച്ചേരിയിൽവെച്ച് കണ്ടു. അദ്ദേഹത്തിന്റെ കൂടെ പോലീസ്സ് ഡപ്യൂട്ടി ഇൻസ്പക്ടർ ജനറാളും ഉണ്ടായിരുന്നു. എന്നെ കണ്ട ഉടനെ അദ്ദേഹം സാധാരണ ഉപചാരങ്ങളോടുകൂടി അടുത്തുള്ള ഒരു കസേരയിൽ എന്നോട് ഇരിക്കുവാൻ പറഞ്ഞു. സുമാർ 7 മാസം മുമ്പ് ആ മുറിയിൽവെച്ചു തന്നെയാണ് ഞങ്ങൾ ഒടുവിൽ കണ്ടു പിരിഞ്ഞത്. ഒരു ജഡ്ജിയുടേയും കുററക്കാരന്റേയും നിലയിലാണ് അന്നു ഞങ്ങൾ തമ്മിൽ കണ്ടത്. അന്ന് അദ്ദേഹത്തിന്റെ മുഖത്ത് സ്഼ുരിച്ചിരുന്ന കോപവും പരിഭ്രമവും ഇന്നു കാണുന്നില്ല. അന്നത്തെ ധിക്കാരം ഇന്ന് മര്യാദയായി രൂപാന്തരപ്പെട്ടിരിക്കുന്നു. അന്ന് തന്റെ മുമ്പിൽ പ്രതിയായി നിന്ന ആളോട് കാണിച്ച വെറുപ്പ് ഇന്ന് തീരെ ഇല്ല. ഒരു വിജയി പരാജിതനിൽ പ്രദർശിപ്പിക്കുന്ന അനുഭാവത്തോടുകൂടിയാണ് അദ്ദേഹം എന്നോട് പെരുമാറുവാൻ തുടങ്ങിയത്. ആ മനഃസ്ഥിതി അല്പം അസ്ഥാനത്തിലാണെന്ന് അദ്ദേഹത്തെ ഞാൻ മനസ്സിലാക്കി. ആഗസ്ത് 9—ാം തിയ്യതി ഞാൻ മഞ്ചേരിയിൽ എത്തിയശേഷം കോഴിക്കോട്ടെത്തുന്നതുവരെയുണ്ടായ എന്റെ അനുഭവങ്ങളും ഞാൻ അറിഞ്ഞേടത്തോളം സംഗതികളും അദ്ദേഹത്തെ ധരിപ്പിച്ചു. അതിനിടയിൽ ഞങ്ങൾ തമ്മിൽ താഴെ ചേർക്കുന്ന സംഭാഷണവും ഉണ്ടായി.

തോമസ്സ്—''മാധവൻനായർ, നിങ്ങളുടെ പ്രവൃത്തികൾ ആത്മാർത്ഥമാണെങ്കിലും ശരിയായ വഴിക്കുള്ളതല്ല. നിങ്ങൾക്കു ഇപ്പോൾ വിവേകം വർദ്ധിച്ചതോടുകൂടി വ്യസനവും വർദ്ധിച്ചിട്ടുണ്ടെന്ന് ഞാൻ വിചാരിക്കുന്നു.''

ഞാൻ—''ഈ കാര്യങ്ങളെ സംബന്ധിച്ച് നാം തമ്മിൽ പല അഭിപ്രായവ്യത്യാസങ്ങളും ഉണ്ടായേയ്ക്കാം. അതിനെപ്പററി നാം തർക്കിക്കാതിരിക്കുന്നതാണ് നല്ലത്. അങ്ങനെയുള്ള തർക്കത്തിന് ഒരുങ്ങി ഞാൻ വന്നിട്ടുമില്ല.''

തോ—''തെററിദ്ധരിക്കരുത്. ഞാൻ കഴിഞ്ഞകാലത്തെപ്പററി നിങ്ങളോട് ഒരക്ഷരം പോലും പറയാൻ വിചാരിക്കുന്നില്ല. ഇനിയും നിങ്ങൾ ഖിലാഫത്ത് പ്രസ്ഥാനം നടത്തുവാനും പ്രസംഗങ്ങൾ ചെയ്യാനും വിചാരിക്കുന്നുണ്ടോ?''

(ഈ ചോദ്യവും അല്പം പരിഹാസമായിട്ടാണ് എനിക്കു തോന്നുന്നത്. മുഴുത്ത ഭ്രാന്തന്മാരല്ലാതെ ഈ അവസര

ത്തിൽ പ്രസംഗങ്ങരം ചെയ്യുമെന്നു എനിക്ക് തോന്നുന്നില്ല.)

ഞാൻ—''ഈ ചോദ്യം ഒരു ഡിസ്ത്രിക്ട് മജിസ്ട്രേട്ടിൻെറ നിലയിലാണ് നിങ്ങരം എന്നോട് ചോദിക്കുന്നതെങ്കിൽ അതിന്നുള്ള സമാധാനം എന്താണെന്ന് അനുഭവംകൊണ്ട് നിങ്ങരംക്കുതന്നെ അറിയാവുന്നതാണ്. ഇപ്പോരം ഞങ്ങളാരും പ്രസംഗം ചെയ്വാൻ ഒരുക്കമില്ല എന്നതും ഒരു ഡിസ്ത്രിക്ട് മജിസ്ട്രേട്ടിനോട് അദ്ദേഹത്തിൻെറ ആവശ്യപ്രകാരം പ്രസംഗങ്ങരം ചെയ്കയില്ല എന്ന് ഏല്ക്കുന്നതും രണ്ടാണ്. അങ്ങനെ ഏല്ക്കുവാൻ ഞാൻ തയ്യാറില്ലാ.''

തോ—''ഞാൻ നിങ്ങളെ നിർബ്ബന്ധിക്കുവാൻ ഇപ്പോരം വിചാരിക്കുന്നില്ലാ.''

ഇതിനുശേഷം അരീക്കോട്ടുവെച്ച് ഉണ്ടായ എൻെറ അനുഭവത്തെപ്പററി മിസ്റ്റർ തോമസ്സിനോട് വിവരമായി പറഞ്ഞു. എൻെറ അഭിപ്രായങ്ങരംക്ക് അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ വലിയ വിലയുണ്ടാകുവാൻ തരമില്ലെങ്കിലും ക്ഷമയോടുകൂടി ഞാൻ പറയുന്നത് കേരംക്കാമെങ്കിൽ ഞാൻ ചിലത് പറയാമെന്നു പറഞ്ഞു. അദ്ദേഹം അതിനു അനുവദിച്ചു. അപ്പോരം ഞാൻ ഇങ്ങനെ പറഞ്ഞു:

''പൂക്കോട്ടൂർ യുദ്ധത്തോടുകൂടി ലഹള ഒരുവിധം സമാധാനിച്ചിരിക്കുകയാണ്. അല്പം നയത്തോടും അനുഭാവത്തോടും കൂടി അധികൃതന്മാർ ഈ അവസരത്തിൽ പ്രവർത്തിക്കുന്നതായാൽ ഇനി യാതൊരു തകരാറും ഏറനാട്ടിൽ ഉണ്ടാകുകയില്ല. പ്രധാനസ്ഥലങ്ങളിൽ ഏതാനും പട്ടാളവും പോലീസ്സും സ്ഥാപിക്കുകയും അവർ മാപ്പിളമാരുടെ നേരെ യാതൊരക്രമണവും പ്രവർത്തിക്കാതെ നാട്ടിൽ ഗവർമ്മേണ്ടിൻെറ ശക്തിയുണ്ടെന്നു ജനങ്ങളെ ധരിപ്പിപ്പാൻ മാത്രം സ്വസ്ഥമായി ഇരിക്കയും ചെയ്താൽ മതി. കൊള്ള ചെയ്തവരെ എല്ലാവരേയും ഇപ്പോരം പിടിക്കാനും ശിക്ഷിപ്പാനും തുടങ്ങുന്നത് യുക്തമാണെന്നു തോന്നുന്നില്ല. അറസ്റ്റുചെയ്യുന്നവരിൽ കുററക്കാർ അല്ലാത്തവർ പലരും പെടാൻ ഇടയുണ്ട്.''

തോ—''കുററക്കാരല്ലാത്തവരായി ഏറനാട്ടിൽ വല്ല മാപ്പിളയും ഉണ്ടെന്നു നിങ്ങരം വിചാരിക്കുന്നുണ്ടോ?''

ഞാൻ—''വളരെപ്പേരും കുററക്കാരാണെന്ന് ഞാൻ സമ്മതിക്കാം. പക്ഷേ, എല്ലാ മാപ്പിളമാരും കുററക്കാരാണെന്നു പറയുവാൻ ഒരിക്കലും തരമില്ല. കുററക്കാരാണെങ്കിലും അല്ലെങ്കിലും ഇങ്ങനെയുള്ള ഒരു സംഭവത്തിൽ

കുററംചെയ്ത എല്ലാവരേയും അറസ്റ്റ് ചെയ്യുന്നതോ, ശിക്ഷിക്കുന്നതോ ന്യായമല്ല, സാദ്ധ്യവുമല്ല. പട്ടാളവും പോലീസ്സും പ്രധാനസ്ഥലങ്ങളിൽ താമസം ഉറപ്പിച്ച് ഗവർമ്മേണ്ടിൻെറ അധികാരശക്തിയിൽ ജനങ്ങൾക്ക് വിശ്വാസം രണ്ടാമതും ഉറച്ചതിനുശേഷം ലഹളത്തലവന്മാരെമാത്രം ശരിയായി അന്വേഷിച്ചറിഞ്ഞ് അറസ്റ്റ് ചെയ്ത് ശിക്ഷിക്കുന്നതായിരിക്കും ഉചിതം എന്നാണ് എനിക്ക് തോന്നിയത്. ഇപ്പോഴത്തെ പ്രവൃത്തികൾ പൂക്കോട്ടൂർ യുദ്ധത്തിനുശേഷം ഒതുങ്ങിയ മാപ്പിളമാരെ രണ്ടാമതും ലഹളയ്ക്ക് നിർബ്ബന്ധിതരാക്കുകയാണ് ചെയ്യുന്നത്. ഇത് അനുഭവം കൊണ്ടാണ് ഞാൻ പറയുന്നത്. ഈ കാര്യങ്ങൾ നിങ്ങൾ വേണ്ടുംവിധം ആലോചനചെയ്ത് പ്രവർത്തിക്കണം എന്നാണ് എൻെറ അപേക്ഷ. ഇതിലധികം എനിക്ക് ഒന്നും പറയുവാൻ ഇല്ല.''

മിസ്റ്റർ തോമസ്സ് എൻെറ വാക്കുകൾ ക്ഷമയോടുകൂടി കേട്ടുവെങ്കിലും അതിനെ അശേഷം അദ്ദേഹം വിലവെച്ചില്ല എന്ന് അദ്ദേഹത്തിൻെറ മുഖഭാവത്തിൽനിന്ന് എനിക്ക് ബോദ്ധ്യപ്പെട്ടു. പറയേണ്ടത് പറഞ്ഞു എന്ന കൃതാർത്ഥത മാത്രം എനിക്കുണ്ടായി. ഇങ്ങനെ ഞങ്ങൾ തമ്മിൽ പിരിഞ്ഞു.

അരീക്കോട്ടുവെച്ച് എനിക്കുണ്ടായ അനുഭവത്തെ ആസ്പദമാക്കി ഞാൻ പറഞ്ഞ ഭവിഷ്യത്തുക്കളെല്ലാം ഒടുവിൽ വന്നെത്തിക്കൂടി. ആദ്യത്തേതിനേക്കാൾ എത്രയോ ഭയങ്കരമായ ഒരു ലഹള തെക്കേ മലബാറിനെ നാശപ്പെടുത്തുവാൻ ഇടയാക്കി. സകല മാപ്പിളമാരേയും സംഹരിക്കേണമെന്നുള്ള പ്രതിക്രിയാബുദ്ധിയോടുകൂടി അധികൃതന്മാർ പ്രവർത്തിച്ചിരുന്നില്ലെങ്കിൽ ലഹളയുടെ ചരിത്രം മററൊരു വിധത്തിലാകുമായിരുന്നു. അനുഭാവമില്ലാത്ത ഒരു വിദേശഗവർമ്മേണ്ടിൽനിന്ന് ഈവിധമല്ലാതെ മററൊന്നും പ്രതീക്ഷിപ്പാൻ നമുക്കു അവകാശമില്ലാ എന്നതിന് മലബാറിൽ നടന്ന സംഭവങ്ങൾ ഒരുത്തമ ദൃഷ്ടാന്തമാണ്. ''ഹിന്ദുമുസ്‌ലീം മൈത്രി മുറയ്ക്ക് ജനങ്ങൾ അനുഭവിക്കട്ടെ'' എന്ന് ഭേദപ്പെട്ട ചില ഉദ്യോഗസ്ഥന്മാർ അക്കാലത്ത് പറഞ്ഞ് രസിച്ചതായി പലർക്കും അറിവുള്ള സംഗതിയാണ്. എന്നു മാത്രമല്ലാ സ്വാതന്ത്ര്യത്തിലുള്ള ആഗ്രഹത്തെ നശിപ്പിപ്പാനും സ്വരാജ്യപ്രസ്ഥാനത്തെ ഉടയ്ക്കുവാനും ഇപ്രകാരമുള്ള കലഹങ്ങളെപ്പോലെ മററൊന്നും ഉപകരിക്കയില്ലെന്നും മലബാർ കലാപം അധികൃതന്മാരെ ബോദ്ധ്യപ്പെടുത്തി. അതിൻെറ ഫലം ഇന്ത്യയിൽ പല ദിക്കിലും ജന

ങ്ങരം അനുഭവിക്കാനും ഇടയാക്കി. സമാധാനഘട്ടമായ ഈ കാലത്ത് നടന്ന മററു ചില സംഭവങ്ങരംകൂടി ഈ അദ്ധ്യായത്തിൽത്തന്നെ വിവരിക്കാം.

അരിയും മററു സാധനങ്ങളും ലഭിക്കാതെ ലഹള പ്രദേശങ്ങളിൽ ജനങ്ങരം കഷ്ടപ്പെട്ടതിനെപ്പററി മുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലൊ. ജനങ്ങളുടെ ആവശ്യപ്രകാരം കലക്ടർ ഒരു യോഗം വിളിച്ചുകൂട്ടി ഒരു റിലീഫ് സംഘം സ്ഥാപിച്ചു. അതിലെ പ്രവൃത്തിയുടെ ഒരു ഭാഗം സർവൻറ്സ് ഓഫ് ഇന്ത്യാ സൊസൈററി ("Servants of India Society")ക്കാരാണ് നിർവഹിച്ചത്. ഞങ്ങളാൽ ചിലരുടെ ഉത്സാഹപ്രകാരം സി. രാജഗോപാലാചാരി ഇവിടെ വന്ന് ഒരു കോൺഗ്രസ്സ് റിലീഫ് കമ്മിററി സ്ഥാപിച്ചു. കെ. പി. കേശവമേനോനും, എ. കരുണാകരമേനോനും, കെ. വി. ഗോപാലമേനോനും, പി. അച്യുതനും, ഞാനും ആയിരുന്നു അതിലെ അംഗങ്ങരം. രണ്ടു മുഹമ്മദീയരേയും അതിലെ അംഗങ്ങളായി ഞങ്ങരം കൂട്ടിച്ചേർത്തു.

ഈ രണ്ടു സംഘങ്ങരംക്കും ഉരംനാടുകളിൽ പോയി പ്രവൃത്തി എടുപ്പാൻ സാധിച്ചില്ല. രണ്ടു സംഘക്കാരും മഞ്ചേരിക്കാണ് ഒന്നാമതായി അരിയും മററും അയച്ചത്. പക്ഷേ, അധികം താമസിയാതെ ലഹള വർദ്ധിച്ചതോടുകൂടി ഉരംപ്രദേശങ്ങളിൽ റിലീഫ് പ്രവൃത്തി തീരെ നിർത്തേണ്ടിവന്നു.

മലപ്പുറം ഖിലാഫത്ത് കമ്മിററി പ്രസിഡണ്ടും, പൂക്കോട്ടൂർ ലഹളക്ക് മുമ്പും പിമ്പും ഉണ്ടായ ചില കാര്യങ്ങളിലെല്ലാം മാപ്പിളമാരും ഹിന്ദുക്കളും ഉപദേശത്തിനും സഹായത്തിനും ആശ്രയിച്ചിരുന്ന ആളും ആയ മലപ്പുറം കുഞ്ഞിത്തങ്ങളെ ഈ കാലത്താണ് കോഴിക്കോട് താലൂക്കിൽ ഒരു റബ്ബർ തോട്ടത്തിൽ നിന്നു അറസ്റ്റു ചെയ്തത്. അദ്ദേഹം ഉപയോഗിച്ചിരുന്ന തലയണയിൽനിന്ന് കുറെ നോട്ടുകളും കിട്ടി. ലഹളയിൽ സംബന്ധിച്ച കുററത്തിന്നു അദ്ദേഹത്തെ ആറുമാസം തടവുശിക്ഷക്ക് വിധിക്കുകയും ശിക്ഷ അധികകാലം അനുഭവിക്കാതെ കണ്ണൂർ ജയിലിൽ നിന്ന് അദ്ദേഹം മരിക്കുകയും ചെയ്തു. കോൺഗ്രസ്സ് ഖിലാഫത്ത് പ്രവർത്തകന്മാരും ലഹള ഒതുക്കുവാൻ കഴിയുന്ന ശ്രമം ചെയ്തവരും ആയ പലരേയും ഇക്കാലത്താണ് അറസ്റ്റ് ചെയ്തത്.

എം. പി. നാരായണമേനോൻ, ഇ. മൊയ്തുമൗലവി, കെ. കേളപ്പൻനായർ, കെ. വി. ബാലകൃഷ്ണമേനോൻ, രാവുണ്ണിമേനോൻ, പി. മുഹമ്മദാജി മുതലായവരെയെല്ലാം ഈ

കാലത്താണറസ്റ്റ് ചെയ്തത്. ലഹള ഒതുക്കുവാൻ പല ശ്രമങ്ങളും ചെയ്ത മണ്ണാർക്കാട്ടു ഇളയനായരെയും ഇക്കാലത്താണറസ്റ്റുചെയ്തത്.

പ്രവൃത്തി മുടക്കിയിരുന്ന ചില മുൻസീഫ് കോടതികരം ഈ കാലത്തു രണ്ടാമതും പ്രവൃത്തി ആരംഭിച്ചു. മദിരാശി ഗവർണ്ണർ കോഴിക്കോടു സന്ദർശിച്ചു മടങ്ങി. പിന്നീട് ഏറനാട്ടിലും വള്ളുവനാട്ടിലും പല സ്ഥലങ്ങളിലും പട്ടാളം സഞ്ചരിച്ചു. അതോടുകൂടി അനേകം മാപ്പിളമാരെ അറസ്റ്റ് ചെയ്യുകയും ചെയ്തു.

നൂറുനൂറായിട്ടാണ് ഈ അറസ്റ്റുകരം നടന്നിരുന്നത്. ഇക്കൂട്ടത്തിൽ പല ഹിന്ദുക്കളെയും അറസ്റ്റുചെയ്തിരുന്നു. പോലീസ് ഇൻസ്പക്ടർ പി.കെ. മാധവമേനോനും സബ്ബിൻസ്പക്ടർ കുഞ്ഞിരാമൻനായരുമാണ് ഈ വിധം അറസ്റ്റുകളാൽ പ്രസിദ്ധി സമ്പാദിച്ചിട്ടുള്ളത്. പക്ഷേ, അവർ അറസ്റ്റു ചെയ്ത ഹിന്ദുക്കളിൽ മിക്കവാറും പേർ അക്കാലത്തെ വിചാരണയിൽ പോലും നിരപരാധികളാണെന്നു സ്ഥാപിക്കപ്പെട്ടു. ഇൻസ്പക്ടർ മാധവമേനോനെ ഉദ്യോഗത്തിൽനിന്നു തീരെ പിരിക്കുകയും ചെയ്തു.

# ലഹള രണ്ടാമതും ആരംഭിച്ചു

സപ്തംബർ 13–ാംനു മുതല്ക്ക് പ്രകൃതം ക്രമേണ മാറി. പട്ടാളം കടന്നുപോയ സ്ഥലങ്ങളിലെല്ലാം ലഹള വീണ്ടും ആരംഭിച്ചു. സപ്തംബർ 13–ാംനു മണ്ണാർക്കാട്ടിൽനിന്നു പട്ടാളം പാണ്ടിക്കാട്ടേയ്ക്കു മടങ്ങിയതോടുകൂടി അവിടുത്തെ സബ്ബ് റജിസ്ത്രാഫീസ് ലഹളക്കാർ ചുട്ടുനശിപ്പിച്ചു. കരുവാരക്കുണ്ട്, മണ്ണാർക്കാട് ഈ സ്ഥലങ്ങളിലെ ലഹളസംഘങ്ങൾ ഒത്തുചേർന്നു. ഹിന്ദുക്കളുടെ നേരെ ജിഹാദ് വിളിച്ചു. ഹിന്ദുക്കൾ പാലക്കാട്ടേയ്ക്കോട്ടമായി. മണ്ണാർക്കാട്, കരിമ്പുഴ ഈ സ്ഥലങ്ങളിൽ കൊള്ള വീണ്ടും തുടങ്ങി. ഹിന്ദുക്കളുടെ വീടുകൾ ചുട്ടുനശിപ്പിച്ചു. തൂപ്പനാട് പാലം തീരെ പൊളിച്ചു. സീതിക്കോയത്തങ്ങളും നാനൂറ് ലഹളക്കാരും പാലത്തിൻെറ പടിഞ്ഞാറെ കരയ്ക്ക് സ്ഥാനം ഉറപ്പിച്ചു അടുത്ത പ്രദേശങ്ങളിൽ പല അക്രമങ്ങളും നടത്തി.

ഇപ്രകാരംതന്നെ പട്ടാളം സ്ഥലം വിട്ടതോടുകൂടി നിലമ്പൂരിലും ലഹള രണ്ടാമതും ആരംഭിച്ചു. ഫോറസ്റ്റ് ബംഗ്ലാവും എടുപ്പുകളും ലഹളക്കാർ ചുട്ടു നശിപ്പിച്ചു. സുമാർ നൂറ് ലഹളക്കാരോടുകൂടി വാരിയൻകുന്നൻ കുഞ്ഞഹമ്മദാജി നിലമ്പൂരിലെത്തി. പട്ടാളക്കാർക്ക് വിവരം കൊടുത്തവരും സഹായിച്ചവരും ആയവരെ തേടി പിടിപ്പാൻ തുടങ്ങി. കുഞ്ഞഹമ്മദാജി തൻെറ വക 'മാർഷ്യൽ ലോ' പ്രഖ്യാപനം ചെയ്തു. ഉച്ചതിരിഞ്ഞു പുറത്തു കാണുന്നവരെയെല്ലാം വെടിവെക്കുമെന്നും ഗവർമ്മേണ്ടുദ്യോഗസ്ഥന്മാർക്കു യാതൊരഭയവും നൽകുന്നതല്ലെന്നും, തൻെറ പാസ്സോടുകൂടിയല്ലാതെ യാതൊരാൾക്കും ആ പ്രദേശം വിട്ടുപോകുവാൻ പാടില്ലെന്നുമായിരുന്നു അയാളുടെ 'മാർഷ്യൽ ലോ'.

തൻെറ രാജ്യത്ത് കാണമില്ലെന്നും വസ്തുകയ്വശക്കാർ എല്ലാം ജന്മികളാണെന്നും അക്കൊല്ലം ആരും നികുതി തരേണ്ടതില്ലെന്നും വരുംകൊല്ലം മുതൽ മുറയ്ക്ക് നികുതി തരേണ്ടിവരുമെന്നും അയാൾ വിളംബരം ചെയ്തു. നിലമ്പൂർ കോവിലകത്തുള്ള നെല്ലും ആയുധങ്ങളും എല്ലാം

അയാൾ കരസ്ഥമാക്കി. നിലമ്പൂർ തലസ്ഥാനമാക്കി തന്റെ രാജ്യഭരണം ആരംഭിച്ചു.

സപ്തംബർ 12–ാം൹ മുതൽ മററു സ്ഥലങ്ങളിലും ലഹള വീണ്ടും തുടങ്ങിയിരിക്കുന്നുവെന്നും നിലമ്പൂർ, മേലാററൂർ, മണ്ണാർക്കാട്, മഞ്ചേരി ഈ പ്രദേശങ്ങളിൽ ലഹളക്കാരുണ്ടെന്നു വിവരം കിട്ടീട്ടുണ്ടെന്നും ജനറൽ ഓഫീസർ കമാണ്ടിങ്ങ് റിപ്പോർട്ട് ചെയ്തു. മാപ്പിളമാർ യുദ്ധത്തിന്നു വേണ്ടി പല ദിക്കിലും ആയുധങ്ങൾ ഉണ്ടാക്കുവാൻ തുടങ്ങി. ഒരു യുദ്ധത്തിന് ഒരുമ്പെടുന്ന ആരംഭങ്ങൾ പല ദിക്കിലും കണ്ടുതുടങ്ങി. ഇപ്രകാരമുള്ള സംഭവങ്ങൾക്കിടയിൽ അറസ്റ്റുകൾ മുറയ്ക്ക് നടന്നുകൊണ്ടിരുന്നു. പട്ടാളക്കാർ അവിടവിടെ സഞ്ചരിച്ചു. സപ്തംബർ 21–ാം൹-ക്കുമുമ്പായി തിരൂരിലുള്ള സ്പെഷൽ കോടതിതന്നെ ഏഴുനൂറു പേരെ ശിക്ഷിച്ചു ജയിലിലയച്ചു. സപ്തംബർ മാസം പകുതി മുക്കാലും ആയപ്പോഴേയ്ക്ക് 1854 പേരെ അറസ്റ്റുചെയ്യുകയും അവരിൽ 1318 പേരെ ശിക്ഷിക്കുകയും ചെയ്തു.

സപ്തംബർ 12–ാം൹ മുതൽ 18–ാം൹ വരെ പട്ടാളക്കാരും മാപ്പിളമാരും തമ്മിൽ പറയത്തക്ക യുദ്ധങ്ങളൊന്നും ഉണ്ടായില്ല. പട്ടാളം റോഡുവിട്ടു ഉള്ളിലേയ്ക്കു കടന്നിരുന്നില്ല. ഈ വിവരം നല്ലവണ്ണം ധരിച്ചിരുന്ന ലഹളക്കാർ റോഡിൽ സഞ്ചരിച്ചിരുന്നതുമില്ല. ദൂരത്ത് മാപ്പിളമാരെ കണ്ടിട്ടോ കാണാതേയോ പട്ടാളക്കാർ ചിലപ്പോൾ വെടിവെച്ചിരുന്നുവെങ്കിലും അതുകൊണ്ടു ആർക്കും അബദ്ധം സംഭവിച്ചിരുന്നില്ല. ലഹളക്കാരില്ലാത്ത സ്ഥലത്തുകൂടെ പട്ടാളക്കാരും പട്ടാളക്കാരില്ലാത്ത സ്ഥലത്തുകൂടെ ലഹളക്കാരും സഞ്ചരിച്ചിരുന്നു. ഇക്കാലത്ത് അവർ തമ്മിൽ ഏററുമുട്ടാതിരുന്നതിൽ അത്ഭുതവുമില്ല. നേരിട്ടെതിർത്താൽ യാതൊരു ഗുണവുമില്ലെന്നു പൂക്കോട്ടൂർ യുദ്ധംകൊണ്ടു ബോദ്ധ്യപ്പെട്ട മാപ്പിളമാർ ഒളിച്ചും മാറിയും തരംകിട്ടുമ്പോൾ മറവിൽനിന്നു പട്ടാളക്കാരെ വെടിവെച്ച് യുദ്ധം ചെയ്‌വാൻ തീർച്ചപ്പെടുത്തിയ മാതിരിയാണ് അവരുടെ നടപടിയിൽനിന്നു വ്യക്തമാക്കപ്പെട്ടത്. റോഡിൽനിന്നു കാട്ടിലേയ്ക്കോ നാട്ടിലേയ്ക്കോ പ്രവേശിച്ച ലഹളക്കാരോട് എതിർത്തു യുദ്ധം ചെയ്വാനുള്ള പരിചയവും ധൈര്യവും ഇല്ലാതിരുന്ന വെള്ളപ്പട്ടാളത്തെക്കൊണ്ടു മാത്രം ഈ ലഹള ഒതുക്കുവാൻ ഒരിക്കലും സാധിക്കയില്ലായിരുന്നു. അതുകൊണ്ടാണ് ഗൂർക്കാസിനേയും ചിൻ–കച്ചിൻ പട്ടാളത്തേയും മലബാറിലേയ്ക്ക് ഒക്ടോബർ ആദ്യത്തിൽ കൊണ്ടുവരേണ്ടി വന്നത്. നാട്ടുകാരെ അമർത്തുവാൻ നാട്ടുകാരെ

പ്പോലെ മററാർക്കും അത്ര എളുപ്പത്തിൽ സാദ്ധ്യമല്ലെന്നു വളരെക്കാലത്തെ പരിചയംകൊണ്ടു അധികൃതന്മാർ ഗ്രഹിച്ചിരുന്ന സംഗതിയെ അവർ മലബാർ കലാപകാര്യത്തിലും ഉപയോഗിച്ചതിൽ അശേഷം അത്ഭുതമില്ല.

## നിറൂലാൽ യുദ്ധം

പോലീസ് സുപ്രഡണ്ട് എല്ലിയട്ടും ഏതാനും വെള്ളപ്പട്ടാളവും ഒരു ജമേദാരും, സബ്ബ് ഇൻസ്പക്ടർ കെ. വി. മാധവമേനോനും കൂടി ആറ് മോട്ടോർ ബസ്സുകളിൽ പൂക്കോട്ടൂരിൽനിന്നു മഞ്ചേരിയിലേയ്ക്കു വരികയായിരുന്നു. മഞ്ചേരി ഖജാനയിൽ നിന്നു കൊള്ള ചെയ്ത പണം പൂക്കോട്ടൂരിൽ ഒരു വീട്ടിൽ സൂക്ഷിച്ചിട്ടുണ്ടെന്നു വിവരം കിട്ടി അവിടെ പരിശോധന ചെയ്യുവാൻ വേണ്ടിയായിരുന്നുവത്രെ അവർ പൂക്കോട്ടൂർക്ക് പോയിരുന്നത്. 18–ാം തീയതി ഞായറാഴ്ച ഉച്ചതിരിഞ്ഞപ്പോൾ അവർ മഞ്ചേരിയിൽ നിന്നു രണ്ടു നാഴിക പടിഞ്ഞാറുള്ള നിറൂലാൽ കുന്നിൻെറ പടിഞ്ഞാറെ ചരിവിലുള്ള റോഡിൽകൂടെ മേല്പോട്ടു കയറുകയായിരുന്നു. റോഡിൻെറ വളവിൽ ഒരു ചോലയുള്ളതിൻെറ അല്പം കിഴക്കായി വടക്കു ഭാഗം വലിയ കുണ്ടും തെക്കു ഭാഗം ചെറിയ കുന്നുമായി ഒരു സ്ഥലമുണ്ട്. ബസ്സുകൾ അവിടെ എത്തിയപ്പോൾ ലഹളക്കാർ അവരുടെ നേർക്ക് ചില വെടികൾ വെച്ചു. ലഹളക്കാർ കുന്നിന്മേലുള്ള കുററിക്കാടിൻെറ മറവിലായിരുന്നു. വെടിയുടെ ശബ്ദം കേട്ടപ്പോൾ ബസ്സുകൾ നിർത്തി അതിലുള്ളവർ ഇറങ്ങി. അവർ ഇറങ്ങിയതോടുകൂടി നല്ല ദേഹബലമുള്ള ഒരു മാപ്പിള യുവാവ് അവരുടെ നേർക്കു കുതിച്ചണഞ്ഞു. ഒരു പട്ടാളക്കാരൻെറ മുഖത്തു കത്തികൊണ്ടു വെട്ടി. മിസ്റ്റർ എല്ലിയട്ട് അവനെ രണ്ടു വെടിവെച്ചു. വെടികൊണ്ടതു കൂസാതെ അവൻ മറെറാരു പട്ടാളക്കാരൻെറ നേർക്കു ചാടി ചീറിച്ചീറി എതിർത്തു. അവൻെറ ധൈര്യവും ശക്തിയും പരാക്രമവും അമാനുഷമായിത്തോന്നി. ഒടുവിൽ ഒരു പട്ടാളക്കാരൻ കുന്തംകൊണ്ട് അവനെ കുത്തി വീഴ്ത്തുന്നതുവരെ അവൻ ഇങ്ങനെ യുദ്ധം ചെയ്തു. ഒടുവിൽ അവൻ മരിച്ചു വീണപ്പോഴേയ്ക്ക് മറെറാരു മാപ്പിള പട്ടാളക്കാരുടെ നേർക്കണഞ്ഞു. വരുന്ന വഴിക്കുതന്നെ ഒരു പട്ടാളക്കാരൻ അവനെ വെടിവെച്ചു വീഴ്ത്തി. കുററിക്കാട്ടിൽ വേറെ വല്ലവരും ഒളിച്ചിരിക്കുന്നുണ്ടോ എന്നു നോക്കുവാനായി മിസ്റ്റർ എല്ലിയട്ടും സംഘവും കാടു തിരഞ്ഞു. അപ്പോൾ സുമാർ അറുപതിൽ കുറയാതെ മാപ്പിളമാർ അതിൽനിന്നു

ചാടി അവരെ എതിർത്തു. പക്ഷേ, പട്ടാളക്കാർ അവരുടെ നേരെ വെടിവെയ്ക്കുവാൻ ആരംഭിച്ചപ്പോഠം അവരോടി. ആറേഴു ലഹളക്കാർ ആ യുദ്ധത്തിൽ മരണപ്പെട്ടു. ഒരു ജമേദാർക്കും ഒരു പട്ടാളക്കാരന്നും മുറിയും പററി. പട്ടാളം മഞ്ചേരി വഴിക്കു മലപ്പുറത്തേയ്ക്കു പോയി.

ഇതിന്നിടയിൽ മഹാത്മാഗാന്ധി മലബാർ സന്ദർശിക്കുവാനുറച്ചു. മദിരാശിയിൽനിന്ന് മലബാറിലേയ്ക്ക് പുറപ്പെട്ടു. സഹകരണപ്രസ്ഥാനത്തിന്നുശേഷം മലബാർ കലാപത്തെപ്പോലെ അത്ര തീവ്രമായി മററൊരു സംഭവവും അദ്ദേഹത്തെ വേദനപ്പെടുത്തിയിരുന്നില്ല. മൌലാനാ മുഹമ്മദാലിയോടു കൂടെയായിരുന്നു അദ്ദേഹം മദിരാശി സംസ്ഥാനത്തിലേയ്ക്ക് പുറപ്പെട്ടിരുന്നതെങ്കിലും വാഠംട്ടയറിൽവെച്ചു മുഹമ്മദാലിയെ ഗവർമ്മേണ്ട് അറസ്റ്റുചെയ്തു. അതിനാൽ തനിച്ചുതന്നെ മലബാറിൽ വരുവാൻ തീരുമാനിച്ചു. പക്ഷേ, മലബാറിൽ പ്രവേശിക്കരുതെന്ന് ഗവർമ്മേണ്ട് അദ്ദേഹത്തിനു നിരോധകല്പന നല്കി. അതിനാൽ മലബാർ സന്ദർശിക്കുവാൻ അദ്ദേഹത്തിന്നു കഴിഞ്ഞില്ല. അദ്ദേഹം മദിരാശിക്കുതന്നെ മടങ്ങി.

സപ്തംബർ 22–ാംനു രാത്രി സുമാർ ഇരുനൂറോളം മാപ്പിളമാർ പ്രസിദ്ധ വൈദികനായ ആഴുവാഞ്ചേരി തമ്പ്രാക്കളുടെ ഇല്ലത്തെ ആക്രമിച്ചു. ഇല്ലം കാക്കുവാനായി ഹിന്ദുക്കളും മാപ്പിളമാരും ഉഠംപ്പെട്ട നൂററമ്പതോളം ആളുകളടങ്ങിയ ഒരു സംഘത്തെ മുമ്പുതന്നെ ഏർപ്പെടുത്തിയിരുന്നു. കാവൽക്കാരും ലഹളക്കാരും തമ്മിൽ വമ്പിച്ച ഒരു പോരാട്ടം നടന്നു. കാവല്ക്കാരിൽ ചിലർക്കെല്ലാം മുറിവുപററി. ലഹളക്കാർ പടിപ്പുരഭേദിച്ച് ഇല്ലത്തിൻെറ കോലായിൽ പ്രവേശിച്ചു. പക്ഷേ, ഇല്ലത്തേയ്ക്കു കടക്കുവാൻ സാധിക്കുന്നതിന്നുമുമ്പ് നേരം പുലർന്നതിനാൽ ലഹളക്കാർ അവിടം വിട്ടുപോയി.

## നെന്മിനിയിലെ ഒളിയുദ്ധം

നെന്മിനിയിൽ ലഹളക്കാരുണ്ടെന്നറിഞ്ഞ് അവരെ പിടിപ്പാനായി പാണ്ടിക്കാട്ടുനിന്ന് ഒരു സംഘം പട്ടാളം നെന്മിനിക്കു പുറപ്പെട്ടു. ലഹളക്കാരെപ്പററിയുള്ള വിവരം പട്ടാളക്കാർക്ക് കൊടുത്തതു ചില മാപ്പിളമാരായിരുന്നു. അവർ വഴികാണിക്കാൻ പട്ടാളക്കാരുടെ കൂടെത്തന്നെയുണ്ടായിരുന്നു. അവരുടെ ചതിപ്രയോഗത്താലോ മററോ പാണ്ടിക്കാട്ടുനിന്നു പട്ടാളം പുറപ്പെട്ടു അധികം വഴി പോകുന്ന

തിന്നുമുമ്പായിത്തന്നെ മറവിൽ ഒളിച്ചിരുന്ന ലഹളക്കാർ അവരുടെ നേർക്കു വെടിവെച്ചു. ആ വെടിയാൽ രണ്ടു പട്ടാളക്കാർ മരണപ്പെടുകയും ഒരു പട്ടാളക്കാരനും ഒരു പോലീസ്സുകാരനും മുറിവേല്ക്കുകയും ചെയ്തു. ഒരു ലഹള ക്കാരനും അവിടെവെച്ചു കൊല്ലപ്പെട്ടു. അന്നുതന്നെ നില മ്പൂർക്കു പോയിരുന്ന മറെറാരു സംഘം പട്ടാളത്തെ നില മ്പൂരിൽ നിന്ന് ഒരു നാഴിക തെക്കുവെച്ച് ലഹളക്കാർ വെടിവെയ്ക്കുകയും ഒരാളെ കൊല്ലുകയും ചെയ്തു. ഏഴു പേർക്ക് മുറിപററി. മുറിവേററവരിൽ ഒരാളായിരുന്നു കേപ്ററൻ ബാറൺസ് (Barnes). സപ്തംബർ 24–ാം തീയ തിയോടുകൂടെ ചെമ്പ്രശ്ശേരി മുതലായ ദിക്കുകളിൽ നിന്ന് ഇരുനൂററി മുപ്പത്തിമൂന്ന് മാപ്പിളമാരെ തടവുകാരാക്കി.

സപ്തംബർ 13–ാംനു മുതൽ 24–ാംനുവരെ ഈ വിധം അറസ്റ്റുകളും ചില്ലറ യുദ്ധങ്ങളുമായി കഴിഞ്ഞുകൂടി. പട്ടാ ളക്കാരുടെ വരവ് സമാധാനമുണ്ടാക്കുന്നതിന്നുപകരം പല അനർത്ഥങ്ങൾക്കും കാരണമായിത്തീർന്നു. ലഹളയുടെ ആദ്യഘട്ടത്തിൽ ലഹളക്കാരിൽനിന്നു ഹിന്ദുക്കൾ പല കഷ്ട തകളും അനുഭവിച്ചു—ചുരുക്കം ചില മതമാററങ്ങളും കൊള്ളകളുമാണ് അക്കാലത്ത് ലഹളക്കാർ നടത്തിയ അക്രമ ങ്ങൾ. നിലമ്പൂർ കോവിലകത്തു നടന്ന സംഭവങ്ങൾക്കു പുറമെ മതം മാറുവാൻ സമ്മതിക്കാത്ത ചുഴലിപ്പുറത്തു വാസുദേവൻനമ്പൂതിരി, പകസ്സിരയായ ഖാൻബഹദൂർ ചേക്കുട്ടി ഇങ്ങനെ അല്പം ചിലർ മാത്രമെ അക്കാലത്തു ലഹ ളക്കാരാൽ കൊല ചെയ്യപ്പെട്ടിരുന്നുള്ളൂ. ഗവർമ്മേണ്ടു കെട്ടിടങ്ങളല്ലാതെ നാട്ടുകാരുടെ പുരകൾ ലഹളക്കാർ പരക്കെ ചുട്ടു നശിപ്പിച്ചിരുന്നില്ല. പട്ടാളം വന്ന് ചില സ്ഥലങ്ങളിലെല്ലാം മാപ്പിളമാരുടെ പുര ചുട്ടുനശിപ്പിച്ച തോടുകൂടെ ലഹളക്കാർ ഹിന്ദുക്കളുടേയും പട്ടാളത്തെ സഹാ യിച്ച മാപ്പിളമാരുടേയും പുരകൾ ചുടുവാനും അവരെ ദേഹോപദ്രവം ചെയ്യുവാനും തുടങ്ങി. എന്നാൽ സപ്തം ബർ 24–ാം തിയ്യതിവരെ അവർ പറയത്തക്കതായി നാട്ടുകാ രിൽ ആരേയും കൊലപ്പെടുത്തിയതായി അറിവില്ല.

ഹിന്ദുക്കളിൽ പ്രമാണികളായ നമ്പൂതിരിമാരും മററു ദുർല്ലഭം ചിലരും ഒഴികെ ആരും തങ്ങളുടെ നാടും വീടും ഉപേക്ഷിച്ച് ദൂരദിക്കുകളിലേയ്ക്ക് ഓടിപ്പോയിരുന്നില്ല. എന്നാൽ 24–ാം തീയതിയും അതിന്നടുത്തമുമ്പും ചെമ്പ്ര ശ്ശേരി, തുവ്വൂർ മുതലായ സ്ഥലങ്ങളിൽ പട്ടാളം ചെയ്ത

ചില പ്രവൃത്തികളുടേയും അറസ്റ്റുകളുടെയും ഫലമായി ലഹളക്കാരുടെ പ്രകൃതം ആകപ്പാടെ മാറി. 12—ാം തീയതി മുതല്ക്കുതന്നെ ഈ മാററം പ്രത്യക്ഷപ്പെട്ടിരുന്നുവെങ്കിലും സപ്തംബർ 25—ാം തീയതിയാണ് ഏററവും ബീഭത്സവും ഭയങ്കരവുമായി പരിണമിച്ചത്.

3

# ഹിന്ദുക്കളുടെ ഓട്ടം: തുവ്വൂരിലെ കൂട്ടക്കൊല

പട്ടാളം മാപ്പിളമാരുടെ വീടുകരം തീവെച്ചു നശിപ്പിക്കയും അവരിൽ പലരെയും അറസ്റ്റുചെയ്യുകയും ചെയ്തു. പട്ടാളക്കാർ പോയതോടുകൂടെ അവരെ സഹായിച്ചവരോ അവരുടെ വരവിൽ സന്തോഷിച്ചവരോ ആയ ഹിന്ദുക്കളുടെ നേരെ ലഹളക്കാർ തിരിഞ്ഞു. അങ്ങനെ സഹായം ചെയ്ത വരിൽ ചുരുക്കം ചില മാപ്പിളമാരുമുണ്ടായിരുന്നു. 24—ാം തിയ്യതി രാത്രി വരാൻപോകുന്ന ആപത്തുകരം യാതൊന്നും ശങ്കിക്കാതെ തുവ്വൂരിലെ നിവാസികരം അവരവരുടെ വീടുകളിൽ കിടന്നുറങ്ങുന്നു. അങ്ങിനെയുള്ള നൂറോളം വീടുകരം നേരം പുലരുന്നതിന്നുമുമ്പായി മാപ്പിളമാർ വളഞ്ഞു. അകത്തുള്ളവരോട് പുറത്തിറങ്ങുവാൻ കല്പിച്ചു. അവരിൽ ചിലർ ഓടി രക്ഷപ്പെട്ടു. ശേഷമുള്ളവരിൽ പുരുഷന്മാരായവരെയെല്ലാം ലഹളക്കാർ കയ്യും കാലും കെട്ടി ബന്ധനസ്ഥരാക്കി. സ്ത്രീകളേയും കുട്ടികളെയും ഒന്നും ഉപദ്രവിച്ചില്ല. അതിന്നുശേഷം ആ വീടുകളെല്ലാം ചുട്ടു. പിടിച്ചുകെട്ടിയവരെയെല്ലാം ചേരിക്കമ്മൽകുന്ന് എന്ന സ്ഥലത്തേയ്ക്കും പിന്നെ അവിടെനിന്ന് പാങ്ങോട് എന്ന സ്ഥലത്തേയ്ക്കും കൊണ്ടുപോയി. അവിടെ കുന്നിൻെറ ചരിവിലുള്ള ഒരു പറമ്പിൽ കിഴക്കുഭാഗത്തായി ഒരു പാറയുണ്ട്. ആ പാറയുടെ അടുത്തുവെച്ചു ഓരോരുത്തരുടെയും വിചാരണയാരംഭിച്ചു. ഈ വിചാരണ നടത്തിയത് വാരിയൻകുന്നൻ കുഞ്ഞഹമ്മദ് ഹാജിയാണെന്നും ചെമ്പ്രശ്ശേരി തങ്ങളാണെന്നും രണ്ടുവിധത്തിൽ ജനങ്ങരം പറയുന്നുണ്ട്. അക്കാലത്ത് പത്രങ്ങളിൽ പ്രസിദ്ധംചെയ്തിരുന്ന വർത്തമാനങ്ങളിലും ഈ വിധം വിരുദ്ധമായിട്ടാണ് കാണുന്നത്. അധികം ജനങ്ങളും വിശ്വസിച്ചുവന്നിട്ടുള്ളത് ഈ ക്രിയ ചെമ്പ്രശ്ശേരി തങ്ങളാണ് നടത്തിയിട്ടുള്ളതെന്നാണ്. തങ്ങളാണെങ്കിൽതന്നെ അതു ലഹളത്തലവനായി പ്രസിദ്ധി നേടിയിട്ടുള്ള കുഞ്ഞിക്കോയത്തങ്ങളല്ലെന്നും അദ്ദേഹത്തിൻെറ വംശത്തിലുള്ള ഒരു ഇമ്പിച്ചിക്കോയത്തങ്ങളാണെന്നും തുവ്വൂരിലുള്ള ചില മാപ്പിളമാർ എന്നോട് പറയുകയുണ്ടായിട്ടുണ്ട്. ആരായാലും ആ പ്രദേശത്തുവെച്ചു



കട്ടിലശ്ശേരി മുഹമ്മദ് മുസലിയാർ




'തീവണ്ടിദുരന്തം'—കോഴിക്കോട്ടുനിന്ന് കോയമ്പത്തൂർക്കുള്ള വണ്ടിയിൽ കലാപകാരികളെ കേററിയിരുന്ന വാഗൻ




കലാപബാധിതപ്രദേശങ്ങൾ കാണിക്കുന്ന പടം



‘തിരൂരങ്ങാടി യുദ്ധ’ത്തിനു ശേഷം കീഴടങ്ങിയ ആലിമുസലിയാരും
അദ്ദേഹത്തിന്റെ 37 കൂട്ടുകാരും



ആലിമുസലിയാരെ (ശുഭ്രവസ്ത്രവും വേഷ്ടിയും ധരിച്ച്)
വിചാരണയ്ക്ക് കൊണ്ടുപോകുന്നു

ഒരു കഠിനകൃത്യം നടത്തിയിട്ടുണ്ടെന്നതിന്ന് സംശയമില്ല. മേല്പറഞ്ഞ പാറയുടെ അടുത്തുവെച്ച് അനേകം ഹിന്ദുക്കളെയും ഏതാനും മാപ്പിളമാരെയും ലഹളത്തലവന്മാരുടെ 'മാർഷ്യൽ ലോ' പ്രകാരം വിചാരണചെയ്ത് ശിരച്ഛേദം ചെയ്യുവാൻ വിധി കല്പിച്ചുവെന്നും അവരെ അപ്പോൾതന്നെ ആ പാറയിൽനിന്നു സുമാർ 15 വാര ദൂരത്തുള്ള കിണററിന്നരികെ കൊണ്ടുപോയി വെട്ടി കിണററിലിട്ടുവെന്നും ഉള്ളതിന്ന് യാതൊരു സംശയവുമില്ല. മുപ്പത്തിനാല് ഹിന്ദുക്കളെയും രണ്ടു മാപ്പിളമാരെയുമാണങ്ങിനെ ശിരഛേദം ചെയ്തത് എന്നാണ് അക്കാലത്തെ ലഹളസ്ഥലത്തുനിന്നു ഓടിവന്നവർ പറഞ്ഞിട്ടുള്ളത്. ഇരുപതുപേരെ മാത്രമേ അവിടെ വെച്ചു കൊന്നിട്ടുള്ളൂവെന്നും ശേഷം പേരെ വേറേ സ്ഥലത്തുവെച്ചാണ് കൊന്നതെന്നും മററൊരു വിധത്തിലും കേട്ടിട്ടുണ്ട്. ഏതായാലും ലഹള കഴിഞ്ഞ് കുറച്ചു മാസം കഴിഞ്ഞശേഷം ശ്രീമാൻ ശ്രീനിവാസശാസ്ത്രിയോടുകൂടി ആ കിണററിൽ ചെന്നുനോക്കുവാൻ ഒരവസരം എനിക്കുണ്ടായി. അപ്പോൾ അതിൽ സുമാർ ഇരുപതോളം തല ഞങ്ങൾക്കെണ്ണാൻ സാധിച്ചു. ഒരു തല ഈർച്ചവാൾകൊണ്ട് ഈർന്നതായിക്കണ്ടിരുന്നുവെന്ന് ചില സന്ദർശകർ വർത്തമാനപ്പത്രങ്ങളിൽ എഴുതിക്കണ്ടതായി ഓർക്കുന്നുണ്ട്. പക്ഷേ, ഞങ്ങൾ അതു പരിശോധിക്കുകയുണ്ടായില്ല.

ഇപ്രകാരം കൊല ചെയ്യപ്പെട്ടവരിൽ മൂന്ന് എമ്പ്രാന്തിരിമാരും ഉൾപ്പെട്ടിരുന്നു.

ഈ ഘോരകൃത്യം കഴിഞ്ഞതോടുകൂടി ഏറനാടിൻെറ കിഴക്കൻ പ്രദേശങ്ങളിലുള്ള ഹിന്ദുക്കൾ പല ദിക്കുകളിലേയ്ക്കും പാച്ചിലായി. ഉടുത്തമുണ്ടിന്നിണയില്ലാതെ, ആഹാരത്തിന് വഴിയില്ലാതെ, കാട്ടിലൊളിച്ചും പട്ടിണി കിടന്നും വീടും കുടിയും വെടിഞ്ഞ് എങ്ങോട്ടെന്നറിയാതെ പേടിച്ചരണ്ടു പാഞ്ഞുപോയ ആ അഗതികളുടെ അപകടങ്ങൾ ഓർക്കുമ്പോൾ ഏവരുടെയും ഹൃദയം പൊട്ടിത്തകരുന്നതാണ്. ഇങ്ങനെയുള്ള അത്യാപത്തുകൾക്ക് അവനവൻെറ ബുദ്ധിമോശമോ, ആലോചനക്കുറവോ വിദൂരമായിട്ടെങ്കിലും കാരണമായിട്ടുണ്ടെങ്കിൽ ആ മഹാപാപം കരുണാനിധിയായ ജഗദീശ്വരൻ പൊറുത്തു രക്ഷിക്കട്ടെയെന്നു പ്രാർത്ഥിക്കയല്ലാതെ മറെറന്തു ചെയ്യാം.

## ചെമ്പ്രശ്ശേരി തങ്ങൾ

ലഹളയുടെ രണ്ടാമത്തെ ഘട്ടത്തിൻെറ ആരംഭത്തിൽ ഒരാളെ ജീവനോടെ തോലുരിച്ചു കൊന്നുവെന്നും അനേകം

പേരെ വെട്ടി കിണററിലിട്ടുവെന്നും പലവിധത്തിലുള്ള കഠോരകൃത്യങ്ങരം നടന്നിരുന്നുവെന്നും ജനങ്ങരം കേട്ടും വിശ്വസിച്ചും വന്നിരുന്നു. ചെമ്പ്രശ്ശേരി കുഞ്ഞിക്കോയ ത്തങ്ങളെപ്പററി ചില വിവരണങ്ങരം കൊടുക്കുന്നതു ഈ സന്ദർഭത്തിൽ അനൌചിത്യമായിരിക്കയില്ല. തോലുരിച്ചു കൊന്നുവെന്ന പ്രസ്താവം ഭോഷ്ക്കാണെന്നാണ് എൻെറ അന്വേഷണത്തിൽ അറിഞ്ഞിട്ടുള്ളത്. തങ്ങരം അക്രമങ്ങളൊന്നും നടത്തിയിട്ടില്ലെന്നു പറയുവാൻ ഞാൻ തയ്യാറില്ലെങ്കിലും തുവ്വൂരിൽ നടന്ന കൂട്ടക്കൊലയും മററും നടത്തിയത് അയാളല്ലെന്നുതന്നെയാണ് അറിയുന്നത്.

ചെമ്പ്രശ്ശേരി കുഞ്ഞിക്കോയത്തങ്ങരം ആ പ്രദേശത്ത് സ്ഥാപിച്ച ഒരു ഖിലാഫത്ത് കമ്മിററിയിലെ പ്രസിഡണ്ടായിരുന്നു. വളരെ സാത്വികനും ദൈവവിശ്വാസമുള്ളവനും എല്ലാവരോടും വളരെ ദയയും അനുഭാവവുമുള്ള ആളുമായിട്ടാണ് ഇദ്ദേഹത്തെ പലരും വർണ്ണിച്ചു കേട്ടിട്ടുള്ളത്. ആരെപ്പററിയും എന്തെങ്കിലും പറയുമ്പോഴെല്ലാം ''പാവം, പാവം'' എന്ന വാക്കുകരം ഉച്ചരിക്കുന്നത് അദ്ദേഹത്തിൻെറ ഒരു പതിവായിരുന്നു. ഞാൻ സഹകരണത്യാഗിയാകുന്നതിന്ന് അല്പം മുമ്പാണ് ഈ തങ്ങളെ ആദ്യമായി കണ്ടത്. ഒരു വിധം വെളുത്ത്, തടിച്ചു, നീണ്ട്, ആകൃതിഗുണങ്ങരം തികഞ്ഞ ഒരു ദേഹത്തോടുകൂടിയ തങ്ങരം വളരെ ശാന്തനും സാത്വികനുമായിട്ടാണ് എനിക്കു തോന്നിയത്. അദ്ദേഹത്തെപ്പററി ലഹളക്കാലത്തു കേട്ട സംഗതികരം എനിക്ക് വലിയ അത്ഭുതത്തിന്ന് കാരണമായി. അതിനാലാണ് ഞാൻ ആ സംഗതിയെപ്പററി പ്രത്യേകം പലരോടും അന്വേഷിക്കാനിടയായത്. എൻെറ അന്വേഷണത്തിൽ ഈ അക്രമപ്രവർത്തനങ്ങളൊന്നും ഈ തങ്ങളല്ല ചെയ്തിട്ടുള്ളത് എന്നുതന്നെയാണറിവായത്. ആ വംശത്തിൽ തന്നെയുള്ള ഇമ്പിച്ചിക്കോയത്തങ്ങരം കുഞ്ഞഹമ്മദാജിയുടെ കൂട്ടത്തിലും അല്ലാതെയും പല അക്രമങ്ങരം പ്രവർത്തിച്ചതായി തുവ്വൂരിൽനിന്നും മററും എനിക്ക് വിവരം കിട്ടീട്ടുമുണ്ട്. ചെമ്പ്രശ്ശേരി തങ്ങന്മാർ രണ്ടുപേരുണ്ടായിരുന്നതുകൊണ്ടും അതിൽ പ്രധാനി കുഞ്ഞിക്കോയത്തങ്ങളായിരുന്നതുകൊണ്ടും ഇമ്പിച്ചിക്കോയത്തങ്ങളുടെ അപരാധങ്ങളെല്ലാം കുഞ്ഞിക്കോയത്തങ്ങരം വഹിക്കേണ്ടിവന്നതിൽ അത്ഭുതമൊന്നുമില്ല. കിണററിന്നടുത്തുവെച്ച് വെട്ടിക്കൊല്ലുന്ന വർത്തമാനം ഈ വലിയ തങ്ങരം കേട്ട് ''പാവം, പാവം'' എന്നു പറഞ്ഞുകൊണ്ട് ചെന്ന് കൊല്ലാൻ ശേഷിച്ചിട്ടുള്ളവരെ രക്ഷപ്പെടുത്തിയെന്നുകൂടെ വർത്തമാനമുണ്ട്.

ചെമ്പ്രശ്ശേരിത്തങ്ങൾ ഈ ലഹളയിൽ ഏർപ്പെടുവാനുള്ള കാരണം കുഞ്ഞഹമ്മദാജിയായിരുന്നു. ലഹളയുടെ ആരംഭത്തിൽ തന്നെ കുഞ്ഞഹമ്മദാജി തങ്ങളുടെ അടുത്തു ചെന്ന് പല സൂത്രങ്ങളും പ്രയോഗിച്ചു വശത്താക്കിയിരുന്നു. തങ്ങളുടെ അനുഗ്രഹമുണ്ടായാൽ ഉണ്ടയെല്ലാം പഞ്ഞിയായിപ്പോകുമെന്നും വെടിതന്നെ പൊട്ടുകയില്ലെന്നും മാപ്പിളമാരിൽ പലരും വിശ്വസിച്ചിരുന്നതുകൊണ്ടു ലഹളക്കാരുടെ സംഘം വർദ്ധിപ്പിക്കാൻ തങ്ങളുടെ സഹായം വളരെ ആവശ്യമാണെന്നു കാണുകയാലാണ് കുഞ്ഞഹമ്മദാജി ആ കാര്യത്തിൽ അത്ര പരിശ്രമിച്ചത്. അതുപ്രകാരം തങ്ങൾ ലഹളക്കൊരുമ്പെട്ടു. വെടി കൊള്ളുകയില്ലെന്നും ഉണ്ട വെള്ളമായോ പഞ്ഞിയായോ പോകുമെന്നും മററും ജനങ്ങളെ വിശ്വസിപ്പിച്ചു. പക്ഷേ, യുദ്ധത്തിന്നൊരുങ്ങിപ്പുറപ്പെട്ടപ്പോഴേയ്ക്ക് ലഹള ഒരുവിധം സമാധാനമായതിനാൽ തങ്ങൾ അബദ്ധത്തിൽപ്പെട്ടു ചെമ്പ്രശ്ശേരിയിലും അടുത്ത പ്രദേശത്തുമായി കഴിയുകയായിരുന്നു. അങ്ങിനെയിരിക്കുമ്പോഴാണ് ചെമ്പ്രശ്ശേരി മുതലായ പ്രദേശങ്ങളിൽ പട്ടാളം വന്നതും പല മാപ്പിളമാരെയും അറസ്റ്റു ചെയ്തതും വേറെ പല അക്രമങ്ങളും പ്രവർത്തിച്ചതും. അതു കേട്ടപ്പോൾ തങ്ങൾ പരിഭ്രമിച്ച് എന്തോ പറഞ്ഞിരിക്കണം. അതല്ലാതെ ഈ വിധം അക്രമങ്ങളൊന്നും നടത്തുവാൻ താൻ അനുവദിക്കയോ ആജ്ഞാപിക്കയോ ചെയ്തിരുന്നില്ല എന്നാണ് ഞാൻ ചോദിച്ചവരെല്ലാം എന്നോട് പറഞ്ഞത്. സത്യം ദൈവത്തിന്നറിയാം.

ചെമ്പ്രശ്ശേരിയിൽ ഈ സംഭവങ്ങൾ കഴിഞ്ഞതിന്നു ശേഷം ലഹളക്കാർ ലഹളയിൽ ചേരാത്തവരെ പല ദേഹോപദ്രവങ്ങളും ഏല്പിക്കാൻ തുടങ്ങിയതായി പല ദിക്കിൽനിന്നും വർത്തമാനങ്ങൾ കിട്ടിത്തുടങ്ങി. അവയിൽ അരീക്കോട്ടു വെച്ച് എരഞ്ഞിക്കൽ നാരായണിയമ്മ എന്ന സ്ത്രീയെ ചില മാപ്പിളമാർ വെട്ടി മുറിയാക്കിയതും ആ സ്ത്രീ അവരുടെ ആക്രമണത്തെ ധീരതയോടെ ചെറുത്തതും പ്രത്യേകം പ്രസ്താവയോഗ്യമാണ്. സപ്റ്റംബർ 26–ാം തീയതിയോ മറേറാ ആണ് ഈ സംഭവം നടന്നത്. ആ സ്ത്രീയും അവരുടെ സഹോദരിയും മാത്രമേ അവരുടെ വീട്ടിലുണ്ടായിരുന്നുള്ളു. രാത്രി സമയത്ത് ചില മാപ്പിളമാർ പുറത്തെ വാതിൽ വെട്ടിപ്പൊളിച്ച് അകത്തു കടന്നു. മാപ്പിളമാർ അകത്തു പ്രവേശിക്കുന്നതു കണ്ടപ്പോൾ ഓടി രക്ഷപ്രാപിപ്പാൻ നാരായണി അമ്മ ശ്രമിച്ചു. അപ്പോൾ മാപ്പിളമാരിൽ ഒരാൾ കത്തികൊണ്ട വരെ വെട്ടി. മരണവേദനയോടുകൂടെ നാരായണിയമ്മ

അങ്ങോട്ടും വെട്ടി. അപ്പോഠംത്തന്നെ മുറിപ്പെടുത്തിയ മാപ്പിള ഓടിയെങ്കിലും ശേഷമുള്ള മാപ്പിളമാർ ആയമ്മയുടെ നേരെ തിരിഞ്ഞു. ഒടുവിൽ ആയമ്മ ബോധം കെട്ടുവീണു. പക്ഷേ, തന്നെ എതിർത്ത രണ്ടുമൂന്നാളുകളെ മുറിപ്പെടുത്തിയതിന്നു ശേഷമാണ് ആയമ്മ വീണത്. ആയമ്മയുടെ സഹോദരി ഈ തിരക്കിൽ ഓടി രക്ഷ പ്രാപിച്ചു. ഇതെല്ലാം കേട്ടു സഹായത്തിനോടിവന്ന പള്ളിയിൽ കൃഷ്ണൻനായരെ മാപ്പിളമാർ അടിച്ചുവീഴ്ത്തി. അയാഠം മരിച്ചുവെന്നു കരുതി അവർ അയാളെ ഇട്ടേച്ചു പോയി. പിറേറന്നു അരീക്കോട്ടുള്ള ഒരു മാപ്പിള പ്രമാണിയുടെ സഹായത്തോടുകൂടെ ആ സ്ത്രീയെ കോഴിക്കോട്ട് ആസ്പത്രിയിൽ കൊണ്ടുവന്നു. അപ്പോഠം ആ സ്ത്രീയുടെ ദേഹത്തിൽ സൂക്ഷിച്ചിട്ടുണ്ടായിരുന്ന 100 ക. യോടുകൂടെയാണ് കോഴിക്കോട്ടേയ്ക്കു കൊണ്ടുവന്നത്. ഇതു കൊള്ളക്കാർക്ക് കൊണ്ടുപോവാൻ സാധിച്ചിരുന്നില്ല.

ഇക്കാലത്തുതന്നെ കോട്ടയ്ക്കൽ അടുത്തു പുത്തൂരിൽ നടന്ന ഒരു സംഭവം പ്രസ്താവയോഗ്യമാണ്. കന്നിമാസം 14–ാംനു- (സപ്തംബർ 24–ാംനു-) രാത്രി ഏകദേശം 8 മണിക്ക് സുമാർ മന്നൂറോളം മാപ്പിളമാർ പുത്തൂരിലുള്ള വിളക്കിനാല കുററിപ്പുറത്തു എന്ന വീടിനെ ആക്രമിച്ചു അതിൽ ബലമായി പ്രവേശിച്ചു. അപ്പോഠം അവിടെയുണ്ടായിരുന്ന കരുണാകരൻനായർ ഒരു വെട്ടുകത്തിയും വടിവാളുമായി പുറത്തു ചാടി മാപ്പിളമാരെ എതിർത്തു. അവരിൽ നാലുപേരെ അയാഠം കൊന്നു. കുറപ്പേരെ മുറിപ്പെടുത്തി. പിന്നെ പടിയ്ക്കലേയ്ക്കു പാഞ്ഞു. പായുന്നവഴിയ്ക്ക് ഒരു മാപ്പിള അയാളെ കുന്തം കൊണ്ടെറിഞ്ഞു. അതയാളുടെ കഴുത്തിൽ തറയ്ക്കുകയും അയാഠം നിലംപതിച്ചു മരണപ്പെടുകയും ചെയ്തു. അതിന്നുശേഷം മാപ്പിളമാർ കൊള്ളചെയ്ത് മുതലെല്ലാം കൊണ്ടുപോയി.

ഈ രണ്ടു സംഭവങ്ങളും കൊള്ളചെയ്വാനുള്ള ശ്രമത്തിലുണ്ടായ ചില ദേഹോപദ്രവങ്ങഠം അല്ലാതെ കല്പിച്ചുകൂട്ടിയുള്ള കൊലയോ അതിനുള്ള ഒരുക്കമോ ആയിരുന്നില്ല. ലഹളക്കാലത്തു മാപ്പിളമാരുടെ ആക്രമണത്തെ ചെറുക്കാതെ ഭീരുതയോടുകൂടി പായുകമാത്രമാണ് ഹിന്ദുക്കഠം ചെയ്തതെന്നൊരപഖ്യാതി അവരെപ്പററി നാട്ടിലെല്ലാം പരന്നിട്ടുണ്ട്. ഇതിൽ വളരെ വാസ്തവമുണ്ട്. എങ്കിലും അവർ ഭീരുക്കളാണെന്നു തീർച്ചവിധി കല്പിക്കുന്നതിനുമുമ്പ് ചില പ്രത്യേക സംഗതികഠം ആലോചിക്കേണ്ടതുണ്ട് എന്നു പറയാതെ കഴികയില്ല.

ഹിന്ദുക്കളുടെ ജാതിവിഭാഗവും തീണ്ടൽ മുതലായ അനാചാരങ്ങളും അവരെ തമ്മിൽ എത്രമാത്രം അകററിയിരിക്കുന്നുവെന്നും ഇങ്ങനെയുള്ള ആപത്തുകളിൽ ഏകോപിച്ച് ശത്രുക്കളോടു എതിർപ്പാൻ സാധിക്കാതെ അവരെ എത്ര മാത്രം ദുർബ്ബലരാക്കിയിരിക്കുന്നുവെന്നും മുമ്പൊരവസരത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ആ കാരണംകൊണ്ടു മാത്രമല്ല മാപ്പിളമാരോട് എതിർക്കാൻ അവർ തീരെ അശക്തരായിത്തീർന്നത്. ഏറനാടു താലൂക്കിൽ മാപ്പിളമാർ ഹിന്ദുക്കളെക്കാം എണ്ണത്തിൽ അധികമുണ്ടെന്നു മാത്രമല്ല അവർ മിക്കവാറും നിരത്തിൻെറ വക്കത്തും അങ്ങാടിയിൽ തെരുവുകളുടെ സമ്പ്രദായത്തിലുമാണ് താമസിച്ചിരുന്നത്. ഏതെങ്കിലും കാര്യത്തിന്ന് ഒരുമിച്ചു കൂടുവാൻ അവർക്ക് ക്ഷണനേരം കൊണ്ടു സാധിക്കുന്നു എന്നു മാത്രമല്ല വിട്ടു താമസിക്കുന്നവർപോലും ഒരുമിച്ചുകൂടി വേണ്ടുന്ന ആലോചനകഠം ചെയ്‌വാൻ അവരുടെ പള്ളികഠം അവർക്ക് അത്യന്തം ഉപകരിക്കുകയും ചെയ്യുന്നു. ലഹളക്കാലത്ത് പ്രത്യേകിച്ചും ഇത് എല്ലാവർക്കും അനുഭവപ്പെട്ട സംഗതിയാണ്. ലഹളയുടെ ആരംഭത്തോടുകൂടി നാട്ടിലുള്ള സകല ആയുധങ്ങളും അവർ കരസ്ഥമാക്കി. അതിനുശേഷം സംഘം സംഘമായിട്ടാണ് അവർ ഹിന്ദുക്കളുടെ വീടുകഠം കൊള്ളചെയ്‌വാൻ തുടങ്ങിയത്. അവരിൽ പുരുഷന്മാർ മിക്കവാറും അതാതുദിക്കിൽത്തന്നെ പ്രവർത്തിച്ച് ഉപജീവനം കഴിക്കുന്നവരാണ്. എന്നാൽ ഹിന്ദുക്കളുടെ സ്ഥിതി ഇതിൽനിന്നെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു. അവർ മിക്കവരും അധികം ദൂരം വിട്ടു വിട്ടു താമസിക്കുന്നു. ഓരോ പറമ്പിൽ ഹിന്ദുക്കളുടെ രണ്ടു വീടുകഠം ഒരുമിച്ചു കാണുന്നതു ദുർല്ലഭമാണ്. അവരിൽ ഉയർന്ന ജാതിക്കാർ ദേഹാദ്ധ്വാനമുള്ള പ്രവൃത്തികളെ നിന്ദ്യമായിക്കരുതി, മാന്യമായ കൃഷിപ്രവൃത്തിയെ മിക്കവാറും ഉപേക്ഷിച്ചിരിക്കുന്നു. വിദ്യാഭ്യാസമുള്ളവരെല്ലാം ഗുമസ്ഥന്മാരായും മററ് ഉദ്യോഗസ്ഥന്മാരായും വിദ്യാഭ്യാസമില്ലാത്തവർ കോൺസ്റ്റബിഠംമാരും, ശിപായിമാരും, ഭൃത്യന്മാരും ആയും അവനവനും വീട്ടുകാർക്കും ഗുണമില്ലാതെ അന്യദിക്കുകളിൽ കാലയാപനം ചെയ്യുന്നു. അവരുടെ ദേഹബലം പ്രായേണ ക്ഷയിച്ചിരിക്കുന്നുവെന്നു മാത്രമല്ല, ഒരുമിച്ചു ചേരാനോ, പ്രവർത്തിക്കാനോ സൌകര്യം നൽകുന്ന യാതൊരു സ്ഥാപനവും അവർക്കില്ലതാനും. അതിനാൽ സംഘം ചേർന്ന് ആയുധങ്ങളുമായി അക്രമത്തിന്നിറങ്ങിയ മാപ്പിളമാരോട് എതിർക്കുവാൻ അവർ തീരെ അശക്തരായി. മാപ്പിളമാർ ദേഹോ

പദ്രവം ഏല്പിക്കാൻ തുടങ്ങിയ രണ്ടാമത്തെ ഘട്ടത്തിൽ അവരിൽ ചിലർ വളരെ ധൈര്യവും പരാക്രമവും കാണിച്ചിരുന്നുവെങ്കിലും അധികം ജനങ്ങളുടെ നേരെ ഏകൻെറയോ ചുരുക്കം ചിലരുടെയോ ധീരതയും ബലപ്രയോഗവും നിഷ്ഫലമായിത്തന്നെ കലാശിച്ചു. മതംമാറുവാൻ നിർബ്ബന്ധിക്കപ്പെട്ട അവസരത്തിൽ ശാന്തധീരനായി ചുഴലിപ്പുറത്ത് വാസുദേവൻ നമ്പൂതിരി മരണത്തെ വരിച്ചു. ഇദ്ദേഹം ഏതു സമുദായത്തിനും അഭിമാനിക്കാവുന്ന ശൂരപുരുഷൻ തന്നെയായിരുന്നു. തൻെറ വീട്ടിനെയും കുടുംബത്തെയും രക്ഷിക്കാൻവേണ്ടി ജീവൻ ബലികൊടുത്തവേറെയും പല ഉദാഹരണങ്ങളുണ്ട്. അവയെല്ലാം ഇവിടെ വിവരിക്കുവാൻ ഒരുങ്ങുന്നില്ല.

മേൽപ്രസ്താവിച്ചവിധം അല്പം ചിലർ ലഹളക്കാരുടെ നേരെ ബലവും ഉപായവും പ്രയോഗിച്ചു എതിർത്തുവെങ്കിലും ആകപ്പാടെ ഹിന്ദുക്കൾ നാടും വീടും വിട്ടോടിപ്പോവുകയാണ് ചെയ്തത്. പക്ഷേ, ഇതുകൊണ്ടൊന്നും ഹിന്ദുക്കൾ യാതൊരു പാഠവും പഠിച്ചതായി തോന്നുന്നില്ല. അവനവൻെറ സമുദായത്തിലുള്ള അസമത്വങ്ങൾ തീർത്ത് ദേഹബലവും സംഘബലവും വർദ്ധിപ്പിക്കുവാൻ അവർ ശ്രദ്ധിക്കാത്തപക്ഷം അവരെപ്പോഴും ഈ ആപത്തുകൾക്ക് വശപ്പെടുവാൻ വഴിയുള്ളതാണെന്നതിന്നു സംശയമില്ല. മാപ്പിളമാർ അജ്ഞാനത്തിലും അന്ധവിശ്വാസത്തിലും മുഴുകിയിരിക്കുന്നേടത്തോളംകാലം ഹിന്ദുക്കൾക്ക് അവരിൽനിന്ന് ഇപ്രകാരമുള്ള ആപത്തുകൾ നേരിടാനിടയുള്ളതാണ്. അതിനാൽ മാപ്പിളമാരെ പരിഷ്കരിക്കുവാനും തങ്ങളുടെ സമുദായത്തിൽ ബാധിച്ചിട്ടുള്ള ദോഷങ്ങൾ തീർക്കുവാനും ഹിന്ദുക്കൾ ബാദ്ധ്യസ്ഥരായിരിക്കുന്നു.

# താനൂരും, കൊടക്കലും

തുവ്വൂരിൽ നടന്ന ഘോരസംഭവങ്ങൾക്കുശേഷം മാപ്പിള മാരിൽനിന്ന് കാര്യമായ ഉപദ്രവം നേരിട്ടത് താനൂരിലുള്ള ചാലിയന്മാർക്കും കൊടക്കൽ എന്ന സ്ഥലത്തെ നിവാസിക ളായ ക്രിസ്ത്യാനികൾക്കുമായിരുന്നു. ഇവ പ്രതിക്രിയാ ബുദ്ധിയുടെ ബീഭത്സ പരിണാമങ്ങൾ തന്നെയായിരുന്നു എന്നതിനു സംശയമില്ല.

ലഹള തുടങ്ങിയതുമുതൽ കുറെ ദിവസത്തേയ്ക്ക് പോലീസ്സുകാരെ എങ്ങും കണ്ടിരുന്നില്ല. പട്ടാളം വരി കയും ലഹള ഒതുങ്ങി എന്ന വിശ്വാസം നാട്ടിൽ പരക്കു കയും ചെയ്തതോടുകൂടി ഇവരിൽ ചിലർ നഗ്നമായ ക്രൂരത യോടുകൂടി പ്രവർത്തിക്കുവാൻ തുടങ്ങി. കണ്ണിൽക്കണ്ട മാപ്പിളമാരെയെല്ലാം കുററക്കാരെന്ന നിലയിൽ അറസ്റ്റു ചെയ്തു. അറസ്റ്റുചെയ്ത മാപ്പിള അനുഭവിക്കേണ്ട അപകട ങ്ങൾ ഞാൻ അല്പം സൂചിപ്പിച്ചിട്ടുണ്ട്. ലഹളക്കാരെ അറസ്റ്റു ചെയ്യുന്നത് സാധാരണ സമ്പ്രദായത്തിൽ ആയാൽ പോര എന്നു പോലീസ്സുദ്യോഗസ്ഥന്മാർ മനസ്സിലാക്കിയി രുന്നു. മാപ്പിളമാർ ചെയ്ത അക്രമങ്ങളെല്ലാം ഒരു പതിന്മട ങ്ങായിട്ടെങ്കിലും അറസ്റ്റോടുകൂടിത്തന്നെ അവർ അനുഭവി ക്കേണ്ടതാണെന്നതു പോലീസ്സുകാരുടെ വ്രതമായിരുന്നു. അതിനാൽ ഒരു മാപ്പിളയുടെ വീട്ടിൽ അറസ്റ്റു കഴിയുമ്പോ ഴത്തേയ്ക്ക് ആ സ്ഥലം കൊള്ള ചെയ്യപ്പെട്ട ഒരു ഹിന്ദുവിൻെറ വീടിനേക്കാൾ എത്രയും കഷ്ടമായ വിധത്തിൽ രൂപം പകർന്നു. ഒരു ഭേദപ്പെട്ട ഹിന്ദുതറവാട്ടിലെ മെമ്പർമാരായ കെ. വി. ബാലകൃഷ്ണമേനോനെയും, കെ. വി. രാമൻമേനോ നെയും അറസ്റ്റു ചെയ്യുവാൻ ഒരു വലിയ സൈന്യത്തോടും ആൾക്കൂട്ടത്തോടുംകൂടി സബ്ബിൻസ്പെക്ടർ കുഞ്ഞിരാമൻനായ രാണു പോയിരുന്നത്. അനേകം സ്ത്രീകളും കുട്ടികളും ഉണ്ടായിരുന്ന ആ വീട്ടിൽ കയ്യേറി. സാധാരണ നടത്താ റുള്ള അറസ്റ്റുപോലെ അവരെയും അറസ്റ്റുചെയ്യാനുള്ള ഉദ്ദേ ശ്യത്തോടുകൂടിയായിരുന്നു ഇവരെല്ലാം പോയത്. വീട്ടിൽ ബാലകൃഷ്ണമേനോനോ, വേറെ പുരുഷന്മാരാരെങ്കിലുമോ ഉണ്ടായിരുന്നില്ല. തങ്ങളെ പോലീസ്സുകാർക്ക് ആവശ്യമു

ണ്ടെന്ന് ആരോടെങ്കിലും പറഞ്ഞയച്ചാൽക്കൂടി അവർ എവിടെയും ഹാജരാകാൻ സന്നദ്ധരായിരുന്നു. പക്ഷേ, അങ്ങിനെയുള്ള അറസ്റ്റു അക്കാലത്തെ സ്ഥിതിക്കു തീരെ അയോഗ്യമായിരുന്നതിനാലാണ് ഈവക സന്നാഹങ്ങളോടുകൂടി സബ്ബ് ഇൻസ്പെക്ടർ അവിടെ ചെന്നത്. ഒന്നാമതായി പറമ്പിലുള്ള ഇളനീരും തേങ്ങയും വന്നവരെല്ലാംകൂടി വെട്ടിവീഴ്ത്തി. പിന്നെ വീട്ടിനകത്തേയ്ക്കു കടക്കാനുള്ള ശ്രമമായി. അങ്ങനെ കടന്നിരുന്നുവെങ്കിൽ വീട്ടിലുള്ള സ്ത്രീകളുടേയും മററും സ്ഥിതി എന്തായിരുന്നുവെന്ന് വിവരിക്കേണ്ട ആവശ്യമില്ല. ഭാഗ്യവശാൽ ഇവരുടെ കൂട്ടത്തിൽ ഒരു യൂറോപ്യൻ ഉദ്യോഗസ്ഥൻ ഉണ്ടായിരുന്നു. വെള്ളപ്പട്ടാളവും യൂറോപ്യൻ ഉദ്യോഗസ്ഥന്മാരും (അല്പം ചിലരൊഴികെ) ഈ ലഹളക്കാലത്ത് വളരെ അഭിനന്ദനീയമായ നിലയിലാണ് പെരുമാറിയത് എന്നു പലരിൽനിന്നും ഞാൻ അറിഞ്ഞിട്ടുണ്ട്. ഹീനമായ യാതൊരു പ്രവൃത്തിയും അവർ എവിടേയും ചെയ്തതായി കേട്ടിട്ടില്ല. ഗൂർക്കാസും ചിൻകച്ചിൻ നാട്ടുകാരായ പോലീസ്സുകാരും ചെയ്യാത്ത അക്രമങ്ങൾ അധികമില്ലെന്നാണ് കേട്ടിട്ടുള്ളത്. ഒരെറുമ്പിനെപ്പോലും ഉപദ്രവിക്കാത്ത ബാലകൃഷ്ണമേനോനും മററും വാരിയൻകുന്നൻ കുഞ്ഞഹമ്മദ്ഹാജിയെപ്പോലുള്ള ഭയങ്കരന്മാരാണെന്നും വലിയ പോരാട്ടവും കോട്ടപൊളിക്കലും കഴിച്ചല്ലാതെ അവരെ പിടിക്കാൻ സാധിക്കയില്ലെന്നും മററും ഈ സായ്‌വിനെ തെററിദ്ധരിപ്പിച്ചതുകൊണ്ടായിരുന്നു അദ്ദേഹം യാതൊരു നോട്ടീസും മര്യാദയും കൂടാതെ വീട്ടിനുള്ളിൽ പ്രവേശിക്കാനാരംഭിച്ചിരുന്നത്. ഭാഗ്യവശാൽ അവിടെയുണ്ടായിരുന്ന സ്ത്രീകളിൽ ബാലകൃഷ്ണമേനോൻെറ പെങ്ങൾക്ക് ഇംഗ്ലീഷ് സംസാരിപ്പാൻ അറിയാമായിരുന്നു. കാര്യം അപകടത്തിലാണെന്ന് കണ്ടപ്പോൾ ആ സ്ത്രീ മുന്നോട്ടുവന്ന് യൂറോപ്യൻ ഉദ്യോഗസ്ഥനോടു സംഗതി ചോദിച്ചു. കുററക്കാർ വീട്ടിലുണ്ടെന്നും അവരെ അറസ്റ്റു ചെയ്യുവാൻ വന്നതാണെന്നും പറഞ്ഞപ്പോൾ അതിന് ഈ വിധമൊന്നും പ്രവർത്തിക്കേണ്ടതില്ലെന്നും അവർ സന്തോഷത്തോടുകൂടി ഹാജരാവുന്നതാണെന്നും തൽക്കാലം അവർ അവിടെ ഇല്ലെങ്കിലും ക്ഷണത്തിൽ അവരെ വരുത്താമെന്നും ആ സ്ത്രീ അദ്ദേഹത്തോടു പറഞ്ഞു. സായ്‌വിന് അപ്പോഴാണ് തൻെറ സാഹസകൃത്യത്തിൻെറ ഗൌരവം ബോദ്ധ്യപ്പെട്ടത്. ആ സ്ത്രീയോട് ഉടനെ മാപ്പു ചോദിച്ചു അദ്ദേഹം പ്രതികർ വരാൻ അല്പനേരം കാത്തിരിക്കുകയും അവർ വന്ന ഉടനെ അവരെ അറസ്റ്റുചെയ്യുകയും ചെയ്തു. തനിക്ക് ജീവരക്ഷ

നല്കിയ കേളപ്പൻനായർ, ബാലകൃഷ്ണമേനോൻ എന്നിവരുടെ നേരെപ്പോലും ഈ വിധം പ്രവർത്തിപ്പാൻ ഒരുങ്ങിയ ഒരു പോലീസ്സുദ്യോഗസ്ഥൻ സാധാരണ മാപ്പിളമാരുടെ നേരെ ഏതുവിധം പ്രവർത്തിച്ചിരിക്കുമെന്ന് ഊഹിപ്പാൻ വളരെ വിഷമമില്ല.

ഇത്രത്തോളം സംഭവം ഞാൻ വിവരിച്ചതിൻെറ ഉദ്ദേശ്യം അറസ്റ്റുകളുടെ ഫലമായി വലിയ വലിയ ലഹളകളും കൊലപാതകങ്ങളും നടത്തിയതിന്ന് അവരെ തീരെ കുററക്കാരാക്കാൻ പാടില്ലെന്നത് വായനക്കാരെ ധരിപ്പിക്കുവാൻ മാത്രമാണ്.

പോലീസ്സുകാർ അറസ്റ്റിനായി ഒരു സ്ഥലത്തെത്തിയെന്നുകേട്ടാൽ ചില ഹിന്ദുക്കൾക്കുള്ള ആനന്ദവും ഉത്സാഹവും എത്രയാണെന്ന് കണക്കുണ്ടായിരുന്നില്ല. ഇതും പ്രതിക്രിയാബുദ്ധിയുടെ ഒരു വിളയാട്ടം തന്നെയായിരുന്നു. മാപ്പിളമാരുടെ ആക്രമണത്തിന്നു ഹിന്ദുക്കളുടേയും പോലീസ്സുകാരുടേയും പ്രതിക്രിയ; ആ പ്രതിക്രിയയ്ക്ക് മാപ്പിളമാരുടെ ഭയങ്കരമായ പ്രതിക്രിയ; ആ പ്രതിക്രിയയ്ക്ക് പോലീസ്സുകാരുടേയും പട്ടാളക്കാരുടേയും ഒരു വമ്പൻ പ്രതിക്രിയ— ഇതാണ് 'മലബാർ കലാപ'ത്തിൻെറ സമഷ്ടിയായ ഒരു ചരിത്രം.

ഈ മുഖവുരയോടുകൂടി താനൂരിൽ ഉണ്ടായ സംഭവത്തെ നമുക്കു വിവരിക്കാം:

''ഏറനാടിൻെറ കിഴക്കൻ പ്രദേശങ്ങളിൽ പട്ടാളത്തിൻെറ യാത്രയോടുകൂടി പല അപകടങ്ങളും സംഭവിച്ചിരുന്നു. എങ്കിലും പടിഞ്ഞാറൻ പ്രദേശങ്ങളിൽ ആലിമുസലിയാരുടെ കീഴടങ്ങലിനുശേഷം അവിടെ ചില്ലറ കൊള്ളകളും മററുമല്ലാതെ പറയത്തക്ക യാതൊരു തകരാറും ഉണ്ടായിരുന്നില്ല. അറസ്റ്റുകളുടെ ഉപദ്രവം സഹിക്കാൻ വയ്യാത്ത നിലയിലെത്തിയിരുന്നുവെങ്കിലും കിഴക്കൻ പ്രദേശക്കാരെ അപേക്ഷിച്ചു ശാന്തന്മാരായ പടിഞ്ഞാറൻ പ്രദേശങ്ങളിലെ മാപ്പിളമാർ രണ്ടാമതും ലഹളയ്ക്കു ഒരുങ്ങിപ്പുറപ്പെട്ടിരുന്നില്ല. തിരൂരിൽ അധികരിച്ചു പട്ടാളമുണ്ടെന്ന ശങ്കയും അവരിൽ തെല്ലൊരു ഭയം ജനിപ്പിച്ചിരിക്കണം. അതിനാൽ സപ്തംബർമാസം ആ പ്രദേശങ്ങൾ ഏതാണ്ട് സമാധാനപരമായിത്തന്നെ കഴിച്ചുകൂട്ടി.

ഒക്ടോബർ 1—ാംനു- ചില പോലീസ്സുദ്യോഗസ്ഥന്മാർ ലഹളക്കാരെ പിടിക്കുന്നതിന്നായി താനൂരിനടുത്തുള്ള മൂച്ചിങ്ങൽ എന്ന സ്ഥലത്ത് ഒരു 'നായാട്ടു' കഴിപ്പാൻ

നിശ്ചയിച്ചു. താനൂരിനടുത്തു കേരളാധീശ്വരപുരം എന്ന സ്ഥലത്ത് അധികം ചാലിയന്മാർ താമസിക്കുന്ന ഒരു തെരുവുണ്ട്. ''ഉണ്ടിരിക്കുമ്പോഠം ഒരു വിളികേട്ടു'' എന്ന കണക്ക്, ചാലിയർക്ക് ഈ മാപ്പിളനായാട്ട് ബഹുരസകരമായി തോന്നി. പോലീസ്സുകാരുടെ കൂടെ അവരും പുറപ്പെട്ടു. പോലീസ്സുകാരുടെ വരവുണ്ടെന്നു കേട്ടപ്പോഠം തന്നെ മാപ്പിളമാർ ഓടി ഒളിച്ചിരുന്നു. ദൂരെപ്പോവാൻ സാധിക്കാതെ ചിലർ അവരുടെ വീട്ടിലെ അട്ടങ്ങളിലും അഭയം പ്രാപിച്ചിരുന്നു. പോലീസ്സുകാർ പതിവുപോലുള്ള കുടിശോധനകഠം നടത്തി. ചാലിയർ അതിനു വേണ്ട സഹായം ചെയ്തു. പക്ഷേ, അവർ വലിയ ഉത്സാഹം കാണിച്ചിരുന്നത് പോലീസ്സുകാർ വീടുവിട്ട് ഇറങ്ങിപ്പോയതിന്നുശേഷമായിരുന്നു. പോലീസുകാരുടെ അന്നത്തെ വേട്ടയിൽ അവർക്ക് ഇരുപത്, ഇരുപത്തിനാല് ആളെ കിട്ടി. അവരുടെ വിളയാട്ടത്തിനുശേഷം ചാലിയർ തങ്ങളുടെ വക വീടുപരിശോധന കഴിക്കുന്ന സമയം പോലീസ്സുകാർ അകലത്താണെന്നു മനസ്സിലാക്കി അടുത്തുള്ള ചില മാപ്പിളമാർ പൊടുന്നനവെ കീഴ്പ്പോട്ടു ചാടി ചാലിയരെ എതിർത്തു. ഇതു ചാലിയന്മാർ അശേഷം ഓർക്കാത്ത ഒരു കാര്യമായിരുന്നു. അവർ ചാലിയരിൽ അഞ്ചാറാളെ കഠിനമായി വെട്ടി മുറിപ്പെടുത്തി. അവരിൽ രണ്ടുപേർക്ക് മരിക്കത്തക്ക മുറിതന്നെ പററി. ചാലിയർ വെട്ടുംകൊണ്ട് ഓടി. മാപ്പിളമാർ അവരുടെ പാട്ടിൽ ഓടി അവരും രക്ഷപ്പെട്ടു.

ഇതുകഴിഞ്ഞ് മൂന്നു നാലു ദിവസത്തേയ്ക്ക് തകരാറുകഠം ഒന്നും ഉണ്ടായില്ല. ചാലിയർ പോലീസ്സിന്നു ചെയ്ത സഹായത്തിനും അവർ പ്രവർത്തിച്ച അക്രമത്തിന്നും 1—ാംനു-ചിലർക്ക് ദേഹോപദ്രവം ഏല്പിച്ചതുകൊണ്ടു മാത്രം മാപ്പിളമാർ തൃപ്തിപ്പെട്ടില്ല. 6—ാംനു- രാത്രി അവർ സംഘം കൂടി കേരളാധീശ്വരപുരത്തുള്ള ചാലിയത്തെരുവിനെ ആക്രമിച്ചു. ഈ ആക്രമണത്തെ ചാലിയർ ലേശംപോലും പ്രതീക്ഷിച്ചിരുന്നില്ല. ആറേഴു വീടുകഠം മാപ്പിളമാർ തീവെച്ചു നശിപ്പിച്ചു. ആറേഴു ചാലിയന്മാരെ കൊന്നു. ചെറിയ കുട്ടികളെപ്പോലും അവർ ഒഴിവാക്കിയില്ല. പത്തുപേർക്കു കഠിനമായ മുറിപററി. അതിൽ രണ്ടുപേർ ആസ്പത്രിയിൽ വെച്ചു മരിച്ചു. 6—ാംനു- രാത്രി ചാലിയത്തെരുവിൽ ഒരു കാളരാത്രിതന്നെയായിരുന്നു. അന്ന് അവർ അനുഭവിച്ച സങ്കടങ്ങഠം അവർണ്ണനീയമാണ്. ഈ സംഭവത്തോടുകൂടി ചാലിയർ പല വഴിക്കും പാച്ചിലായി. അനേകം പേർ

കോഴിക്കോട്ടു വന്നു. ശേഷം പേർ തൃശ്ശൂർ മുതലായ ദിക്കുകളിലേയ്ക്കും പോയി. കോൺഗ്രസ്സ് റിലീഫ് കമ്മിററി കോഴിക്കോട്ടുവെച്ച് ആദ്യമായി സഹായം നല്കിയതു താനൂരിൽനിന്ന് ഓടിവന്ന ചാലിയന്മാർക്കായിരുന്നു.

താനൂരിൽ നടന്ന സംഭവത്തിന് വളരെ സാദൃശ്യമുള്ള ഒന്നായിരുന്നു കൊടക്കലിൽ നടന്ന സംഭവങ്ങൾ. കൊടക്കൽ എന്ന സ്ഥലം എടക്കുളം സ്റ്റേഷനിൽനിന്ന് ഒന്നര നാഴിക വടക്കു പടിഞ്ഞാറും തിരുനാവായ നിന്ന് അര നാഴിക വടക്കുമുള്ള ഒരു സ്ഥലമാണ്. ഇവിടെ ഒരു ഓട്ടുകമ്പനിയുണ്ട്. അതിൻെറ ചിമ്മിനി തീവണ്ടി വഴിക്ക് പോകുമ്പോൾ എടക്കുളം സ്റ്റേഷനിൽ എത്തിയാൽ കാണാം. ഈ ഓട്ടുകമ്പനി മാനേജർ മിസ്റ്റർ കൂർംടാസ്സിനെയാണ് തിരൂരിൽ അല്പം ദിവസത്തേയ്ക്ക് മുഹമ്മദ്ഹാജി രക്ഷിച്ചിരുന്നത്. കൊടക്കൽ എന്ന പ്രദേശത്ത് ആയിരത്തോളം കൃസ്ത്യാനികൾ സ്ഥിരതാമസക്കാരായിട്ടുണ്ട്. പണ്ടത്തെ മാമാങ്കകാലത്ത് സാമൂതിരിപ്പാടിൻെറ സ്ഥാനം ഏതാണ്ട് ഈ ഓട്ടുകമ്പനി നില്ക്കുന്ന സ്ഥാനത്തായിരുന്നു. ഈ ക്രിസ്ത്യാനികൾ അധികംപേരും ഓട്ടുകമ്പനി ജോലിക്കാരാണ്. അടുത്ത പ്രദേശത്ത് പോലീസ്സുകാർ മാപ്പിളമാരെ വേട്ടയാടിയിരുന്നു. ആ അവസരത്തിൽ താനൂരിലെ ചാലിയരെപ്പോലെത്തന്നെ ഇവരും പോലീസ്സുകാർക്ക് വേണ്ടുന്ന ഒത്താശകൾ ചെയ്കയും അവരുടെ കൂട്ടത്തിൽ കൂടി നടക്കുകയും ചെയ്തിരുന്നു. അതു കഴിഞ്ഞ് അല്പം കഴിഞ്ഞപ്പോൾ ഒക്ടോബർ 2-ാംനു- രാത്രി ഏകദേശം 11 മണിക്ക് സുമാർ ഇരുനൂറ്, മുന്നൂറ് മാപ്പിളമാർ എടക്കുളം അങ്ങാടിയിൽ എത്തി. ഒരു ക്രിസ്ത്യൻ തുന്നൽക്കാരനെ വിളിച്ചന്വേഷിച്ചു. ഇവർ പോലീസ്സുകാർക്കു മാപ്പിളമാരെപ്പററി ഗൂഢമായ വിവരം കൊടുത്തിരുന്നുവെന്ന് സംശയിക്കപ്പെടുകയാൽ അവനെ കൊല്ലുവാൻ വേണ്ടിയാണ് ലഹളക്കാർ ഇവനെ വിളിച്ച് ചോദിച്ചിരുന്നത്. പക്ഷേ, തുന്നൽക്കാരൻെറ സ്നേഹിതന്മാരായ ചില അയൽവാസി മാപ്പിളമാർ ഈ വിവരം മുൻകൂട്ടി അറിഞ്ഞു, അവന്നു വിവരം കൊടുത്തിരുന്നതിനാൽ ഓവുപാലത്തിൻെറ ചുവട്ടിലോ മറേറാ ഒളിച്ചിരുന്നതിനാൽ അവർക്ക് തുന്നൽക്കാരനെ പിടികിട്ടിയില്ല. തുന്നൽക്കാരന്നു വിവരം കൊടുത്ത മാപ്പിളമാരെ കണ്ടുകിട്ടിയാൽ കൊല്ലുമെന്നു ഭീഷണിയും പറഞ്ഞുകൊണ്ടു പന്തങ്ങളും കൊളുത്തി ഘോഷയാത്രയായി അവർ തിരുനാവായയ്ക്ക് പുറപ്പെട്ടു. അവിടെ ചെന്ന് അവിടത്തെ അധികാരിയെ അന്വേഷിച്ചതിൽ അയാളെയും കണ്ടില്ല.

അവിടെ നിന്ന് അവർ കൊടക്കലേയ്ക്ക് യാത്രയായി. കൊടക്കലിൽ എത്തി സുകുമാരൻ എന്ന ഒരു ചായഷാപ്പുകാരൻെറ പീടികയിൽ കയറി. അയാളുടെ കോലായിൽ ജേക്കബ്ബ് എന്നും,ഐസാക്കു എന്നും രണ്ടു ക്രിസ്ത്യാനികരം കിടന്നിരുന്നു. അവർ രണ്ടുപേരേയും മാപ്പിളമാർ കൊന്നു. അതിന്നുശേഷം യേശുമിത്രൻ എന്ന ഒരു സ്കൂരംമാസ്റ്ററേയും അയാളുടെ 5 മക്കളേയും ഇവർ വെട്ടിമുറിയാക്കി. അതിൽ യേശുമിത്രൻ മരിച്ചു. പിന്നെ അവർ വേറെ വളരെ വീടുകരം വളഞ്ഞു. അതിലുള്ളവരെയെല്ലാം പുറത്തേയ്ക്കോടിച്ചു. സാമാനങ്ങളെല്ലാം കൊള്ളചെയ്തു കൊണ്ടുപോയി. അവസാനം തിരൂരിൽനിന്നു പട്ടാളം വരുമെന്നു ഭയപ്പെട്ട് അവർ അവിടം വിട്ടു പൊയ്ക്കളഞ്ഞു.

മാപ്പിളമാരുടെ ഈ ആക്രമണം ക്രിസ്ത്യാനികരംക്ക് എന്തെന്നില്ലാത്ത ഭയവും പരിഭ്രമവും ഉണ്ടാക്കി. അവരെല്ലാം പലവഴിക്കും ഓടിപ്പോയി. ചിലർ കോഴിക്കോട്ടേയ്ക്കും ചിലർ പാലക്കാട്ടേയ്ക്കും പോയി രക്ഷപ്രാപിച്ചു. വളരെ സുഭിക്ഷമായ കൊടക്കൽ പ്രദേശം ഒരു മരുഭൂമി പോലെ നിർജ്ജീവമായിത്തീർന്നു.

മാപ്പിളമാരും പട്ടാളക്കാരും തമ്മിൽ ഒരു യുദ്ധമെന്ന് പറയത്തക്കവണ്ണം യാതൊന്നും ഇക്കാലത്ത് നടന്നിരുന്നില്ല. പക്ഷേ, നിലമ്പൂർക്ക് പോകുന്ന വഴിക്ക് കേർണൽ ഹെർബർട്ട് എന്നൊരാളെയും ലഫ്റ്റനൻറ് ഹാർഡി എന്നൊരാളെയും മാപ്പിളമാർ ഒളിച്ചുനിന്നു വെടിവെച്ചു. അതിൽ ഹാർഡിക്ക് പററിയ മുറിയാൽ അയാരം മരണപ്പെട്ടുപോയി.

വെള്ളപ്പട്ടാളത്തെക്കൊണ്ട് മാപ്പിളമാരെ അമർത്തുവാൻ സാധിക്കില്ലെന്നു ബോദ്ധ്യപ്പെട്ടതിനാലോ മറേറാ . ഒക്ടോബർ ആദ്യത്തിൽ മലബാറിലേയ്ക്ക് ഗൂർക്കാസിനേയും ചിൻകച്ചിൻ പോലീസ്സിനേയും അയച്ചു. വെള്ളപ്പട്ടാളം ഏതാണ്ടു കലാപരംഗത്തിൽ നിന്നു പിൻവലിക്കുകയും ചെയ്തു.

# അരീക്കോട്ടെ സംഭവം

താനൂർ, കൊടക്കൽ ഈ സ്ഥലങ്ങളിലുണ്ടായ ലഹള കഠംക്ക് പോലീസ്സുകാരുടേയും അവരോടുകൂടി ചേർന്ന ഹിന്ദുക്കഠം, ക്രിസ്ത്യാനികഠം ഇവരുടേയും പ്രവൃത്തികഠം കാരണമായിരുന്നു. എങ്കിലും മററു പല സ്ഥലങ്ങളിലും അത്തരം യാതൊരു കാരണവും കൂടാതെ തന്നെ പല അക്രമങ്ങളും ലഹളക്കാർ നടത്തി. ലഹളയുടെ ആദ്യഘട്ടത്തിൽ പ്രധാനമായി പങ്കെടുത്തിരുന്ന ചില ലഹള നേതാക്കന്മാരാണ് ഈ അക്രമങ്ങഠം അധികവും നടത്തിയത്. ലഹളയിലേർപ്പെട്ടവർക്കും യാതൊരു രക്ഷയുമില്ലെന്ന ബോധം ഇവരിൽ പലരേയും നിരാശരാക്കി. അടങ്ങിയിരുന്നാൽ ആപത്തു തീർച്ച എന്ന വിചാരം മനസ്സിൽ കടന്നതോടുകൂടി ഗവർമ്മേണ്ടിനോട് യുദ്ധം ചെയ്യുവാനും ഹിന്ദുക്കളിൽ പകയുള്ളവരെ കൊല ചെയ്യുവാനും കൊള്ളചെയ്ത് മുതൽ കരസ്ഥമാക്കാനും പരക്കെ ആക്രമണങ്ങഠം നടത്താനും ഇവർ തീർച്ചപ്പെടുത്തി. കുഞ്ഞഹമ്മദ്ഹാജി, സീതിക്കോയതങ്ങഠം മുതലായ ദുർല്ലഭം ചിലർ ലഹള ആരംഭിച്ചതിനുശേഷം ഒരിക്കലും അടങ്ങിയിരുന്നില്ല. എന്നാൽ അവരെ ഒഴിച്ച് ബാക്കി അധികംപേരും ലഹളയിലൊന്നും ഏർപ്പെടാതെ മര്യാദക്കാരായി കഴിച്ചുവരികയായിരുന്നു. പോലീസ്സുകാരുടെ അറസ്റ്റും പട്ടാളക്കാരുടെ വേട്ടയും മുറുകിയതോടെ ഇങ്ങനെയുള്ളവരെല്ലാം തങ്ങളുടെ അളകളിൽ നിന്നും പുറത്തുചാടി പല പരാക്രമങ്ങളും ആരംഭിച്ചു. ഈ മനോഭാവത്തിൻെറ പ്രത്യക്ഷദൃഷ്ടാന്തങ്ങളാണ് മഞ്ചേരി, പുല്ലാറ, അരീക്കോട് മുതലായ സ്ഥലങ്ങളിൽ ഒക്ടോബർ മാസം ആദ്യത്തിൽ നടന്ന ചില സംഭവങ്ങഠം.

തുവ്വൂരിൽ നടന്ന കൂട്ടക്കൊലകഠംക്കുശേഷം അവിടെയുള്ള ഹിന്ദുക്കഠം പല ദിക്കുകളിലേയ്ക്കും ഓടിപ്പോയ കൂട്ടത്തിൽ വളരെ പേർ ഏറനാട് താലൂക്കിൻെറ തലസ്ഥാനമായ മഞ്ചേരി വന്ന് താമസമുറപ്പിച്ചിരുന്നു. മഞ്ചേരി പട്ടാളത്തിൻെറ ഒരു കേന്ദ്രസ്ഥാനവുമായിരുന്നതിനാൽ മഞ്ചേരിക്കു ചുററുമുള്ള പ്രദേശങ്ങളിൽനിന്നും അനവധി ഹിന്ദുക്കഠം മഞ്ചേരിവന്നു താമസമുറപ്പിച്ചിരുന്നു. പട്ടാളം

ക്യാമ്പ് കെട്ടിത്താമസിച്ചിരുന്നതു കച്ചേരിവളപ്പിലായിരുന്നു. ഹിന്ദുക്കൾ അധികവും താമസിച്ചിരുന്നതു കച്ചേരിയിൽ നിന്ന് ഒന്നോ രണ്ടോ ഫർലോങ്ങ് ദൂരെയുള്ള അരുകിഴായ യിൽ മാത്രമായിരുന്നു. മഞ്ചേരിയിൽനിന്ന് ഒന്നോ രണ്ടോ നാഴിക അകലെയുള്ള വാക്കേത്തൊടി എന്ന സ്ഥലം മുമ്പു തന്നെ കള്ളന്മാരുടേയും കവർച്ചക്കാരുടേയും ഒരു സങ്കേത സ്ഥലമാണ്. കലാപത്തിന്റെ ആദ്യകാലത്ത് പല കവർച്ച കളും നടത്തിയിരുന്ന അവിടത്തെ മാപ്പിളമാർ അല്പകാല മായി അടങ്ങിയിരിക്കുകയായിരുന്നു. പട്ടാളക്കാരുടെ സാമീപ്യവും സാന്നിദ്ധ്യവും നിമിത്തം ഹിന്ദുക്കൾ ഒരു വിധം നിർഭയരായി കാലം കഴിച്ചു വരികയുമായിരുന്നു. അങ്ങനെയിരിക്കുമ്പോഴാണ് ഒക്ടോബർ 12—ാംനു ഏകദേശം രാത്രി 12 മണിസമയത്ത് വാക്കേത്തൊടി മുതലായ അയൽ പ്രദേശങ്ങളിലുള്ള മാപ്പിളമാർ കൂട്ടുബാങ്ക് കൊടുത്തു അരു കിഴായ എന്ന പ്രദേശം ആക്രമിച്ചത്. അവർ ചില ഗൃഹങ്ങ ളിൽ കയറി വാതിലുകളും മററും വെട്ടിപ്പൊളിച്ച് സക ലവും കൊള്ളയടിച്ചു നശിപ്പിക്കുകയും ഒരു കണ്ണുപൊ ട്ടനെ വെട്ടി തുണ്ടമാക്കുകയും ചെയ്തു. ഓടിപ്പോകുന്ന ഒരു കുട്ടിയെ വെടിവെച്ചുവെങ്കിലും വെടി ഫലിക്കാതെ കുട്ടി രക്ഷപ്പെട്ടു. കുട്ടി വളപ്പിൽ ഓടിച്ചെന്ന് പട്ടാളക്കാരെ വിവരം അറിയിച്ചു. പക്ഷേ, പട്ടാളക്കാർ തങ്ങളുടെ സ്ഥാനത്തുനിന്ന് അനങ്ങിയില്ല. രാത്രി സമയത്ത് ക്യാമ്പിൽനിന്നും പകൽ സമയത്ത് മാർച്ച് ചെയ്യുന്ന നിര ത്തിൽനിന്നും വെള്ളപ്പട്ടാളം ഒരടിപോലും നീങ്ങുകയി ല്ലത്രെ.

അതിനാൽ ലഹളക്കാർക്ക് പട്ടാളക്കാരിൽനിന്നു യാതൊരു തരക്കേടും സംഭവിച്ചില്ല. കച്ചേരിയുടെ ഏററവും അടുത്തുവെച്ച് നിശ്ശങ്കം പോർക്കുവിളിച്ചു നട ത്തിയതായ ഈ ഭയങ്കര കൃത്യത്തിൽ തൽസമയം ജനങ്ങൾ എന്തെന്നില്ലാതെ നടുങ്ങി. അങ്ങുമിങ്ങും പാഞ്ഞ് കാടും പൊന്തകളും ശരണമാക്കി രാത്രി കഴിച്ചുകൂട്ടി. ലഹളക്കാർ എല്ലാ വീടുകളും ആക്രമിക്കാതെ ഓടിപ്പോവുകനിമിത്തം അവർക്ക് രക്ഷപ്പെടുവാൻ സാധിച്ചു.

മഞ്ചേരി ഈ അനുഭവങ്ങൾ നടന്നതിന് അല്പം മുമ്പാണ് മഞ്ചേരി നിന്ന് നാലു നാഴിക പടിഞ്ഞാറുള്ള പുല്പററ അംശത്തിൽ നാഗേരി നമ്പൂതിരി എന്നൊരാളെ ലഹളക്കാർ വെടിവെച്ച് കൊന്നത്. ലഹളക്കാലത്തു പല ആക്രമണങ്ങളും നടത്തിയ കാരാടൻ മൊയ്തീൻകുട്ടിഹാജി യുടെ സംഘക്കാരാണ് ഈ കഠിനകൃത്യം നടത്തിയത് എന്ന്

ഊഹിക്കപ്പെടുന്നു. നമ്പൂതിരിയുടെ ഇല്ലത്ത് ആ ദിവസം നമ്പൂതിരി മാത്രമേ ഉണ്ടായിരുന്നുള്ളൂ. ലഹളക്കാർ വരുന്നുണ്ടെന്ന് കേട്ടിട്ടോ മറ്റോ ഇല്ലത്തുള്ള ബാക്കി എല്ലാവരും അവിടം വിട്ടുപോയിരുന്നു. ലഹളക്കാർ ഇല്ലത്തു ചെന്ന് നമ്പൂതിരിയോട് അഞ്ഞൂറു ഉറുപ്പിക ചോദിച്ചു. അദ്ദേഹം അതു കൊടുക്കാമെന്ന് സമ്മതിച്ച് മുകളിൽപോയി പണവുംകൊണ്ട് താഴെ ഇറങ്ങിവരുമ്പോഴാണ് അദ്ദേഹത്തെ വെടിവെച്ചത്. ഈ കൊലയും മഞ്ചേരിയിൽ ഉണ്ടായ മേൽപറഞ്ഞ സംഭവങ്ങളും കഴിഞ്ഞതിനുശേഷം ഏറനാട് താലൂക്കിലെ കിഴക്കൻ പ്രദേശങ്ങളിലുള്ള ഹിന്ദുക്കളെല്ലാം ഏറനാട് വിട്ട് ഓടുവാൻ തുടങ്ങി.

തൃശൂർ, പാലക്കാട്, കോഴിക്കോട് മുതലായ പല ദിക്കുകളിലും അവർ സങ്കേതം പ്രാപിച്ചു.

ലഹള ഏററവും ക്രൂരമായ വിധം വേഷാന്തരപ്പെട്ട ഒരുദാഹരണമാണ് ഇക്കാലത്ത് അരീക്കോട്ടുവെച്ചുണ്ടായ സംഭവങ്ങൾ.

ലഹളയുടെ ആരംഭത്തിൽ പരക്കെ ഉണ്ടായ കൊള്ളകളല്ലാതെ അരീക്കോട്ടും അതിനടുത്ത പ്രദേശങ്ങളിലും തുലാമാസം ആദ്യം വരെ യാതൊരു തകരാറുകളും ഉണ്ടായിരുന്നില്ല. ചിങ്ങത്തിലുണ്ടായ കൊള്ളകളിൽ പോയ മുതലുകൾ പലതും ചില മാപ്പിള പ്രമാണിമാരുടെ ഉത്സാഹത്താൽ ഹിന്ദുക്കൾക്ക് മടക്കിക്കൊടുക്കുകയും ചെയ്തിരുന്നു. അതിനുശേഷം കാരാടൻ മൊയ്തീൻകുട്ടിഹാജി ഈ പ്രദേശത്തുള്ള മാപ്പിളമാരെ ഇളക്കിത്തീർക്കുവാൻ ചില ശ്രമങ്ങൾ നടത്തിയിരുന്നെങ്കിലും അതൊന്നും ഫലിച്ചിരുന്നില്ല. അങ്ങനെ ഇരിക്കുമ്പോഴാണ് അറസ്റ്റുകളും മററും വർദ്ധിച്ചതോടുകൂടി മാപ്പിളമാരുടെ മനോഭാവത്തിൽ മാററം സംഭവിച്ചത്. അല്പനേരം അടങ്ങിയിരുന്ന കാരാടൻ മൊയ്തീൻകുട്ടിഹാജി ഒരു വലിയ സംഘത്തോടുകൂടി കന്നിമാസം ഒടുവിൽ അരീക്കോട്ട് എത്തി. അരീക്കോട് പ്രദേശത്തുള്ള നമ്പൂതിരി ഇല്ലങ്ങളിൽ വെച്ച് ഏററവും പ്രധാനമായ ആററുപുറത്ത് ഇല്ലത്തെ ആക്രമിച്ചു. അവിടെ നടന്ന സംഭവങ്ങളുടെ ചുരുക്കം അന്ന് അവിടെ ഉണ്ടായിരുന്ന വാഴപ്പററ ഇല്ലത്ത് ഗോവിന്ദൻ എമ്പ്രാന്തിരി ഇങ്ങനെ വിവരിച്ചിരിക്കുന്നു:

''കഴിഞ്ഞ ശനിയാഴ്ച (15–10–21) ഉച്ചയ്ക്ക് ആററുപുറത്തെ നമ്പൂതിരിയും ഞാനും മററുംകൂടി ഭക്ഷണത്തിന്നിരിക്കുമ്പോൾ ഇല്ലപ്പടിക്കൽ താമസിക്കുന്ന കുമാരൻനായർ എന്നൊരാൾ വന്ന് ''ലഹളക്കാർ ചന്തയിലെത്തിയിരി

ക്കുന്നു. അപ്പുമേനവനെ പിടിച്ചു കെട്ടിയിരിക്കുന്നു. നിങ്ങരം വേഗത്തിൽ രക്ഷ പ്രാപിക്കണം'' എന്നു പറഞ്ഞു. ഞങ്ങരം അടുത്തുള്ള കാട്ടിൽ ഒളിച്ചു. ഞങ്ങളെ മാപ്പിളമാർ കണ്ടുപിടിച്ചു. ആററുപുറത്തെ നമ്പൂതിരിയെ കാണിച്ചു കൊടുക്കുവാൻ ആവശ്യപ്പെട്ടു. അപ്പോഴേയ്ക്കും ആററുപുറത്ത് നമ്പൂതിരിയെ ചില മാപ്പിളമാർ പിടിച്ചു കൊണ്ടുവന്നു. നമ്പൂതിരിയെ ഇല്ലത്തെ നടുമുററത്തു കൊണ്ടുപോയി. നമ്പൂതിരിയെ അടിക്കുന്ന ശബ്ദങ്ങളും കേട്ടു. മാപ്പിളമാർ നമ്പൂതിരിയോട് ''പണമെല്ലാം എവിടെ, പണ്ടങ്ങളെല്ലാം എവിടെ, തോക്കുകരം എവിടെ'' എന്നു ചോദിച്ചു. തോക്കുകരം കോൽക്കാരൻ കൃഷ്ണൻെറ പക്കലാണ് എന്നു പറഞ്ഞു. കോൽക്കാരൻ കൃഷ്ണനേയും വേലുവിനേയും നടുമുററത്തു കെട്ടിയിട്ടിട്ടുണ്ടായിരുന്നു. അവർ പോയി തോക്കെടുത്തു വന്നു. പൂമുഖത്തെത്തിയപ്പോരം തോക്കിൻെറ ചട്ടകൊണ്ട് കൃഷ്ണൻെറ മുഖത്ത് നാലഞ്ചടി അടിച്ചു. പിന്നെ നമ്പൂതിരിയോട് താക്കോൽ ചോദിച്ചു. താക്കോൽ വാഴപ്പററ നമ്പൂതിരിയുടെ കയ്യിലാണെന്നു പറഞ്ഞു. നമ്പൂതിരിയെ പിന്നെയും അടിച്ചു തുടങ്ങി. ''പണമെല്ലാം എവിടെയാണ് വെച്ചിരിക്കുന്നതു എന്ന് പറഞ്ഞോ; അല്ലെങ്കിൽ നിന്നെ കൊത്തിക്കഷ്ണമാക്കിക്കളയും.'' ''എനിക്ക് നിശ്ചയമില്ല. എൻെറ മകനാണ് വെച്ചിരിക്കുന്നത്'' എന്ന് നമ്പൂതിരി പറഞ്ഞു. ഇനി ഒന്നും ചെയ്യേണ്ടതില്ലെന്നു ചില മാപ്പിളമാർ പറഞ്ഞു. നമ്പൂതിരിയേയും വേലുവിനേയും കൃഷ്ണനേയും പുറത്തുകൊണ്ടുവന്ന് നമ്പൂതിരിയെയും മററും ''കുളിപ്പിച്ചു'' കൊണ്ടുവരാൻ പറഞ്ഞു. അര നാഴിക കഴിഞ്ഞപ്പോരം ''അയ്യോ'' എന്ന നിലവിളി കേട്ടു. മാപ്പിളമാർ മടങ്ങിവന്നപ്പോരം അവരുടെ കൂടെ നമ്പൂതിരിയും കൃഷ്ണനും വേലുവും ഉണ്ടായിരുന്നില്ല. ഞങ്ങരം ആ ദിക്കുകാരല്ല എന്നു ബോദ്ധ്യമായപ്പോരം ഞങ്ങളെ വിട്ടയയ്ക്കാമെന്ന് പറഞ്ഞു. പിറേറന്ന് ഞങ്ങളെ വിട്ടയച്ചു.'' പുഴവക്കത്തു കൊണ്ടുപോയി കഴുത്തു വെട്ടുന്നതിന്നു ലഹളക്കാർ ''കുളിപ്പിക്കുക'' എന്നാണ് പറഞ്ഞിരുന്നത്. നമ്പൂതിരിയേയും മററും ഈ വിധത്തിലാണ് ലഹളക്കാർ കൊലപ്പെടുത്തിയത്. കാരംകുന്നത്ത് അപ്പു എന്ന ശങ്കരമേനോനെയും ഈ അവസരത്തിൽതന്നെ ലഹളക്കാർ അരീക്കോട്ടുവെച്ച് കൊലപ്പെടുത്തുകയുണ്ടായി.

ഇതിനുശേഷം അരീക്കോട് പോലീസ്സ്റ്റേഷൻ ലഹളക്കാർ കവർച്ചചെയ്ത് ആയുധങ്ങരം കരസ്ഥമാക്കി. അവിടെ

നിന്ന് ഊർങ്ങാട്ടിരി അംശത്തിലേയ്ക്ക് കടന്നു കിഴക്കും പാട്, നടുവത്തേടം മുതലായ ഇല്ലങ്ങൾ കൊള്ളചെയ്യയും തൃക്കളൂർ ക്ഷേത്രത്തിലെ ബിംബം പൊടിക്കുകയും ചെയ്തു കരിപ്പത്ത് ഇല്ലത്ത് സ്ഥാനം ഉറപ്പിച്ചു. ഈ ഇല്ലത്തുവെച്ചാണ് വളരെ ഹിന്ദുക്കളെ മതം മാററുക, മതം മാറാൻ മനസ്സില്ലാത്തവരെ കൊലപ്പെടുത്തുക മുതലായ പ്രവൃത്തികൾ കാരാടൻ മൊയ്തീൻകുട്ടിഹാജിയും മററും ചെയ്തിരുന്നത്. അല്പദിവസം വാരിയൻകുന്നൻ കുഞ്ഞഹമ്മദ്ഹാജിയും ഇവിടെ വന്ന് താമസിക്കുകയുണ്ടായിട്ടുണ്ട്.

ഊർങ്ങാട്ടിരി, അരീക്കോട് മുതലായ സ്ഥലങ്ങളിൽ ഈ സംഭവങ്ങൾ നടക്കുന്ന കാലത്തും അതിനുമുമ്പും അരീക്കോടിന്നു പടിഞ്ഞാറ് ചാലിയാറിൻെറ തെക്കെക്കരയിലുള്ള ചെറുവായൂർ, ചീക്കോട്, വാഴക്കാട് മുതലായ സ്ഥലങ്ങളിൽ യാതൊരു തകരാറും ഉണ്ടായിരുന്നില്ല. എന്നു മാത്രമല്ല ലഹളയുടെ ആരംഭം മുതൽക്കുതന്നെ ഈ പ്രദേശങ്ങളിലെ ഹിന്ദുക്കളും മാപ്പിളമാരും യോജിച്ച് ലഹളക്കാരുടെ ആക്രമണത്തിൽനിന്ന് ഈ പ്രദേശങ്ങളെ രക്ഷപ്പെടുത്തുവാൻ വേണ്ട എല്ലാ ഏർപ്പാടുകളും ചെയ്തിട്ടുണ്ടായിരുന്നു. ആ ഏർപ്പാടുകളിൽ കൊന്നാറെ തങ്ങന്മാരും ഉത്സാഹികളായിരുന്നു. കൊന്നാറെ തങ്ങന്മാരെ സ്വാധീനിച്ച് അവരെക്കൂടി ലഹളയിൽ ചേർപ്പിക്കാൻ കാരാടൻ മൊയ്തീൻകുട്ടിഹാജിയും വാരിയൻ കുന്നൻ കുഞ്ഞഹമ്മദ്ഹാജിയും ചെയ്തിരുന്ന ശ്രമങ്ങളെല്ലാം നിഷ്ഫലമായി കലാശിക്കുകയാണ് ചെയ്തിരുന്നത്. പക്ഷേ, തുലാമാസത്തിൻെറ ആരംഭത്തോടുകൂടി ഈ പ്രദേശത്ത് ജനങ്ങൾ അനുഭവിച്ചിരുന്ന സമാധാനത്തിന്ന് ഗൌരവമായ ഭംഗം സംഭവിച്ചു. അതുവരെ ഹിന്ദുക്കളുടെ ബന്ധുക്കളും സംരക്ഷകന്മാരും ആയിരുന്ന മാപ്പിളമാർ അവരുടെ പരമവിരോധികളായിത്തീർന്നു. ലഹളക്കാലത്തു നടന്ന ക്രൂരകൃത്യങ്ങളിൽവെച്ചു ഏററവും ക്രൂരങ്ങളായ കൃത്യങ്ങൾ ഈ പ്രദേശത്തുവെച്ച് നടക്കാനിടയായി. ഹിന്ദുക്കളെ നിശ്ശേഷം നശിപ്പിക്കാൻ മാപ്പിളമാർ ഒരുങ്ങി. കൊല്ലാതെയോ മതം മാററാതെയോ ഒരു ഹിന്ദുവിനെയും ആ രാജ്യത്ത് വെച്ചേയ്ക്കുകയില്ലെന്ന് കൊന്നാറെ തങ്ങൾ പ്രതിജ്ഞ ചെയ്തു. ഇതിൻെറയെല്ലാം ഫലമായി സമാധാനത്തോടുകൂടി വർത്തിച്ചിരുന്ന ഒരു വൻ പ്രദേശം മുഴുവനും അതിഭയങ്കരമായ അത്യാപത്തുകൾക്ക് ഇരയായിത്തീർന്നു.

ഊർങ്ങാട്ടിരി അംശത്തിൽ താമസം ഉറപ്പിച്ചിരുന്ന ലഹളക്കാർ പുഴയുടെ അക്കരെ കടന്ന് ചെറുവായൂർ മുതലായ സ്ഥലങ്ങളിലും ചില കൊള്ളകൾ നടത്തിയിരുന്നു. ലഹള

ക്കാരെ പിടിപ്പാനായി മിസ്റ്റർ ടോട്ടൻഹാം, ഫ്രേസർ, ബക്ലി മുതലായവരുടെ കീഴിൽ ഒരു പോലീസ് സൈന്യം ചെറുവായൂർ, വാഴക്കാട് ഈ സ്ഥലങ്ങളിൽ പോയി. പക്ഷേ, ലഹളക്കാരെയൊന്നും അവർക്ക് പിടിപ്പാൻ സാധിച്ചില്ല. ഇതിനെത്തുടർന്ന് ഒക്ടോബർ ഒടുവിൽ വേറെ ഒരു സംഘം പോലീസ്സുകാർ കോഴിക്കോട്ടു നിന്ന് കണ്ണംപറമ്പ് വഴിക്ക് കൊന്നാറ എന്ന പ്രദേശത്തു എത്തി. ഇവരുടെ കൂട്ടത്തിൽ ഏതാനും ഹിന്ദുക്കളും ഉണ്ടായിരുന്നു. കാരാടൻ മൊയ്തീൻ കുട്ടിഹാജിയും സംഘവും പല ഹിന്ദുക്കളെയും കൊല്ലുകയും മതം മാററുകയും ക്ഷേത്രങ്ങൾ നശിപ്പിക്കുകയും ചെയ്തിരുന്ന സംഗതിയിൽ മാപ്പിളമാരുടെ നേരെ പോലീസ്സകാർക്കും ഹിന്ദുക്കൾക്കും കഠിനമായ ദ്വേഷമുണ്ടായിരുന്നു. കൊന്നാററയ്ക്ക് പോയിരുന്ന ഹിന്ദുക്കളും പോലീസ്സുകാരും മാപ്പിളമാരുടെ നേരെ പകവീട്ടണമെന്ന മോഹത്തോടുകൂടിയായിരുന്നു പോയത് എന്നതിന് സംശയമില്ല. പക്ഷേ, പ്രതിക്രിയാ ബുദ്ധിയുള്ള ഇവർ യഥാർത്ഥത്തിൽ കുററം ചെയ്തിരുന്നവരുടെ നേരെയല്ല തങ്ങളുടെ പക വീട്ടിയത്. അക്കാലംവരെ ലഹളയിലൊന്നും ചേരാതെ സമാധാനം നിലനിർത്തുവാൻ അത്യുത്സാഹം ചെയ്തിരുന്ന കൊന്നാറെ തങ്ങന്മാരുടെ നേരെയാണ് ഇവർ അക്രമമായി ബലം പ്രയോഗിച്ചത്. തങ്ങന്മാരുടെ കൂട്ടത്തിൽ വെച്ച് പ്രായംചെന്ന വലിയ തങ്ങളെ ഇവർ പല വിധത്തിലും അപമാനിച്ചുവത്രെ. അദ്ദേഹത്തിൻെറ വസതിയിലോ പള്ളിയിലോ ഉള്ള വേദപുസ്തകങ്ങൾ നശിപ്പിച്ചു എന്ന് മാത്രമല്ല, അദ്ദേഹത്തെക്കൊണ്ട് ഭസ്മം തൊടുവിപ്പിക്കുകയും നാരായണനാമം ചൊല്ലിപ്പിക്കുകയും മററും ഇവർ ചെയ്തു. ഹിന്ദുക്കളെ നിർബ്ബന്ധിച്ചു മതംമാററുന്നതിന്ന് പകരമായിരിക്കാം ഈ വിധം നിന്ദ്യമായ പ്രവൃത്തികൾ പോലീസ്സുകാരും ഹിന്ദുക്കളും ഈ മുസൽമാൻ വൈദികനെക്കൊണ്ട് ചെയ്യിച്ചത്. പല ക്ഷേത്രങ്ങളും നശിപ്പിച്ച് പല ഹിന്ദുക്കളെയും നിർബ്ബന്ധിച്ച് മതംമാററിയ മാപ്പിളമാരിൽ ഭേദപ്പെട്ട ഒരാളുടെ നേരെ ഈ വിധം പെരുമാറിയത് വലിയ ഒരപരാധമായി ഈ അക്രമികൾക്ക് തോന്നിയില്ലായിരിക്കാം. പക്ഷേ, ഒരു നികൃഷ്ടകൃത്യത്തിൻെറ ദോഷം മറെറാരു നികൃഷ്ടകൃത്യംകൊണ്ട് പരിഹരിപ്പാൻ സാധിക്കുകയില്ലെന്നും അപരാധികളുടെ ദുഷ്പ്രവൃത്തികൾക്ക് നിരപരാധികളെ ശിക്ഷിക്കുന്നത് ദൈവം സഹിക്കുന്നതല്ലെന്നും ഈ അക്രമികൾ ഓർത്തില്ല. യാതൊരു തെററും ചെയ്തിരുന്നില്ലെന്നു മാത്രമല്ല, ലഹളക്കാരെ ചെറുത്തുനിന്ന് ഹിന്ദുക്കളെ രക്ഷിച്ചതിൻെറ ഫലം

ഇതാണ് എന്നു തങ്ങന്മാർക്ക് ബോദ്ധ്യം വന്നപ്പോരം അവരുടെ മനസ്ഥിതിയിലും നടപടിയിലും ഗൌരവമായ മാററം സംഭവിച്ചതിൽ ഒട്ടും അത്ഭുതപ്പെടാനില്ല. കൃതഘ്നന്മാരായ ഹിന്ദുക്കളെ നിശ്ശേഷം നശിപ്പിക്കുന്നതാണ് എന്നവർ പ്രതിജ്ഞ ചെയ്യതിലും അതിശയമില്ല. ഏതോ മാപ്പിളമാർ ചെയ്ത അക്രമങ്ങരംക്ക് നിരപരാധിയായ കൊന്നാറെതങ്ങരം പോലീസ്സുകാരുടേയും അവരുടെ കൂടെ വന്ന ഹിന്ദുക്കളുടേയും ദൃഷ്ടിയിൽ ശിക്ഷാർഹരാണെങ്കിൽ, ഏതോ ഹിന്ദുക്കരം ചെയ്ത അപരാധത്തിന്ന് സർവ്വ ഹിന്ദുക്കളും ശിക്ഷാർഹന്മാരെന്ന് തങ്ങന്മാർ കരുതിയതിലും ന്യായക്കേടില്ല. സാമുദായികമത്സരത്തിൻെറയും, ബുദ്ധിയുടേയും വിപരീത വ്യാപാരങ്ങളാണിതെല്ലാം. സാമുദായികബുദ്ധിയും മത്സരവും നമ്മെ ബാധിക്കുന്നേടത്തോളം കാലം ഈ വിധം ആപത്തുകളിൽനിന്ന് രക്ഷ കിട്ടുവാൻ നമുക്കു സാധിക്കുന്നതുമല്ല.

കൊന്നാറെ തങ്ങന്മാരിൽ പ്രായാധിക്യം വന്ന തങ്ങളാണ് മേൽ വിവരിച്ച പ്രകാരം അപമാനിക്കപ്പെട്ടതെങ്കിലും ലഹളയിൽ നേതൃത്വം വഹിച്ചു രാജ്യമാസകലം കിടുകിടെ വിറപ്പിച്ച ''കൊന്നാറ തങ്ങരം'', സുമാർ 30 വയസ്സ് പ്രായമായ മുഹമ്മദ് കോയ തങ്ങരം എന്ന ആളായിരുന്നു. അരയിൽ വാളും മെയ്യിൽ മഞ്ഞപ്പട്ടും ധരിച്ചു വെളുത്ത ദേഹത്തോടും ഗൗരവം സ്ഫുരിക്കുന്ന മുഖത്തോടും കൂടിയ തങ്ങരം തടിയും നീളവും കുറഞ്ഞ ആളായിരുന്നുവെങ്കിലും ശക്തനും ശൂരനുമായിരുന്നു. ഹിന്ദുക്കളുടെ അന്തകനായിത്തീർന്ന തങ്ങളെ മാപ്പിളമാർക്കും വലിയ ഭയമായിരുന്നുവത്രെ. ഹിന്ദുക്കളെ നാമാവശേഷമാക്കുന്നതാണെന്നു പ്രതിജ്ഞചെയ്ത മുഹമ്മദുകോയ തങ്ങരം തൻെറ അധികാരം നടത്തുവാൻ സാധിച്ച ഏതാനും മാസങ്ങളിൽ ആയിരത്തിൽ കുറയാതെ ഹിന്ദുക്കളെ മതം മാററുകയും അതിന്നു സമ്മതിക്കാത്ത ഹിന്ദുക്കളെ കൊലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ലഹളക്കാലത്തു മതംമാററപ്പെട്ടവരിൽ ഏതാണ്ട് മുക്കാൽ ഭാഗവും കൊന്നാറയിൽവെച്ച് തങ്ങളും കരിപ്പത്തില്ലത്തുവെച്ച് മൊയ്തീൻകുട്ടിഹാജിയും മതം മാററിയവരാണ്. ഈ രണ്ടു സ്ഥലങ്ങളിൽവെച്ചും മതം മാററിയിരുന്ന സമ്പ്രദായം അറിവാൻ അവിടങ്ങളിൽവെച്ചു മതംമാററപ്പെട്ട ചിലർ കൊടുത്ത വായ്മൊഴിയുടെ ചുരുക്കം താഴെ ചേർക്കാം:

കുററീരി നൊട്ടുണ്ണി പണിക്കർ (കേരളപത്രിക—
26–11–21)

''തുലാമാസം 11–ാംനു- ഉച്ച തിരിഞ്ഞ് രണ്ടു നാഴിക പകലെ ഞാൻ പൈക്കളെ ആട്ടിക്കൊണ്ട് എന്റെ വീട്ടിലേയ്ക്ക് വരുമ്പോൾ ചില മാപ്പിളമാർ എന്നെയും പാലപ്പുറ അറുമുഖനെയും പിടിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ ആയുധപാണികളായി കൊന്നാറെ മുഹമ്മദ്കോയ തങ്ങൾ സുമാർ അമ്പതോളം ആളുകളോടുകൂടി അവിടെ വന്നു ഞങ്ങളെ പിടിച്ച് കൈകൂട്ടി ഒന്നിച്ചുകെട്ടി വാഴക്കാട്ട് പള്ളിക്ക് കൊണ്ടുപോയി. അവിടെനിന്ന് രാത്രി കൊന്നാറ പള്ളിയിലേയ്ക്കു കൊണ്ടുപോയി. അപ്പോൾ 10 നാഴിക രാച്ചെന്നിരുന്നു. അവിടെ കൊണ്ടുപോയി ഒരു മുറിയിൽ ഞങ്ങളെ മററു ചിലരുടെ കൂട്ടത്തിലിട്ടു പൂട്ടി. ഞങ്ങളെ മുറിയിൽ ആക്കാൻ മുഹമ്മദ്കോയ തങ്ങളാണ് പറഞ്ഞത്. ദിവസേന ഒരു നേരം ഭക്ഷണം തന്നു വന്നു. പത്തു ദിവസം ഈ മുറിയിൽ കിടന്നു. പിന്നെ എന്നെ മതത്തിൽ ചേർത്ത് തൊപ്പിയിടീച്ചത് മുഹമ്മദ്കോയ തങ്ങളാണ്. ''നിനക്ക് ദീൻ വിശ്വസിപ്പാൻ മനസ്സുണ്ടോ?'' എന്ന് രണ്ടു പ്രാവശ്യം എന്നോട് ചോദിച്ചു. ഇത് ചോദിക്കുന്ന അവസരത്തിൽ എന്റെ അടുത്ത് വാൾ ധരിച്ച ഒരാളുണ്ടായിരുന്നു. ദീൻ വിശ്വസിക്കുവാൻ മനസ്സില്ലെങ്കിൽ വെട്ടുമെന്ന് പറഞ്ഞതിനാലും വേറെ 18 പേരെ ഇതിന്ന് സമ്മതിക്കാത്തതിനാൽ വെട്ടിക്കൊന്നതായിക്കണ്ടതിനാലും ഞാൻ അതിന് സമ്മതിച്ചു. പിന്നെ ഒരു ഒസ്സാൻ വന്ന് തല ചിരക്കുകയും തങ്ങൾ തൊപ്പി വെച്ച് കലിമ ചൊല്ലിക്കുകയും ചെയ്തു. എനിക്ക് അബ്ദുറഹിമാൻ എന്നാണ് പേരിട്ടത്. പിന്നെ തങ്ങൾ എനിക്ക് ഉടുക്കുവാൻ ഒരു കട്ടിമുണ്ടും തോർത്തും തന്നു. കുറച്ചു ദിവസം കഴിഞ്ഞ് കൊണ്ടോട്ടിക്ക് എന്നെ കൊണ്ടുപോയി. 18–ാംനു- രാവിലെ ഞാൻ വേറൊരു മാപ്പിളയുടെ പാറാവോടുകൂടി കുളിക്കുവാൻ പോകുമ്പോൾ പട്ടാളക്കാരുടെ സാമാനങ്ങൾ കൊണ്ടുവരുന്ന ചിലരെക്കണ്ട് മാപ്പിള ഓടിയതിനാൽ ഞാൻ അവിടെ നിന്ന് ഓടി രക്ഷപ്പെട്ടു.''

ചെറുവായൂർ ചാലിയപ്രം പ്രദേശത്ത് തെക്കേടത്ത് കോലോത്ത് ചെറൂട്ടി (കോൺഗ്രസ്സാഫീസിൽ കൊടുത്ത മൊഴി):

''എന്റെ വീട്ടിൽ ഞാനും വേറെ 3 പേരും മാത്രമേയുള്ളൂ. തുലാമാസം 9–ാംനു- നന്നെ രാവിലെ സുമാർ 100 പേരോളം മാപ്പിളമാർ എന്റെ വീട്ടിൽ വന്നു. ഇതിന് രണ്ടു ദിവസം മുമ്പ്തന്നെ എന്റെ വീട്ടിലുണ്ടായിരുന്ന ഏററുകത്തിയും കൊടുവാളും മാപ്പിളമാർ വാങ്ങിക്കൊണ്ടു

പോയിരുന്നു. ഇവർ 12 മണിക്ക് എന്നോട് ചുന്നച്ചി പറമ്പിൽ പള്ളിയിൽ പോകുവാൻ ആവശ്യപ്പെട്ടു. ഞാൻ പള്ളിയിലേയ്ക്ക് പോയി. ഞാൻ അവിടെനിന്ന് കുളിച്ചു. അവർ എന്നെ തൊപ്പി ഇടീക്കുകയും ചെയ്തു. അവിടെ വെച്ച് എന്നോടുകൂടി 16 പേരെ തൊപ്പി ഇടുവിച്ചിട്ടുണ്ട്. പിന്നെ കൊന്നാറെ മുഹമ്മദ്കോയതങ്ങളുടെ പാസ്സോടു കൂടി ഞാൻ എന്റെ മകളേയും മരുമകനേയും മതത്തിൽ ചേർക്കാൻ കൂട്ടിക്കൊണ്ടുവരാമെന്നുപറഞ്ഞ് പുറപ്പെട്ടു. അവരെ തിരഞ്ഞ് 17–ാംനു- കോഴിക്കോട്ട് എത്തുകയും ചെയ്തു.''

തങ്ങളുടെ അധികാരാതിർത്തിയിൽനിന്ന് ഹിന്ദുക്കൾക്ക് പുറത്തു പോവണമെങ്കിൽ തങ്ങളുടെ പാസ്സ് കൂടാതെ പാടില്ല. തങ്ങൾ കൊടുത്ത ഒരു പാസ്സിന്റെ പകർപ്പാണ് താഴെ ചേർക്കുന്നത്.

''ഈ പാലപ്പുറ അറമുഖനെ അച്ചാരം വാങ്ങി വിട്ടിരിക്കുന്നു, നാളെ പത്തു മണിവരെ വരുവാനും പോകുവാനും അനുവദിച്ചിരിക്കുന്നു.

കൊന്നാറെ കാസിം മുഹമ്മത്കോയ തങ്ങൾ.''

കരിപ്പത്തില്ലത്തുവെച്ച് മൊയ്തീൻകുട്ടി ഹാജി നടത്തിയിരുന്ന മതംമാററങ്ങളെ പററിയുള്ള വാമൊഴികളുടെ ഒരു ചുരുക്കമാണ് താഴെ ചേർക്കുന്നത്:

കൊളങ്ങരെ കണാരൻ നായർ
(കേരള പത്രിക 26–11–1921)

''ഞാൻ കണ്ണന്തൊടി വീട്ടിലായിരുന്നു. അവിടം കുറെ അധികം മാപ്പിളമാർ വീടു വളഞ്ഞു. അവർ വാതിൽ തുറക്കുവാൻ പറഞ്ഞു. തുറന്നിട്ടില്ലെങ്കിൽ വാതിൽ വെട്ടിപ്പൊളിച്ച് കടക്കുമെന്ന് പറഞ്ഞു. ഞാൻ വാതിൽ തുറന്നു പുറത്തു വന്നു. അപ്പോൾ എന്റെ കൈ പിടിച്ചുകെട്ടി. അവിടെ വെച്ച് എന്നോട് ഒരു മാപ്പിള, 'ദീൻ' വിശ്വസിക്കുന്നുവോ എന്ന് ചോദിച്ചു. വിശ്വസിക്കുന്നില്ല എന്ന് ഞാൻ പറഞ്ഞു. മറെറാരുത്തൻ ''നമ്മുടെ എജമാനന്റെ'' അടുത്ത് കൊണ്ടുപോയി തീർച്ചയാക്കാമെന്ന് പറഞ്ഞു. എന്നെ അരീക്കോട്ട് കൊണ്ടുപോയി. അവിടെ എന്നെ കരിപ്പത്ത് ഇല്ലത്ത് കൊണ്ടുചെന്നു. അറവൻകരക്കാരൻ (പൂക്കോട്ടൂർ) ഒരു മൊയ്തീൻകുട്ടി ഹാജിയാണത്രെ ഇവരുടെ അന്നത്തെ യജമാനൻ. അയാൾ ഉണ്ടായിരുന്നില്ലെങ്കിലും അവിടെ ഉണ്ടായിരുന്ന മാപ്പിളമാർ 'ദീൻ' വിശ്വസിക്കുന്നുവോ എന്ന് ചോദിച്ചു. അപ്പോൾ അതിൽ ഒരുത്തൻ

എന്നെ വെട്ടാൻ പറഞ്ഞു. നിങ്ങളുടെ യജമാനനെ കണ്ട തിന്നു ശേഷം വേണ്ടതുപോലെയാവാമെന്ന് പറഞ്ഞപ്പോൾ അവർ എന്നെ അകത്തേയ്ക്കാക്കി വാതിലടച്ചു. അന്നു രാത്രി മൊയ്തീൻകുട്ടി ഹാജി വന്നു. പിറെറ ദിവസം രാവിലെ എന്നെ വിളിച്ച് ''ദീൻ വിശ്വസിക്കാൻ മനസ്സില്ലേ'' എന്ന് ചോദിക്കുകയും കൂട്ടാക്കിയിട്ടില്ലെങ്കിൽ വെട്ടുമെന്ന് പറ യുകയും ചെയ്തു. മരണഭയത്താൽ ഞാൻ സമ്മതിച്ചു. പിന്നെ മൂന്നു ദിവസം നിർത്തിയതിനുശേഷം എന്നെ കൊന്നാറയ്ക്ക് അയച്ചു. അവിടെവെച്ച് കൊന്നാറെ തങ്ങൾ എനിക്ക് തൊപ്പിയും മുണ്ടും തന്നു. പിന്നെ ചില മാപ്പി ളമാരുടെ കൂടെ എന്നെ ചെറുവായൂർക്കയച്ചു. അവിടെ പട്ടാളം വന്നപ്പോൾ കാവൽക്കാർ ഓടി. ഞാൻ രക്ഷപ്പെട്ട് കോഴിക്കോട്ടേയ്ക്ക് പോന്നു.''

കണ്ണംതൊടിയിൽ ചാത്തുനായർ
(കേരള പത്രിക–19–11–1921)

1921 ഒക്ടോബർ 14–ാംനു- 4നാഴിക പുലരാനുള്ളപ്പോൾ ആ ദേശക്കാരായ 75 മാപ്പിളമാർ എൻെറ വീട് വളഞ്ഞു. എന്നെയും കണാരൻനായർ എന്ന ആളെയും പിടിച്ചുകെട്ടി. ഞങ്ങളെ കരിപ്പത്ത് ഇല്ലത്തേയ്ക്കു കൊണ്ടുപോയി. മൊയ്തീൻ കുട്ടി ഹാജി അവിടെ ഇല്ലായിരുന്നു. ഞങ്ങളെ കരിപ്പത്ത് നമ്പൂതിരിയുടെ ഇല്ലത്ത് ഒരു മുറിയിൽ വെച്ച് ഞങ്ങ ളോട് അവർ ഇസ്‌ലാം മതത്തിൽ ചേരുവാൻ പറഞ്ഞു. ഞാൻ സമ്മതിച്ചില്ല. അപ്പോൾ എന്നെയും കണാരൻനായ രെയും കൊല്ലുവാൻ പറഞ്ഞു. ഞങ്ങളെ ഇല്ലത്തെ കുളത്തി ലേയ്ക്ക് കൊണ്ടുപോയി. പിന്നെ ഞങ്ങൾ മതം മാററുവാൻ സമ്മതിച്ചു. അപ്പോൾ ഞങ്ങളെ ഇല്ലത്തേയ്ക്കുതന്നെ കൊണ്ടു പോയി. ഞങ്ങളുടെ കുടുമ മുറിച്ച് ഒരു തൊപ്പിയും മുണ്ടും തന്നു. 10 ദിവസത്തോളം ഞങ്ങളെ തടവുകാരാക്കി വെച്ചു. ആ സമയത്ത് 45 ഹിന്ദുക്കളെ—നായന്മാരെയും തിയ്യരെയും—കുളത്തിൻെറ വക്കത്ത് കൊണ്ടുപോയി കൊല്ലുന്നത് ജനവാതിലിൽക്കൂടി നോക്കി ഞങ്ങൾ കണ്ടു. മൊയ്തീൻകുട്ടിഹാജിയുടെ കല്പനപ്രകാരം ശവങ്ങൾ കണക്ക ന്മാർ പുഴവക്കത്തേയ്ക്ക് കൊണ്ടുപോകുന്നത് ഞങ്ങൾ കണ്ടു. 10 ദിവസത്തിനു ശേഷം ഞങ്ങളെ ഞങ്ങളുടെ അംശത്തി ലേയ്ക്ക് വിട്ടയച്ചു. അവിടെ വെച്ച് ലഹളത്തലവന്മാരുടെ കല്പനപ്രകാരം ഞങ്ങളുടെ തല ക്ഷൌരം ചെയ്യുകയും സുന്നത്ത് ചെയ്യുകയും ചെയ്തു. എൻെറ മുതലിൽ കുറെ ഭാഗം എനിക്കു തന്നു. ബാക്കി ആയുധക്കത്തികൾ ഉണ്ടാ

ക്കിയിരുന്ന ചിലവിലേയ്ക്കായി എടുത്തു. എന്നെ തടവുകാരനായി കരിപ്പത്തു ഇല്ലത്തു വെച്ച കാലത്ത് വാരിയൻ കുന്നൻ കുഞ്ഞഹമ്മദ് ഹാജിയും ഇരുനൂറ് മാപ്പിളമാരും അവിടെ വന്ന് മൂന്നുനാലു മാസം താമസിച്ചു.''

കൊന്നാറെ തങ്ങളും കാരാടൻ മൊയ്തീൻകുട്ടിഹാജിയും നടത്തിയ അക്രമങ്ങളുടെ മുഴുവൻ വിവരവും കൊടുപ്പാൻ സാധിക്കാത്തതുകൊണ്ടാണ്, അവയുടെ മാതൃകകരം കാണിപ്പാനായി മേൽ പറഞ്ഞവരുടെ വായ്മൊഴികളുടെ ചുരുക്കം ഇവിടെ ചേർത്തത്. ഇവരുടെ അവസാനം ഏതു വിധത്തിലായിരുന്നുവെന്ന് മറെറാരവസരത്തിൽ പ്രസ്താവിക്കുന്നതാണ്.

# തിരൂരങ്ങാടി ഖണ്ഡം

തിരൂരങ്ങാടി, വേങ്ങര, ചേറൂർ, തേഞ്ഞിപ്പലം, കണ്ണമംഗലം, കൊടുവായൂർ, മണ്ണൂർ മുതലായ പ്രദേശങ്ങളിൽ നടന്ന സംഭവങ്ങളാണ് ഈ അദ്ധ്യായത്തിൽ വിവരിക്കുവാൻ ഉദ്ദേശിക്കുന്നത്.

ലഹളയുടെ ആരംഭം തിരൂരങ്ങാടിയിലായിരുന്നുവെങ്കിലും ലഹള ആരംഭിച്ചു ഒന്നുരണ്ടു മാസക്കാലത്തോളം ചില കൊള്ളകളും മററുമല്ലാതെ കഠിനക്രിയകളൊന്നും ലഹളക്കാർ ഇപ്രദേശത്ത് ചെയ്തിരുന്നില്ല. ആലിമുസലിയാരെ പിടിച്ചു പട്ടാളക്കാർ മടങ്ങുമ്പോൾ വേങ്ങര അങ്ങാടിക്കു തീ കൊളുത്തിയതിന്നുശേഷം മാത്രമേ വേങ്ങര മാപ്പിളമാർ ലഹളയിൽ ചേർന്നിട്ടുള്ളൂ. അതിനുശേഷം ഹിന്ദുക്കളുടെ വീടുകൾ പലതും കൊള്ളചെയ്തിരുന്നുവെങ്കിലും കന്നിമാസം പകുതിയാകുന്നതുവരെ വേങ്ങരയിലോ അയൽപ്രദേശങ്ങളിലോ, പറയത്തക്ക തകരാറുകൾ ഒന്നും ഉണ്ടായിരുന്നില്ല. കന്നിമാസം പകുതിയായപ്പോളാണു കുഞ്ഞലവിയും അബ്ദുള്ളക്കുട്ടിയും കണ്ണമംഗലം അംശത്തിൽ പടപ്പറമ്പിൻകാരുടെ വീട്ടിൽ താമസമുറപ്പിച്ചത്. അതിനുശേഷം ഹിന്ദുക്കളെ മാർഗത്തിൽ കൂട്ടുവാനും അതിനു സമ്മതിക്കാത്തവരെ കൊല്ലുവാനും തുടങ്ങി. അബ്ദുള്ളക്കുട്ടി ഒരു വലിയ പോക്കിരിയും പല ശിക്ഷകളിലുംപ്പെട്ട ഒരു വലിയ കേഡിയും ലഹളയുടെ ആരംഭത്തിൽ മഞ്ചേരി ജെയിലിൽനിന്നു രക്ഷപ്പെട്ടവനുമായിരുന്നു. തിരൂരങ്ങാടി ഖണ്ഡത്തിൽവെച്ച് പൈശാചികമായ പല അക്രമങ്ങളും നടത്തിയിട്ടുള്ളതു ഈ അബ്ദുള്ളക്കുട്ടിയാണ്. സംഗതിവശാൽ കുഞ്ഞലവി അബ്ദുള്ളക്കുട്ടിയെകൂടെ തൻെറ കൂട്ടത്തിൽ കൂട്ടിയതിനാൽ അബ്ദുള്ളക്കുട്ടിയുടെ അക്രമങ്ങളിൽ കുഞ്ഞലവി ഭാഗഭാക്കായിത്തീർന്നു. ലവക്കുട്ടി അബ്ദുള്ളക്കുട്ടിയുമായി അത്രതന്നെ യോജിപ്പിലായിരുന്നില്ല.

ആലിമുസലിയാരെ പിടിച്ചതിന്നുശേഷം ഉണ്ടായ സംഭവങ്ങളെപ്പററി ലവക്കുട്ടി ചേരത്തകുഴിയാട്ടിൽ ചെറിയ അഹമ്മദിനോടു പറഞ്ഞ വിവരങ്ങൾ ഇവിടെ ഉദ്ധരിക്കുന്നത് സന്ദർഭോചിതമായിരിക്കും:

''ആലി മുസലിയാർ കീഴൊതുങ്ങിയതിനു ശേഷം ഞാൻ കൊടുവായൂരംശത്തിൽ വന്നു. ഇപ്പോൾ ഇവിടെ താമസമായിട്ട് ഒരു മാസത്തിലധികമായി. ഇവിടങ്ങളിൽ മാപ്പിളമാരിൽനിന്നു ചിലവിന്നു സഹായം ലഭിക്കുന്നുണ്ട്. ഇവിടേയും പട്ടാളക്കാർ വരുമെന്നു ശങ്കിച്ചാണിരിക്കുന്നത്. കുറച്ചുനാളായി കുഞ്ഞലവിയും അബ്ദുള്ളക്കുട്ടിയും കണ്ണമംഗലം അംശത്തിൽ താമസമായതിന്നുശേഷം സാധാരണ ഞാനുമായി കാണാറുണ്ട്. ഞാൻ അവരുടെ കൂട്ടത്തിൽകൂടി നടക്കാറില്ല. കാരണം ഞാനും അബ്ദുള്ളക്കുട്ടിയുമായി ചേരില്ല. ഞാൻ ഇപ്പോഴും ആരെയും ഉപദ്രവിക്കുന്നില്ല. എന്നാൽ കീഴടങ്ങുവാൻ ഒട്ടു ഭാവവുമില്ല. ഒരു പിച്ചാങ്കത്തിയും കൂടി കയ്യിൽ പിടിക്കാത്ത ആലിമുസലിയാരെ തൂക്കിക്കൊല്ലുവാൻ വിധിച്ച അവസ്ഥയ്ക്ക് ഞങ്ങളെ വെറുതെ വിടുന്നതല്ല. ഇസ്‌ലാമീങ്ങളെ ആരേയും വെറുതെ വിടുന്നതല്ലെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ടു പോലീസ്സിനെ സഹായിക്കുന്ന കൂട്ടരെ സ്വയം രക്ഷയ്ക്കുവേണ്ടി കൊന്നു എന്നു വന്നേക്കാം.''

കുറച്ചുകാലത്തോളം യാതൊരു തകരാറും കൂടാതെ അടങ്ങിയിരുന്ന ലഹളത്തലവന്മാർ രണ്ടാമതും ലഹളക്കൊരുങ്ങിയതിന്റെ കാരണത്തെപ്പററി മുമ്പൊരവസരത്തിൽ സൂചിപ്പിച്ചിരുന്നതു ലവക്കുട്ടിയുടെ ഈ സ്റ്റേററുമെൻറുകൊണ്ടു പ്രബലപ്പെടുന്നുണ്ട്.

അബ്ദുള്ളക്കുട്ടിയും കുഞ്ഞലവിയും കണ്ണമംഗലം അംശത്തിൽ താമസമുറപ്പിച്ചതിന്നുശേഷം അടുത്ത പ്രദേശങ്ങളിൽ അവർ ചെയ്തിരുന്ന പ്രവൃത്തിയുടെ സ്വഭാവം താഴെ ചേർത്ത വാങ്മൊഴിയിൽനിന്ന് ഏതാണ്ട് മനസ്സിലാക്കാവുന്നതാണ്:

വേങ്ങര അംശം കുററൂർ ദേശത്തു പറാട കുട്ടൻ.
(കോൺഗ്രസ്സ് ഓഫീസിൽ കൊടുത്ത വാങ്മൊഴി)

''കുഞ്ഞലവിയും അബ്ദുള്ളക്കുട്ടിയും കണ്ണമംഗലം അംശത്തിൽ താമസമാക്കിയതിന്നുശേഷം അവർ ഹിന്ദുക്കളെ മാർഗത്തിൽ കൂട്ടുവാനും കൊല്ലുവാനും തുടങ്ങി. മാർഗത്തിൽ കൂടുന്നില്ല എന്നു പറഞ്ഞവരെയാണ് കൊന്നിരുന്നത്. ഹിന്ദുക്കൾ കന്നിമാസം ഒടു, തുലാമാസം ആദ്യമായി അവിടെനിന്നൊഴിച്ചു. കന്നിമാസം 25—ാംനു-ഞാനും കുടിക്കാരും വീട്ടിൽനിന്നു പോന്നു. വഴിക്കു വേങ്ങര പറമ്പിൽ വെച്ച് രണ്ടു മാപ്പിളമാർ തടുത്തു, വീട്ടിലേയ്ക്കുതന്നെ പോണം എന്നു പറഞ്ഞു. അവരുടെ രണ്ടാളുടെ കയ്യിലും

വാളുണ്ടായിരുന്നു. വീട്ടിലേയ്ക്കു പോകുന്നില്ലെങ്കിൽ ശരിയാക്കിക്കളയുമെന്നു പറഞ്ഞു. അപ്പോാം പേടിച്ചു ഞങ്ങാം വീട്ടിലേയ്ക്കു മടങ്ങി. പിന്നെ ഞങ്ങാക്കു രാത്രി കാവൽ അടുത്ത പുരക്കാരൻ ആയിരുന്നു. ആദ്യം പോകുമ്പോാം മാപ്പിളമാർ വിരോധമാകുവാൻ കാരണം അവരുടെ പേരിൽ ഹരജി കൊടുക്കുമെന്നു ഭയപ്പെട്ടിട്ടായിരുന്നു. വീട്ടിൽ മടങ്ങിവന്ന ശേഷം മാപ്പിളമാർ ഉപദ്രവിച്ചിരുന്നില്ല. തുലാമാസം 20—ാംനു-യോടുകൂടി മാപ്പിളമാർ പറഞ്ഞു: ''നിങ്ങാം കുഞ്ഞലവിയുടേയും മററും അടുക്കൽ പോയി മാർഗത്തിൽ കൂടുന്നതാണ് നല്ലത്. അല്ലെങ്കിൽ കൊന്നുകളയും. അന്യരാജ്യക്കാർ ഏതായാലും വന്നുകൊല്ലും, അതിന്നു മുമ്പ് ഞങ്ങാം തന്നെ കൊന്നുകളയാം, ഞങ്ങാക്ക് അതിന്നു കൂലികിട്ടും'' അതാണ് അവർ പറഞ്ഞത്. അങ്ങനെയാണെങ്കിൽ മതത്തിൽ കൂടിക്കൊള്ളാം എന്നു ഞാൻ പറഞ്ഞു. കൂടുവാൻ ഞങ്ങാക്കാർക്കും മനസ്സുണ്ടായിരുന്നില്ല. കണ്ണിൽനിന്നു കണ്ണീരൊഴുകിയിരുന്നു. അപ്പോാം അവർ പറഞ്ഞു: ''കണ്ണിൽനിന്നു കണ്ണീരൊഴുകുന്നത് കണ്ടാൽ നിങ്ങാം മനസ്സില്ലാതെ വന്നതാണെന്നു കരുതി കൊന്നുകളയും, അതുകൊണ്ട് നല്ലവണ്ണം ഉറപ്പിച്ചുകളയിൻ''. ഞങ്ങാം പിന്നെ കരഞ്ഞില്ല. ഞാനും വീട്ടിലുള്ളവർ ഒമ്പതാളും കൂടി പോയി. പടപ്പറമ്പിൽ ചെന്നപ്പോാം കുഞ്ഞലവിയും അബ്ദുള്ളക്കുട്ടിയും അവിടെയുണ്ട്. കുഞ്ഞലവി ചോദിച്ചു: ''എവിടെയാടാ നിങ്ങാം ഇത്ര കാലവും ഒളിച്ചിരുന്നതു എന്ന്''. അവിടെനിന്നു തങ്ങളെ വിളിച്ചു. അയാളോടു ഞങ്ങാക്കു ഉടുപുടവ തരുവാൻ പറഞ്ഞു. ഇപ്പോാം ഇവിടെ കോടി ഒന്നും ഇല്ലല്ലോ എന്നു തങ്ങാം പറഞ്ഞു. നിങ്ങാക്കു എന്താണ് ഇത്ര വേദന, എവിടെയെങ്കിലും പോയി പണം ഞാൻ കൊണ്ടുവരും എന്ന് കുഞ്ഞലവി പറഞ്ഞു. പോയി കുളിച്ചുവരാൻ ഞങ്ങളോടു പറഞ്ഞു. കുളിച്ചു വന്നതിന്നുശേഷം മുമ്പുള്ള വസ്ത്രങ്ങാം എല്ലാം വാങ്ങി. അവരുടെ വസ്ത്രം തന്നു. അതിന്നുശേഷം മുടി കളയിച്ചു. പിന്നെ അവർ എന്തോ ചൊല്ലിത്തന്നു പേരും ഇട്ടു. ഇനി വീട്ടിൽ പോയ്ക്കോളിൻ എന്നു പറഞ്ഞു. മൊല്ലയെ വിളിച്ച് വൈകുന്നേരം ഓതിക്കളയോണ്ടൂ എന്നു പറഞ്ഞു. ചെത്തു പ്രവൃത്തി എടുക്കാൻ എനി പാടുണ്ടോ എന്നു ചോദിച്ചു. ''കള്ളുകള്ളു ചെത്തരുത്, മരം കയറുന്നതുകൊണ്ടു വിരോധമില്ല'' എന്നു പറഞ്ഞു. അവിടെനിന്ന് എട്ടുദിവസം കഴിഞ്ഞപ്പോാം എന്റെ വീട്ടിനടുത്തുള്ള ഒസ്സാൻ ''ഇവർ പോയ്ക്കളയും,

അതുകൊണ്ട് അവരുടെ മാർക്കക്കല്യാണം കഴിയ്ക്കണം'' എന്നു തങ്ങളോട് പറഞ്ഞു. മാപ്പിളമാർ എല്ലാംകൂടി എൻെറ കുടിയിൽവെച്ചു എൻെറയും എൻെറ അനുജൻെറയും എൻെറ ഏട്ടൻെറ മകൻ അയ്യപ്പൻെറയും മാർക്കക്കല്യാണം കഴിച്ചു. പിന്നെ ഒന്നരയിട്ട് മുറി കെട്ടാൻവരും, മൂന്നു കുറി മാത്രമെ കെട്ടാൻ വന്നുള്ളൂ''. ഏഴ് കെട്ടു കെട്ടേണ്ടതാണ്. വേഗം ഉണങ്ങിയാൽ അവർ ചാടിപ്പോവാനും മതി'' എന്നു പറഞ്ഞിട്ടാണ് ഉണക്കാതിരുന്നത്. പിന്നെ ഞങ്ങളെ ആരും ഉപദ്രവിച്ചിരുന്നില്ല.''

ചേറൂര് ഉണ്ടായ ഒരു സംഭവത്തെപ്പററി നടുത്തൊടിയിൽ കുഞ്ചുപ്പണിക്കർ കോൺഗ്രസ്സാഫീസിൽ കൊടുത്ത ഒരു വായ്മൊഴിയുടെ ഏതാനും ഭാഗവും കൂടി ഇവിടെ ഉദ്ധരിച്ച് ഈ ചരിത്രത്തെ തുടർന്നുകൊള്ളാം.

നടുത്തൊടിയിൽ കുഞ്ചുപ്പണിക്കർ (20–12–21–ന് പറഞ്ഞത്)

''ഞാൻ കന്നി 26–ന് (ഒക്ടോബർ 12–ാംനു) വയംപുറം അംശം അധികാരിയുടെ വീട്ടിൽ താമസിച്ചിരുന്നു. അന്നു രാവിലെ പത്തുമണിക്ക് കുഞ്ഞലവിയും ലവക്കുട്ടിയും ഏകദേശം 300 ആളുകളോടുകൂടി അവിടെ വന്നു. വന്ന ഉടനെ കിഴക്കെ വഴിക്കൽ ഒരു തോക്കുകാരൻ മാപ്പിള കാവലായി പോയി നിന്നു. ബാക്കിയുള്ളവർ കോലായിൽ അതാത് സ്ഥലത്തായി ഇരുന്നു. ഇവരുടെ വരവു കണ്ട് സ്ത്രീകളെല്ലാം പാഞ്ഞൊളിച്ചു. ഞാനും കാറോല കോരു എന്ന ഒരു തിയ്യനും മാത്രമേ അവിടെ നിന്നിട്ടുണ്ടായിരുന്നുള്ളൂ. അധികാരിയും കുടുംബങ്ങളും ഇരുപത് ദിവസം മുമ്പ് പോയിരുന്നു. വയംപുറത്ത് ഒഴികെ ബാക്കി എല്ലാ ദിക്കിലും കവർച്ച കഴിഞ്ഞിരുന്നു, അടുത്ത് നായന്മാർ സകല സാമാനങ്ങളും വയംപുറത്തുകൊണ്ട് സൂക്ഷിച്ചിട്ടുണ്ടായിരുന്നു. മാപ്പിളമാർ വന്ന് ആരും പേടിക്കേണ്ട, പായേണ്ട എന്നു പറഞ്ഞു. ഞാൻ ഉമ്മറത്തേയ്ക്കു ചെന്നു. കുഞ്ഞലവി എന്നെ വിളിച്ച് കുറെ ദൂരംകൊണ്ടു പോയി. മുതലുകൾ എത്രയുണ്ടെന്നും അത് എവിടെ സൂക്ഷിച്ചിരിക്കുന്നുവെന്നും ചോദിച്ചു. കുഞ്ഞലവി ഒരു കാലുറയും ബൂട്ട്സും ഇട്ടിട്ടുണ്ട്. തലയ്ക്ക് സായ്‌വിൻെറ ഒരു തൊപ്പിയാണ്. തോലുകൊണ്ട് ഒരു ബെൽട്ടും മേലിട്ടിട്ടുണ്ട്. അതിന്ന് മരുന്നിടുവാൻ ഒരു തോലുറയുണ്ട്. കയ്യിൽ ഒരു തോക്കുണ്ട്. അരയിൽ ഒരു പിച്ചാങ്കത്തിയുണ്ട്. ലവക്കുട്ടിയുടെ കയ്യിൽ പിച്ചള പിടുത്തമുള്ള ഒരു

വാളുണ്ടായിരുന്നു. ഞാൻ മുതലിൻെറ വിവരം കൊടുത്തു. കയ്യിലുള്ള താക്കോലുകളും എടുക്കുന്നതിന്നു വിരോധമില്ല എന്നു പറഞ്ഞു. എന്നെ ഉപദ്രവിച്ചില്ല. പിന്നെ തിയ്യനെ വിളിച്ചുകൊണ്ടുപോയി. ആ തരം നോക്കി ഞാൻ മടങ്ങി. മൂന്നുനാലാളുകരം എൻെറ പിന്നാലെ മടങ്ങി. എന്നെ കണ്ടില്ല. ഒളിച്ചിരുന്ന സ്ത്രീകളെ കണ്ടുപിടിച്ച് കൊണ്ടു വന്നു. അന്ന് അവരെ ഒന്നും ചെയ്തില്ല. ഞാൻ മടങ്ങി വന്നാൽ വെയ്ക്കാൻ ഒരു ചെമ്പും ചെമ്പുകുടവും ഒരു ചുമടു കൂട്ടാൻ വെയ്ക്കുവാനും ഊരകത്ത് മലയുടെ മുകളിലേയ്ക്ക് കൊണ്ടുവരുവാൻ പറഞ്ഞ് അവർ പോയി. ഞാൻ മടങ്ങി വന്ന് ഇവർ പറഞ്ഞപ്രകാരം ചെയ്യുന്നതിന്നുള്ള ഏർപ്പാടു കരം ചെയ്യുകയായിരുന്നു. അരി അളക്കുന്ന സമയത്ത് അനവധി ആളുകളോടുകൂടി വേറെ ഒരു കൂട്ടം അവിടെ എത്തി. (ഇതു അബ്ദുള്ളക്കുട്ടിയുടെ സംഘമായിരിക്കാനും മതി) വരുന്നതു കണ്ടപ്പോരം ഞങ്ങരം ഓടി. ഓടിയതു ഞാനും നാലു പെണ്ണുങ്ങളും ഒരു എമ്പ്രാന്തിരിയുമായി രുന്നു. നെല്ലു കുത്തുന്ന സ്ത്രീകരംക്ക് പായാൻ സാധി ച്ചില്ല. വന്ന ഉടനെ ഒരു സ്ത്രീയെ വെട്ടി. മൂന്നു വെട്ടു വെട്ടി. പൊലിയേടത്ത് കുമ്മിണിയമ്മയെയാണു വെട്ടി യത്. മടങ്ങിപ്പോകുമ്പോരം വേറൊരു സ്ത്രീയേയും വെട്ടി. അതു പുത്തൻവീട്ടിൽ കാളിയമ്മയായിരുന്നു. പള്ളിയിൽ ഗോപാലൻനായരെ വാതിൽ ചവുട്ടിപ്പൊളിച്ച് പിടിച്ചു വലിച്ചു കൊണ്ടുപോയി വെട്ടി. ഞാൻ കാട്ടിൽ ഒളിച്ചി രുന്നു. വേറേയും ചിലർ കാട്ടിൽ ഒളിച്ചിരുന്നു. സന്ധ്യയ്ക്കു കാടു വന്നു തിരഞ്ഞു. ഞാനൊഴികെ ബാക്കിയുള്ളവരെ തിരഞ്ഞു പിടിച്ചു. ആലിങ്ങൽ അയമ്മതിൻെറ വീട്ടി ലേയ്ക്കു കൊണ്ടുപോയി. പുരുഷന്മാരോടു തൊപ്പിയിടാൻ പറഞ്ഞ പ്രകാരം അവർ സമ്മതിച്ചു. സ്ത്രീകളെ അവിടെ ഇരുത്തി പുരുഷന്മാരെ പുറത്തേയ്ക്കു കൊണ്ടുപോയി. വഴിക്കൽനിന്ന് ശങ്കരപ്പണിക്കരേയും വെളുത്തേടത്തു കൃഷ്ണൻ കുട്ടിയേയും വെട്ടിക്കൊന്നു. പെണ്ണുങ്ങരം ഒക്കെ രാവിലെ കുപ്പായമിടുവാൻ ഏർപ്പെടുത്തി അവിടെ കിടന്നു. രാത്രി പട്ടാളക്കാർ വരുമെന്നു കേട്ടു മാപ്പിളമാർ ഓടി. ആ തരം നോക്കി പെണ്ണുങ്ങരം ഓടി. മലകയറി ഒളകര വഴിയ്ക്കു അരി യല്ലൂർ വന്നു വണ്ടി കയറി കോഴിക്കോട്ട് എത്തി. ഞാനും ആ വഴിക്കു വന്നു അരിയല്ലൂർനിന്നു വണ്ടി കയറി.''

മേൽ ഉദ്ധരിച്ച വാമൊഴികളിൽനിന്നു തിരൂരങ്ങാടി ഖണ്ഡത്തിൽ കന്നിമാസം അവസാനം മുതൽക്കു നടന്നി രുന്ന സംഗതികളുടെ സ്വഭാവം ഏതാണ്ട് നമുക്കു ഗ്രഹിക്കാ

വുന്നതാണ്. ആലിമുസലിയാരെ പിടിച്ചതിന്നുശേഷം വലിയ തകരാറുകളൊന്നും ആ പ്രദേശങ്ങളിൽ ഉണ്ടായിരുന്നില്ല. ലഹളത്തലവന്മാർ കുറച്ചുകാലത്തേയ്ക്കു അടങ്ങിപ്പാർത്തു. എന്നാൽ അറസ്റ്റുകളും പട്ടാളക്കാരിൽനിന്നും പോലീസ്സുകാരിൽനിന്നുമുള്ള ദ്രോഹവും വർദ്ധിച്ചതോടെ മാപ്പിളമാർക്കു രക്ഷയില്ലെന്ന ഭയം അവരിൽ ജനിച്ചു. ഹിന്ദുക്കരം മാപ്പിളമാരുടെ പേരിൽ കൊടുത്തിരുന്ന ഹരജികരം ഈ ഭയത്തെ പ്രബലപ്പെടുത്തി. ഹരജികരം പ്രകാരം അറസ്റ്റുകളും അറസ്റ്റുകരംക്കു വേണ്ടി ഹരജികളും വർദ്ധിച്ചതോടെ മാപ്പിളമാർ രണ്ടാമതും ഇളകി. ഇവയുടെയെല്ലാം ഫലമാണ് ഒക്ടോബർ മുതല്ക്കു ഏറനാട്, വള്ളുവനാട്, കോഴിക്കോട് താലൂക്കുകളിൽ ഉണ്ടായ വമ്പിച്ച ലഹളകരം. കുററം ചെയ്തവരെ അറസ്റ്റു ചെയ്യാതെയും ശിക്ഷിക്കാതെയും ഇരിക്കുന്നത് ഒരു ഗവർമ്മേണ്ടിന്നു നിലനില്പിനും അഭിമാനത്തിന്നും പററിയതാണോ എന്നു ചിലർ ചോദിക്കുമായിരിക്കും. ന്യായമായോ അന്യായമായോ ഒരു രാജ്യക്കാരോ, ഒരു സമുദായക്കാരോ ഏതാണ്ടു മുഴുവൻ ഭാഗവും ഏർപ്പെട്ട ഈ തരം ലഹളകളിൽ പങ്കു കൊണ്ടവരെ മുഴുവൻ ശിക്ഷിക്കുക എന്നതു അസാദ്ധ്യവും ജനങ്ങളോടു അശേഷം പോലും അനുഭാവമുള്ള ഏതൊരു ഗവൺമെൻറും ചെയ്തുവന്നിട്ടില്ലാത്തതും ചെയ്യാൻ പാടില്ലാത്തതും ആണ്. പക്ഷേ, മാപ്പിളമാരെ ഉന്മൂലം നശിപ്പിക്കണമെന്ന് ദൃഢനിശ്ചയം ചെയ്തപോലെ പ്രവർത്തിച്ചിരുന്ന മലബാറിലെ അധികൃതന്മാരുടെ പ്രതിക്രിയാകലുഷമായ ബുദ്ധിയിൽ ഈ തത്വജ്ഞാനമൊന്നും പ്രവേശിച്ചിരുന്നില്ല.

താനൂർ, കൊടശ്ശേരി, തുവ്വൂർ, കൊന്നാറ, മഞ്ഞൂർ മുതലായ സ്ഥലങ്ങളിൽ ലഹളയിലെ രണ്ടാമത്തെ ഘട്ടം ആരംഭിച്ചതുതന്നെ കഠിനക്രിയകളിലാണെങ്കിലും ഫറൂക്കു മുതൽ മോങ്ങം വരെയുള്ള നിരത്തിൻെറ രണ്ടു ഭാഗത്തുമുള്ള സ്ഥലങ്ങളിൽ ഏതാനും ചില സ്ഥലങ്ങളൊഴികെ ശേഷം പ്രദേശങ്ങളിലെ ഹിന്ദുക്കളെ മാപ്പിളമാർ ഒരുവിധം ബന്ധനസ്ഥരാക്കി നിർത്തുകമാത്രമാണ് ചെയ്തത്. ഹിന്ദുക്കരം തീരെ സ്ഥലം വിട്ടുപോകുന്നത് തങ്ങളുടെ രക്ഷയ്ക്കു കുറവാണെന്ന വിശ്വാസം മാപ്പിളമാർക്ക് ഉണ്ടായിരുന്നു. എന്നു മാത്രമല്ല സ്ഥലം വിട്ടുപോയിരുന്ന ഹിന്ദുക്കരം തങ്ങളുടെ മേൽ ഹരജി കൊടുപ്പാനിടയുള്ളതിനാൽ അതിനെ മുടക്കുവാനുള്ള ഉദ്ദേശ്യത്തോടും ഹിന്ദുക്കളെ സ്ഥലം വിട്ടുപോകുവാൻ മാപ്പിളമാർ അനുവദിച്ചിരുന്നില്ല. സാധുക്കളെ ഭീഷണിപ്പെടുത്തിയും ധനികകുടുംബങ്ങളെ തങ്ങരം

കാത്തു രക്ഷിക്കാമെന്നു വാഗ്ദത്തം ചെയ്യും കാവൽസംഘ മേർപ്പെടുത്തിയും അവരവരുടെ സ്ഥലങ്ങളിൽതന്നെ നിർത്തിപ്പോന്നു. മേൽപ്രകാരം കാവൽ ചെയ്യുന്നവർതന്നെ പ്രായേണ ലഹളക്കാരായി പരിണമിക്കാറുള്ള സമ്പ്രദായം അനുഭവംകൊണ്ടു ബോദ്ധ്യപ്പെട്ടിരുന്ന ഹിന്ദുക്കരം ഈ വാഗ്ദാനത്തെയും സഹായത്തേയും അത്ര പ്രമാണമാക്കിയിരുന്നില്ലെങ്കിലും കാവൽക്കാരറിയാതെ പുറത്തുപോവാൻ നിവൃത്തിയില്ലാത്തതിനാൽ ഈ ''സഹായത്തെ'' അവർ സ്വീകരിക്കേണ്ടതായി വന്നു. ലഹള വർദ്ധിച്ചതോടുകൂടി ഹിന്ദുക്കളിൽ പലരും ഒളിച്ചോടി രക്ഷപ്പെട്ടു. ഇങ്ങനെ രക്ഷപ്പെടുന്നതിന്നും മാപ്പിളമാരിൽ ചിലർ അവരെ സഹായിച്ചിരുന്നു. അങ്ങനെ രക്ഷപ്പെടുവാൻ സാധിക്കാതെ അവനവന്റെ ഗൃഹത്തിൽത്തന്നെ തങ്ങളുടെ കാവൽക്കാരെ വിശ്വസിച്ചോ, വിശ്വസിക്കാതെയോ, അധിവസിച്ച ഹിന്ദുകുടുംബങ്ങരംക്കാണ് ലഹളയുടെ രണ്ടാമത്തെ ഘട്ടത്തിൽ ഘോരമായ ആപത്തുകരം നേരിട്ടത്. ഇങ്ങനെയുള്ള കുടുംബങ്ങളിൽ ഒന്നായിരുന്നു നന്നമ്പ്ര അംശത്തിൽ പൂഴിക്കൽ നാരായണൻ നായരുടെ കുടുംബം.

എന്നാൽ പൂഴിക്കൽ ഉണ്ടായ സംഭവത്തിനു മുമ്പ് നടന്ന മററു ചില സംഭവങ്ങളെ കൂടെ വിവരിച്ചതിനു ശേഷം ആ നിർഭാഗ്യസംഭവത്തെ വിവരിക്കാം.

തിരൂരങ്ങാടിയിൽനിന്നു വടക്കോട്ട് രാമനാട്ടുകരയ്ക്കു പോകുന്ന നിരത്തിന്റെ ഇരുവശത്തുമാണ് തേഞ്ഞിപ്പലം അംശം. ഒക്ടോബർ മാസം 10–ാംനു- മുതൽക്കു ഇവിടെ കൊലകരം ആരംഭിച്ചു. അന്നു രാത്രി ആയുധപാണികളായ മുപ്പതോളം ലഹളക്കാർ ചേക്കു, വേലു എന്നീ രണ്ടു തിയ്യസഹോദരങ്ങളുടെ വീട്ടിൽ കയറിച്ചെന്നു രാത്രി അവിടെ കിടപ്പാനനുവാദം ചോദിച്ചു. സ്ത്രീകളോടുകൂടി താമസിച്ചിരുന്ന ചേക്കു അതിനനുവദിച്ചില്ല. ഉടനെ ലഹളക്കാരിലൊരാരം അവന്റെ കഴുത്തിൽ വെട്ടി. അവനെ കൊന്നു. പിന്നെ വേലുവിനെ വെട്ടി. അപ്പോഴേയ്ക്ക് അവരുടെ പെണ്ണങ്ങരം ഓടി രക്ഷപ്പെട്ടു.

ഈ സംഭവത്തിന്നു ശേഷം തേഞ്ഞിപ്പലത്തു പിന്നെയും പല കൊലകളും, കൊള്ളകളും നടന്നു. അവയെ എല്ലാം ഇവിടെ വിവരിക്കാൻ പ്രയാസം.

തേഞ്ഞിപ്പലത്തു ഈ വക അക്രമങ്ങരം നടന്നുകൊണ്ടിരിക്കുന്ന കാലത്ത് തേഞ്ഞിപ്പലത്തിനടുത്തുള്ള മണ്ണൂരിലെ ഹിന്ദുക്കരം മാപ്പിളമാരോട് എതിർത്തുനോക്കുവാൻതന്നെ

തീർച്ചപ്പെടുത്തി. അതിനുവേണ്ട ഒരുക്കങ്ങളും ചെയ്തു. വാളും, വടി മുതലായ ആയുധങ്ങളോടുകൂടി ഒരു കാവൽ സംഘത്തെ ഏർപ്പെടുത്തി. അതിൽ ചിലർ മാപ്പിളമാരെ പോർക്കു വിളിച്ചു. മണ്ണൂർക്കാരായ ചില തിയ്യർ മുക്കത്ത് കടവിന് അടുക്കെയുള്ള ഒരു ചെറിയ പള്ളി പൊളിച്ചു. അതിലുണ്ടായിരുന്ന മതഗ്രന്ഥങ്ങൾ നശിപ്പിച്ചുവെന്നും മററും ഒരു ശ്രുതിയും മാപ്പിളമാരുടെ ഇടയിൽ പരന്നിരുന്നു. കൊന്നാറെ ഉണ്ടായ സംഭവത്തെപ്പററിയായിരിക്കാം ഈ ശ്രുതി ഉണ്ടായത്. കൊന്നാറെ വെച്ചുണ്ടായ സംഭവത്തിൽ മണ്ണൂർക്കാർ തിയ്യർ ഉണ്ടായിരുന്നുവോ ഇല്ലയോ എന്നു തീർച്ച പറയാൻ വയ്യ. എങ്കിലും ഈ സംഗതി പറഞ്ഞിട്ടാണത്രെ അബ്ദുള്ളക്കുട്ടിയും അനവധി മാപ്പിളമാരും കൂടി മണ്ണൂർ ആക്രമിച്ചത് എന്നു ചേരത്തകുഴിയിൽ ചെറിയ അഹമ്മത് കോൺഗ്രസ്സ് ഓഫീസിൽ കൊടുത്ത സ്റ്റേററുമെൻറിൽ പ്രസ്താവിച്ചു കാണുന്നുണ്ട്. ഏതായാലും മാപ്പിളമാർ മണ്ണൂർ ആക്രമിച്ചതിന് അവിടത്തെ ഹിന്ദുക്കൾ തന്നെയാണ് ഏതാണ്ട് ഉത്തരവാദികൾ എന്നാണ് എൻെറ അന്വേഷണത്തിലും അറിഞ്ഞിട്ടുള്ളത്.

മണ്ണൂർ പ്രദേശത്ത് കുറെ ഭേദപ്പെട്ട തറവാടായ കള്ളാടിത്തൊടി, കൂർമ്മന്തറ എന്നീ വീട്ടുകാരുടെ ഉത്സാഹത്തിന്മേലായിരുന്നു മേൽപറഞ്ഞ കാവൽസംഘം ഏർപ്പെടുത്തിയിരുന്നത്. ഇവരുടെ ആയുധങ്ങൾ സൂക്ഷിച്ചിരുന്നത് കള്ളാടിത്തൊടി വീട്ടിലായിരുന്നുവത്രെ. സാധാരണ ലഹളക്കാരുടെ ഉപദ്രവം രാത്രികാലത്തായതിനാൽ രാത്രിയിലെ കാവലും കഴിഞ്ഞ് ആയുധങ്ങൾ ഈ വീട്ടിൽ വെച്ച് രാവിലെ ഓരോരുത്തർ അതാതു ദിക്കിലേയ്ക്കു പോയിരിക്കുന്നു. അപ്പോഴേയ്ക്കാണ് ലഹളക്കാരുടെ വരവ്. അതിനാൽ ഹിന്ദുക്കൾക്ക് ഒത്തുകൂടുവാൻ സാധിച്ചില്ല. ലഹളക്കാർ സുമാർ നാനൂറിൽ കുറവല്ലായിരുന്നു. അവർ കള്ളാടിത്തൊടിയിലും മററും വന്ന് ആയുധങ്ങൾ ഉള്ളതൊക്കെ കൈവശപ്പെടുത്തി. ലഹളക്കാരുടെ തലവൻ ലവക്കുട്ടിയാണെന്നാണ് കേരളപത്രികയിലും, മദ്രാസ് മെയിലിലും പ്രസിദ്ധം ചെയ്ത റിപ്പോർട്ടുകൊണ്ടു കാണുന്നത്. അബ്ദുള്ളക്കുട്ടിയും കൂട്ടത്തിലുണ്ടായിരിക്കാം. ലഹളക്കാർ വന്ന ഉടനെ കുറെ വെടി വെച്ചു. പട്ടാളം വരുന്നുണ്ടെന്ന് പ്രസ്താവം കേട്ടിരുന്നതിനാൽ, അടുത്തുള്ളവർ വന്നിരിക്കുന്നത് പട്ടാളക്കാരാണെന്നു കരുതി സഹായിപ്പാനായി വെടി കേട്ട ദിക്കിലേയ്ക്ക് ചേന്നു. അപ്പോഴേയ്ക്ക് ലഹളക്കാർ കൂട്ട ബാങ്കു കൊടുത്തു. ''വന്നോളിനെടാ, ഒന്നിനേം വെച്ചേ

ക്കില്ല. ജീവനെക്കൊതിയുണ്ടെങ്കിൽ വന്നോളിൻ'' എന്നാണത്രെ ലഹളക്കാർ വിളിച്ചു പറഞ്ഞിരുന്നത്. ലഹളക്കാർ വന്ന വഴിക്ക് നാലഞ്ചു കൂട്ടമായി പിരിഞ്ഞു. ഓരോ കൂട്ടർക്കും ഓരോ പ്രവൃത്തിയായിരുന്നു. ഒരു കൂട്ടർക്കു വെട്ടിക്കൊല്ലൽ, മറെറാരു കൂട്ടർക്കു പുര തീവെച്ചു നശിപ്പിക്കൽ, മൂന്നാമത്തെ കൂട്ടർ കണ്ടതും കിട്ടിയതും കൊള്ള ചെയ്യൽ; ലഹളക്കാർ വളരെയധികം ഉണ്ടായിരുന്നതിനാൽ അധികം ജനങ്ങളെ കൊല്ലുവാനും പുരകാം മിക്കവാറും തീ വെച്ചു നശിപ്പിക്കാനും അവർക്കു സാധിച്ചു. കുട്ടികളെയും പുരുഷന്മാരേയുമാണ് അധികം കൊന്നത്. സ്ത്രീകളെ കൊന്നതായി അറിഞ്ഞിട്ടില്ല. മണ്ണൂരിലെ അക്രമങ്ങാം കഴിഞ്ഞതിനുശേഷം അതിനു തെക്കുള്ള വള്ളിക്കുന്നംശത്തിലേയ്ക്കാണ് പോയത്. അവിടെ നൂറു വീടുകളിലധികം തീവെച്ചു നശിപ്പിച്ചു. അധികാരിയും ജന്മിയുമായ തിരുത്തിക്കളത്തിൽ നമ്പിയുടെ വീട് കത്തിച്ചു ഭസ്മമാക്കി. സ്ത്രീകളും മററുംകൂടി രക്ഷ പ്രാപിച്ച സമയത്ത് പിടിച്ചുനിർത്തി. പുരുഷന്മാരെ വേർതിരിച്ചുനിർത്തിവെട്ടി പുഴയിലിടുകയാണത്രെ ചെയ്തത്. ഈ സംഭവത്തിൽ മരണപ്പെട്ട 40 ഹിന്ദുക്കളുടെ ശവം താൻ സ്വന്തമായി എണ്ണി എന്ന് വിശ്വസ്തനായ ഒരാാം കേരള പത്രികാ പത്രാധിപരോട് പറഞ്ഞതായി ആ പത്രത്തിൽ പ്രസ്താവിച്ചു കാണുന്നുണ്ട്. ആ കൂട്ടത്തിൽ 7 മാസം ഗർഭമുള്ള ഒരു സ്ത്രീയുടെ ശവവും ഉണ്ടായിരുന്നു. സ്ത്രീയുടെ വയററത്ത് വിലങ്ങനെ ഒരു വെട്ടുവെട്ടിയനിമിത്തം വയറുകീറി കുട്ടി പുറത്തായി ചത്തുകിടന്നിരുന്നുവത്രെ.

ഈ ഭയങ്കരസംഭവം നടന്നത് നവമ്പർ മാസം 9—ാംനയാണ്. ഇതോടുകൂടി ആ പ്രദേശങ്ങളിൽ ശേഷിച്ച ഹിന്ദുക്കളെല്ലാം പല ദിക്കിലേയ്ക്കും ഓടി രക്ഷപ്പെട്ടു.

മരണപ്പെട്ടവരുടേയും വേറെ വിധത്തിൽ ആപത്തു നേരിട്ടവരുടെയും എണ്ണംകൊണ്ടും മററും മണ്ണൂരിലെ ലഹള തിരൂരങ്ങാടി ഖണ്ഡത്തിൽ നടന്ന പല ലഹളകളേക്കാളും ഘോരവും ഭയങ്കരവും ആയിരുന്നുവെങ്കിലും ആ ലഹള കഴിഞ്ഞ് നാലഞ്ചു ദിവസത്തിനുള്ളിൽ താനൂരിന് മൂന്നുനാഴിക കിഴക്കുള്ള നന്നമ്പ്ര അംശത്തിൽ പൂഴിക്കൽ എന്ന ഗൃഹത്തിൽ വെച്ചുണ്ടായ സംഭവത്തെപ്പോലെ ഹിന്ദുസമുദായത്തെ ആസകലം വേദനിപ്പിച്ചതും വെറുപ്പിച്ചതുമായ മറെറാരു സംഭവം ലഹളയിൽ ഉണ്ടായിട്ടില്ല. ധനികനും, കുലീനനും, സാത്വികനുമായ പൂഴിക്കൽ നാരായണൻനായർക്കു പററിയ മുതൽ നഷ്ടമോ ആാംനാശമോ ഗൗര

വമേറിയതു തന്നെയായിരുന്നെങ്കിലും ആയവ ലഹളയിൽ നടന്ന മററു പല സംഭവങ്ങളേക്കാൾ കഠിനമായിരുന്നില്ല. എന്നാൽ 18 വയസ്സോളം പ്രായം ചെന്ന് താരുണ്യവും ലാവണ്യവും തികഞ്ഞ് ദാമ്പത്യത്തിലേയ്ക്ക് കാൽവെച്ച് പരിലസിച്ചിരുന്ന നാരായണൻനായരുടെ പ്രിയപുത്രിക്ക് ഈ ലഹളയിൽ വന്നെത്തിയ ആപത്തോർക്കുമ്പോൾ ഏതൊരു കഠിനഹൃദയൻെറയും നെഞ്ച് പൊട്ടാതിരിക്കുകയില്ല. ആ നിർഭാഗ്യ സംഭവത്തെ വിവരിക്കാൻ ഒട്ടും സുഖം തോന്നുന്നില്ല. എങ്കിലും ഈ ചരിത്രത്തിന്ന് അപൂർണ്ണത എന്ന ദോഷം വരാതിരിപ്പാൻ പൂഴിക്കൽ നടന്ന സംഭവത്തെപ്പററി കേരളപത്രികയിൽ ഒരു ലേഖകൻ കൊടുത്ത റിപ്പോർട്ട് ഇവിടെ ഉദ്ധരിക്കാം:

''ലഹളയിൽ അധികമായ മനോവേദന അനുഭവിച്ച ആൾ ആരാണെന്ന് ചോദിച്ചാൽ, അത് പൂഴിക്കൽ നാരായണൻ നായരാണെന്ന് മടികൂടാതെ പറയാവുന്നതാണ്.... ആഗസ്റ്റ് 21—ാംനു-യ്ക്ക് അടുത്ത ദിവസങ്ങളിലുണ്ടായ കവർച്ചയിൽ നാരായണൻനായർക്ക് വലിയ അനർത്ഥങ്ങൾ വന്നിട്ടില്ലായിരുന്നു. അതിനുശേഷം നിഷ്ടർഷയിൽ മാപ്പിളമാർ കാവൽ തുടങ്ങി. ഒരു അബ്ദുള്ളക്കുട്ടിയും ഒരു ചെറുപ്പക്കാരൻ തങ്ങളുമാണ് കാവലിൽ തലവന്മാർ. നവമ്പർ 10—ാംനു-വരെ ഏതാണ്ട് സമാധാനത്തിൽ കഴിഞ്ഞു. അപ്പോഴേയ്ക്ക് ഭയങ്കര വർത്തമാനങ്ങൾ കേട്ടുതുടങ്ങി. അടുത്തുള്ള പല ഹിന്ദുക്കളും ലഹളക്കാരെ പേടിച്ച് വാസസ്ഥലങ്ങൾ വിട്ടുതുടങ്ങുകയും ലഹളക്കാർ അടുത്ത ദിക്കുകളിലെത്തി അക്രമം ചെയ്യുന്നത് അറിവാകയുമുണ്ടായി. നാരായണൻ നായർ നല്ലൊരു ശ്രീമാനാണ്. അദ്ദേഹം കാരണവരായതിൻെറ ശേഷം വീട്ടിൽ ഐശ്വര്യം വളരെ വർദ്ധിച്ചിട്ടുണ്ടായിരുന്നു. ഇപ്പോൾ ഒമ്പതിനായിരത്തോളം പാട്ടം കിട്ടുവാനുള്ള ഭൂമിയും അനവധി നാളികേരം വലിക്കാനുള്ള തോട്ടവും അറുപതിനായിരം രൂപയുടെ എടവാടുകളും വളരെ വിത്ത് കൊടുത്തുവാങ്ങലുമുണ്ട്. പത്തായപ്പുര, നാലുകെട്ട് മുതലായ എടുപ്പുകൾ, മാം, വിശേഷമായി ഫലപുഷ്ടിയുള്ള തൊടികൾ ഇതെല്ലാം ഇട്ടെറിഞ്ഞു പോവാൻ വലിയ മടി നായർക്കുണ്ടായിരുന്നതിൽ ആശ്ചര്യമില്ല. അദ്ദേഹത്തിന്ന് 65 വയസ്സു പ്രായമുണ്ട്. ഒരു നാഴിക അടുത്തുള്ള നല്ലൊരു തറവാട്ടിലാണ് സംബന്ധം. മൂന്നു മക്കൾ ഒരുമിച്ചുണ്ടായിരുന്നു. പൂഴിക്കൽ ലഹളക്കാർ കടന്നത് നവമ്പർ 14—ാംനു- രാത്രിയായിരുന്നു. അതേ സമയത്തു തന്നെയാണ് അവിടെ ഒരു സംബന്ധക്കാ

രനും കൊടിഞ്ഞി അംശം അധികാരിയുമായ വെട്ടിയാം വീട്ടിൽ കുഞ്ഞുണ്ണിനായരുടെ വീട്ടിലും മാപ്പിളമാർ കടന്നത്. കുഞ്ഞുണ്ണിനായരുടെ ജ്യേഷ്ഠൻ ശേഖരൻനായരേയും അനുജൻ കൃഷ്ണൻനായരെയും മാപ്പിളമാർ വെട്ടിയിട്ടതു കണ്ടു കുഞ്ഞുണ്ണിനായർ പൂഴിക്കലെ വർത്തമാനം അറിയാൻ അങ്ങോട്ട് ഒളിച്ചോടി. ശേഖരൻനായർ പിന്നെ തിരൂർ ആസ്പത്രിയിലെ ചികിത്സയിൽ രക്ഷപ്പെട്ടുവെങ്കിലും കൃഷ്ണൻനായർ മരിച്ചുപോവുകയാണുണ്ടായത്. കുഞ്ഞുണ്ണിനായർ പൂഴിക്കൽ തെക്കുഭാഗത്ത് എത്തുമ്പോൾ അവിടെ കഠിനമായ തിരക്കും നിലവിളികളും കേട്ടതിനാൽ അങ്ങോട്ടു കടക്കാൻ സാധിക്കാതെ ഒരു ഫർലോങ്ങ് കിഴക്കോട്ടുപോയി ഒരിടവഴിയിൽ മലർന്നുകിടന്നു. ഒന്നുരണ്ടുമണിക്കൂർ കഴിഞ്ഞ ശേഷം രണ്ടാളുകൾ അരികെക്കൂടി നടക്കുന്നതായി അറിഞ്ഞതിൽ ആദ്യം വല്ലാതെ നടുങ്ങിയെങ്കിലും അതു നാരായണൻനായരും അദ്ദേഹത്തിൻെറ ഇളയമകൻ 14 വയസ്സു പ്രായമുള്ള ഗോപാലനുമാണെന്നു മനസ്സിലാകയാൽ സമാധാനിച്ചു. അതിനുശേഷം അതിനടുത്ത് ഒരു തീയ്യക്കുടിയിൽ കയറി ഒളിച്ചു. രാത്രി കഴിഞ്ഞു പുലർന്നു. ഓരോരോ ദിക്കുകളിൽ നിന്നു വാതിൽ പൊളിയും നിലവിളിയും കേൾക്കുന്നത് വർദ്ധിച്ചുവന്നു. അവിടങ്ങളിൽ പല ദിക്കിലും കൊള്ള ചെയ്തതും കൊലപ്പെടുത്തിയതും അറിവായി. കുഞ്ഞുണ്ണിനായർ ജലപാനം കൂടാതെ പകൽ കഴിഞ്ഞു. 7 മണിയായപ്പോൾ ചപ്പയും ചവറും വലിച്ച് മൂന്നു കെട്ടുകളുണ്ടാക്കി മുണ്ടെല്ലാം മണ്ണിലിട്ടു പുരട്ടി. കൊള്ള ചെയ്ത സാമാനങ്ങൾ കൊണ്ടുപോകുന്നവരുടെ കൂട്ടത്തിൽ നടന്നു, താനൂരിലെത്തി.

നാരായണൻനായരുടെ അഞ്ചു മരുമക്കളെയും വലിയ മകനെയും തലേദിവസം മാപ്പിളമാർ കൊന്നിരുന്നു. പതിനെട്ടോളം പ്രായമുള്ള ചെറിയ മകൾ മാളികയിലായിരുന്നു. തിരക്കുകേട്ട് കോണി ഇറങ്ങി വരുമ്പോൾ തൻെറ ആൾക്കാരെല്ലാം പോയതായി കണ്ടു. അപ്പോൾ കാവൽക്കാരൻ തങ്ങളെ വിളിച്ചു നിലവിളിച്ചു. ''അമ്മുക്കുട്ടി പേടിക്കേണ്ട. ഞമ്മളെ കൂടെ ബരി'' എന്നും പറഞ്ഞു തങ്ങൾ ആ ബാലികയെ അവിടെനിന്ന് രാത്രിയിൽ കൊണ്ടുപോയിട്ടുണ്ട്. പിന്നത്തെ വിവരങ്ങളൊന്നുമില്ല.''

പൂഴിക്കൽ ഈ അക്രമങ്ങളെല്ലാം നടത്തിയത് അവിടെ കാവൽ കാത്തിരുന്ന മാപ്പിളമാരുടെ സഹായത്തോടും ഒത്താശയോടുംകൂടി അബ്ദുള്ളക്കുട്ടിയും സംഘങ്ങളുമായിരുന്നു.

നാരായണൻ നായരുടെ മകളെപ്പററി കുറെ ദിവസത്തേയ്ക്കു യാതൊരു വിവരവുമുണ്ടായിരുന്നില്ല. ഈ സ്ത്രീയെ പിടിച്ചുകൊണ്ടുപോയ കൊടിഞ്ഞി പൂക്കോയ തങ്ങരം ഈ സ്ത്രീയെ ഗൂഢമായി താമസിപ്പിച്ചുവെന്നും പിന്നീട് ലഹളക്കാരെയെല്ലാം ക്ഷണിച്ചുവരുത്തി ഘോഷമായ നിലയ്ക്കു കല്യാണം കഴിച്ചുവെന്നും അക്കാലത്തെ വർത്തമാനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. പിടിച്ചു കൊണ്ടുപോയ പൂക്കോയ തങ്ങളെ ഡിസമ്പർ മാസത്തിൽ പോലീസ്സുകാർ പിടിച്ചു. നാരായണൻ നായരുടെ മകരം തങ്ങളുടെ കൂടെ ഉണ്ടായിരുന്നില്ല. ആ സ്ത്രീ അല്പദിവസം തൻെറ കൂടെ ഉണ്ടായിരുന്നുവെന്നും പിന്നീട് തൻെറ ഒരു മിച്ച് ഉണ്ടായിരുന്ന കൂട്ടുകാർ പിടിച്ചുകൊണ്ടുപോയിയെന്നും സ്ത്രീ ഇപ്പോരം അവരുടെ കൂടെ ഉണ്ടോ ഇല്ലയോ എന്നു തനിക്ക് വിവരമില്ലെന്നുമാണ് പിടിച്ച അവസരത്തിൽ തങ്ങരം പറഞ്ഞത്. തങ്ങളെ ജയിലിൽ വെച്ച് കുറച്ചു കഴിഞ്ഞതിനുശേഷം വളരെ നിർബന്ധിച്ചപ്പോരം നാരായണൻനായരുടെ മകരം തിരൂരങ്ങാടിയിലുണ്ടെന്നു തങ്ങരം പറഞ്ഞു. തിരൂരങ്ങാടിയിൽ ഒരുദിവസം മുഴുവനും തിരഞ്ഞിട്ടു കണ്ടില്ല. അവസാനം ഉമ്മമാരുടെ വസ്ത്രം ധരിച്ച നിലയിൽ തിരൂരങ്ങാടിയിൽവെച്ച് പോലീസ്സുകാർക്ക് കണ്ടുകിട്ടി. പിതാവിൻെറ അടുക്കലേയ്ക്കയച്ചു കൊടുത്തു.

ഈ സംഭവങ്ങരം കഴിഞ്ഞ് രണ്ടാഴ്ചയ്ക്ക് പട്ടാളക്കാർ ഈ സ്ഥലങ്ങളിൽ എത്തി. വേങ്ങര, ചേറൂർ ഈ സ്ഥലങ്ങളിൽ ഉള്ള ലഹളക്കാരുമായി ഏററുമുട്ടി. ഡിസംബർ 1—ാംനു- വേങ്ങര, ചേറൂർ ഈ സ്ഥലങ്ങളിൽ വെച്ച് 36 ലഹളക്കാരെ കൊന്നു. ഡിസംബർ 9—ാംനു- ചേറൂരിൽ ഒരു വീട്ടിലുണ്ടായിരുന്ന ലഹളക്കാരെ വളഞ്ഞു 81 പേരെ കൊന്നു. പട്ടാളത്തിൻെറ വരവോടുകൂടി ലഹളക്കാരുടെ ശക്തി ക്ഷയിച്ചു. നേരിട്ടു ഹാജരാകുന്നവർക്കു ലഘുവായ ശിക്ഷ മാത്രമേ നൽകുകയുള്ളുവെന്നു ഗവർമ്മേണ്ട് പ്രഖ്യാപനം ചെയ്തിരുന്നതിനനുസരിച്ച് അനേകം മാപ്പിളമാർ ഹാജരായിരുന്നതിനാലും ലഹളക്കാർക്കു പിൻബലം കുറഞ്ഞിരുന്നു.

അബ്ദുള്ളക്കുട്ടിയും കുഞ്ഞലവിയും വേറെ നാലഞ്ചാളും കൂടി വലിയോറ അംശത്തിൽ ആലീദ്ഹാജി എന്നൊരാളുടെ പുരയിടത്തിൽ ഒളിഞ്ഞിരിക്കുകയായിരുന്നു. ഈ വിവരം കിട്ടിയ ഉടനെ മിസ്റ്റർ ഫ്രേസർ തൻെറ കീഴിലുള്ള മിലിട്ടറി പോലീസ്സോടുകൂടിച്ചെന്ന് ഒളിച്ചി

രുന്ന വീടിനെ വളഞ്ഞു. ഇവരോടു കീഴടങ്ങുവാൻ പറഞ്ഞു. അവർ കീഴടങ്ങുവാൻ തയ്യാറില്ലെന്നു പറഞ്ഞു വെന്നു മാത്രമല്ല പട്ടാളക്കാരുടെ നേരെ വെടിവെയ്ക്കുകയും ചെയ്തു. പട്ടാളക്കാർ അങ്ങോട്ടും വെടിവെച്ചു. അങ്ങനെ വെടിവെയ്ക്കുന്നതിനിടയിൽ കുഞ്ഞലവി ഒരു മാറ് നീളമുള്ള വാളോടുകൂടിയും, അബ്ദുള്ളക്കുട്ടി ഒരു കൈയിൽ തോക്കും മറെറാരു കയ്യിൽ വാളും ധരിച്ചും വാതിൽ തുറന്നു പുറത്തേയ്ക്കുവന്നു. പുറത്തേയ്ക്കുവന്ന ഉടനെത്തന്നെ അബ്ദുള്ളക്കുട്ടി വെടികൊണ്ട് വീണു. കുഞ്ഞലവിയാകട്ടെ വെടി കൊള്ളാതെ വാളും ധരിച്ച് ഏകദേശം രണ്ടു ഫർല്ലോങ്ങ് ദൂരംവരെ പാഞ്ഞു. പിന്നാലെ മിസ്റ്റർ ഫ്രേസരും ഓടി, കുഞ്ഞലവിയെ വെടിവെച്ചു, ആ വെടി കൊണ്ട് കുഞ്ഞലവിയും വീണ് മരിച്ചുപോയി. കൂട്ടത്തിലുള്ളവരേയും പോലീസ്സ് സൈന്യം വെടിവെച്ചു കൊന്നു. ഈ സംഭവം നടന്നത് ഡിസംബർ 25–ാംനു-യായിരുന്നു. ഏതാണ്ട് ഈ കാലത്തു തന്നെയാണ് ലവക്കുട്ടിയും ആത്മഹത്യ ചെയ്തത്. കുഞ്ഞലവി, അബ്ദുള്ളക്കുട്ടി, ലവക്കുട്ടി ഇവരുടെ മരണത്തോടുകൂടി തിരൂരങ്ങാടി ഖണ്ഡത്തിലുള്ള ലഹള അവസാനിച്ചതായിത്തന്നെ വിചാരിക്കാം.

# കോഴിക്കോട് താലൂക്കിലെ സംഭവങ്ങൾ

ലഹളയുടെ ആരംഭത്തിൽ കോഴിക്കോട് താലൂക്കിന്റെ കിഴക്കൻ പ്രദേശങ്ങളിൽ പലേടത്തും പല കൊള്ളകളും ഒന്നു രണ്ടു കൊലകളും നടന്നിരുന്നുവെങ്കിലും അതിനു ശേഷം ഒക്ടോബർ പകുതിയാകുന്നതുവരെ തകരാറുകൾ അധികമായി ഒന്നും ഉണ്ടായില്ല. ഒക്ടോബർ ആദ്യംമുതല്ക്ക് പല ദിക്കിലും ലഹളകൾ ആരംഭിച്ചതോടുകൂടി അവയുടെ ചിഹ്നങ്ങൾ കോഴിക്കോടു താലൂക്കിലും കണ്ടുതുടങ്ങി. ചിങ്ങമാസത്തിൽ ലഹള ആരംഭിക്കുന്നതിന്നു മുമ്പ് മാപ്പിളമാർ പൂക്കോട്ടൂർ എന്ന സ്ഥലത്ത് അല്ലാതെ ലഹളയ്ക്ക് തക്ക ഒരുക്കങ്ങൾ ചെയ്കയോ ആയുധങ്ങൾ ഉണ്ടാക്കുകയോ ചെയ്തിരുന്നില്ലെന്ന് മുമ്പ് പ്രസ്താവിച്ചത് വായനക്കാർ ഓർക്കുന്നുണ്ടായിരിക്കാം. എന്നാൽ തുലാമാസത്തിൽ ലഹള രണ്ടാമതും തുടങ്ങുന്നതിന്നു മുമ്പായി ലഹളയ്ക്ക് വേണ്ടുന്ന ആയുധങ്ങളും മററും മാപ്പിളമാർ ധൃതിപ്പെട്ടു തയ്യാറാക്കിയിരുന്നുവെന്നും മററു വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്തിരുന്നുവെന്നും പല സ്ഥലങ്ങളിൽനിന്നും തെളിവ് കിട്ടിയിട്ടുണ്ട്. കോഴിക്കോട് താലൂക്കിൽ ഒക്ടോബർ 15–ാംനു- മുതല്ക്കാണ് തകരാറുകൾ വീണ്ടും ആരംഭിച്ചത്. കാരാടൻ മൊയ്തീൻകുട്ടിഹാജി കോഴിക്കോട് താലൂക്കിനു തൊട്ട് ഊർങ്ങാട്ടിരി അംശത്തിൽ എത്തി കൊള്ളകൾ നടത്തിയതും തൃക്കളൂർ ക്ഷേത്രത്തിൽ കയ്യേറിയതും മററും മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിന്നടുത്ത തിയ്യതിക്കുതന്നെയാണ് കോഴിക്കോട് താലൂക്കിൽ പന്നിക്കോടംശത്തിലുള്ള ചെറുവക്കാട് നമ്പൂതിരിയുടെ ഇല്ലത്തിൽ കൊള്ള ഉണ്ടായത്. അതോടുകൂടി മണാശ്ശേരി, മാവൂർ മുതലായ അംശങ്ങളിലും കൊള്ളകൾ നടന്നു. ഒക്ടോബർ അവസാനത്തോടുകൂടി കോഴിക്കോട് കിഴക്കൻ പ്രദേശങ്ങളിലുള്ള ഹിന്ദുക്കൾ കോഴിക്കോട്ടേയ്ക്ക് ഓട്ടമായി. അക്കാലത്താണ് പുത്തൂര് അംശത്തിൽ പുതുമന ഇല്ലത്ത് വെച്ച് അബൂബക്കർ മുസലിയാരുടെ കീഴിൽ ലഹളക്കാർ പല അക്രമങ്ങളും പ്രവർത്തിച്ചത്. അവിടെ നടന്ന സംഭവങ്ങളെപ്പററി പുഴായിക്കാരൻ

പാലക്കണ്ടിയിൽ കോരപ്പൻ എന്ന ആറ കോൺഗ്രസ്സാഫീസിൽ കൊടുത്ത വായ്മൊഴിയാണ് താഴെ ചേർക്കുന്നത്:

''തുലാമാസത്തിൽ ആദ്യത്തിലാണ് ആ പ്രദേശങ്ങളിൽ കൊള്ളകാം ആരംഭിച്ചത്. അല്പ ദിവസങ്ങാം കഴിഞ്ഞപ്പോാം ആ പ്രദേശത്തുള്ള മാപ്പിളമാരും ലഹളയിൽ ചേർന്നു. അബൂബക്കർ മുസലിയാരാണ് ഇവരെ ലഹളയിൽ ചേരാൻ പ്രേരിപ്പിച്ചത്. ഒരു ദിവസം രണ്ടു മാപ്പിളമാർ എന്റെ വീട്ടിൽ വന്നു. എന്നെ പിടിച്ച് എന്റെ കൈ കെട്ടി. അവർ സ്ത്രീകളെ ഒന്നും ഉപദ്രവിച്ചില്ല. എന്നെ പുതുമന ഇല്ലത്തേയ്ക്ക് കൊണ്ടുപോയി. അത് എന്റെ വീട്ടിൽനിന്ന് മൂന്നു നാഴിക ദൂരത്താണ്. അവിടെ നൂറോളം മാപ്പിളമാർ നില്ക്കുന്നുണ്ടായിരുന്നു. അതിൽ അമ്പതോളം ആളുകളുടെ കയ്യിൽ തോക്കും വാളും കുന്തവും ഉണ്ടായിരുന്നു. അമ്പതോളം ഹിന്ദുക്കളെ അവിടെ കൈ കെട്ടി നിർത്തിയതായി കണ്ടു. ആ സ്ഥലത്തേയ്ക്ക് എന്നെയും കൊണ്ടുപോയി. ഇസ്ലാമിൽ ചേരുവാൻ എന്നോട് മുസലിയാർ ആവശ്യപ്പെട്ടു. ഞാൻ അങ്ങനെയാകട്ടെ എന്നു പറഞ്ഞു. സമ്മതിക്കാത്തപക്ഷം എന്നെ കൊല്ലുമെന്ന് എനിക്കറിയാമായിരുന്നു. ''നീ ഇങ്ങനെ സമ്മതിക്കുന്നത് എന്നെ ഭയപ്പെട്ടോ എന്റെ ഭടന്മാരെ ഭയപ്പെട്ടോ ദൈവത്തെ ഭയപ്പെട്ടോ'' എന്ന് വീണ്ടും മുസലിയാർ ചോദിച്ചു. ദൈവത്തെ ഭയപ്പെട്ടിട്ടാണെന്ന് ഞാൻ പറഞ്ഞു. അങ്ങനെ ഞാൻ പറഞ്ഞില്ലെങ്കിൽ അവർ എന്റെ തല വെട്ടി എടുക്കുമായിരുന്നു. പിന്നെ എനിക്കു ഇളനീർ തന്നു വേണ്ടുവോളം കുടിക്കുവാൻ പറഞ്ഞു. ചെറിയോമന എന്നൊരാളെ അപ്പോാം അവിടെ കൊണ്ടുവന്നു. ''ദീൻ'' വിശ്വസിക്കാനൊരുക്കമുണ്ടോ എന്നു ചോദിച്ചു. തനിക്ക് മനസ്സില്ലെന്നയാാം പറഞ്ഞു. അയാളെ കൊല്ലാൻ കല്പന കൊടുത്തു. ആ ഇല്ലപ്പറമ്പിൽ ഒരു സർപ്പക്കാവും അതിനടുത്ത് രണ്ടു കിണറുകളും ഉണ്ടായിരുന്നു. ആ കിണറുകളുടെ അടുക്കെ കൊണ്ടുപോയിട്ടാണ് വെട്ടിയിരുന്നത്. ശവങ്ങാം ആ കിണററിലിട്ടിരുന്നു. 22 ആളെ അന്ന് കൊന്നു കിണററിലിടുന്നത് ഞാൻ കണ്ടു. പിന്നെ എന്റെ വീട്ടിലേയ്ക്കു പോകുവാൻ ഞാൻ സമ്മതം ചോദിച്ചു. എനിക്ക് സമ്മതം തന്നു. അതു പ്രകാരം ഞാൻ വീട്ടിലേയ്ക്കു മടങ്ങി. എനിക്കുടുപ്പാൻ വസ്ത്രം തന്നിരുന്നു. തൊപ്പി തന്നിരുന്നില്ല. പട്ടാളക്കാർ ആ പ്രദേശത്തു വന്നതിനുശേഷം ഞാൻ അവിടെനിന്ന് പോന്നു.''

നവമ്പർ 1–ന് പ്രസിദ്ധം ചെയ്ത ഒരു പ്രസ്സ് കമ്മ്യൂണി ക്കെയിൽ ഇങ്ങിനെ പ്രസ്താവിച്ചിരുന്നു:

കോഴിക്കോടു താലൂക്ക് പുത്തൂരംശത്തിൽ വെച്ച് വളരെ ഹിന്ദുക്കളെ ബലാൽക്കാരമായി ഇസ്ലാമാക്കുന്നു വെന്നും, പുതുമന ഇല്ലത്തുവെച്ചാണ് ഈ പ്രവൃത്തി അധി കമായും ചെയ്യുന്നതെന്നും, കലിമ ചൊല്ലിക്കുന്നതും ക്ഷൌരം കഴിപ്പിക്കുന്നതും താൻ കണ്ടുവെന്നും, സ്ത്രീക ളേയും കുട്ടികളേയും കലിമ ചൊല്ലിച്ച് ഉമ്മമാരുടെ മാതിരി കുപ്പായം ഇടീച്ചിരിക്കുന്നുവെന്നും, ഇതിന്നൊന്നും വഴിപ്പെടാത്തവരെ വെടി വെച്ച് കൊല്ലുന്നു എന്നും ഈ കൂട്ടത്തിൽനിന്ന് ഓടി രക്ഷ പ്രാപിച്ചു വന്നവനായ പിലാ ത്തോട്ടത്തിൽ കേളപ്പൻ പറയുന്നു. ഇതിന്നനുസരിച്ച് തന്നെ പതിനെട്ടു വെട്ടേററു മുറിയേററു ആയുസ്സിൻെറ വലുപ്പത്താൽ രക്ഷപ്പെട്ടവനായ ചാത്തു എന്നാളും പ്രസ്താവി ച്ചിരിക്കുന്നു. ഈ സംഭവങ്ങൾ നടന്നതു ഒക്ടോബർ അവ സാനത്തിലാണ്.''

ഇമ്മാതിരി പല അക്രമങ്ങളും കോഴിക്കോടു താലൂ ക്കിൻെറ കിഴക്കൻ പ്രദേശങ്ങളിൽ ലഹളക്കാർ നടത്തി. താഴക്കോട് അംശത്തിൽ നിന്നു അറുപതോളം ഹിന്ദുക്കൾ നവമ്പർ മാസം ആദ്യത്തിൽ കോഴിക്കോട്ടേയ്ക്കു ഓടിപ്പോ കുന്ന അവസരത്തിൽ ലഹളക്കാർ കണ്ടെത്തുകയും അവർ ഓടി കാട്ടിൽ ഒളിക്കുകയും ചെയ്തുവെങ്കിലും ലഹളക്കാർ അവരെ തേടിപ്പിടിച്ച് 28 പേരെ കൊലപ്പെടുത്തി. ഇവ രിൽ അധികവും സ്ത്രീകളും കുട്ടികളുമായിരുന്നു.

ഈ സംഭവങ്ങൾക്കു ശേഷം പട്ടാളക്കാരും മിലിററി പോലീസ്സുകാരും ഈ പ്രദേശങ്ങളിലേയ്ക്കു വീണ്ടും മാർച്ചു ചെയ്തു.

നീറിലാക്കിൽവെച്ചുണ്ടായ ഒരു യുദ്ധത്തിൽ സുബെ ദാർ അഹമ്മദിൻെറ കീഴിലുള്ള ഒരു സൈന്യം അനേകം ലഹളക്കാരെ കൊന്നു. സ്പെഷൽ പോലീസ്സുകാർ താമര ശ്ശേരി നിന്ന് കൂടത്തായി വഴിക്ക് ചാത്തമംഗലത്തിനു സമീപത്തെത്തുകയും പതിനൊന്നു ലഹളക്കാരെ കൊല്ലു കയും ചെയ്തു. പോലീസ്സുകാരിൽ ഒരാൾ മരിച്ചു. ഒരു ദ്യോഗസ്ഥനും വേറെ രണ്ടാൾക്കും മുറിയും പററി. ഗൂർഖാ പട്ടാളക്കാർ കുന്നമംഗലത്തിന് കിഴക്കോട്ടു ചാത്തമംഗലം വഴി വരുമ്പോൾ എട്ടു ലഹളക്കാരെ കൊല്ലുകയും ഒരു ത്തനെ പിടിക്കുകയും ചെയ്തു. മലയമ്മയിൽവെച്ചു സ്പെഷൽ പോലീസ്സുകാർ 6 ലഹളക്കാരെ കൊന്നു. നവമ്പർ

10–ാംനു- രാവിലെ പത്തു മണിക്ക് മണാശ്ശേരിക്കടുത്തു നീറിലാക്കൽ എന്ന സ്ഥലത്തുവെച്ച് 'ബി' കമ്പനി സ്പെഷൽ പോലീസ്സ് ലഹളക്കാരുമായി ഏററുമുട്ടിയതിൽ അഞ്ചു ലഹളക്കാരെ കൊല്ലുകയും അവരുടെ പക്കൽനിന്ന് ഒമ്പതു വാളും അഞ്ചു തോക്കും പിടിച്ചെടുക്കുകയും ചെയ്തു. ജമേദാർ കുഞ്ഞിരാമൻനായർക്കു വലത്തെക്കാലിന്ന് ഒരു മുറി തട്ടുകയും ഒരു ശിപ്പായിക്കു ഇടത്തെ കാലിന്നും കൈയിന്നും വെടി തട്ടുകയും വേറൊരു ശിപ്പായിക്കു മുറി പററുകയും ചെയ്തു. ഡിസമ്പർ മാസത്തോടുകൂടി കോഴിക്കോടുതാലൂക്കിലെ ലഹളകൾക്ക് ഒരുവിധം ശമനം വന്നു. എങ്കിലും കൊന്നാറെ തങ്ങളും അബൂബക്കർ മുസലിയാരും യോജിച്ചും വെവ്വേറെയായും അവിടവിടങ്ങളിൽ ആക്രമങ്ങൾ നടത്തിയിരുന്നതിനാൽ ലഹള തീരെ സമാധാനമായി എന്നു പറവാൻ തരമില്ലായിരുന്നു.

ലഹളയുടെ ആരംഭത്തിലും രണ്ടാമത്തെ ലഹള ആരംഭിച്ചപ്പോഴും മാപ്പിളമാരിൽനിന്ന് ഹിന്ദുക്കൾക്കു നേരിട്ട സങ്കടങ്ങളുടെ സ്വഭാവം മുൻവിവരിച്ചിട്ടുണ്ടല്ലോ. എന്നാൽ പോലീസ്സുകാരും പട്ടാളക്കാരും ലഹളസ്ഥലങ്ങളിൽ പ്രവേശിച്ചതോടുകൂടെ അവരിൽനിന്നും ഹിന്ദുക്കളിൽനിന്നും മാപ്പിളമാർ അനുഭവിച്ച കഷ്ടതകളും അപകടങ്ങളും അവയിൽനിന്നു ഒട്ടുംതന്നെ കുറഞ്ഞവയല്ലായിരുന്നു. ആ സംഗതികളെപ്പററി പൊതുവായി ഒരദ്ധ്യായത്തിൽ വിസ്തരിക്കേണ്ടതാകകൊണ്ട് ഇവിടെ വിവരിക്കുന്നില്ല.

# ഏറനാട്ടിലെ പടിഞ്ഞാറൻ ഖണ്ഡങ്ങൾ

ഏറനാട്ടിലെ പടിഞ്ഞാറൻ ഖണ്ഡങ്ങളിൽ പ്രധാനമായ തിരൂരങ്ങാടി ഖണ്ഡം, അരീക്കോട് ഖണ്ഡം ഈ സ്ഥലങ്ങളിലെ സംഭവങ്ങളെപ്പററി മുമ്പു വിവരിച്ചിട്ടുണ്ട്. മേപ്പടി ഖണ്ഡങ്ങൾ ഒഴിച്ച് ശേഷമുള്ള പടിഞ്ഞാറൻ ഏറനാടിൻെറ ഭാഗങ്ങളിൽ നടന്ന സംഭവങ്ങളാണ് ഈ അദ്ധ്യായത്തിൽ വിവരിക്കുന്നത്. ഇവയെ കൊണ്ടോട്ടി ഖണ്ഡമെന്നും, കോട്ടക്കൽ ഖണ്ഡമെന്നും, മലപ്പുറം ഖണ്ഡമെന്നും മൂന്നായി വിഭജിക്കാം. ഇവയിൽ കൊണ്ടോട്ടി ഖണ്ഡമെന്നു ഞാൻ ഉദ്ദേശിക്കുന്നത് രാമനാട്ടുകര മുതൽ വേങ്ങര വരെയുള്ള റോഡിന്നു തൊട്ടു ഇരുവശത്തുമുള്ള പ്രദേശങ്ങളെപ്പററിയാണ്. കോട്ടക്കൽ ഖണ്ഡത്തിൽ പൊന്മള മുതൽ തിരൂർ വരെയുള്ള സ്ഥലങ്ങളും മലപ്പുറം ഖണ്ഡത്തിൽ മലപ്പുറത്തിന്നു നാലഞ്ചു നാഴിക ചുററുമുള്ള സ്ഥലങ്ങളും ഉൾപ്പെടുന്നതാണ്.

## കൊണ്ടോട്ടി ഖണ്ഡം

ഖിലാഫത്ത് പ്രസ്ഥാനം ആരംഭിച്ചകാലത്ത് അതിൻെറ ഒരു പ്രധാന കേന്ദ്രമായിരുന്നു കൊണ്ടോട്ടി. കൊണ്ടോട്ടി നഗരത്തിൽ ഹിന്ദുക്കൾ ഇല്ലെന്നു പറയാം. മലബാറിലെ മാപ്പിളമാർ പ്രായേണ 'സുന്നി' വർഗത്തിൽപ്പെട്ടവരാണെങ്കിലും കൊണ്ടോട്ടിയിലുള്ള അധിക മാപ്പിളമാരും 'ഷിയാ' വർഗത്തിൽപ്പെട്ടവരാണ്. ഇവരുടെ ഗുരുവും നായകനുമാണ് കൊണ്ടോട്ടി വലിയ തങ്ങൾ. അദ്ദേഹം വലിയ ഒരു രാജഭക്തനും ഗവർമ്മേണ്ടിൻെറ വിശ്വാസബഹുമാനങ്ങൾക്കു പാത്രമായിട്ടുള്ള ഒരാളും ആണ്. ഖിലാഫത്ത് പ്രസ്ഥാനത്തിൽ അദ്ദേഹം ചേർന്നിരുന്നില്ലെങ്കിലും കൊണ്ടോട്ടിയിലുള്ള മാപ്പിളമാർ ഖിലാഫത്ത് പ്രസ്ഥാനത്തിൽ അതിയായ ഉത്സാഹം പ്രദർശിപ്പിച്ചിരുന്നു. 1920 ഒടുവിൽ അവിടെ വെച്ചു കൂടിയ ഒരു ഖിലാഫത്ത് യോഗത്തിൽ ചുരുങ്ങാതെ പതിനായിരത്തോളം മാപ്പിളമാർ ഹാജരുണ്ടായിരുന്നു. ആ യോഗത്തിൽ അക്രമരാഹിത്യത്തെപ്പററിയും ഹിന്ദു–മുസ്ലിം

മൈത്രിയെപ്പററിയും അനേകം മൌലവിമാർ ഹൃദയാവർജ്ജക മായ പ്രസംഗങ്ങരം ചെയ്തിട്ടുണ്ടായിരുന്നു. അവിടെ സ്ഥാപിച്ച ഖിലാഫത്ത് കമ്മിററിയും ആ കമ്മിററിയിലെ ഉദ്യോഗസ്ഥന്മാരും അക്രമരാഹിത്യത്തെ പരിപാലിക്കുവാൻ സദാ ജാഗരൂകരായിരുന്നുവെന്ന് അനുഭവം കൊണ്ട് എനിക്കു തന്നെ ബോധ്യപ്പെട്ടിട്ടുണ്ട്. കൊണ്ടോട്ടി വലിയ തങ്ങരം ആദ്യം മുതൽക്കുതന്നെ ലഹളക്കാർക്കു വിരോധിയു മായിരുന്നു. ഈ കാരണങ്ങളാൽ കൊണ്ടോട്ടിയിലും അതിന്നു പടിഞ്ഞാറുള്ള പ്രദേശങ്ങളിലും ലഹള അധിക മായി ബാധിച്ചില്ല. കൊണ്ടോട്ടിയിലെ മാപ്പിളമാർ ലഹള യിൽ ചേർന്നിരുന്നതുമില്ല. കൊണ്ടോട്ടിത്തങ്ങളെ ഗവർമ്മേ ണ്ടിന്ന് വിശ്വാസമായിരുന്നതിനാൽ പോലീസ്സുകാരുടേയും പട്ടാളക്കാരുടെയും ഉപദ്രവങ്ങളും കൊണ്ടോട്ടിയിലുണ്ടായി രുന്നില്ല. ആ കാരണങ്ങളാൽ ലഹളയിൽ ചേർന്നവരും ചേരാത്തവരുമായി അന്യപ്രദേശങ്ങളിലെ അനവധി മാപ്പിള മാർ കൊണ്ടോട്ടിയിൽ സങ്കേതം പ്രാപിച്ചിരുന്നു. ഇങ്ങനെ സമാധാനത്തോടുകൂടെ വർത്തിച്ചിരുന്ന കൊണ്ടോട്ടിക്ക് ലഹളക്കാലത്ത് ആകപ്പാടെ നേരിട്ട ഒരാപത്ത് പ്രസിദ്ധനായ ലഹളത്തലവൻ വാരിയൻകുന്നൻ കുഞ്ഞഹമ്മദ്ഹാജിയിൽ നിന്നായിരുന്നു. കുഞ്ഞഹമ്മദ്ഹാജി ഏറനാട്ടിൻെറ കിഴ ക്കൻ പ്രദേശങ്ങളിലാണ് രാജ്യഭാരം ചെയ്തിരുന്നതെന്നു മുൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ലഹളയുടെ ആരംഭത്തിൽ കൊള്ളയ്ക്കും മററും വിരോധിയായിരുന്ന കുഞ്ഞഹമ്മദ്ഹാജി കാലക്ര മേണ മററു ലഹളത്തലവന്മാരെപ്പോലെത്തന്നെ ഏതക്രമം ചെയ്‌വാനും കൂസലില്ലാത്ത തരത്തിലായി പരിണമിച്ചി രുന്നു. എങ്കിലും ഒരു പ്രസിദ്ധ വൈദ്യനും വയോവൃദ്ധനും സാത്വികനുമായ അയ്ത്രുഹാജിയെ കൊലപ്പെടുത്തുന്നതു വരെ കുഞ്ഞഹമ്മദ് ഹാജിക്ക് ലഹളയിൽ വിജയമല്ലാതെ പരാജയമൊന്നും നേരിട്ടിരുന്നില്ല. ആ സംഭവത്തെ മറെറാ രദ്ധ്യായത്തിൽ വിവരിക്കുന്നതാണ്. ഈ കൊല കഴിഞ്ഞ തിന്നു ശേഷമാണ് കുഞ്ഞഹമ്മദ്ഹാജി പടിഞ്ഞാറൻ ഏറ നാട്ടിലേയ്ക്കു കാലെടുത്തു വെച്ചത്. ഷിയാ വർഗത്തിൽ പ്പെട്ട കൊണ്ടോട്ടി തങ്ങരം കുഞ്ഞഹമ്മദ്ഹാജിയുടെ ദൃഷ്ടി യിൽ ഒരു കാഫർ തന്നെയായിരുന്നു. എന്നു മാത്രമല്ല, ഗവർമ്മേണ്ടിൻെറ സേവകനായ തങ്ങളെ ഒരു പാഠം പഠിപ്പി ക്കേണമെന്നും കുഞ്ഞഹമ്മദ് ഹാജിക്ക് ആദ്യം മുതൽക്കു തന്നെ ആഗ്രഹമുണ്ടായിരുന്നു. കൊണ്ടോട്ടി പിടിച്ചടക്കി തങ്ങളെ ശിക്ഷിച്ച് ജയഭേരിയായി കോഴിക്കോട്ടേയ്ക്ക് ഒരു ഘോഷയാത്രയായി പോയി കലക്ടരെയും പട്ടാളത്തെയും

എതിർത്തു തോല്പിച്ച് കോഴിക്കോടു നഗരം കീഴടക്കി, മലബാറിലെ ചക്രവർത്തിയായി വാഴുവാൻ, അതിന്ന് യോഗ്യനാണെന്ന് അനുഭവംകൊണ്ട് ബോദ്ധ്യപ്പെട്ട ഹാജിയാർ ഏതാണ്ട് മനസ്സിൽ തീർച്ചപ്പെടുത്തിയിരുന്നു. വാരിയൻ കുന്നൻ കോഴിക്കോട് ആക്രമിക്കുവാൻ വരുന്നുവെന്ന് ബലമായ പ്രസ്താവം കോഴിക്കോട്ട് ഇടയ്ക്കിടയ്ക്ക് ഉണ്ടായതിന്റെ കാരണം കുഞ്ഞഹമ്മദ്ഹാജി തന്റെ മോഹം രഹസ്യമായി വെയ്ക്കാത്തതിനാലായിരുന്നു.

ഈ ഊഹങ്ങളും മോഹങ്ങളും യഥാർത്ഥമാണെങ്കിലോ, അല്ലെങ്കിലോ, സ്വസ്ഥാനം വിട്ട് അധികദൂരത്തുള്ള കൊണ്ടോട്ടി നഗരത്തെ ആക്രമിക്കാൻ കുഞ്ഞഹമ്മദ്ഹാജി ഒരുങ്ങിയതിൽനിന്നും അദ്ദേഹത്തിന്റെ മനോരാജ്യത്തിൽ അർദ്ധരാജ്യമുണ്ടായിരുന്നില്ലെന്ന് വ്യക്തമാകുന്നുണ്ട്.

അരീക്കോടുനിന്ന് തെക്കോട്ട് കൊണ്ടോട്ടിക്കുള്ള വഴിക്കാണ് കുഞ്ഞഹമ്മദ്ഹാജിയും സംഘവും കൊണ്ടോട്ടിക്കു യാത്ര ചെയ്തത്. ഹാജിയാരുടെ വരവ് രാജോചിതമായ ആഡംബരത്തോടെത്തന്നെയായിരുന്നു. ആലവട്ടവും പച്ചക്കുടയും പിടിച്ച് വെൺചാമരവും വീശി, അകമ്പടിയോടും പരിവാരത്തോടുംകൂടെ സൈന്യസമേതം കൊണ്ടോട്ടിയിലെത്തിയ കുഞ്ഞഹമ്മദ്ഹാജിയെ അനുയോജ്യമായ നിലയിൽ എതിരേല്പാൻ കൊണ്ടോട്ടിക്കാർ ഒരുങ്ങിയില്ല. അത്ര പൊടുന്നനെയും മുന്നറിവു കൂടാതെയുമായിരുന്നു ഹാജിയാരുടെ എഴുന്നള്ളത്ത്. കൊണ്ടോട്ടിയിൽ പ്രവേശിച്ച ഉടനെ തന്റെ അനുചരന്മാർ രണ്ടു സംഘങ്ങളായി പിരിഞ്ഞു. ഒന്ന് പോലീസ്സുസ്റ്റേഷൻ കൊള്ള ചെയ്യുവാനും റജിസ്ത്രാഫീസ് ചുട്ടു നശിപ്പിക്കാനും തുടങ്ങി. ഹാജിയാരുടെ നേതൃത്വത്തിൽ മററെ സംഘം തങ്ങളുടെ വസതിയിലേയ്ക്ക് നേരിട്ടും യാത്രയായി. ഒട്ടും പ്രതീക്ഷിക്കാത്ത ഒരു സമയത്ത് ഈ ആക്രമണത്തെ തടുക്കുവാൻ തങ്ങളുടെ സമീപത്ത് അധികമാരും ഉണ്ടായിരുന്നില്ല. തങ്ങളുടെ പൂർവികന്മാരെ അടക്കം ചെയ്ത ജാറം തങ്ങളുടെ വസതിയോടു തൊട്ടുതന്നെയാണ്. അതിന്നു കുർബ്ബ എന്നും പേരു പറയും. തങ്ങൾക്കു നേരിട്ട ആപത്തിനെ നഗരവാസികളെ അറിയിപ്പാനും ജനങ്ങളെ ഒരുക്കൂട്ടുവാനും ഈ 'കുർബ്ബ'യിൽനിന്ന് ഒരു മൊല്ല 'നകാരം' എന്ന വാദ്യം ഉറക്കെ അടിപ്പാൻ തുടങ്ങി. ഇതിനിടയിൽ തങ്ങളെ കാണണം എന്ന് ഹാജി ആവശ്യപ്പെടുകയും ആയുധം വെച്ചല്ലാതെ തങ്ങൾ ഹാജിയാരെ കാണുന്നതല്ലെന്ന് കാര്യസ്ഥൻ മറുപടി പറയുകയും ചെയ്തിരുന്നു. തങ്ങളെ കാണാ

തെകഴിയില്ലെന്ന് ഹാജിയാർ പിന്നെയും നിർബ്ബന്ധിക്കയും ഭീഷണിപ്പെടുത്തുകയും ചെയ്തപ്പോൾ കാര്യസ്ഥൻ തങ്ങളെ വിളിപ്പാൻ മുകളിലേയ്ക്കു പോയി. ആ അവസരത്തിലാണ് 'നകാരം' മൊല്ല മുറുക്കി അടിപ്പാൻ തുടങ്ങിയത്. ഹാജിയാരുടെ ഒപ്പം പടുകൂററനായ ഒരു കിഴക്കൻ മാപ്പിളയുമുണ്ടായിരുന്നു. മൊല്ലയോട് നകാരം അടി നിർത്തുവാൻ ഹാജിയാർ കല്പിച്ചതിനെ മൊല്ല അനുസരിച്ചില്ല. അപ്പോൾ മൊല്ലയെ ഒരു വെടിക്കു താഴത്തു വീഴ്ത്തി. ആ സമയത്ത് ലോകമാസകലം പൊട്ടിത്തെറിക്കുന്ന നിലയിൽ ഒരു കഠോരശബ്ദം ഹാജിയാരുടെ ചെവിയിൽ കേട്ടു. ഇതു തങ്ങൾ താമസിക്കുന്നതിൻെറ മുകളിൽനിന്നു തങ്ങളോ അനുചരന്മാരോ വെച്ച വെടിയുടെ ശബ്ദമായിരുന്നുവെങ്കിലും ഒരു പുണ്യസ്ഥലത്തെ ആക്രമിച്ച ഒരു മതദ്വേഷിയുടെ ബുദ്ധിയിൽ കുർബ്ബയുടെ അകത്തുനിന്നു പുറപ്പെട്ട ഒരു ഭയങ്കരശബ്ദമായിട്ടാണ് തോന്നിയത്. ഈ ശബ്ദം കേട്ടതോടുകൂടി തൻെറ ദേഹരക്ഷകനായ കരിമല്ലൻ മൃതശരീരനായി നിലത്തു പതിച്ചു. കുഞ്ഞഹമ്മദ്ഹാജി പേടിച്ച് കിടുകിടെ വിറച്ചു. താനും അനുചരന്മാരും കുതിച്ചു വടക്കോട്ട് ഓട്ടമായി. ഭയംകൊണ്ടും പരിഭ്രമംകൊണ്ടും അന്തംവിട്ട് ഹാജിയാരും കൂട്ടരും വഴിക്കുള്ള തോട്ടിൽ വീണു. ദേഹമെല്ലാം മുറിപ്പെട്ടു. കുടയും ആലവട്ടവും പോയി. ചേറും ചളിയും പുരണ്ട് ഒന്നിച്ചോടിയെത്തുവാൻ കഴിഞ്ഞ ഏതാനും അനുചരന്മാരോടുകൂടി ഹാജിയാർ പ്രാണനേയുംകൊണ്ട് കൊണ്ടോട്ടിയിൽനിന്ന് ഒരുവിധം രക്ഷപ്പെട്ടു.

കോഴിക്കോട്ടുനിന്നു മഞ്ചേരിക്കുള്ള നിരത്തിൽ പതിന്നാലാം മൈലിലാണ് പുളിക്കൽ എന്ന പ്രദേശം. ഈ സ്ഥലത്തും അതിന്നു പടിഞ്ഞാറ് രാമനാട്ടുകര മുതലായ സ്ഥലങ്ങളിലും ലഹളയുടെ ഉപദ്രവം തീരെ ഉണ്ടായിട്ടില്ലെന്നുതന്നെ പറയാം. കൊണ്ടോട്ടിയിൽ സ്ഥാപിച്ചിരുന്ന ഖിലാഫത്ത് കമ്മിററിയെപ്പോലെ തന്നെ അക്രമരാഹിത്യം എന്ന തത്വത്തെ നല്ലവണ്ണം മനസ്സിലാക്കിയിരുന്ന ഒടുക്കിൻ വീരാൻകുട്ടി ഹാജി, കോമുക്കുട്ടി മൌലവി മുതലായവരായിരുന്നു ഈ കമ്മിററിയിലെ മെമ്പർമാർ. അവരുടെയും മററും അത്യുത്സാഹത്താലാണ് അന്തിയൂർ കുന്ന്, ചെറുകാവ് മുതലായ സ്ഥലങ്ങളിൽ ഹിന്ദുക്കൾക്ക് മാപ്പിളമാരിൽനിന്നു യാതൊരു ഉപദ്രവവും നേരിടാതിരിപ്പാൻ കാരണം. ലഹള ആ പ്രദേശങ്ങളെ ബാധിക്കാതിരിപ്പാൻ വേണ്ടുന്ന എല്ലാ ഒത്താശകളും അവർ ചെയ്തിരുന്നു. എന്നാൽ

നിരപരാധികളായ ഈ പ്രദേശത്തെ മാപ്പിളമാർക്ക് പട്ടാളക്കാരിൽനിന്നു വലിയ ഉപദ്രവങ്ങളെല്ലാം നേരിട്ടു. അതിനെപ്പററി മറെറാരദ്ധ്യായത്തിൽ വിവരിക്കുന്നതാണ്.

രാമനാട്ടുകര എന്ന സ്ഥലത്ത് ലഹളയുടെ ഉപദ്രവങ്ങൾ വിശേഷിച്ച് ഒന്നും ഉണ്ടായില്ല എന്നു ഞാൻ പറഞ്ഞുവല്ലോ. എന്നാൽ ഒക്ടോബർ മാസം 9—ാംനു- ഫറൂക്കിൽനിന്നു രണ്ടു മൂന്നു നാഴിക കിഴക്കുള്ള ഐക്കരപ്പടി എന്ന സ്ഥലത്ത് പുലർച്ചെ നാലുമണി സമയത്ത് മോങ്ങത്തുനിന്നു വന്ന ചില ലഹളക്കാർ ഒരു ചായഷാപ്പുകാരനെ വിളിച്ചുണർത്തി ചായയ്ക്കു ആവശ്യപ്പെടുകയും അപ്പോൾ ചായ തയ്യാറാക്കിക്കൊടുപ്പാൻ തയ്യാറില്ലെന്നു പറഞ്ഞപ്പോൾ അവനെ വെടിവെച്ചു കൊല്ലുകയും ചെയ്കയുണ്ടായി. ഇതല്ലാതെ ലഹളക്കാർ ആ പ്രദേശത്ത് വേറെ ഉപദ്രവങ്ങളൊന്നും ചെയ്തതുമില്ല.

പുളിക്കൽ എന്ന സ്ഥലത്തിന്ന് പടിഞ്ഞാറെ നിരത്തിൻെറ പാർശ്വസ്ഥലങ്ങളിൽ ലഹളയൊന്നും വിശേഷിച്ച് ഉണ്ടായില്ലെങ്കിലും ആ സ്ഥലത്തിന്നു കിഴക്കോട്ട് മോങ്ങം വരെയുള്ള നിരത്തിൻെറ രണ്ടു ഭാഗത്തും ഉള്ള പല അംശങ്ങളിലും ലഹള ബാധിച്ചിരുന്നു. പക്ഷേ, ഈ ലഹള കാര്യമായി ഒക്ടോബർ മാസം മുതൽക്കാണ് ആരംഭിച്ചത്. കുഞ്ഞഹമ്മദ്ഹാജിയുടെ കൊണ്ടോട്ടി യാത്രയ്ക്ക് അല്പം മുമ്പുതന്നെ ഹിന്ദുക്കൾ ആ പ്രദേശങ്ങൾ വിട്ടുപോകാൻ തുടങ്ങിയിരുന്നു. കീഴിശ്ശേരിക്കാർ മാപ്പിളമാരായിരുന്നു കീഴിശ്ശേരി, കുഴിമണ്ണ, മൊറയൂർ, മുതുവല്ലൂർ, തൃപ്പനച്ചി മുതലായ അംശങ്ങളിൽ ലഹളക്കാർക്ക് ഉത്സാഹികളായി നടന്ന് പ്രവർത്തിച്ചിരുന്നവർ. ആ പ്രദേശങ്ങളിൽ പല കൊള്ളകളും നടത്തി. ഹിന്ദുക്കൾ വീടൊഴിച്ചതോടുകൂടി വീടുകളും വസ്തുക്കളും മാപ്പിളമാർ ഭാഗിച്ചെടുത്തു. ലഹള വർദ്ധിച്ചതോടുകൂടി ഹിന്ദുക്കൾ അന്യദിക്കിലേയ്ക്ക് ഓടി രക്ഷപ്പെട്ടതിനാൽ കൊലകളും മതം മാററങ്ങളും ഈ പ്രദേശങ്ങളിൽ അധികമായി ഉണ്ടായിട്ടില്ല. എങ്കിലും സംഗതിവശാൽ രക്ഷപ്പെടുവാൻ സാധിക്കാത്തവരെ ലഹളക്കാർ ആ നിലയിലും ഉപദ്രവിച്ചിരുന്നു. തൃപ്പനച്ചി അംശത്തിൽ ഒഴിച്ചുപോകാൻ സാധിക്കാത്ത ചില നായർ കുടുംബങ്ങളെ ഈ വിധം മതം മാററുകയും അതിൽ ചില സ്ത്രീകളെ മാപ്പിളമാർ കെട്ടുകയും ഉണ്ടായി.

ഇരുവേററി, കാവനൂർ—ഈ അംശങ്ങളിലും ചില കൊലകളും മതംമാററങ്ങളും ഉണ്ടായി. ഓടിപ്പോകാൻ സാധിക്കാതെ ആ അംശങ്ങളിൽതന്നെ താമസിപ്പാൻ നിർബ്ബ

ന്ധിതരായ ഹിന്ദുക്കാറക്കാണ് ഈ ആപത്തുകറ പിണഞ്ഞത്.

ലഹളക്കാരും പട്ടാളക്കാരും തമ്മിൽ വലിയൊരു യുദ്ധം ഈ ഖണ്ഡത്തിൽ വെച്ചു നടന്നുവെന്ന് പറവാനുള്ളത് ഒക്ടോബർ 27–ാം തീയതി മൊറയൂർ വെച്ചുണ്ടായ യുദ്ധമാണ്. മൊറയൂരിൽ ലഹളക്കാരുണ്ടെന്നറിഞ്ഞ് ഗൂർക്കാപ്പട്ടാളം മൊറയൂർക്ക് മാർച്ച് ചെയ്തു. മൊറയൂരിന്നടുത്തുവെച്ച് ലഹളക്കാർ അവരെ എതിർത്തു. ഗൂർക്കകറ തങ്ങളുടെ 'കുക്രി' എന്ന ആയുധത്തോടുകൂടി ലഹളക്കാരോടു പൊരുതി. ലഹളക്കാരിൽ നാല്പത്തഞ്ചുപേരും ഗൂർക്കളിൽ മൂന്നു പേരും മരണപ്പെട്ടു.

## മലപ്പുറം ഖണ്ഡം

ലഹളയുടെ ആരംഭത്തിൽ ചില കൊള്ളകറ നടന്നതല്ലാതെ പട്ടാളത്തിൻേറയും പോലീസ്സിൻേറയും ആസ്ഥാനമായ മലപ്പുറത്ത് ലഹളയുടെ ഉപദ്രവങ്ങറ പിന്നീട് ഒന്നുമുണ്ടായില്ല. എങ്കിലും മലപ്പുറത്തിന്നടുത്ത പ്രദേശങ്ങളായ പൂക്കോട്ടൂർ, മേൽമുറി, പാപ്പിനിപ്ര മുതലായ സ്ഥലങ്ങറ ലഹളക്കാരുടെ സങ്കേതസ്ഥലങ്ങളായിരുന്നു. പൂക്കോട്ടൂർകാരനായ കാരാടൻ മൊയ്തീൻകുട്ടിഹാജി ആ സ്ഥലംവിട്ട് അരീക്കോട് മുതലായ സ്ഥലങ്ങളിൽ പോയി അവിടെ സ്ഥാനമുറപ്പിച്ചിരുന്നുവെന്ന് മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആദ്യത്തെ ലഹളയിൽ ഏർപ്പെട്ടിരുന്നവരായി വളരെ പേർ ഈ സ്ഥലങ്ങളിൽ ഉണ്ടായിരുന്നുവെന്നല്ലാതെ കഠിനമായ അക്രമങ്ങളൊന്നും അവർ പിന്നീട് നടത്തിയിരുന്നില്ല. എങ്കിലും ലഹളയ്ക്ക് ഏതാണ്ട് കാരണഭൂതന്മാരായ പൂക്കോട്ടൂർകാരും മേൽമുറിക്കാരുമായ മാപ്പിളമാർക്ക് ഒരിക്കലും മറക്കാനാവാത്തതായ ഒരു പാഠം പഠിപ്പിക്കാൻ അധികൃതന്മാർ തീർച്ചപ്പെടുത്തീട്ടുണ്ടായിരുന്നു. അതിന്നവസരം കാത്തുകൊണ്ടിരിക്കുമ്പോറ മേൽമുറി അംശത്തിൽ ലഹളക്കാരുണ്ടെന്ന് ഒരു റിപ്പോർട്ടു കിട്ടി. അതനുസരിച്ച് വെള്ളപ്പട്ടാളം വലിയ തോക്ക്, മെഷീൻഗൺ മുതലായ സാമഗ്രികളോടുകൂടി ആ സ്ഥലത്തേയ്ക്ക് പുറപ്പെട്ടു. ലഹളക്കാർ കാട്ടിലായിരുന്നു. അതിനാൽ അവരുമായി കൂട്ടിമുട്ടിയെന്നും യുദ്ധം ചെയ്തുവെന്നും ഒരു മിലിട്ടറി കമ്മ്യൂണിക്കെകൊണ്ടു കാണുന്നുണ്ടെങ്കിലും അവരുടെ കാര്യമായ യുദ്ധം അപ്രദേശത്ത് വീടുകളിൽ താമസിച്ചിരുന്ന മാപ്പിളമാരുടെ നേരെയായിരുന്നുവെന്നാണ് അന്വേഷണംകൊണ്ട് അറിഞ്ഞിട്ടുള്ളത്. ഒക്ടോബർ 25–ാം തിയ്യതി സ്ഥിതിയെ

പ്പററി ഒരു മിലിററി കമ്യൂണിക്കെ പ്രസിദ്ധം ചെയ്തതിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു:

''മലപ്പുറത്തിന്ന് നാലുനാഴിക വടക്ക് പടിഞ്ഞാറ് ഭാഗത്തു ഒരു വലിയ സംഘം ലഹളക്കാരുണ്ടെന്ന് റിപ്പോർട്ട് കിട്ടിയതനുസരിച്ച് പീരങ്കിത്തോക്കുകളും മററുംകൂടി ഒരു സംഘം പട്ടാളം മേൽമുറിക്കുപോയി. മേൽമുറിക്കു പടിഞ്ഞാറുള്ള കാട്ടിൽവെച്ച് ലഹളക്കാരുമായി കൂട്ടിമുട്ടി. കാട്ടിലും വീടുകളിലുമുള്ള മാപ്പിളമാരോടു കീഴടങ്ങുവാൻ ആവശ്യപ്പെട്ടതനുസരിച്ച് കീഴടങ്ങാത്തതിനാലും ബലമായി എതിർത്തതിനാലും ഇരുനൂററി നാല്പത്താറാളുകൾ കൊല്ലപ്പെട്ടു.''

ബലമായുള്ള ഈ എതിർക്കലിൻെറ ഫലമായി പട്ടാളക്കാരിൽ ആർക്കെങ്കിലും ഒരു മുറിപോലും പററിയതായി കമ്യൂണിക്കെകൊണ്ടു കാണുന്നില്ല. യഥാർത്ഥത്തിൽ യാതൊന്നും പററിയിരുന്നതുമില്ല. അക്കാലങ്ങളിൽ ലഹളയ്ക്ക് ഒരുങ്ങി നടന്നിരുന്ന മാപ്പിളമാർ പകൽ സമയങ്ങളിൽ അവരുടെ വീടുകളിൽ ഒരിക്കലും പാർത്തിരുന്നില്ല. ലഹളയിൽ ചേരാത്തവരും ഒരിക്കൽ ചേർന്നിട്ടുണ്ടായിരുന്നുവെങ്കിൽതന്നെ പിന്നീടു മര്യാദക്കാരായി സമാധാനത്തോടുകൂടി ഇരിക്കണമെന്ന് മോഹമുള്ളവരും മാത്രമായിരുന്നു വീടുകളിൽ താമസിച്ചിരുന്നത്. ലഹളയ്ക്ക് എതിരായ മാപ്പിളമാർ തങ്ങൾക്കു യാതൊന്നും ഭയപ്പെടുവാനില്ല എന്ന വിശ്വാസത്തോടുകൂടി പകൽ സമയത്ത് എങ്ങും തന്നെ വീടുവിട്ടു പോയിരുന്നില്ല. അവരുടെ സങ്കടങ്ങളെല്ലാം രാത്രിയിലായിരുന്നു. പലപ്പോഴും ലഹളക്കാരെ ഭയപ്പെട്ടു രാത്രികാലങ്ങളിൽ അവർ ഒളിച്ചുപാർക്കേണ്ടതായി വന്നിട്ടുണ്ട്. പക്ഷേ, ലഹളയുടെ മദ്ധ്യകാലത്ത് പട്ടാളക്കാർക്കും പോലീസ്സുകാർക്കും മാപ്പിളമാർ രണ്ടുതരക്കാരുണ്ടെന്ന് സംശയംതന്നെ ഉണ്ടായിരുന്നില്ല. എല്ലാമാപ്പിളമാരും ലഹളക്കാർ തന്നെയായിരുന്നുവെന്നാണ് അവരുടെ സങ്കല്പവും വിശ്വാസവും. ലഹളയുടെ ആരംഭത്തിൽ ഉണ്ടായ കൊള്ളകളിലും മററും, കൊള്ളയുണ്ടായ പ്രദേശങ്ങളിലെ മിക്ക മാപ്പിളമാരും ചേർന്നിരുന്നുവെന്നതിന്ന് സംശയമില്ല. പക്ഷേ, ചുരുക്കം ചിലർ അങ്ങനെ ചേരാതേയും ഉണ്ടായിരുന്നു. എന്നാൽ, കുററം ചെയ്തവർ ശിക്ഷയ്ക്കു അർഹരാണെങ്കിൽതന്നെ പട്ടാളക്കാരുടെ ഉണ്ടയ്ക്ക് ഇരയാകത്തക്ക യാതൊരു കുററവും അവർ ചെയ്തിരുന്നില്ല. ഏതു നിലയിലും തങ്ങളോട് എതിർക്കുന്നവരെയോ എതിർക്കാനെത്തിയവരെയോ അല്ലാതെ, വീട്ടിലിരിക്കുന്നവരെ പുറ

ത്തുവലിച്ചിട്ടു വെടിവെച്ചു കൊല്ലുക എന്നതിൽപരം അക്രമവും പൈശാചികവുമായ ഒരു പ്രവൃത്തിയുണ്ടെന്നുതോന്നുന്നില്ല. പക്ഷേ, മേൽമുറിയിലും മററും അന്ന നടന്ന സംഭവങ്ങൾ ഏതാണ്ടങ്ങനെയായിരുന്നു. ആ പ്രദേശത്തുള്ള വീടുകളിൽ കണ്ട ഒരു മാപ്പിളയേയും കൊല്ലാതെ പട്ടാളക്കാർ വിട്ടിട്ടില്ലെന്നാണ് അന്വേഷണത്തിലറിയുന്നത്. അങ്ങനെ മരണപ്പെട്ടവരിലൊരാളായ ഒരു ഹാജിയെ ഞാൻ തന്നെ നേരിട്ടറിയും. 65–70 വയസ്സു പ്രായമായ ഈയാൾ നല്ലൊരു വെടിക്കാരനും അനേകം നരികളെ വെടിവെച്ച് യൂറോപ്യൻ ഉദ്യോഗസ്ഥന്മാരുടെ പ്രത്യേക പ്രീതിക്ക് പാത്രമായ ഒരാളുമായിരുന്നു. ഖിലാഫത്ത് പ്രസ്ഥാനം ആരംഭിച്ച കാലത്ത് അതിന്റെ വിരോധികളിൽ പ്രധാനിയായ ഒരാളായിരുന്ന ഇദ്ദേഹം, ലഹളക്കാരുടെ പരമശത്രുവായ ഇദ്ദേഹം, ലഹള സമാധാനമായപ്പോൾ തനിക്ക് ആരിൽനിന്നും യാതൊന്നും ഭയപ്പെടാനില്ല എന്ന ദൃഢവിശ്വാസത്തോടുകൂടി തന്റെ വീട്ടിൽ സ്വൈരമായി താമസിക്കുകയായിരുന്നു. സായ്പന്മാർക്കു പ്രത്യേകം താല്പര്യപ്പെട്ട ഇദ്ദേഹം പട്ടാളക്കാരുടെ ആൾവേട്ടയെ ഭയപ്പെടാതെ തന്റെ വീട്ടിൽതന്നെ ഇരുന്നു. പക്ഷേ, ഹാജിയാരെ നേരിട്ടറിയുന്ന ആരും പട്ടാളക്കാരുടെ കൂടെ ഉണ്ടായിരുന്നില്ലെന്നും പട്ടാളക്കാർക്ക് മാപ്പിളമാരുടെ ഇടയിൽ നെല്ലും വിത്തും ഭേദമുണ്ടായിരുന്നില്ല എന്നും ഹാജിയാർ ഓർത്തില്ല. അതിന്റെ ഫലം സാധുവും സാത്വികനുമായ ഹാജിയാർ അനുഭവിച്ചു. പല നിരപരാധികളുടെയും കൂട്ടത്തിൽ ഹാജിയാരും പട്ടാളക്കാരുടെ തോക്കിന്നിരയായി.

ഈ സംഭവങ്ങൾക്കു ശേഷം ഒരാഴ്ച കഴിഞ്ഞപ്പോഴാണ് പാപ്പിനിപ്രയിൽ വെച്ച് പട്ടാളക്കാരും ലഹളക്കാരുമായി ഏററുമുട്ടിയത്. അവിടെവെച്ച് ലഹളക്കാരിൽ മുപ്പത്തിമൂന്നുപേരെ പട്ടാളക്കാർ കൊല്ലുകയുണ്ടായി.

ഈ പ്രദേശങ്ങളിൽ പറയത്തക്കതായ ഒരു സംഭവം പിന്നീടുണ്ടായത് 1922 ജനവരി 26–ാം തിയ്യതിയാണ്. പൂക്കോട്ടൂർ ലഹളക്കാരുടെ കൂട്ടത്തിൽ കാരാടൻ മൊയ്തീൻ കുട്ടി ഹാജി കഴിച്ചാൽ പിന്നെ പ്രധാനിയായിരുന്നത് കൊല്ലറമ്പൻ അബ്ദുഹാജിയായിരുന്നു. ചെറുപ്പക്കാരനും ശക്തനുമായ ഹാജിയാരുടെ വീട് മേൽമുറിക്കു സമീപമാണ്. മിസ്റ്റർ കോമൻ മേനോൻ മുതലായവരെ കലിമ ചൊല്ലിക്കാൻ പോയ സംഘത്തിൽ ഹാജിയും ഒരു പ്രധാനിയായിരുന്നു. ഹാജിക്ക് ആദ്യകാലത്തു നല്ല സംഘബലമുണ്ടായിരുന്നു. ലഹള ദീർഘിച്ചതോടുകൂടി ഈ സംഘ

ബലം പോയി. മാപ്പിളമാർ ഹാജരാവുകയും കീഴടങ്ങുകയും ചെയ്തതോടുകൂടി പിൻബലമില്ലാതെ വന്ന ഹാജിയാർക്കു ഭക്ഷണത്തിനുപോലും ബുദ്ധിമുട്ടായി. കീഴടങ്ങിയാലുള്ള ഭവിഷ്യത്ഫലം ഓർത്തു പട്ടാളക്കാരുമായി നേരിട്ടു യുദ്ധം ചെയ്തു മരിക്കാൻ ഹാജിയാർ തീർച്ചപ്പെടുത്തി. മുമ്പുണ്ടായ മാപ്പിളലഹളകളിലെല്ലാം ലഹളക്കാർ ഇങ്ങനെ ''വീരസ്വർഗ്ഗം'' നേടുകയാണ് ചെയ്തിട്ടുള്ളത്. ഈ ലഹളയിൽ മാത്രമേ പ്രധാനികളായ പല ലഹളത്തലവന്മാരും അങ്ങനെ മരിപ്പാൻ ഒരുങ്ങാതെ ആയുധംവെച്ച് കീഴടങ്ങുകയും, മാർഷ്യൽ ലോ പ്രകാരം ശിക്ഷിക്കപ്പെട്ടു കൊല്ലപ്പെടുകയുമുണ്ടായിട്ടുള്ളൂ. വാരിയൻകുന്നൻ കുഞ്ഞഹമ്മദ് ഹാജി, ചെമ്പ്രശ്ശേരി തങ്ങൾ, കാരാടൻ മൊയ്തീൻകുട്ടി ഹാജി മുതലായ തലവന്മാരെല്ലാം ഈ വിധം അപമാനകരമായ നിലയിലാണ് മരണപ്പെട്ടത്. ധീരനും ശൂരനുമായ അബ്ദുഹാജി ഇതിന്ന് തയ്യാറുണ്ടായിരുന്നില്ല. അതിനാൽ ജനവരി 26–ാം തീയതി രാവിലെ അഞ്ച് അനുചരന്മാരോടുകൂടി പൊടിയാട്ട് ക്ഷേത്രം കയ്യേറി തങ്ങൾ യുദ്ധത്തിന്ന് ഒരുങ്ങി നില്ക്കുന്നുവെന്ന് അറിവുകൊടുത്തു. ഉടനെ പട്ടാളം സ്ഥലത്തെത്തി. ലഹളക്കാരോട് ആയുധം വെച്ച് കീഴടങ്ങണമെന്ന് പട്ടാളക്കാർ ആവശ്യപ്പെട്ടു. തങ്ങൾ കീഴടങ്ങാൻ വന്നവരല്ലെന്നും യുദ്ധത്തിന്ന് ഒരുങ്ങി വന്നവരാണെന്നും മറുപടി പറഞ്ഞതോടുകൂടി ലഹളക്കാർ ആദ്യം പട്ടാളത്തെ വെടിവെച്ചു. അപ്പോൾ പട്ടാളം അങ്ങോട്ടും വെടിവെച്ചു. ലഹളക്കാരഞ്ചു പേരും മരിച്ചു. ഇവരുടെ മരണത്തോടുകൂടി പൂക്കോട്ടൂർ, മേൽമുറി മുതലായ സ്ഥലങ്ങളിലുണ്ടായിരുന്ന ശല്യങ്ങളും ജനങ്ങളുടെ ഭയവും തീർന്നു.

## കോട്ടയ്ക്കൽ ഖണ്ഡം

കോട്ടയ്ക്കൽ, ഇന്ത്യന്നൂർ, മററത്തൂർ, ക്ലാരി മുതലായ സ്ഥലങ്ങളിൽ നടന്ന സംഭവങ്ങളാണ് കോട്ടയ്ക്കൽ ഖണ്ഡചരിത്രത്തിൽ വിവരിക്കാനുദ്ദേശിക്കുന്നത്.

ലഹളയുടെ ആരംഭകാലത്തു കോട്ടയ്ക്കലിന്നടുത്തുള്ള അച്ചിപ്ര എന്ന സ്ഥലത്തുള്ള നമ്പൂതിരിമാർ അനുഭവിച്ച കഷ്ടതകളെപ്പററി മുമ്പൊരിക്കൽ വിവരിച്ചിട്ടുണ്ടല്ലോ. ആദ്യഘട്ടം കഴിഞ്ഞതിനുശേഷം കോട്ടയ്ക്കൽ പറയത്തക്ക തകരാറുകളൊന്നും ഉണ്ടായില്ല. എങ്കിലും ലഹളക്കാരെ ഭയപ്പെട്ടുതന്നെ അവിടത്തെ ഹിന്ദുക്കൾ കാലം കഴിച്ചുകൂട്ടി. അങ്ങനെയിരിക്കുമ്പോൾ നവംബർ ആദ്യത്തിൽ ഒരു

ചെറിയ പട്ടാളം അവിടെ സ്ഥാനമുറപ്പിച്ചു. അതിനു ശേഷം ജനങ്ങളുടെ ഭയം നീങ്ങി. കോട്ടയ്ക്കൽ പിന്നെ സമാധാനക്കേടൊന്നും ഉണ്ടായിട്ടില്ല.

പക്ഷേ, കോട്ടയ്ക്കലിന്നു ചുററുമുള്ള അംശക്കാരുടെ അനുഭവം അങ്ങനെയല്ലായിരുന്നു. ഒക്ടോബർ മാസത്തിൽ ലഹള രണ്ടാമതും വർദ്ധിച്ചതോടുകൂടി ഈ അംശത്തിലെ പ്രധാനപ്പെട്ട ഹിന്ദു കുടുംബങ്ങരം സ്ഥലം വിട്ടുപോയിരുന്നു. ആ കൂട്ടത്തിൽ പുത്തൂരംശം ചെറുകുന്നിലുള്ള 'മീററീരി' എന്ന വീട്ടുകാരും ഒരു വെളുത്തേടനേയും ചില തിയ്യരേയും വീട്ടുകാവലിനായി നിർത്തി സ്ഥലം വിട്ടുപോയിരുന്നു. വീടിനു തൊട്ട് കുളപ്പുരയിലായിരുന്നു ഈ കാവൽക്കാരും അവരുടെ കുടുംബങ്ങളും താമസിച്ചിരുന്നത്. നവംബർ 9—ാംനു- ബുധനാഴ്ച രാത്രി ആയുധപാണികളായ കുറേ ലഹളക്കാർ അവിടെ ചെന്നു വെളുത്തേടനെ പിടികൂടി. അവനെ മുററത്തു വെച്ചുതന്നെ കൊന്നു. അവിടെ പാർത്തിരുന്ന പതിമ്മൂന്നു പേരെ ലഹളക്കാർ കൊണ്ടുപോയി. പിറേറന്നു പട്ടാളം സ്ഥലത്തെത്തി. ലഹളക്കാർ കൊണ്ടുപോയ പതിമ്മൂന്നു പേരുടെ ശവങ്ങരം അടുത്തുള്ള തോട്ടിലെ വെള്ളത്തിൽ പൊന്തിക്കിടക്കുന്നതായി കണ്ടു.

മററത്തൂരംശം കള്ളന്മാരും കവർച്ചക്കാരും അധിവസിക്കുന്ന ഒരംശമാണെന്ന് മുമ്പുതന്നെ പ്രസിദ്ധിയുള്ളതാണ്. ലഹള ആരംഭിച്ചതോടുകൂടി ആ പ്രദേശത്തുള്ള മാപ്പിളമാർ അധികംപേരും ലഹളയിൽ ചേർന്നു. അവിടെ ഹിന്ദുക്കരം വളരെ കുറവാണ്. മററത്തൂർക്കാരായ ലഹളക്കാർ അന്യദിക്കുകളിലായിരുന്നു അധികമായും അക്രമങ്ങരം നടത്തിയിരുന്നത്. നവംബർ 12—ാംനു-യോടുകൂടി പട്ടാളക്കാർ മററത്തൂരിനെ ആക്രമിച്ചു. മുപ്പത്തൊമ്പതു ലഹളക്കാരെ അവിടെവെച്ചു കൊല്ലുകയുണ്ടായി.

കോട്ടയ്ക്കൽ നിന്നു രണ്ടു നാഴിക തെക്കുള്ള ഇന്ത്യന്നൂർ എന്ന സ്ഥലത്ത് കിഴക്കെ കോവിലകം വക ഒരു ക്ഷേത്രവും കളവുമുണ്ട്. ലഹള ആരംഭത്തിൽ രണ്ടു പ്രാവശ്യം ഈ കളത്തിൽ കൊള്ളയുണ്ടായി. നവംബർ 13—ാംനു- വീണ്ടും ഈ കളത്തിൽ ലഹളക്കാർ കടന്നു. മച്ചിൽ കുടിവെച്ചിരുന്ന കരിങ്കാളിയെ അശുദ്ധപ്പെടുത്തി. പാത്രങ്ങരം കൊള്ള ചെയ്തു. ക്ഷേത്രത്തിൽ ദാരുകൊണ്ടുണ്ടാക്കിയ ശിവൻെറ വിഗ്രഹം വെട്ടിമുറിച്ചു.

ഇമ്മാതിരിയുള്ള അക്രമങ്ങരം വേറെയും നടന്നതു മുഴുവൻ വിവരിപ്പാൻ സ്ഥലദൗർലഭ്യം അനുവദിക്കുന്നില്ല.

ലഹളക്കാരും പട്ടാളവും തമ്മിൽ കാര്യമായ ഒരു യുദ്ധം ഈ പ്രദേശങ്ങളിൽ വെച്ച് നടന്നുവെന്ന് പറയാവുന്നത്, ഡിസംബർ 11—ാം തിയ്യതി കോട്ടയ്ക്കൽനിന്നു രണ്ടു നാഴിക പടിഞ്ഞാറുള്ള ക്ലാരി അംശത്തിൽ വെച്ചാണ്. കോട്ടയ്ക്കലിനും തിരൂരിനും മദ്ധ്യേയുള്ള റോട്ടിൽ കൂടെ സ്പെഷൽ പോലീസ്സ് മാർച്ച് ചെയ്യുന്ന അവസരത്തിൽ നിരത്തിനടുക്കലുള്ള ഒരു പള്ളിയിൽ ഒളിച്ചിരുന്ന ലഹളക്കാർ പോലീസ്സിൻെറ നേരെ വെടിവെച്ചു. പോലീസ്സുകാർ അധികപേരുണ്ടായിരുന്നില്ല. ബംഗ്ലാശ്ശേരി രാമുണ്ണിമേനോൻെറ മകൻ ജമേദാർ പി. കെ. കുഞ്ഞിരാമമേനോൻ എന്ന യുവാവായിരുന്നു ഈ സൈന്യത്തിൻെറ നായകൻ. ഇദ്ദേഹം ലഹളയാരംഭിച്ചപ്പോൾ തൻെറ മരക്കച്ചവടം ഉപേക്ഷിച്ച് ഒരു വളണ്ടിയറായി പട്ടാളത്തിൽ ചേർന്നതായിരുന്നു. ഓർക്കാതെയാണ് ലഹളക്കാരുമായി ഏററുമുട്ടിയതെങ്കിലും കുഞ്ഞിരാമമേനോൻ വളരെ ധൈര്യത്തോടും ശൂരതയോടുംകൂടി ലഹളക്കാരുമായി യുദ്ധം ചെയ്തു. പോലീസ്സുകാരെ അപേക്ഷിച്ച് ലഹളക്കാർ എത്രയോ അധികം പേരുണ്ടായിരുന്നുവെങ്കിലും അമ്പത്തേഴു ലഹളക്കാരെ അവിടെവെച്ചു കൊല്ലുകയും പതിമൂന്നു പേരെ പിടിക്കുകയും ചെയ്തു. യുദ്ധത്തിന്നിടയിൽ കുഞ്ഞിരാമമേനോന്ന് ആപല്ക്കരമായ ഒരു മുറി തലയ്ക്കു പററി. ആ മുറിയാൽ അദ്ദേഹം മരണപ്പെടുകയും ചെയ്തു. തൻെറ സൈന്യത്തിലെ പോലീസ്സുകാരനും മുറി പററുകയുണ്ടായി. ഡിസംബർ മാസത്തോടുകൂടി ഈ പ്രദേശങ്ങളിൽ ലഹള അവസാനിച്ചു എന്നു പറയാം.

# വാരിയൻകുന്നൻ കുഞ്ഞഹമ്മദ് ഹാജിയുടെ അന്ത്യം

കലാപനാടകത്തിലെ വൻ വേഷക്കാരനായ കുഞ്ഞഹമ്മദ് ഹാജിയുടെ രാജാപാർട്ട് കൊണ്ടോട്ടിയിൽ ഏതാണ്ട് അബദ്ധത്തിൽ കലാശിച്ചുവെങ്കിലും ലഹള അവസാനിക്കുന്നതിന്ന് അല്പം മുമ്പുവരെ ഏറനാട്ടിൽ തന്റെ ഏകഛത്രാധിപത്യത്തിന്ന് വലിയ കോട്ടമൊന്നും തട്ടിയിരുന്നില്ല. ആ പ്രദേശങ്ങളിലെ ലഹളയുടെ ചരിത്രം മിക്കവാറും കുഞ്ഞഹമ്മദ്ഹാജിയുടെ ഒരു ചരിത്രം തന്നെയാകുന്നതുകൊണ്ടാണ് ഈ അദ്ധ്യായത്തിന്ന് നായകനെ അപേക്ഷിച്ചു നാമകരണം (അഭിധാനം) ചെയ്യാനിടയായത്. പോർക്കളത്തിലിറങ്ങി വിളയാടിയ ലഹളത്തലവന്മാരിൽ കുഞ്ഞഹമ്മദാജി എല്ലാംകൊണ്ടും അദ്വിതീയനായിരുന്നു. തന്റെ അഭിപ്രായപ്രകാരമുള്ള രാജനീതി അയാൾ ലഹളയുടെ ആരംഭം മുതൽ അവസാനംവരെ നടത്തി. അക്കാര്യത്തിൽ അയാൾക്കു ഹിന്ദുവെന്നും മുഹമ്മദീയനെന്നും യാതൊരു ഭേദവുമുണ്ടായിരുന്നില്ല. കൊന്നാറെ തങ്ങളുടെ മാതിരി അയാളുടെ യുദ്ധം ഹിന്ദുക്കളോട് ആയിരുന്നില്ല. തന്റെ ശത്രു ആദ്യം മുതൽ അവസാനം വരെ ഗവർമ്മേണ്ടും ഗവർമ്മേണ്ടിനെ സഹായിക്കുന്നവരും തന്നെയായിരുന്നു. ലഹളയുടെ ആരംഭത്തിൽ ഗവർമ്മേണ്ടിനെ സഹായിപ്പാൻ ആർക്കും അവസരം ലഭിച്ചിട്ടില്ലാതിരുന്നതിനാൽ അന്നു പോലീസ്സും പട്ടാളവുമായിരുന്നു തന്റെ യുദ്ധസന്നാഹങ്ങൾക്കു ലക്ഷ്യമായിരുന്നത്. അക്രമം പ്രവർത്തിക്കുന്നവരെ ശിക്ഷിക്കുന്നതുകൂടെ തന്റെ കടമകളിൽ ഒന്നായി സ്വീകരിച്ചതിനാൽ കൊള്ളയിലേർപ്പെട്ടിരുന്ന മാപ്പിളമാരെയും തരംകിട്ടിയ അവസരത്തിൽ അയാൾ ശിക്ഷിച്ചുവന്നു. നിർബന്ധിച്ചു മതം മാററുന്ന കാര്യത്തിൽ കുഞ്ഞഹമ്മദ്ഹാജി ഏർപ്പെട്ടിരുന്നതായി അറിയുന്നില്ല. എങ്കിലും മൂന്നോ നാലോ ദിവസം ഊർങ്ങാട്ടിരിയിൽ കരിപ്പത്ത് ഇല്ലത്ത് താമസിച്ചതായും അവിടെവെച്ച് ചില ഹിന്ദുക്കളെ മതം മാററിയ അവസരത്തിൽ അയാൾ സ്ഥലത്തുണ്ടായിരുന്നതായും, മതം മാററപ്പെട്ടവരിൽ ചിലർ കോൺഗ്രസ്സ് ആപ്പീസിൽ സ്റ്റേററുമെൻറ് തന്നി

ട്ടുണ്ടെങ്കിലും ആ മതമാററങ്ങൾ ആ ഇല്ലത്തുവെച്ചു കാരാടൻ മൊയ്തീൻകുട്ടിഹാജിയുടെ ആഭിമുഖ്യത്തിൽ സാധാരണ നടന്നിരുന്ന പ്രകാരമല്ലാതെ കുഞ്ഞഹമ്മദ്ഹാജി ആരംഭിച്ചതോ നടത്തിയതോ ആയി വിചാരിപ്പാൻ തരമില്ല. എന്നു മാത്രമല്ല സമ്മതമില്ലാത്തവരെ മതത്തിൽ ചേർക്കരുതെന്നുംകൂടി അയാൾ നിഷ്കർഷിച്ചിരുന്നുവത്രെ. തുവ്വൂരിലെ കൂട്ടക്കൊലയിൽ കുഞ്ഞഹമ്മദ്ഹാജിക്കും ഒരു പങ്കുണ്ടായിരുന്നുവെന്നു ഞാൻ കേട്ടിട്ടുണ്ട്. അതു നേരാണെങ്കിൽത്തന്നെ തൻെറ ശത്രുക്കളോടും ശത്രുക്കളെന്നു വിശ്വസിച്ചിരുന്നവരോടും എന്തു കഠിനക്രിയയും ചെയ്യുവാൻ താൻ ഒരുക്കമായിരുന്നുവെന്നല്ലാതെ തുവ്വൂരിലെ കൊലകൾ ഹിന്ദുക്കളോടു പ്രത്യേകിച്ചുള്ള വൈരത്തിൻെറ ദൃഷ്ടാന്തമായിരുന്നുവെന്നു പറയുവാൻ തരമില്ല. ഖാൻ ബഹദൂർ ചേക്കുട്ടിയെ കൊന്നതും അയ്തുഹാജിയെ വെടി വെച്ചതും കൊണ്ടോട്ടി തങ്ങളോട് എതിർത്തതും മററും ഗവർമ്മേണ്ടുപക്ഷക്കാരോടുള്ള ശത്രുത്വത്തിൻെറ പ്രദർശനമായിട്ടേ കരുതുവാൻ തരമുള്ളൂ.

പഠിപ്പോ ആയുധമോ വലുതായ ലോകപരിചയമോ ഇല്ലാത്ത ഹാജിയാർ അക്രമമാർഗത്തിൽകൂടി ബ്രിട്ടീഷ് ഗവർമ്മേണ്ടിനെ പരാജയപ്പെടുത്താമെന്നു വിശ്വസിച്ചിരുന്നുവെങ്കിൽ അതു മൂഢത്വമായിരുന്നുവെങ്കിലും അക്രമരാഹിത്യത്തിൽ വിശ്വാസമില്ലാത്തവരും അതു നടപ്പിൽകൊണ്ടുവരുവാൻ സാധിക്കാത്തവരും ആയ കുഞ്ഞഹമ്മദ്ഹാജിയെപ്പോലുള്ളവർ തങ്ങളുടെ മതത്തിന്നുവേണ്ടിയും രക്ഷയ്ക്കുവേണ്ടിയും യുദ്ധം ചെയ്യുവാൻ പുറപ്പെട്ടത് നിന്ദ്യമാണെന്നു പറവാൻ ഒരിക്കലും തരമില്ല. തൻെറ വിശ്വാസത്തിന്നും അഭിപ്രായത്തിന്നും അനുസരിച്ചു പ്രവർത്തിക്കുന്നതിൽ മരണത്തെ വരിപ്പാൻ തയ്യാറുള്ള ആളെ, ആ അഭിപ്രായവും വിശ്വാസവും എത്രതന്നെ തെററായിരുന്നാലും ലോകം ഇതുവരെ ബഹുമാനിക്കുകയും ശ്ലാഘിക്കുകയും മാത്രമേ ചെയ്തിട്ടുള്ളൂ. ലഹളയുടെ അനന്തരഫലമായി, ലഹളയിൽ ഏർപ്പെട്ടവർ ചെയ്ത നല്ലകാര്യങ്ങളെപ്പററിപ്പോലും പ്രസ്താവിക്കാൻ മലബാറിലെ ജനങ്ങൾക്കു ഇതുവരെ ധൈര്യം വന്നിട്ടില്ല. (അവർ അനുഭവിച്ച കഷ്ടതകളോർക്കുമ്പോൾ ആ ധൈര്യക്ഷയത്തെപ്പററി അതിശയിപ്പാനും വഴിയില്ല.) അങ്ങനെയിരിക്കെ ഈ വലിയ കലാപത്തിൽ പല ഭയങ്കര കൃത്യങ്ങളും നടത്തിയ കുഞ്ഞഹമ്മദ്ഹാജിയുടെ പ്രവൃത്തിപഥം പിഴച്ചിരുന്നുവെങ്കിലും അയാൾ സാധാരണക്കാരിൽ എത്രയോ ഉപരിയുള്ള ഒരു ദേശാഭിമാനിയും മതാഭിമാ

നിയുമായിരുന്നുവെന്ന് പറയുന്നത് തല്ക്കാലം പലർക്കും നിന്ദ്യമായി തോന്നിയാലും പരമാർത്ഥമാണെന്ന് കാലാന്തരേണ ജനങ്ങൾക്ക് ബോദ്ധ്യപ്പെടും. ഈ മുഖവുരയോടുകൂടി കുഞ്ഞഹമ്മദ്ഹാജിയുടെ ചരിത്രത്തെത്തന്നെ നമുക്കു തുടരുക.

ലഹളയുടെ ആദ്യത്തെ ഘട്ടം കഴിഞ്ഞ് കുറച്ചുകാലത്തേയ്ക്ക് കുഞ്ഞഹമ്മദ്ഹാജിയുടെ തലസ്ഥാനം നിലമ്പൂരായിരുന്നുവെങ്കിലും സപ്തമ്പർ അവസാനത്തോടുകൂടി നിലമ്പൂരിൽ പട്ടാളം സ്ഥിരമായി സ്ഥാനമുറപ്പിച്ചതോടുകൂടി ഹാജിയാർ നിലമ്പൂർ വിട്ടു. പിന്നെ കുറച്ചുദിവസത്തേയ്ക്ക് ഹാജിയാർ പട്ടാളമായി കൂട്ടിമുട്ടാതിരിപ്പാൻ ഉൾനാടുകളിൽ സഞ്ചരിച്ചു. തൻെറ അധീനത്തിലുള്ള കിഴക്കൻ ഏറനാടിനെ പല ഭാഗങ്ങളാക്കി തൻെറ കീഴിലുള്ള ചില പ്രധാനികളെ ഏല്പിച്ചു. നിലമ്പൂർ പുഴയുടെ വടക്കുഭാഗമുള്ള സ്ഥലങ്ങൾ തൻെറ അനുജൻ മൊയ്തുഹാജിയേയും ചുങ്കത്തറയും ചുററുമുള്ള സ്ഥലങ്ങളും കുഞ്ഞനിയനെയും എടക്കരയും മററും ചക്കുമ്പുറത്ത് ആലിക്കുട്ടിയേയും എടക്കര മുതൽ കൂട്ടുപാറ വരെയുള്ള സ്ഥലങ്ങൾ ഉണ്ണിത്തറിയെയുമാണ് ഏല്പിച്ചത്. കാളികാവു തുടങ്ങിയ സ്ഥലങ്ങൾ തൻെറ അധീനത്തിൽ തന്നെ നിർത്തി. ഇങ്ങനെയുള്ള ഏർപ്പാടുകളെല്ലാം ചെയ്തശേഷം ഹാജിയാർ പാണ്ടിക്കാട്, എളങ്കൂർ, ചാത്തങ്ങോട്ടുപുറം മുതലായ സ്ഥലങ്ങളിൽ സഞ്ചരിച്ചു. അതിനിടയിൽ തൻെറ സ്വദേശമായ നെല്ലിക്കുത്തു പോയി. നെല്ലിക്കുത്തുപാലം പൊളിച്ചു. ഉൾനാടുകളിൽ സഞ്ചരിക്കുന്ന കാലത്ത് കൊള്ള ചെയ്തവരേയും പട്ടാളത്തിനെ സഹായിച്ചവരേയും ശിക്ഷിക്കുകയായിരുന്നു തൻെറ പ്രധാനമായ പ്രവൃത്തി.

കൊള്ളക്കാരിൽനിന്നു കിട്ടിയ മുതലുകൾ പലതും ഉടമസ്ഥന്മാർക്ക് മടക്കിക്കൊടുത്തു. ഉടമസ്ഥന്മാരില്ലാത്തതെല്ലാം താനും എടുത്തു. കൊണ്ടോട്ടിയെ ഹാജിയാർ ആക്രമിച്ചത് ഒക്ടോബർ 28—ാം തീയതിയായിരുന്നുവെന്നത് മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിനു മുമ്പാണ് ഈ വക പ്രവൃത്തികൾ എല്ലാം ചെയ്തിരിക്കുന്നത്. വൈദ്യർ അയ്ത്രുഹാജിയെ കൊന്നതും ഇതിനിടയ്ക്കാണ്.

കുഞ്ഞഹമ്മദ്ഹാജിയുടെ നീതിന്യായ പരിപാലനത്തിൻെറ സ്വഭാവത്തെ ഉദാഹരിപ്പാൻ കേരളപത്രികയിൽ പ്രസിദ്ധംചെയ്ത ഒരു ലേഖനവും കോൺഗ്രസ്സാഫീസിൽ രാജ്യം വിട്ട് ഓടിവന്ന രണ്ടു ഹിന്ദുക്കൾ കൊടുത്ത വാമൊഴികളും ഇവിടെ ചേർക്കുന്നത് രസാവഹമായിരിക്കും.

കേരള പത്രിക ഒക്ടോബർ 29–ാംനു- മഞ്ചേരി ലേഖകൻ 24–10–21 ന്നു എഴുതിയത്:

''............എളങ്കൂർ, ചാത്തങ്ങോട്ട് പുറം അംശങ്ങളിൽ കുഞ്ഞഹമ്മദ്ഹാജിയും കൂട്ടരും രാജ്യഭരണം പൊടിപൊടിക്കുന്നു. കൊള്ളയും സ്ത്രീകളുടെ ചാരിത്രഭംഗവും ചെയ്യുന്നവരെ കഠിനമായി ശിക്ഷിക്കുന്നു. അപ്പുനായർ എന്നാളെ കൊള്ളക്കാർ ദേഹോപദ്രവമേല്പിച്ച സംഗതിയിൽ ഹാജിയാരുടെ മുമ്പാകെ സങ്കടം ബോധിപ്പിച്ചതായും വിചാരണചെയ്ത് കുററക്കാർക്ക് അടിശിക്ഷ നല്കിയതായും അറിയുന്നു. സ്ത്രീകളെ പിടിക്കുന്നവർക്ക് കൈവിരൽ വെട്ടിക്കളയുകയാണത്രെ ശിക്ഷ കൊടുത്തത്. ചാത്തങ്ങോട്ടുപുറം അംശത്തിൽ ജന്മികളായ മനപ്പാട്, എടക്കാട് ഈ ഇല്ലങ്ങളിൽ കുഞ്ഞഹമ്മദ്ഹാജി ചെന്നിരുന്നുവെന്നും യാതൊന്നും ഭയപ്പെടേണ്ടതില്ലെന്നും ഒരു ദിക്കിലേയ്ക്കും പോകരുതെന്നും ആവശ്യപ്പെടുമ്പോൾ അരിയും ഉറുപ്പികയും കൊടുക്കണമെന്നും പ്രസ്തുത ഇല്ലങ്ങളിലെ നമ്പൂതിരിമാരോടു പറഞ്ഞതായും അതു പ്രകാരം വളരെ തവണ കൊടുത്തു ബുദ്ധിമുട്ടിയതിനാൽ ഇപ്പോൾ കൊടുപ്പാൻ കഴിയാതെ അവർ ഹാജി അറിയാതെ ഒളിച്ചു രാജ്യം വിട്ടു പോയതായും അറിയുന്നു.''

കാളികാവ് അംശം തൃക്കുന്നശ്ശീരിക്കാരനായ പുളിയാളി കൃഷ്ണൻനായർ കോൺഗ്രസ്സാപ്പീസിൽ തന്ന വാങ്മൊഴിയാണ് താഴെ ചേർക്കുന്നത്:

''എൻെറ പേർ പുളിയാളി കൃഷ്ണൻനായർ എന്നാണ്. എനിക്കിപ്പോൾ 66 വയസ്സായി. ഞാൻ ചെമ്മന്തട്ട നായരുടെ (അള്ളിയിൽ നായരെന്നും പറയും) കീഴിൽ കുററിപിരിവു പ്രവൃത്തിക്കാരനാണ്. മേൽപറഞ്ഞ നായർവീട്ടിലും അടുത്തുള്ള എൻെറ വീട്ടിലും ലഹളക്കാരായ മാപ്പിളമാർ രണ്ടു മൂന്നു പ്രാവശ്യം വന്നു. കന്നിമാസത്തിൽ ആയില്യത്തിന്നാൾ വന്നു. പുതിയവീട്ടിൽ രാവുണ്ണിനായർ താമസിക്കുന്ന അയ്യപ്പൻകുളങ്ങരെ ചെന്ന് നൂല്, തോട മുതലായ പണ്ടങ്ങൾ കൊണ്ടുപോയി. പിറേറ ദിവസം രാവുണ്ണിനായർ വിവരം വാരിയൻ കുന്നത്തു കുഞ്ഞഹമ്മദ് ഹാജിയുടെ അടുക്കൽ ചെന്നു പറഞ്ഞു. അതെല്ലാം മടക്കി കൊടുപ്പിച്ചു. കൊള്ള ചെയ്ത ആളുകൾക്കെല്ലാം പതിനഞ്ചും ഇരുപതും അടിവീതം കുഞ്ഞഹമ്മദ്ഹാജി കൊടുത്തു. കുഞ്ഞഹമ്മദ്ഹാജിയുടെ കീഴിലുള്ളവർ പാക്കത്തു കേശവൻനായരേയും മരുമകൻ നാരായണൻനായരേയും മാർഗത്തിൽ കൂട്ടീട്ടുണ്ട്. കുഞ്ഞഹമ്മദ്ഹാജിയുടെ

അനുജനും ആറംക്കാരും ജനങ്ങളെ പല പ്രകാരത്തിലും ഉപദ്രവിക്കുന്നുണ്ട്.''

ചാത്തങ്ങോട്ടുപുറക്കാരൻ ഗോപാലപ്പണിക്കർ കോൺഗ്രസ്സാപ്പീസിൽ നൽകിയതാണ് താഴെ ചേർത്ത വാങ്മൊഴി:

''വാരിയൻകുന്നൻ കുഞ്ഞഹമ്മദ്ഹാജി ചാത്തങ്ങോട്ടുപുറത്തു വന്നപ്പോറം കൊള്ളചെയ്ത മാപ്പിളമാരെ തൻെറ മുമ്പാകെ ഹാജരാക്കണമെന്നയാറം കല്പിച്ചു. അവരിൽ പ്രധാനിയായിരുന്ന കുഞ്ഞാമു എന്ന ഒരുവൻ ഒഴിച്ച് മററെല്ലാവരും കൊള്ള ചെയ്ത മുതൽ മടക്കിക്കൊടുത്തു. കുഞ്ഞാമു അതിനു കൂട്ടാക്കിയില്ല. അവനെ 125 അടി അടിക്കുവാൻ കുഞ്ഞഹമ്മദ്ഹാജി കല്പിച്ചു. ഒരോരുത്തൻ 25 അടി പ്രകാരം അഞ്ചാറംകൂടിയാണ് അവനെ അടിച്ചത്. അടിശിക്ഷ കഴിഞ്ഞതിനുശേഷം അവനെ വീണ്ടും ഹാജിയാരുടെ മുമ്പാകെ ഹാജരാക്കി. ''നീ കൊള്ള ചെയ്തിട്ടില്ലേ'' എന്ന് ഹാജിയാർ അവനോടു ചോദിച്ചു, അവൻ കുററം സമ്മതിച്ചു. മുതൽ കുഴിച്ചിട്ടിട്ടുണ്ടെന്നു പറഞ്ഞു. കുഴിച്ചിട്ട സ്ഥലം കാണിച്ചുകൊടുത്തേടത്തുനിന്ന് കുഞ്ഞഹമ്മദ്ഹാജിയുടെ ആറംക്കാർ മുതൽ മാന്തിയെടുത്തു, പൊൻപണ്ടങ്ങളെല്ലാം മരാട്ട്നമ്പൂതിരിയേയും കാവുങ്ങൽ നമ്പൂതിരിപ്പാട്ടിലെ ഭാര്യവീട്ടുകാരെയും കാണിച്ചു അവരുടേതാണോ എന്നു അന്വേഷിച്ചു. പണ്ടം അവരുടേതല്ലായിരുന്നു. കുഞ്ഞഹമ്മദ് ഹാജി ഹിന്ദുക്കളെ ആരേയും ഉപദ്രവിച്ചിരുന്നില്ല.''

മഞ്ചേരിയിൽ എനിക്കുണ്ടായ അനുഭവവും ഇതുതന്നെയായിരുന്നു.

കുഞ്ഞഹമ്മദ്ഹാജി കുണ്ടോട്ടിയെ ആക്രമിക്കുന്നതിനു മുമ്പായി അതികഠിനമായ ഒരു കൃത്യം നടത്തിയിരുന്നതായി മുമ്പൊരിക്കൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. പാണ്ടിക്കാട്ടുകാരനായ തൊണ്ടിയിൽ അയ്ത്രുഹാജി വയസ്സനും ഹിന്ദുക്കളുടേയും മുഹമ്മദീയരുടേയും സ്നേഹബഹുമാനങ്ങറംക്ക് പാത്രമായിരുന്ന ഒരു പ്രസിദ്ധപ്പെട്ട വൈദ്യനുമായിരുന്നു. ഏറനാടു താലൂക്കിൽ ബാലചികിത്സക്ക് അയ്ത്രുഹാജിയെ കഴിഞ്ഞേ ഒരു ചികിത്സകനുണ്ടായിരുന്നുള്ളൂ. സമാധാനത്തോടുകൂടി ജീവിതം നയിച്ചിരുന്ന അയ്ത്രുഹാജി ലഹളയിൽ ചേരുകയാകട്ടെ ലഹളക്കാരോട് അനുഭാവം കാണിക്കുകയാകട്ടെ ഒന്നും ചെയ്തിരുന്നില്ല. അദ്ദേഹത്തിൻെറ ഒരു മകനെ ലഹളക്കാർ അദ്ദേഹത്തിൻെറ സമ്മതം

കൂടാതെ പിടിച്ചുകൊണ്ടുപോയി. പട്ടാളക്കാർ ആ വഴിക്കു വന്നപ്പോഠം അയ്ത്രുഹാജി അവരോട് ഈ സങ്കടം ബോധിപ്പിച്ചു. പട്ടാളത്തിനു വേണ്ട ഒത്താശകഠം ചെയ്തുവെന്നും ഹാജിയുടെ പേരിൽ ഒരാക്ഷേപമുണ്ടായിരുന്നുവത്രെ. ഈ സംഗതികളാൽ കുഞ്ഞഹമ്മദ്ഹാജി ഈയാളെ പിടിച്ചു തൻെറ മുമ്പാകെ ഹാജരാക്കാൻ കല്പിച്ചു. ഈ ആക്ഷേപങ്ങളെപ്പററി ഹാജിയാരെ വിചാരണ ചെയ്ത് കുററക്കാരനാണെന്നു കാണുകയും മരണശിക്ഷയ്ക്കു വിധിക്കുകയും ചെയ്തു. ഹാജിയാർ പല സങ്കടങ്ങളും പറഞ്ഞു നോക്കി. പക്ഷേ, അതൊന്നും കുഞ്ഞഹമ്മദ്ഹാജി ഗണ്യമാക്കിയില്ല. അദ്ദേഹത്തെ കൊല്ലുവാൻ കൊണ്ടുപോയവർ മൂന്നു വെടി വെച്ചിട്ടും അദ്ദേഹത്തിന്നു കൊണ്ടില്ലത്രെ. ഒരു വന്ദ്യവയോവൃദ്ധൻെറ നേരെ വെടിവെച്ചാൽ ഏതു ഘാതകൻേറയും കൈ വിറയ്ക്കാതിരിക്കുകയില്ല. അവസാനം നാലാമത്തെ വെടി ഫലിക്കുകയും ഹാജിയാർ മരണപ്പെടുകയും ചെയ്തു. ഈ കഠിനക്രിയയുടെ ഗുരുത്വക്കേടാണ് കുഞ്ഞഹമ്മദ് ഹാജിക്ക് പിന്നീടുണ്ടായ അപായങ്ങഠക്കു കാരണമെന്നാണ് മാപ്പിളമാരിൽ പലരും വിശ്വസിച്ചിരുന്നത്. ഈ സംഭവം കഴിഞ്ഞ ഒരാഴ്ചയ്ക്കുള്ളിലാണ് കുഞ്ഞഹമ്മദ്ഹാജി കൊണ്ടോട്ടിയിൽനിന്ന് ഓടിപ്പോരേണ്ടിവന്നത്.

കൊണ്ടോട്ടിയിൽനിന്ന് കുഞ്ഞഹമ്മദ്ഹാജി അരീക്കോട് പോയി അവിടെ കരിപ്പത്ത് ഇല്ലത്ത് അല്പംദിവസം താമസിച്ച് മടങ്ങിയതായിട്ടാണ് ഊഹിക്കേണ്ടിയിരിക്കുന്നത്. അവിടെനിന്നു മടങ്ങിയതിനുശേഷം ഉണ്ടായ സംഭവങ്ങളിൽവെച്ച് ഏററവും പ്രധാനമായത് പാണ്ടിക്കാട്ടുവെച്ചാണ്.

കിഴക്കൻ ഏറനാട്ടിലുള്ള പട്ടാളക്കാർക്കുണ്ടായിരുന്ന ക്യാമ്പുകളിൽ ഒന്നായിരുന്നു പാണ്ടിക്കാട് ക്യാമ്പ്. അവിടെ ഒരു പഴയ ചന്തപ്പുരയുമുണ്ട്. അതിനുള്ളിലായിരുന്നു ഗൂർക്ക പട്ടാളം താമസിച്ചിരുന്നത്. പട്ടാളത്തെ പെട്ടെന്ന് എതിർത്തു നശിപ്പിക്കുവാൻ ലഹളക്കാർ തീർച്ചപ്പെടുത്തി. പട്ടാളക്കാരുമായി നേരിട്ടെതിർക്കുകയെന്നത് ലഹളക്കാർക്ക് സാധാരണ നയമായിരുന്നില്ലെങ്കിലും, പട്ടാളക്കാർ ആലോചിക്കാതേയും ഒരുങ്ങാതേയുമുള്ള അവസരത്തിൽ ക്യാമ്പിനെ ആക്രമിച്ചാൽ അവരെ മുഴുവൻ നശിപ്പിക്കാമെന്ന് ലഹളക്കാരാശിച്ചു. അതിനായി കിഴക്കൻ ഏറനാട്ടിലെ ലഹളത്തലവന്മാരിൽ പ്രധാനികളായ കുഞ്ഞഹമ്മദ്ഹാജിയും ചെമ്പ്രശ്ശേരി തങ്ങളും യോജിച്ച് ഒരുങ്ങി. ഏകദേശം മുവ്വായിരം ലഹളക്കാരെ അവർ തങ്ങളുടെ

കീഴിൽ ശേഖരിച്ചുവത്രെ. അങ്ങനെ എല്ലാ ഒരുക്കങ്ങളും ചെയ്തശേഷം നവമ്പർമാസം 15—ാംനു- ഞായറാഴ്ച പുലർച്ച സമയത്ത് പാറാവിൻെറ നിഷ്കർഷയും മററും കുറയുന്ന തഞ്ചംനോക്കി ചന്തപ്പുരയുടെ നാലു ഭാഗത്തും ലഹളക്കാർ വളഞ്ഞു പഴയ ചുമർ ഉന്തിമറിച്ചു. ലഹളക്കാർ അകത്തു പ്രവേശിച്ച് പട്ടാളക്കാരോട് എതിർത്തു. ചന്തപ്പുരയുടെ അകത്തുണ്ടായിരുന്നതു പോലീസ്സ് സൈന്യമോ വെള്ളപ്പട്ടാളമോ ആയിരുന്നുവെങ്കിൽ അവരിലാരെങ്കിലും അന്നു ശേഷിക്കുമായിരുന്നുവോ എന്നു സംശയമാണ്. തോക്കെടുപ്പാനും തിര നിറപ്പാനും അണിയായി നിൽക്കാനും കല്പന കൊടുപ്പാനും കേൾപ്പാനും ഒന്നിന്നും അതിലേർപ്പെട്ടവർക്ക് ഇടയുണ്ടായിരുന്നില്ല. പക്ഷേ, ഗൂർക്കാപട്ടാളത്തിന്ന് തങ്ങളുടെ എതിരാളികളോട് എതിർക്കാൻ ഈവക ഒരുക്കങ്ങൾ ഒന്നും ആവശ്യമുണ്ടായിരുന്നില്ല. കുക്രി എന്നു പറയുന്ന ഒരുവിധം വളഞ്ഞ, നീളം കുറഞ്ഞ വാളാണ് അവരുടെ പ്രധാന ആയുധം. അതവർ എപ്പോഴും അവരുടെ ദേഹത്തിൽ ധരിച്ചിരിക്കും. ദ്വന്ദ്വയുദ്ധത്തിൽ കുക്രിധാരിയായ ഗൂർക്കയെ ജയിപ്പാൻ ഈ ലോകത്തിലാരുമില്ല. പുലർച്ച സമയമായതുകൊണ്ട് ഏതാനും പട്ടാളക്കാർ ദിനകർമ്മങ്ങൾക്കായി പുറത്തു പോയിരുന്നു. എങ്കിലും കുറേപേർ അവിടെത്തന്നെ ഉണ്ടായിരുന്നു. ഗൂർക്കപ്പട്ടാളക്കാർ ആകെ എൺപതുപേർ മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിലും ലഹളക്കാർക്കു ഗൂർക്കാസിൻെറ കുക്രി പ്രയോഗം തടുക്കാൻ കഴിഞ്ഞില്ല. പട്ടാളക്കാർ ലഹളക്കാരെ തലങ്ങും വെലങ്ങും വെട്ടിവീഴ്ത്തി. ഇത്ര ഭയങ്കരമായ ഒരു യുദ്ധം ഈ കലാപത്തിൽ മറെറങ്ങും ഉണ്ടായിട്ടില്ല. ഇരുനൂററിമുപ്പതു ലഹളക്കാർ അവിടെവെച്ചുതന്നെ കൊല്ലപ്പെട്ടു. ലഹളക്കാർ തീരെ പരാജിതരായി ഓട്ടമായി. അപ്പോൾ പട്ടാളക്കാർ അവരുടെ നേരെ വെടി തുടങ്ങി. ആ വെടിയിൽ എത്രപേർ മരിച്ചിട്ടുണ്ടെന്നു പറയാൻ തരമില്ല. ഈ യുദ്ധത്തിൽ പട്ടാളക്കാരിൽ മൂന്നോ നാലോ പേർ മാത്രം മരിച്ചു. മുപ്പത്തിനാലാളുകൾക്ക് മുറിപററി. ക്യാപ്ററൻ ആവറിൽ എന്ന പട്ടാളോദ്യോഗസ്ഥന്ന് കഠിനമായ മുറിവേല്ക്കുകയും പിന്നീടയാൾ മരിക്കുകയും ചെയ്തു. സബ്ബ് ഇൻസ്പെക്ടർ അഹമ്മദ്കുട്ടി (ഖാൻബഹദൂർ ചേക്കുട്ടിയുടെ മകൻ) ഹെഡ്കോൺസ്റ്റബിൾ ദാമോദരമേനോൻ, മജിസ്ട്രേട്ട്കോർട്ട് ഹെഡ്ക്ലാർക്ക് മിസ്റ്റർ വേലു ഇവർക്കും മുറിവുകൾ പററിയിരുന്നു. പാണ്ടിക്കാട് തപ്പാൽ മാസ്റ്ററെ ലഹളക്കാർ പോകുന്ന വഴിക്കാണെന്നു തോന്നുന്നു കൊല്ലുകയുമുണ്ടായി.

ഈ യുദ്ധത്തോടുകൂടി കുഞ്ഞഹമ്മദ് ഹാജിയുടേയും ചെമ്പ്രശ്ശേരി തങ്ങളുടെയും ശക്തി ക്ഷയിച്ചുവെന്നുതന്നെ പറയാം. പട്ടാളക്കാരുടെ ഉണ്ട വെള്ളമായിപ്പോകുമെന്നും വെട്ട് ഫലിക്കയില്ലെന്നും ലഹളക്കാർക്കുണ്ടായിരുന്ന വിശ്വാസം അസ്ഥാനത്തിലാണെന്നും ഈ യുദ്ധംകൊണ്ട് ലഹളക്കാർക്ക് ബോദ്ധ്യപ്പെട്ടിരിക്കണം.

ഈ അവസരത്തിൽ ലഹളക്കാലത്ത് കുഞ്ഞഹമ്മദ് ഹാജി പുതുതായി കെട്ടിയ മാളുവിനെപ്പററി തെല്ലൊന്നു വിസ്തരിച്ച് ലഹളയുടെ ചരിത്രം തുടരാം.

തൻെറ രാജപദവിക്കനുസരിച്ച് ഒരു രാജ്ഞി അത്യാവശ്യമാണെന്നു തോന്നുകയാലായിരിക്കാം കുഞ്ഞഹമ്മദ് ഹാജി വയസ്സുകാലത്ത് പല ഭാരങ്ങളും വഹിച്ചുവന്നിരുന്ന അവസരത്തിൽ പറവെട്ടിക്കോയാമുഹാജിയുടെ മകളായ മാളുവിനെ തൻെറ ഭാര്യയായി വേട്ടത്. അരയും തലയും മുറുക്കി കയ്യിൽ വാളും ധരിച്ച് പടക്കളത്തിൽ ഭർത്താവിനോടൊരുമിച്ച് മാളു പോരാടാറുണ്ടായിരുന്നുവത്രെ. മാളുവിൻെറ ഒരു വർണ്ണന കേരളപത്രികയിൽ കണ്ടതിനെയാണ് താഴെ ചേർക്കുന്നത്: ''മാളു ചെറുപ്പക്കാരത്തിയാണ്. നന്നെ തടിച്ച ഒരുത്തിയും കറുത്ത നിറവുമാണ്. ദേഹത്തിന് നല്ല ശക്തിയുണ്ട്. സ്ത്രീത്വത്തേക്കാരം അവരംക്ക് പ്രകാശിച്ചുകാണുന്നത് പുരുഷത്വമാണ്. ആകപ്പാടെ ഒരാനച്ചന്തം അവരംക്കുണ്ടെന്നു പറയണം. കുഞ്ഞഹമ്മദ് ഹാജി മാളുവിനെ കെട്ടിയതിന്നു ശേഷം മാളുവിന് ഹാജിയോടുംകൂടി കാട്ടിൽ കുറേക്കാലം സഞ്ചരിക്കേണ്ടിവന്നു. കുറച്ചുകാലം അവരം ഹാജിയെ പിരിഞ്ഞും കാട്ടിൽ സഞ്ചരിക്കേണ്ടി വന്നിട്ടുണ്ട്. ആ കാലത്ത് മാളുവിന്ന് ഒരപകടം പററുകയുണ്ടായി. മാളു ഒരു കല്ലു തട്ടി വീണു. വീണത്കൊണ്ടു ഉമ്മറത്തെ രണ്ടു പല്ലും പോയി........'' പതിനെട്ടോ പത്തൊമ്പതോ വയസ്സായ മാളു പൂർണ്ണസമ്മതത്തോടുകൂടിയല്ലായിരുന്നുവത്രെ കുഞ്ഞഹമ്മദ്ഹാജിയെ കെട്ടിയത്. കല്യാണം കഴിപ്പാൻ സമ്മതിക്കാത്തപക്ഷം മാളുവിനേയോ മാളുവിൻെറ ബാപ്പയേയോ കൊല്ലുമെന്നു ഭീഷണിപ്പെടുത്തിയതിനാലാണത്രെ മാളു തന്നെ കെട്ടാൻ സമ്മതിച്ചത്. വയസ്സനായ വാരിയൻ കുന്നനിൽ ആദ്യംമുതല്ക്കുതന്നെ സംതൃപ്തിയുണ്ടായിരുന്നില്ല. വാരിയൻ കുന്നന്ന് മൊയ്തീൻഹാജി എന്നൊരനുജൻ ഉണ്ടായിരുന്നുവെന്ന് മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവനും വാരിയൻ കുന്നൻെറ കീഴിലുള്ള ലഹളത്തലവനായിരുന്നു. മൊയ്തീൻ ഹാജിയും മാളുവും തമ്മിൽ വലിയ സ്നേഹമായി. അവ

സ്ഥാനം മാളുവും മൊയ്തീൻഹാജിയുംകൂടി വാരിയൻകുന്നൻ അറിയാതെ സംഘത്തിൽനിന്നു ചാടിപ്പോയി. മാളുവിനെ തട്ടിക്കൊണ്ടുപോയതിനുശേഷം വാരിയൻകുന്നൻ വല്ലാതെ കോപിച്ചു വശായി. മാളുവിനേയും അനുജൻ മൊയ്തീൻ ഹാജിയേയും വെട്ടി കണ്ടം കണ്ടമാക്കിയല്ലാതെ താൻ കീഴട ങ്ങുകയില്ലെന്ന് വാരിയൻകുന്നൻ ശപഥം ചെയ്കയും അവരെ രണ്ടാളെ തേടിപ്പിടിപ്പാൻ തൻെറ അനുചരന്മാരിൽ പലരേയും പല വഴിക്കും അയക്കുകയും ചെയ്തു. പക്ഷേ, ഈ കാര്യം സാധിപ്പാൻ ഹാജിയാർക്ക് അവസരം കിട്ടിയില്ല. അതിന്നു മുമ്പായി അയാൾ ബന്ധനസ്ഥനായി.

പാണ്ടിക്കാട് യുദ്ധത്തിന്നുശേഷം കുറെ ദിവസത്തേയ്ക്ക് കുഞ്ഞഹമ്മദ്ഹാജി എന്തു പ്രവർത്തിച്ചുവെന്ന് സൂക്ഷ്മവി വരമില്ല. പൊട്ടിക്കല്ല്, കല്ലാമൂല—ഈ സ്ഥലങ്ങളായി രുന്നു തൻെറ സങ്കേതങ്ങൾ. കല്ലാമൂലയിൽവെച്ച് ചിൻ കച്ചിൻ പട്ടാളവും ലഹളക്കാരും തമ്മിൽ ഡിസമ്പർ ആദ്യ ത്തിൽ ഒരു യുദ്ധം നടന്നു. കുഞ്ഞഹമ്മദ്ഹാജിയുടെ ആൾക്കാരുമായിട്ടായിരിക്കണം ഈ യുദ്ധമുണ്ടായത്. മുപ്പത്തഞ്ചു ലഹളക്കാർ ഈ യുദ്ധത്തിൽ മരിച്ചു. പൊട്ടി ക്കല്ലിൽ ലഹളക്കാർ സൂക്ഷിച്ചിരുന്ന എൺപതിനായിര ത്തിൽപുറം പറ നെല്ലും അനേകം കാലികളും പട്ടാളക്കാർ നിലമ്പൂരിലേയ്ക്കു കൊണ്ടുപോയി. ഈ വക ശല്യങ്ങളാൽ കുഞ്ഞഹമ്മദ്ഹാജിയ്ക്ക് സ്വൈരമില്ലാതായിത്തീർന്നു.

മാപ്പിളമാരുടെ കീഴൊതുങ്ങൽ, പട്ടാളക്കാരുടെ സഞ്ചാരം, ഭക്ഷണസാധനങ്ങൾ ലഭിക്കാനും സൂക്ഷിപ്പാനു മുള്ള വിഷമങ്ങൾ,ഈ വക കാരണങ്ങളാൽ കുഞ്ഞഹമ്മദ്ഹാ ജിയുടെ ശക്തിയും സംഘവും ക്ഷയിച്ചുതുടങ്ങി. കല്ലാ മൂല യുദ്ധത്തിന്നുശേഷം അയാൾ ഏറനാടിൻെറ വടക്കു കിഴക്കെ അററത്തുള്ള മലമ്പ്രദേശങ്ങളിലേയ്ക്ക് തിരിച്ചു എട ക്കരയിൽ എത്തി. അവിടെയുള്ള കോവിലകം വക വിശേ ഷപ്പെട്ട ബംഗ്ലാവ് ചുട്ടു ഭസ്മമാക്കി. ആ പ്രദേശങ്ങളിൽ താമസിക്കുന്ന കാലത്ത് തനിക്കും സംഘങ്ങൾക്കും ഭക്ഷണ സാധനങ്ങൾ കൊണ്ടുവരാനായി ചെറുമക്കളേയും വേറെ ചില ഹിന്ദുക്കളേയും അയയ്ക്കുകയായിരുന്നുവത്രെ പതിവ്. അങ്ങനെ ഭക്ഷണം ശേഖരിച്ചു കൊടുത്തിരുന്ന ചിലരെ ഗൂഡലൂർ പോലീസ്സ് അറസ്റ്റ് ചെയ്തു. ലഹളക്കാർക്ക് ഭക്ഷണസാധനങ്ങൾ ശേഖരിക്കുന്നത് തീരെ തടസ്സപ്പെട്ടതു കൊണ്ട് ലഹളക്കാർക്കു ബുദ്ധിമുട്ടായി. ഗൂഡലൂർ പോലീ സ്സിനെ നിശ്ശേഷം നശിപ്പിപ്പാനും ഭക്ഷണസാധനങ്ങൾ ശേഖ രിക്കുവാനും അവർ തീർച്ചപ്പെടുത്തി.

ഗൂഡലൂരിൽ മൂന്നു മാസത്തോളമായി ഒരു പോലീസ്സ് സൈന്യം ട്രെയിനിങ്ങ് ചെയ്തു താമസിച്ചിരുന്നു. ഡിസമ്പർ 12–ാംനു-യോ 13–ാംനു-യോ അവരെ ട്രെയിനിങ്ങ് കഴിഞ്ഞു നാടുകാണിക്ക് മാററുകയും പുതുതായി ചേർത്ത ചിലരെ ട്രെയിനിങ്ങിന്നായി ഗൂഡലൂർക്കയയ്ക്കുകയും ചെയ്തിരുന്നു. ഇവർ താമസിച്ചിരുന്നത് പന്തലൂർ ക്ലബ്ബ് സ്ഥലത്തായിരുന്നു. ഡിസമ്പർ 14–ാംനു- പുലർച്ചെയാണ് ലഹളക്കാർ ഈ ക്ലബ്ബ് വളഞ്ഞത്. ഈ ക്ലബ്ബിൻെറ നാലുഭാഗവും വലിയ കാടാണ്. അതിനാൽ ലഹളക്കാർ തങ്ങളുടെ മുമ്പിൽ വന്നു ചാടിയപ്പോഠം മാത്രമേ പോലീസ്സുകാർ കാര്യം അറിഞ്ഞുള്ളൂ. പോലീസ്സുകാരിൽ പലരേയും ലഹളക്കാർ മുറിപ്പെടുത്തി. ലഹളക്കാരോട് അങ്ങോട്ടു വിശേഷിച്ചൊന്നും ചെയ്യുവാൻ പോലീസ്സുകാർക്ക് സാധിച്ചില്ല. അവർ ഓടി കാട്ടിൽ ഒളിക്കുകയാണ് ചെയ്തത്. മുറി കൊണ്ട പോലീസ്സുകാരിലൊരാഠം ഉച്ചതിരിഞ്ഞു മരിക്കുകയും ചെയ്തു.

ഇതിന്നു ശേഷം ലഹളക്കാർ മൂന്നു സംഘങ്ങളായി പിരിഞ്ഞു. സർവ്വേ ആഫീസ്സ്, പോലീസ്സ് സ്റ്റേഷൻ, പോസ്റ്റാഫീസ്സ് എന്നീ മൂന്നു ദിക്കിലേയ്ക്കായിട്ടാണ് പിരിഞ്ഞത്. പന്തലൂർ പോലീസ്സ്സ്റ്റേഷൻ വലിയതൊന്നുമല്ല. പോലീസ്സിൻെറ നേർക്കു പോയ സംഘത്തിലെ മൂന്നാളെ ഒരു പോലീസ്സുകാരൻ വെടിവെച്ചു വീഴ്ത്തി. പക്ഷേ, ലഹളക്കാർ അവസാനം അവനെ പിടിച്ചു. മൂന്നു പോലീസ്സുകാരെ ലഹളക്കാർ കൊന്നു. ലഹളക്കാരെ കൊന്ന പോലീസ്സുകാരനെ തുണികൊണ്ടു വരിഞ്ഞു ചുററി എണ്ണ പാർന്ന മരത്തോട് കൂട്ടിക്കെട്ടി തീ കത്തിച്ചു കൊന്നുവെന്ന് കേരളപത്രികയിൽ ഒരു പ്രത്യേക ലേഖകൻ എഴുതിയിരുന്നു. മദ്രാസ് മെയിലിൽ ഒരു യൂറോപ്യൻ ഈ സംഭവത്തെപ്പററി കൊടുത്ത വിവരണത്തിൽ അങ്ങനെ പ്രസ്താവിച്ചു കാണുന്നില്ല. എങ്കിലും സർവ്വേക്കാർ താമസിച്ചിരുന്ന എടുപ്പിൽ തീ കൊളുത്തി ഒരാളെ കയ്യും കാലും കെട്ടിയിട്ടു ചുട്ടുവെന്ന് അയാഠം പ്രസ്താവിച്ചുകാണുന്നുണ്ട്.

തപ്പാലാപ്പീസിലേയ്ക്കു പോയ സംഘം പോസ്റ്റ്മാസ്റ്ററെ കാണണമെന്നു പറഞ്ഞു വാതിൽ തുറപ്പിച്ചു. അതിനകത്തുണ്ടായിരുന്ന പോസ്റ്റ്മാസ്റ്റർ അലമാരയ്ക്കു പിന്നിലായി ഒളിച്ചു. അതിനടുത്തുണ്ടായിരുന്ന പോലീസ്സ് ഇൻസ്പെക്ടറെ ലഹളക്കാർ പിടികൂടി, അയാളെ പിടിച്ചിഴച്ചു പുറത്തു കൊണ്ടുവന്ന് വെട്ടി തുണ്ടമാക്കി.

സർവ്വേ ആപ്പീസിലുള്ള സർവ്വേയർമാരിൽ ഒന്നോ രണ്ടോ സർവ്വേയർമാരെ ലഹളക്കാർ കൊല്ലുകയും ചിലർക്ക് മുറിവേല്പിക്കുകയും ചെയ്തു. ലഹളക്കാർ മൂന്നു പോലീസ്സുകാരുടെ ശവവും ഒട്ടേറെ ഭക്ഷണസാധനങ്ങളും രണ്ടാനപ്പുറത്തു കയററി ആഘോഷത്തോടെയായിരുന്നുവത്രെ മടങ്ങിപ്പോയത്.

ഇങ്ങനെ ഒരു തൽക്കാല ജയം കുഞ്ഞഹമ്മദ്ഹാജിയ്ക്കു ലഭിച്ചുവെങ്കിലും അയാളുടെ സ്ഥിതി പിന്നെപ്പിന്നെ മോശമാകുകയാണ് ചെയ്തത്. ഡിസമ്പർ 20—ാംനു-യോടുകൂടി ചെമ്പ്രശ്ശേരി തങ്ങളും സീതിക്കോയത്തങ്ങളും പോലീസ്സുകാർക്ക് കീഴടങ്ങി. തൻെറ സംഘത്തിലുള്ള പലരും തന്നെ ഉപേക്ഷിച്ചു. ഉള്ളവർക്കുതന്നെ വേണ്ടുന്ന ഭക്ഷണം കൊടുപ്പാൻ നിവൃത്തിയില്ലാതെയായി. അയാരം നെന്മിനി, പന്തലൂർ എന്നീ സ്ഥലങ്ങളിൽ അല്പദിവസം ചുററി. പന്തലൂരിൽ പട്ടാളം വന്നതോടുകൂടി അവിടെനിന്നും പോകാൻ അയാരം നിർബ്ബന്ധിതനായി. ഹാജിയാരുടെ ഒരു പ്രധാന ശിഷ്യനായ പയ്യനാടൻ മോയൻ എന്നൊരാരം 1922 ജനവരി ആദ്യത്തിൽ പാണ്ടിക്കാട് പോലീസ്സിൻെറ മുമ്പാകെ ഹാജരായപ്പോരം താൻ, നെന്മിനി അംശത്തിൽ നിന്നു വാരിയൻകുന്നൻ കുഞ്ഞഹമ്മദ്ഹാജിയുമായി പിരിഞ്ഞതാണെന്നും അവിടെ പട്ടാളം ചെന്ന് വെടി തുടങ്ങിയപ്പോരം ''ഇനി അവരവരുടെ കൊതം നോക്കിക്കൊള്ളിൻ'' എന്നു പറഞ്ഞു ഹാജിയാർ അവിടെനിന്നു ചാടിയിരിക്കുന്നുവെന്നും പറയുകയുണ്ടായി.

പന്തലൂരിൽനിന്നു കുഞ്ഞഹമ്മദ്ഹാജി പോയത് തൻെറ സ്ഥിരം സ്ഥാനമായ കല്ലാമൂലക്കായിരുന്നു. തൻെറ കീഴിലുള്ള പ്രധാനികളെല്ലാം തന്നെ വിട്ടുപിരിയുകയും പലരും ബന്ധനസ്ഥരാവുകയും ചെയ്തിരുന്നു. ഗവർമ്മേണ്ടിന്നു കീഴൊതുങ്ങിയാൽ തനിക്കു ജീവരക്ഷ കിട്ടുമെന്ന് ഒരു മോഹം ഹാജിയാരുടെ മനസ്സിലുണ്ടായിരുന്നു. സമർത്ഥന്മാരായ ചില പോലീസ്സുദ്യോഗസ്ഥന്മാർ ഹാജിയാരെ ഇതു നല്ലവണ്ണം വിശ്വസിപ്പിക്കുവാൻ പല തന്ത്രങ്ങളും ഉപയോഗിക്കുകയും ചെയ്തിരുന്നു. ഇതിൻെറയെല്ലാം ഫലമായി മുൻനിശ്ചയപ്രകാരം താൻ ഇരിക്കുന്നേടത്തു പോലീസ്സിൻസ്പക്ടർ വരികയും ഹാജിയാർ ആയുധം വെച്ചു കീഴടങ്ങുകയും ചെയ്തുവെന്നാണൊരു വർത്തമാനം. പൊടുന്നനവെ പോലീസ്സ് സൈന്യം തന്നെ വളഞ്ഞുവെന്നു കണ്ടപ്പോരം സംഘബലം പോയി എതിർപ്പാൻ ശക്തിയില്ലാ

തിരുന്ന ഹാജിയാർ തൻെറ പരിഭ്രമത്തിന്നിടയിൽ ബന്ധന സ്ഥനായി എന്നാണ് മറെറാരു വർത്തമാനം. ഏതായാലും ചോക്കാട്ട് (കല്ലാമൂല) എന്ന സ്ഥലത്തുവെച്ചു ജനവരി 6—ാംനു- കുഞ്ഞഹമ്മദ്ഹാജി ഗവർമ്മേണ്ടിൻെറ തടവുകാര നായി എന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ.

കല്ലാമൂല എന്ന സ്ഥലം മലബാറിൻേറയും കോയമ്പ ത്തൂരിൻേറയും അതിർത്തിയായ പശ്ചിമഘട്ടത്തിൻെറ മല ബാറിലെ ഉയർന്ന കൊടുമുടിയാണ്. ഹാജിയാർ കല്ലാമൂ ലയിൽ ഉണ്ടെന്ന വിവരം കിട്ടിയ ഉടനെ ഇൻസ്പെക്ടർ രാമനാഥ യ്യരും സൈന്യങ്ങളും മുൻനിശ്ചയപ്രകാരമോ അല്ലാതേയോ ആ സ്ഥലത്തേയ്ക്ക് പുറപ്പെട്ടു. കുഞ്ഞഹമ്മദ്ഹാജി താമ സിക്കുന്ന സ്ഥലം വളഞ്ഞു. കുഞ്ഞഹമ്മദ്ഹാജിയുടെ കൂടെ ഇരുപതോളം അനുചരന്മാർ മാത്രമേ ഉണ്ടായിരു ന്നുള്ളു. അവരെല്ലാം പോലീസ്സിന്നു കീഴൊതുങ്ങി. പതിനേഴു തോക്കും, കുറെ വാളും, ആയിരത്തോളം തിര കളും അവിടെനിന്നു കിട്ടി. കുഞ്ഞഹമ്മദ്ഹാജിയേയും അനുചരന്മാരേയും മഞ്ചേരിയിലേയ്ക്കു കൊണ്ടുവന്നു.

കുഞ്ഞഹമ്മദ്ഹാജിയെ കൊണ്ടുവരുന്നതു കാണാ നായി വണ്ടൂർനിന്നു മഞ്ചേരിവരേയും നാനാജാതിമതസ്ഥ രായ ജനങ്ങൾ ആബാലവൃദ്ധം നിരത്തുവഴികളിൽ കൂട്ടംകൂട്ട മായി നിന്നിരുന്നു. സുബേദാർ മിസ്റ്റർ കൃഷ്ണപ്പണിക്കരും മിസ്റ്റർ ഗോപാലമേനോനും ഇൻസ്പെക്ടർ മിസ്റ്റർ രാമനാഥ യ്യരും തെളുതെളെ മിന്നിക്കൊണ്ടിരിക്കുന്ന ഖഡ്ഗങ്ങൾ ധരിച്ചുകൊണ്ട് മുമ്പിൽ നടന്നു. പിന്നാലെ കുഞ്ഞഹമ്മദ് ഹാജിയേയും അയാളുടെ ഒടുവിലത്തെ മന്ത്രിയായ ചേക്കുട്ടി യേയും അവരുടെ പിന്നിലായി ശേഷം ലഹളക്കാരേയും നടത്തി, പലവിധ ഗാനങ്ങളോടും ജനങ്ങളുടെ കോലാഹല ശബ്ദത്തോടും കൂടിയാണ് മഞ്ചേരിയിലേയ്ക്കു കൊണ്ടുവന്നി രുന്നത്.

ഹാജിയാരെ ഇതിന്നുശേഷം മഞ്ചേരിനിന്നു മലപ്പുറ ത്തേയ്ക്കു കൊണ്ടുപോയി. മലപ്പുറം തുക്കിക്കച്ചേരിയിൽ വെച്ചു അയാളെ മാർഷ്യൽ ലോ കോടതി സമ്മറിയായി വിചാരണ ചെയ്യുകയും വെടിവെച്ചു കൊല്ലുവാൻ വിധി ക്കുകയും ചെയ്തു.

ജനവരിമാസം 20—ാംനു- രാവിലെ മലപ്പുറത്തുനിന്നു മഞ്ചേരിക്കുവരുന്ന നിരത്തിൽ ഒന്നാംമൈലിന്നടുത്ത് കോട്ട ക്കുന്നിൻെറ വടക്കെ ചെരിവിൽവെച്ച് അയാളെ വെടി വെച്ചു കൊല്ലുകയും ചെയ്തു.

1857–ൽ ഉണ്ടായ ഇന്ത്യൻ ശിപ്പായി ലഹളയ്ക്കു ശേഷം ബ്രിട്ടീഷ് ഗവർമ്മേണ്ടും ഇന്ത്യക്കാരുമായി ഉണ്ടായിട്ടുള്ള സംഘട്ടനത്തിൽവെച്ച് ഏററവും ഗംഭീരമായ മലബാർ കലാപത്തിൽ ഗവർമ്മേണ്ടിൻെറ എതിരാളികളിൽ അഗ്രഗണ്യനായിരുന്നു കുഞ്ഞഹമ്മദ്ഹാജി.

# ചില്ലറ ലഹളകൾ

ഏറനാട്ടിൻെറ കിഴക്കെ ഖണ്ഡത്തിൽ കലാപത്തിൻെറ രണ്ടാംഘട്ടത്തിൽ നടന്ന പ്രധാന സംഭവങ്ങൾ മിക്കവാറും കുഞ്ഞഹമ്മദ്ഹാജിയോടു ബന്ധപ്പെട്ടവതന്നെയായിരുന്നു. ഏറനാടു താലൂക്കിൽ കുഞ്ഞഹമ്മദ്ഹാജി നേരിട്ടു ബന്ധപ്പെടാത്തതായി ഉണ്ടായ സംഭവങ്ങളും മററു താലൂക്കുകളിൽ നടന്ന ചില്ലറ സംഭവങ്ങളുമാണ് താഴെ വിവരിക്കുന്നത്.

സപ്റ്റംബർ മാസത്തിൻെറ ഒടുവിൽ ഒരു സംഘം പട്ടാളക്കാർ നിലമ്പൂരിൽ സ്ഥാനമുറപ്പിച്ചതോടുകൂടി അവിടെ ഒരു വിധം സമാധാനമായി. മാപ്പിളമാർക്ക് ഉപദ്രവമല്ലാതെ പട്ടാളത്തെക്കൊണ്ട് രക്ഷയുണ്ടാകുന്നതല്ല എന്നു അനുഭവം കൊണ്ട് ബോദ്ധ്യപ്പെട്ടതിനാൽ അവരെല്ലാം ആബാലവൃദ്ധം സ്ത്രീകളും പുരുഷന്മാരും നിലമ്പൂർ നഗരം വിട്ടുപോയി. കുഞ്ഞഹമ്മദ്ഹാജി മുൻപ്രസ്താവിച്ച പ്രകാരം തൻെറ രാജ്യത്തെ നാലായി ഭാഗിച്ചുകൊടുത്ത് താനും നിലമ്പൂർ വിട്ടു. ഇങ്ങനെ ഭാഗിച്ചുകൊടുത്തവരിൽ ഒരാളായിരുന്നു പുതിയറക്കൽ ഉണ്ണിത്തറി. നിലമ്പൂരിൻെറ കിഴക്കുപ്രദേശമായിരുന്നു ഉണ്ണിത്തറിക്ക് ഭാഗിച്ചു കിട്ടിയിരുന്നത്. ഒക്ടോബർ ഒടുവിൽ ഒരു ദിവസം പുലർച്ചെ ഒരു സംഘം ചിൻകച്ചിൻ പട്ടാളം ഉണ്ണിത്തറി പുതിയതായി ഉണ്ടാക്കിയിരുന്ന വീടാക്രമിച്ചു. പട്ടാളക്കാരുടെ വരവുകണ്ട ഉടനെ ചില കതിനവെടികൾ പൊട്ടുന്നതായി കേട്ടു. ഉടനെ ഉണ്ണിത്തറിയുടെ സംഘക്കാർ അവിടെ ഒത്തുകൂടി. പട്ടാളക്കാരും അതുതന്നെയാണാശിച്ചിരുന്നത്. പട്ടാളക്കാരും ലഹളക്കാരും തമ്മിലൊരു യുദ്ധംനടന്നു. ഉണ്ണിത്തറി ഒരു വെടി കൊണ്ടു വീണു. തൻെറ സംഘക്കാരിൽ നൂറിൽപരം ലഹളക്കാർ അവിടെവെച്ചു മരണപ്പെടുകയും ചെയ്തു.

പട്ടാളത്തിൻെറ ആദ്യത്തെ വരവോടുകൂടി മാപ്പിളമാർ അവിടെനിന്നു ഒഴിച്ചിരുന്നുവെങ്കിലും ലഹളക്കാരുടെ ശത്രുക്കളായ മാപ്പിളമാർക്ക് അത് പിന്നീടൊരു സങ്കേതസ്ഥലമായിത്തീർന്നു. അങ്ങനെ നിലമ്പൂരിൽവന്നു താമസമാക്കാൻ തുടങ്ങിയ മാപ്പിളമാരെ ലഹളക്കാർ ആക്രമിച്ചു.

പക്ഷേ, പട്ടാളത്തിൻെറ സഹായത്തോടുകൂടി മാപ്പിളമാർ രക്ഷപ്പെട്ടു. ആറു ലഹളക്കാരെ ഈ അവസരത്തിൽ പട്ടാളക്കാർ കൊല്ലുകയുണ്ടായി.

ഈ സംഭവത്തിന്നുശേഷം നിലമ്പൂരിൽ പിന്നെ പറയത്തക്ക തകരാറുകളുണ്ടായത് നവംബറിലാണ്. നവംബർ മദ്ധ്യത്തിൽ ഒരു ദിവസം പകൽ സമയത്ത് നിലമ്പൂരിൽ പട്ടാളക്കാർ താമസിക്കുന്നതിന്നടുത്തുള്ള വളരെ ഹിന്ദുഗൃഹങ്ങരം ലഹളക്കാർ തീവെച്ചു നശിപ്പിക്കുകയും ചിലരെ കൊല്ലുകയും ചെയ്തു. പാണ്ടിക്കാട്ടുണ്ടായപോലെ നിലമ്പൂരിലും ഉള്ള പട്ടാളത്തെ ലഹളക്കാർ ആക്രമിക്കുവാൻ പോകുന്നുവെന്നു ഒരു പ്രസ്താവം നാട്ടിൽ പരന്നു. അതോടുകൂടി ആ പ്രദേശത്തുള്ള ഹിന്ദുക്കരം വീണ്ടും അവിടംവിട്ടു അന്യദിക്കുകളിലേയ്ക്ക് ഓടുവാൻ തുടങ്ങി. പക്ഷേ, പട്ടാളത്തെ എതിർക്കലോ മററോ അവിടെവെച്ചുണ്ടായില്ല.

പട്ടാളക്കാർ മാപ്പിളമാരുടെ വീടുകരം ചുട്ടുകരിപ്പാൻ തുടങ്ങിയതോടുകൂടി മാപ്പിളമാർ ഹിന്ദുക്കളുടെ വീടുകളും ചുട്ടുനശിപ്പിക്കുവാൻ തുടങ്ങി. അങ്ങനെ നിലമ്പൂരിൽ മാത്രമല്ല, വണ്ടൂർ, അമരമ്പലം മുതലായ ചില സ്ഥലങ്ങളിലും നിരവധി ഹിന്ദുക്കളുടെ ഭവനങ്ങരം അഗ്നിക്കിരയായി.

ഡിസംബർ ആദ്യത്തിൽ അമരമ്പലം അംശത്തിൽ ലഹളക്കാർ പല അക്രമങ്ങളും നടത്തി. നാലു ഹിന്ദുക്കളെ അവർ അവിടെവെച്ചു കൊന്നു. അവരിൽ രണ്ടുപേർ പത്തും പന്ത്രണ്ടും വയസ്സായ കുട്ടികളായിരുന്നു.

ഡിസംബർ അവസാനത്തോടുകൂടി ചെമ്പ്രശ്ശേരി തങ്ങളും ജനവരി ആദ്യത്തിൽ കുഞ്ഞഹമ്മദ്ഹാജിയും ബന്ധനസ്ഥരായതോടുകൂടി ഏറനാട്ടിലെ കിഴക്കൻ ഖണ്ഡത്തിലെ ലഹള തീരെ അവസാനിച്ചു എന്നു തന്നെ പറയാം.

ലഹളയുടെ രണ്ടാമത്തെ ഘട്ടത്തിൽ അന്യസ്ഥലങ്ങളിൽ ഉണ്ടായ ചില ചില്ലറ ലഹളയേയും ഈ അദ്ധ്യായത്തിൽ തന്നെ വിവരിക്കാം.

കലാപത്തിൻെറ രണ്ടാമത്തെ ഘട്ടത്തിൽ ലഹള രൂക്ഷമായി ബാധിച്ചത് ഏറനാട്, കോഴിക്കോട് താലൂക്കുകളിലായിരുന്നു. വള്ളുവനാട്ടിലും പൊന്നാനിയിലും ചില തകരാറുകളെല്ലാമുണ്ടായെങ്കിലും മററു രണ്ടു താലൂക്കുകളെ അപേക്ഷിച്ച് അവ ഏതാണ്ട് നിസ്സാരങ്ങരംതന്നെയായിരുന്നു. ലഹളക്കാരിൽനിന്നനുഭവിച്ചതിനേക്കാളധികം സങ്കടം അക്രമികളായ ചില പോലീസ്സുദ്യോഗസ്ഥന്മാരിൽ

നിന്നാണ്ˆ അവരനുഭവിച്ചത്ˆ. അവയെപ്പററി മറെറാരദ്ധ്യാ യത്തിൽ വിവരിക്കുന്നതാണ്ˆ.

## വള്ളുവനാട്ˆ താലൂക്ക്ˆ

### മണ്ണാർക്കാട്ˆ ഖണ്ഡം

വള്ളുവനാട്ˆ, പൊന്നാനി താലൂക്കുകളിലുണ്ടായ ലഹളകളിൽ ഏററവും പ്രധാനമായത്ˆ മണ്ണാർക്കാട്ˆ ഖണ്ഡ ത്തിലുണ്ടായവയാണ്ˆ.

കലാപത്തിൻെറ രണ്ടാംഘട്ടത്തിൻെറ ആദ്യത്തിൽ മണ്ണാർ ക്കാട്ടുണ്ടായ സംഭവങ്ങരം രണ്ടാമദ്ധ്യായത്തിൽ തെല്ലൊന്നു വിവരിച്ചിട്ടുണ്ട്ˆ. ആ സംഭവങ്ങരംക്കു ശേഷമുള്ളവയെ മാത്രമാണ്ˆ ഇവിടെ വിവരിക്കുന്നത്ˆ.

ഒക്ടോബർ ആദ്യത്തിൽ ലഹളക്കാരും പട്ടാളക്കാരും തമ്മിൽ ഈ ഖണ്ഡത്തിൽവെച്ച്ˆ ഒരു യുദ്ധം നടന്നു. അതിൽ അമ്പതു ലഹളക്കാരോളം കൊല്ലപ്പെട്ടു. അനേകം പേർക്ക്ˆ മുറി പററുകയും ചെയ്തു.

മണ്ണാർക്കാട്ˆ ഖണ്ഡത്തിലെ ലഹളത്തലവൻ അങ്ങാടി പ്പുറത്തുള്ള തോട്ടും മുഖത്ത്ˆ സെയ്ത്ˆ അബൂബക്കർ എന്നു സ്ഥാനപ്പേരുണ്ടായിരുന്ന വലിയ തങ്ങളുടെ ഒരു ചാർച്ചക്കാ രനായിരുന്ന സീതി കോയത്തങ്ങളായിരുന്നു. ഇയാരം കുറേ കാലമായി മണ്ണാർക്കാട്ടായിരുന്നു താമസിച്ചിരു ന്നത്ˆ.

ഒക്ടോബറിൽ പട്ടാളം മണ്ണാർക്കാട്ˆ വന്നു പോയതിന്നു ശേഷം ഒളിവിലായിരുന്ന തങ്ങരം പിന്നെയും പുറത്തു വന്നു. പട്ടാളക്കാരെ സഹായിച്ച ഹിന്ദുക്കളെ ശിക്ഷിപ്പാൻ തുടങ്ങി. വേങ്ങശ്ശേരി അധികാരിയുടെ വീട്ˆ കൊള്ള ചെയ്തു. പൊററശ്ശീരിനിന്നു മുപ്പത്തേഴു പേരെ പിടിച്ച്ˆ അയാളുടെ മുമ്പാകെ ഹാജരാക്കി. നിരപരാധികളായ കുട്ടികളേയും മററും പിടിച്ചതിന്ന്ˆ തൻെറ ആരംക്കാരെ ശാസിക്കുകയും താക്കീതു ചെയ്കയും ചെയ്തു. ഇങ്ങനെ പിടിച്ചുകൊണ്ടുവരപ്പെട്ടവരിൽ പട്ടാളത്തിനെ സഹായിച്ച ചില മാപ്പിളമാരും ഉണ്ടായിരുന്നു. അവരെ അയാരം ബന്ധ നത്തിൽ നിർത്തി.

സീതിക്കോയത്തങ്ങളെ ഡിസംബർ 20—ാംനു-യാണ്ˆ പിടിച്ചത്ˆ. അയാളും അയാളുടെ ആരംക്കാരുംകൂടെ ഒരു കുന്നിറങ്ങി വരികയായിരുന്നു. പട്ടാളക്കാരെ കണ്ടപ്പോരം തങ്ങരം കീഴടങ്ങുകയാണെന്ന്ˆ അടയാളം കാണിച്ചു. തങ്ങ

ളേയും കൂടെയുള്ള അനുയായികളേയും ഏഴു തോക്കുകളോടുകൂടി ഗൂർക്കകരം പിടിച്ചു. തങ്ങളെ, മലയിൽ താമസിച്ചേടത്തുനിന്ന് ഡപ്യൂട്ടി സുപ്രഡണ്ട് ആമുവാണ് പിടിച്ചതെന്നും തങ്ങളെ കൊല്ലാതെ നാടുകടത്തുക മാത്രമേ ചെയ്യുയുള്ളുവെന്ന് പോലീസ്സുകാർ വിശ്വസിച്ചിരുന്നുവെന്നും കേരളപത്രികയിൽ ഒരു ലേഖകൻ എഴുതിയതായി കാണുന്നു.

വള്ളുവനാട്ടിൽ മററു ചില സ്ഥലങ്ങളിലും ലഹളയുണ്ടായിട്ടുണ്ട്. മേലാററൂരിൽ പട്ടാളത്തെ പിന്തുടർന്നു പോയിരുന്ന ഹിന്ദുക്കളിൽ പതിനഞ്ചു പേരെ ലഹളക്കാർ വെട്ടിക്കൊന്നു. തൻെറ പെങ്ങളെ മാനഭംഗം വരുത്തിയ ചില മാപ്പിളമാരെ വെട്ടിയ ഒരു തിയ്യൻ ഇക്കൂട്ടത്തിലുണ്ടെന്നുള്ള അമർഷത്തോടുകൂടിയാണ് ലഹളക്കാർ ഈ സംഘത്തെ എതിർത്തത്.

കാറൽമണ്ണ എന്ന സ്ഥലത്ത് ലഹളക്കാർ ഒരു തിയ്യൻെറ വീട്ടിൽ ചെന്ന് പല സാധനങ്ങളും മുതലും ആവശ്യപ്പെടുകയും അതു കൊടുക്കാത്തവരെ വെട്ടിക്കൊല്ലുകയും ചെയ്തു. അവരെ സഹായിക്കാൻ ചെന്ന ചില നായന്മാരെയും ലഹളക്കാർ കൊല്ലുകയുണ്ടായി, പല വീടുകളും തീവെച്ച് നശിപ്പിക്കുകയും ചെയ്തു.

പൊന്നാനി താലൂക്കിൽ കാട്ടിപ്പരുത്തി എന്ന അംശത്തിൽ ലഹളക്കാർ ഇടയ്ക്കിടെ ഉപദ്രവിച്ചുകൊണ്ടിരുന്നു. പക്ഷേ, അവിടെയുള്ള ഹിന്ദുക്കരം ലഹളക്കാരോട് ഏററു മുട്ടി. അവരിൽ ചിലരെ കൊല്ലുകയും മുറിപ്പെടുത്തുകയും ചെയ്തുവെന്നത് പ്രസ്താവയോഗ്യമാണ്.

ഇങ്ങനെയുള്ള ചില്ലറ ലഹളകളെ വർണ്ണിച്ച് ഈ ചരിത്രത്തെ ഇനി ദീർഘിപ്പിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

# കലാപത്തിൻെറ അവസാനം

ആലിമുസലിയാരെ അററസ്റ്റ് ചെയ്തതിന്നു ശേഷം അധികൃതന്മാർ വിവേകത്തോടും നയത്തോടും പ്രവർത്തിക്കുകയും മാപ്പിളമാരെ നിശ്ശേഷം നശിപ്പിക്കണമെന്ന വാശിയോടും പകയോടും പെരുമാറാതിരിക്കയും ചെയ്തിരുന്നുവെങ്കിൽ ലഹള ആഗസ്റ്റ് മാസത്തോടുകൂടിത്തന്നെ അവസാനിക്കുമായിരുന്നുവെന്ന് ഇതിനു മുമ്പുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. കൊള്ള മുതലായ ചില്ലറ കുററങ്ങൾ ചെയ്തവർക്ക് മാപ്പു കൊടുക്കുകയോ ആ കുററങ്ങളെ അല്പമൊന്ന് അവഗണിക്കുകയോ ചെയ്ത് രാജ്യത്തിൽ സമാധാനപരിപാലനം ചെയ്‌വാനുള്ള ഏർപ്പാടുകൾ ചെയ്തതിന്നു ശേഷം പ്രധാനപ്പെട്ട ലഹളക്കാരെ പിടിക്കാൻ അധികാരസ്ഥന്മാർ ശ്രമിച്ചിരുന്നുവെങ്കിൽ പിന്നീടുണ്ടായ കൊള്ളകളും പുര ചുടലുകളും കൊലകളും മതമാററങ്ങളും മലബാറിനെ അലങ്കോലപ്പെടുത്തുകയില്ലായിരുന്നു. നേരെമറിച്ച് ലഹള ബാധിച്ച താലൂക്കുകളിൽ ഒരു മാപ്പിളയ്ക്കും രക്ഷയില്ലെന്നും, ഹിന്ദുക്കളും ഗവർമ്മേണ്ടും ഒരു കക്ഷിയാണെന്നും അനുഭവം കൊണ്ടു മാപ്പിളമാർക്കു ബോദ്ധ്യം വന്നപ്പോൾ അവരിൽ മിക്കവാറും പേർ ലഹളയ്ക്കൊരുങ്ങുകയോ ലഹളക്കാരെ സഹായിക്കുകയോ ചെയ്തതിലും ഹിന്ദുസമുദായത്തെ തങ്ങളുടെ വൈരികളായി കരുതി അവരെ ദ്രോഹിച്ചതിലും അത്ഭുതം ഒട്ടുംതന്നെയില്ല. അങ്ങനെയുള്ള ഒരു വിപ്ലവത്തിൽ സ്വതവേ ദുഷ്ടന്മാരായവർക്ക് തങ്ങളുടെ ദുഷിച്ച മനോവൃത്തിക്കു സഹജമായ കഠിനകൃത്യങ്ങൾ ചെയ്‌വാൻ സ്വാതന്ത്ര്യവും അവസരവും ലഭിച്ചതിൻെറ ഫലമാണ് മൂഴിക്കൽ മുതലായ സ്ഥലങ്ങളിൽ നടന്ന സംഭവങ്ങൾ. ഹിന്ദുക്കളെ ഹിന്ദുക്കളെന്നുവെച്ച് മാത്രം ദ്രോഹിക്കരുതെന്ന തത്ത്വത്തെ പരിപാലിക്കാൻ ശ്രമിച്ച കുഞ്ഞഹമ്മദ്ഹാജിയും ഹിന്ദുവാണെന്ന ഏക കുററത്താൽ മാത്രം ഒരാൾ വധ്യനാണെന്ന നിലയിൽ പ്രവർത്തിച്ച കൊന്നാറെ മുഹമ്മദ്കോയ ത്തങ്ങളും ആരുടെ നേരെയും എന്ത് അക്രമങ്ങളും ശങ്കകൂടാതെ പ്രവർത്തിപ്പാൻ കച്ച കെട്ടി നടന്നിരുന്ന ഗജപോക്കിരിയായ അബ്ദുള്ളക്കുട്ടിയും, തലവന്മാരായി നടന്ന ഈ ലഹളയിൽ പല തരക്കാരും അഭിപ്രായക്കാരും ഉണ്ടായിരുന്നു

വെന്നത് സ്പഷ്ടമാണ്. ഇവരുടെ ഓരോരുത്തരുടെയും പ്രവൃത്തികരം മാപ്പിളമാരിൽ എല്ലാവർക്കും തൃപ്തികരമായിരുന്നില്ലെങ്കിലും തങ്ങളുടെ സമുദായത്തിന്റെ രക്ഷക്കായി പ്രവർത്തിച്ചിരുന്ന പല നേതാക്കന്മാരുടേയും പ്രവൃത്തികളെ സൂക്ഷ്മമായി ഗുണദോഷനിരൂപണം ചെയ്ത് തങ്ങളുടെ സഹായസഹകരണങ്ങളെ നിയന്ത്രിപ്പാൻ അവർക്കു സാധിക്കാത്തതിനെയോ അഥവാ അവർക്കതിനു മനസ്സു വരാത്തതിനെയോ പററി അവരെ കുററംപറവാനും തരമില്ല. ഈ സഹായങ്ങളും സഹകരണങ്ങളും ഗവർമ്മേണ്ടിൽനിന്ന് യാതൊരു രക്ഷയും തങ്ങറംക്കു കിട്ടുന്നതല്ലെന്ന ബോധം അവരുടെ മനസ്സിൽ നിലനിന്നേടത്തോളം കാലം നിന്നു. അത്രയും കാലം ഗവർമ്മെണ്ടിന്നു ഈ കലാപം അമർത്തുവാൻ സാധിച്ചതുമില്ല.

പട്ടാളക്കാരെ ലഹളക്കാർ അങ്ങോട്ട് എതിർത്ത ചുരുക്കം അവസരങ്ങളിലല്ലാതെ ലഹളക്കാരെ അധികമായി നശിപ്പിക്കാൻ ഗവർമ്മേണ്ടിന് സാധിച്ചില്ല. കാടും മലയും കയറി ലഹളക്കാരെ തേടിപ്പിടിച്ചു എതിർക്കാൻ സാമർത്ഥ്യവും വശതയും ഉണ്ടായിരുന്ന ഗൂർക്കാ പട്ടാളം വന്നതിന്നു ശേഷം മാത്രമേ ലഹളക്കാർക്കു അല്പമൊരു ഉലച്ചിൽ പററിയിരുന്നുള്ളു. അങ്ങനെയുള്ള ഗൂർക്കപ്പട്ടാളത്തിന്നുപോലും ലഹളക്കാരുടെ എണ്ണത്തിൽ ഗണ്യമായ ഒരു കുറവ് വരുത്തുവാൻ സാധിച്ചിരുന്നില്ല. ഇങ്ങനെ ലഹളയ്ക്കു യാതൊരു ശമനവും വരാത്ത അവസരത്തിലാണ് അവർക്ക് ആദ്യമേ തോന്നേണ്ട നല്ല ബുദ്ധി ഒടുവിലെങ്കിലും തോന്നിയത്. പക്ഷേ, ഈ ബുദ്ധി തന്നെ തോന്നിയത് മാപ്പിളത്തടവുകാരെക്കൊണ്ട് തടവറകറം നിറഞ്ഞപ്പോഴല്ലയോ എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു. ഏതായാലും ഈ നയം ആരംഭിച്ചത് മിസ്റ്റർ തോമസ്സിന്നും മിസ്റ്റർ ഹിച്ച്കോക്കിന്നും ലഹളയെ സംബന്ധിച്ച അധികാരങ്ങറം പൊയ്പ്പോയ ശേഷമാണെന്നത് പ്രസ്താവയോഗ്യമാണ്. ആ വക അധികാരങ്ങളെല്ലാം ആ കാലത്ത് മലബാർ കമ്മീഷണർ എന്ന ഉദ്യോഗം വഹിച്ചിരുന്ന മിസ്റ്റർ നാപ്പിന്നായിരുന്നു.

ദേഹോപദ്രവം കൂടാതെയുള്ള കുററങ്ങറം മാത്രം ചെയ്തവർ ഹാജരായി കീഴടങ്ങുന്നപക്ഷം അവരുടെ നേരെ ഗവർമ്മേണ്ട് യാതൊന്നും പ്രവർത്തിക്കുകയില്ലെന്ന നയം അധികാരസ്ഥന്മാർ തുടർന്നതോടുകൂടി പല അംശങ്ങളിലുമുള്ള മാപ്പിളമാർ ഹാജരാവാനും ലഹളയിൽ നിന്ന് പിന്മാറാനും തുടങ്ങി. നവംബർ മുതല്ക്കാണ് ഈ നയം ഗവർമ്മെണ്ടംഗീ

കരിച്ചത്. നവംബർ 8—ാംനു-ക്കു മുമ്പായി ആനക്കയം അംശത്തിൽ മുന്നൂറും, കൂട്ടിലങ്ങാടിയിൽ നാനൂറും, മേൽമുറിയിൽ ഇരുനൂറും മാപ്പിളമാർ കീഴൊതുങ്ങുവാൻ സമ്മതിച്ചു. അതിന്നടുത്തു തന്നെ മലപ്പുറത്തിന്നു ചുററു മുള്ള പതിനാറംശങ്ങളിലെ മാപ്പിളമാർ തങ്ങറം ലഹളയിൽ പങ്കെടുക്കുന്നതല്ലെന്നും ഗവർമ്മേണ്ടിലേയ്ക്കു കീഴൊതുങ്ങു താണെന്നും ഗവർമ്മേണ്ടിലേയ്ക്കു ഹരജിയയച്ചു. ഈ ഹരജി കളെല്ലാം അധികൃതന്മാരുടെ അറിവോടും അനുമതിയോടും കൂടിയായിരുന്നു. നവംബർ 16—ാംനു- ഇന്ത്യാ ഗവർമ്മേണ്ട് താഴെ കാണിച്ച കമ്യൂണിക്കെയിൽ കാണിച്ച വിധം പ്രഖ്യാ പനം ചെയ്തു:

''മലപ്പുറത്തിന്നു ചുററുമുള്ള പ്രദേശങ്ങളിൽ അധിക മധികമായി മാപ്പിളമാർ കീഴൊതുങ്ങുവാനുള്ള ആഗ്രഹം പ്രദർശിപ്പിച്ചിരിക്കുന്നു. ആഗസ്ത് 27—ാംനു-യ്ക്കു മുമ്പായി ഗവർമ്മേണ്ടിൻെറ നേരെ അക്രമമായ ബലം ഉപയോഗിക്കാത്ത കുററം ചെയ്തവരിൽ മുന്നിട്ടുനിന്നു പ്രവർത്തിക്കാത്തവരുടെ പേരിൽ ഗവർമ്മേണ്ട് യാതൊന്നും പ്രവർത്തിക്കുന്നതല്ലെന്ന ഒരു കല്പന പുറപ്പെടുവിക്കുവാൻ ഈ ഗവർമ്മേണ്ട് അനു കൂലിക്കുന്നു. എന്നാൽ അങ്ങനെയുള്ളവർ മേലാൽ നല്ലനട പ്പുകാരായിരിക്കാനും കുററക്കാരെ അറസ്റ്റ് ചെയ്യുന്നതിലും അധികൃതന്മാർക്ക് ഏല്പിച്ചുകൊടുക്കുന്നതിലും ഗവർമ്മേ ണ്ടിന്നു വേണ്ടുന്ന ഒത്താശകറം ചെയ്തുകൊടുപ്പാനും ബാദ്ധ്യ സ്ഥരായിരിക്കുന്നതാണ്.''

ഈ പ്രഖ്യാപനം ഗവർമ്മേണ്ടിൻെറ വിശാലമനസ്കതയ്ക്കു സാക്ഷ്യം വഹിക്കുകയോ വലുതായ യാതൊരു രക്ഷയും മാപ്പിളമാർക്കു നല്കുകയോ ചെയ്യുന്നില്ലെങ്കിലും പട്ടാളക്കാ രിൽനിന്നും മററും പല കഷ്ടതകളും അനുഭവിച്ചു ലഹള യിൽ വിരക്തിവന്നിരുന്ന മാപ്പിളമാർക്കു താല്ക്കാലികമായ രക്ഷ കിട്ടിയതിനാൽ അത് ഏതാണ്ടൊരനുഗ്രഹമായിത്തന്നെ യാണ് പരിണമിച്ചത്. ഇതിന്നു ശേഷം ഡിസംബർ അവ സാനത്തോടുകൂടി ലഹള ബാധിച്ച താലൂക്കുകളിലുള്ള എല്ലാ അംശങ്ങളിലേയും മാപ്പിളമാർ കീഴൊതുങ്ങി. ഈ കീഴൊതുങ്ങിയവരെല്ലാം ശിക്ഷയിൽ നിന്നൊഴിവായി എന്ന് ആരും തെററിദ്ധരിക്കേണ്ട. അവരിൽ ചിലർ ജയിൽ ശിക്ഷയ്ക്കും മിക്കവാറും പേർ പിഴയ്ക്കും പിന്നീടു പാത്രമായി. പ്രഖ്യാപനം ഏതുനിലയിലും വ്യാഖ്യാനം ചെയ്യത്തക്ക രീതിയിലായിരുന്നുവല്ലോ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നത്.

ഇതുപ്രകാരമുള്ള കീഴൊതുങ്ങലാരംഭിച്ചതോടുകൂടി യാണ് ലഹളത്തലവന്മാരുടെ ശക്തി ക്ഷയിച്ചുതുടങ്ങിയത്.

അവർക്ക് നഗരങ്ങളിലും ഗ്രാമങ്ങളിലും സഞ്ചരിക്കാൻ വഴി യുണ്ടായിരുന്നില്ല. ഹിന്ദുക്കരം അവരുടെ വൈരികളായി രുന്നുവെന്നു മാത്രമല്ല, അവർ ലഹളപ്രദേശങ്ങളിൽ നിന്നു തീരെ വിട്ടുമാറിയിരുന്നു. തങ്ങളുടെ ബന്ധുക്കളും സ്നേഹി തന്മാരും ആയ മാപ്പിളമാരുടെ വീടുകരം കൊള്ള ചെയ്യു വാൻ അവർക്ക് മനസ്സുണ്ടായിരുന്നില്ല. കൊള്ള ചെയ്താൽ തന്നെ അധികമൊന്നും കിട്ടുവാനുമുണ്ടായിരുന്നില്ല. ലഹള ക്കാരെ സഹായിക്കുന്നപക്ഷം അപ്പോരം അനുഭവിച്ചിരുന്ന രക്ഷ തീരെ പോയ്പ്പോകുമെന്ന ഭയത്താൽ മാപ്പിളമാർ ലഹള ക്കാരെ സഹായിച്ചതുമില്ല. ഈ കാരണങ്ങളാലാണ് ലഹള ക്കാരുടെ സംഘബലം കുറഞ്ഞതും അവർ ദുർബ്ബലരായി ത്തീർന്നതും. പട്ടിണികൊണ്ടും പട്ടാളക്കാരുടെ ഉപദ്രവം കൊണ്ടും പാടുപെട്ട ലഹളത്തലവന്മാരും ഈ കാരണങ്ങളാൽ തന്നെ മരിപ്പാനോ കീഴൊതുങ്ങാനോ നിർബ്ബന്ധിതരായി. അങ്ങനെ പലരും മരിച്ചു. പലരും കീഴൊതുങ്ങി. അവരിൽ പ്രധാനികളായ ചിലരെപ്പററി മുമ്പുതന്നെ പ്രസ്താവിച്ചി ട്ടുണ്ട്. ബാക്കിയുള്ളവരെപ്പററിയാണ് ഇനി പറയാനു ള്ളത്.

## ചെമ്പ്രശ്ശീരി കുഞ്ഞിക്കോയതങ്ങൾ

ഇവരിൽ എല്ലാംകൊണ്ടും പ്രധാനിയായിരുന്നു ചെമ്പ്ര ശ്ശീരി കുഞ്ഞിക്കോയതങ്ങരം. മണ്ണാർക്കാട് മുതൽ തുവ്വൂര് വരെയുള്ള പ്രദേശങ്ങളിലെല്ലാം അധിപന്മാരായി വാണിരു ന്നത് ഈ തങ്ങളും സീതിക്കോയതങ്ങളും കൂടിയായി രുന്നു. ഇതിൽ സീതിക്കോയ തങ്ങരം ഡിസംബർ 20–ാംനു- ബന്ധനസ്ഥനായ വിവരം മുമ്പു പ്രസ്താവിച്ചിട്ടുണ്ട്. അതി ന്നടുത്ത ദിവസം തന്നെയാണ് ചെമ്പ്രശ്ശീരി തങ്ങളും കീഴൊ തുങ്ങിയത്. ഇങ്ങനെയുള്ള ലഹളത്തലവന്മാരെ പിടിച്ച കാര്യത്തിൽ ഓരോ പോലീസ്സുകാരനും അതിൻെറ മാനം തനിക്ക് തനിയ്ക്കു നേടണമെന്ന മോഹംകൊണ്ട് റിപ്പോർട്ടു കരം ബദ്ധവിരുദ്ധങ്ങളായിട്ടാണ് കണ്ടുവന്നിട്ടുള്ളത്. ചെമ്പ്രശ്ശീരി തങ്ങളെ ബന്ധനസ്ഥനാക്കിയത് ഇൻസ്പക്ടർ രാമനാഥയ്യരാണെന്നും, അല്ല, ഡപ്യൂട്ടി സുപ്രണ്ട് ആമു വാണെന്നും, ഇവർ രണ്ടുപേരുമല്ല, ഗൂർക്ക പട്ടാളമാ ണെന്നും പത്രങ്ങളിൽ റിപ്പോർട്ടു ചെയ്തിരുന്നു. പക്ഷേ, അവസാനത്തെ റിപ്പോർട്ടിൽ മി. ആമുവിൻെറ മുഖാന്തര മാണ് തങ്ങരം ആയുധം വെച്ചതെന്നാണ് കാണുന്നത്. തങ്ങളെ പിടിക്കാൻ രാമനാഥയ്യർ വളരെ ശ്രമം ചെയ്തിരുന്നു വെങ്കിലും ഡപ്യൂട്ടി സുപ്രണ്ട് ആമുവിനല്ലാതെ താൻ

കീഴടങ്ങുകയില്ലെന്നു തങ്ങഠം ശഠിച്ചുപറഞ്ഞുവത്രെ. ആ വിവരം അറിഞ്ഞു ആമു മേലാററൂർ പള്ളിയിൽ ചെന്നു. അവിടെയായിരുന്നുവത്രെ തങ്ങഠം ഇരുന്നിരുന്നത്. ആമുവിനെ കണ്ട ഉടനെ തങ്ങഠം പള്ളിയിൽ നിന്നിറങ്ങി അയാളുടെ അടുക്കലേയ്ക്കു ചെന്നു. തങ്ങഠം കറുത്ത നിറത്തിലുള്ള ഒരു നീളൻകുപ്പായം ധരിച്ചിരുന്നു. ഒരു സാൽവയും പുതച്ചിരുന്നു. മിസ്റ്റർ ആമുവിൻെറ അടുത്തെത്തിയപ്പോഠം തങ്ങഠം, ''തങ്ങളെ കാണാൻ കുറെ ദിവസമായി കാത്തിരിക്കുന്നു. ബുദ്ധിമോശം കൊണ്ടു മററുള്ളവരുടെ വാക്കു കേട്ടു പല അബദ്ധങ്ങളും ചെയ്തു. ഇനിയെല്ലാം തങ്ങഠം തന്നെ സഹായിക്കണം'' എന്നു പറഞ്ഞു. (ആമുവെ തങ്ങഠം എന്നാണ് വിളിക്കുക) അതിന്നു ആമു ''അങ്ങനെയാകട്ടെ'' എന്നു പറഞ്ഞ് കാറിൽ കയററിക്കൊണ്ടുപോയി.

ജനവരി 4–ാംനു- തങ്ങളെ മലപ്പുറത്തുവെച്ച് കോർട്ട് മാർഷൽ ചെയ്യുകയും ജനവരി 9–ാംനു- വെടിവെച്ചു കൊല്ലുകയും ചെയ്തു.

കുഞ്ഞഹമ്മദ്ഹാജിയുടെ പ്രധാനമന്ത്രിയും കുഞ്ഞഹമ്മദ്ഹാജിയുടെ വിജയങ്ങഠംക്ക് കാരണഭൂതനുമായിരുന്നത് അത്തുട്ടി എന്നൊരുവനായിരുന്നു. അവനെ ജനവരി 14–ാംനു- സബ്ബ് ഇൻസ്പക്ടർ ഏച്ചുമേനോൻ അറസ്റ്റ്ചെയ്തു.

വാരിയൻകുന്നൻെറ അനുജനും മാളുവിനെ തട്ടിക്കൊണ്ടുപോയിയെന്നു പറയപ്പെടുന്നവനും ലഹളയിൽ വലിയ അക്രമങ്ങഠം നടത്തിയവനുമായ മൊയ്തീൻഹാജിയേയും കുഞ്ഞഹമ്മദാജിയുടെ വേറെ ചില അനുചരന്മാരേയും പാണ്ടിക്കാട് പോലീസ്സ് 1922 ജനവരി 2–ാംനു- അറസ്റ്റു ചെയ്തു.

പൂക്കോട്ടൂരിലെ ലഹളക്കാരിൽ മുമ്പനും ഊർങ്ങാട്ടിരി അംശത്തിൽ കരിപ്പത്ത് ഇല്ലത്ത് താമസമുറപ്പിച്ച് പല കൊലകളും മതമാററങ്ങളും നടത്തിച്ച ആളുമായ കാരാടൻ മൊയ്തീൻകുട്ടി ഹാജിയുടെ സംഘവും പട്ടാളവും തമ്മിൽ മൊറയൂരിൽവെച്ച് ജനവരി ആദ്യത്തിൽ ഏററുമുട്ടി. മൊയ്തീൻകുട്ടിയുടെ സംഘത്തിലുള്ള പത്തൊമ്പതുപേരെ പട്ടാളക്കാർ കൊന്നു. അതിന്നുശേഷം ശക്തിയെല്ലാം ക്ഷയിച്ചു, ആരും സഹായമില്ലാതെ ഒളിഞ്ഞു നടന്നിരുന്ന ഹാജിയാരെ ജനവരി ഒടുവിൽ മലപ്പുറം സ്പെഷൽ പോലീസ്സ് പൂക്കോട്ടൂരിൽവെച്ച് പിടിച്ചു. അയാളേയും കോർട്ടുമാർഷൽ ചെയ്ത് വെടിവെച്ചുകൊല്ലുകയാണുണ്ടാ

യത്. കോഴിക്കോടു താലൂക്കിലെ ലഹളത്തലവനായ അബൂബക്കർ മുസലിയാരെയും കൊന്നാറെ മുഹമ്മത് കോയത്തങ്ങളേയും ലഹള അവസാനിച്ചതിൽപിന്നെ ഏതാനും മാസങ്ങൾ കഴിഞ്ഞതിന്നുശേഷം മാത്രമെ പിടി കിട്ടിയുള്ളു. മുസലിയാരെ ജൂലായ് മാസത്തിലും തങ്ങളെ കൂത്തുപറമ്പുവെച്ച് ആഗസ്റ്റ്മാസത്തിലുമാണ് പിടിച്ചത്. ഇവരെ മാർഷൽ ലോ കോടതി വിചാരണ ചെയ്തു തൂക്കിക്കൊല്ലാൻ വിധിച്ചു.

## അധികൃതന്മാരുടെ അഴിമതികൾ

കലാപക്കാലത്ത് പട്ടാളക്കാരും പോലീസ്സുകാരും ചെയ്ത അഴിമതികൾ മുഴുവനും വിവരിക്കുകയെന്നത് തീരെ അസാദ്ധ്യമായിട്ടുള്ളതാണ്. മലബാറിലുണ്ടായ പോലെയുള്ള ഒരു വലിയ ലഹളയൊതുക്കുന്നതിൽ ചില കടുംകൈകൾ പ്രവൃത്തിക്കേണ്ടതായിവന്നേയ്ക്കാം. ചിലപ്പോ ഴെല്ലാം നിരപരാധികൾക്ക് ഉപദ്രവം തട്ടിയേയ്ക്കാം. ആവശ്യ ത്തിൽ കവിഞ്ഞതായ ബലം അധികൃതന്മാർക്ക് പ്രയോഗി ക്കേണ്ടതായും വന്നേയ്ക്കാം. ന്യായാന്യായങ്ങൾ മുഴുവനും അറിഞ്ഞു പ്രവൃത്തിക്കുന്നത് വിഷമമായി തോന്നിയേയ്ക്കാം. അതിനാൽ അധികൃതന്മാരുടേയും പ്രത്യേകിച്ച് പോലീസ്സു കാരുടേയും പ്രവർത്തികളെപ്പററി കണ്ണും ചിമ്മി ആക്ഷേ പിക്കുന്നത് ന്യായമായിരിക്കുകയില്ല. എങ്കിലും ലഹള ക്കാലത്തും അതിന്നുശേഷവും അധികൃതന്മാർ ജനങ്ങളോടു പെരുമാറിയിരുന്ന രീതി എത്രമാത്രം സാധൂകരിക്കാവുന്ന താണെന്ന് കലാപകാലത്തു നടന്ന സംഭവങ്ങളിൽ ചിലത് താഴെ വിവരിക്കുന്നതിൽനിന്നു വായനക്കാർ തന്നെ തീർച്ച പ്പെടുത്തട്ടെ.

കലാപക്കാലത്ത് സങ്കടം അനുഭവിച്ചിട്ടുള്ളവരിൽ വെച്ച് ഏററവും വലിയ സങ്കടക്കാർ ലഹളയ്ക്കനുകൂലമ ല്ലാത്ത മാപ്പിളമാരായിരുന്നു. അവർക്ക് ബന്ധുക്കളായി ആരുംതന്നെ ഉണ്ടായിരുന്നില്ല. മാപ്പിള ജാതിയിൽ പെട്ടവ രെന്ന ഏകസംഗതിയിൽ അവർ ഗവർമ്മേണ്ടിന്റേയും ഹിന്ദു ക്കളുടേയും ദ്വേഷ്യത്തിന്ന് പാത്രമായിരുന്നു. പകൽ സമ യത്ത് പട്ടാളവും രാത്രിസമയത്ത് ലഹളക്കാരും അവരുടെ വീടുകളെ ആക്രമിച്ചു. അവർ സദാസമയത്തും കാട്ടിലോ പൊന്തയിലോ ഒളിച്ചു മറഞ്ഞു കാലം കഴിയ്ക്കേണ്ടതായി വന്നു. ലഹളക്കാരും പട്ടാളക്കാരും രണ്ടു കൂട്ടരും അവർക്ക് അന്തകന്മാരായിത്തീർന്നു. ലഹളസ്ഥലങ്ങളുടെ പരിധി വിട്ടുപോവാൻ പാടില്ലെന്നുള്ള പട്ടാളനിയമത്തിന്നധീന

പ്പെട്ട് അവർക്കവിടെ തന്നെ കഷ്ടത സഹിച്ചു ജീവിക്കേണ്ടി വന്നു. കൊള്ളയിൽ മുതൽ പോയി. പുര ചുട്ടുനശിച്ച് ആഹാരത്തിന്നു വഴിയില്ലാതേയും സമ്പാദ്യത്തിനു തരമി ല്ലാതേയും അന്യദിക്കുകളിലേയ്ക്ക് ഓടിപ്പോകാൻ നിവൃത്തി യില്ലാതേയും ഇവർ സുമാർ ഏഴെട്ടുമാസം കഴിഞ്ഞുകൂടി യത് എങ്ങനെയെന്നു ദൈവത്തിന്നു മാത്രം അറിയാം. പട്ടാ ളക്കാരിൽനിന്നും പോലീസ്സുകാരിൽനിന്നും നേരിട്ട ഉപദ്ര വങ്ങളിൽ ഏററവും കഠിനമായിട്ടുള്ളത് ഇവർക്കായിരുന്നു. ലഹളയുള്ള സ്ഥലങ്ങളിലും ലഹളയില്ലാത്ത സ്ഥലങ്ങളിലും മാപ്പിളമാർ ഈ ഉപദ്രവം അനുഭവിക്കേണ്ടതായി വന്നി ട്ടുണ്ട്. ഇങ്ങനെയുള്ള ഉപദ്രവങ്ങളുടെ ഫലമായി ലഹളയി ല്ലാതിരുന്ന സ്ഥലങ്ങളിൽ അതിഭയങ്കരമായ വിധം ലഹള പൊട്ടിത്തെറിച്ചു നാടെല്ലാം വ്യാപിച്ച ചില ഉദാഹരണ ങ്ങരം മുമ്പു വിവരിച്ചിട്ടുണ്ട്. പക്ഷേ, ഉപദ്രവങ്ങരം എല്ലാം ഏററ് സഹിച്ചടങ്ങിയിരുന്ന സ്ഥലങ്ങളും ഇല്ലാതി രുന്നില്ല. അവയിൽ പ്രത്യേകം പ്രസ്താവയോഗ്യമായ സ്ഥല ങ്ങളാണ് ഏറനാടു താലൂക്കിലെ ചെറുകാവ്, ആന്തിയൂർ കുന്ന് എന്നീ പ്രദേശങ്ങരം.

മാപ്പിളമാരിൽ അക്രമരാഹിത്യം നിഷ്ഠർഷയോടുകൂടി അനുഷ്ഠിച്ചിരുന്ന പലരും ഈ പ്രദേശങ്ങളിലുണ്ടായിരുന്നു. ഖിലാഫത്ത് പ്രസ്ഥാനത്തിൻെറ ആദ്യഘട്ടത്തിൽത്തന്നെ ഒരു ഖിലാഫത്ത് കമ്മിററി സ്ഥാപിക്കപ്പെട്ടിരുന്ന പുളിക്കൽ എന്ന സ്ഥലത്തിന്നു തൊട്ട പ്രദേശങ്ങളായിരുന്നു ഈ സ്ഥല ങ്ങരം. ഈ സ്ഥലങ്ങളിൽ താമസിച്ചിരുന്ന ഹിന്ദുക്കരംക്കു മാപ്പിളമാരിൽനിന്ന് യാതൊരു ഉപദ്രവവും നേരിട്ടിരു ന്നില്ല. അവിടെനിന്നു രണ്ടുമൂന്നു നാഴിക അകലെയുള്ള മുതുവല്ലൂർ അംശത്തിൽ തലയൂർ മൂസ്സിൻെറ ഇല്ലത്തും മററും ലഹളക്കാരുടെ അക്രമങ്ങളാരംഭിച്ചപ്പോരം ചില ഹിന്ദുക്കരം ഈ പ്രദേശങ്ങളിൽനിന്നും വിട്ടുതാമസിച്ചിരു ന്നെങ്കിലും ഈ അംശങ്ങളിലേയ്ക്കു ലഹളക്കാർ വരികയാ കട്ടെ, ജനങ്ങളെ ഉപദ്രവിക്കുകയാകട്ടെ ചെയ്യിരുന്നില്ല. എങ്കിലും ഈ പ്രദേശത്തുള്ള മാപ്പിളമാർ പട്ടാളക്കാരിൽ നിന്ന് കഠിനമായ ദ്രോഹങ്ങരം സഹിക്കേണ്ടതായിവന്നു. ലഹളയിൽ ഏർപ്പെട്ടില്ലായിരുന്നതുകൊണ്ടു അധികൃതന്മാ രിൽനിന്നു യാതൊരാപത്തും തങ്ങരംക്കു നേരിടുവാൻ അവ കാശമില്ലെന്ന ധൈര്യത്തോടുകൂടി വീടുവിട്ട് ഒളിക്കാതി രിക്കുന്നതുകൊണ്ടാണ് ഈവിധം ആപത്തുകളനുഭവിക്കാൻ അവർക്കിടവന്നത്. പട്ടാളക്കാർക്കാവട്ടെ നെല്ലും വിത്തും ഭേദമുണ്ടായിരുന്നില്ല. മാപ്പിളമാരാണെങ്കിൽ എല്ലാം അവ

രുടെ ദൃഷ്ടിയിൽ വധ്യന്മാർതന്നെ. ലഹള കഴിഞ്ഞശേഷം 1922 ഏപ്രിൽ, മെയ് മാസങ്ങളിൽ അഗതി സംരക്ഷണാർത്ഥം പ്രവൃത്തിസംബന്ധമായി ഈ അംശങ്ങളിൽ എനിക്കു സഞ്ചരിക്കേണ്ടതായി വന്നു. ശ്രീമാൻ ശ്രീനിവാസശാസ്ത്രിയോടുകൂടി ഏറനാടിൻെറ കിഴക്കൻ പ്രദേശങ്ങളിൽ സഞ്ചരിച്ചപ്പോഠം കണ്ട കാഴ്ചതന്നെയാണ് ഇവിടെ എനിക്കു കാണുവാനിടവന്നത്. ചുരുക്കം ചിലതൊഴികെ അഗ്നിദേവന്നിരയാകാത്ത ഒരു ഗൃഹവും ആ പ്രദേശത്തുണ്ടായിരുന്നില്ല. ഈ കാര്യത്തിൽ അവർ ഹിന്ദുക്കളും മുസൽമാന്മാരും തമ്മിൽ യാതൊരു പക്ഷഭേദവും കാണിച്ചിരുന്നില്ല. ഇവർ രണ്ടു കൂട്ടരും തമ്മിൽ തിരിച്ചറിയുവാൻ കഴിയാത്തതുകൊണ്ടാണു ഇത്ര നിഷ്പക്ഷമായി പട്ടാളക്കാർ പ്രവർത്തിപ്പാൻ കാരണമെന്നാണ് അവിടെ പറഞ്ഞുകേട്ടത്. അവിടത്തെ നിവാസികഠം അനുഭവിക്കേണ്ടിവന്ന വലിയ സങ്കടം ഗൃഹനാശമല്ലായിരുന്നു. നവംബർ 14–ാംനു യാണത്രെ അവിടെ പട്ടാളക്കാർ ഒന്നാമതായി വന്നത്. അവർ വലിയപറമ്പ് എന്ന സ്ഥലത്താണ് തമ്പടിച്ചു പാർത്തിരുന്നത്. ചുററുമുള്ള സ്ഥലങ്ങളിൽ വീടു കൊള്ളിവെയ്ക്കുകയും കണ്ണിൽ കാണുന്ന മാപ്പിളമാരെയെല്ലാം വെടിവെയ്ക്കുകയുമായിരുന്നു ഇവരുടെ തൊഴിൽ. ഇക്കൂട്ടത്തിൽ അനേകം സ്ത്രീകളേയും കുട്ടികളേയും ഇവർ വെടിവെച്ചു കൊന്നിട്ടുണ്ട്. വഴിക്കുവെച്ച് പട്ടാളക്കാരെ കണ്ട് ഭയപ്പെട്ട 25–30 സ്ത്രീകളും കുട്ടികളും ഒരു വീട്ടിൽ സങ്കേതം പ്രാപിക്കുകയും പട്ടാളക്കാർ ആ വീടു വളഞ്ഞു അതിൽ കണ്ട സ്ത്രീകളേയും കുട്ടികളേയും നിർദ്ദയമായി വെടിവെച്ചു കൊല്ലുകയും ചെയ്തു. വളരെ ചെറുമക്കളേയും ഈ പ്രദേശത്തുവെച്ചു പട്ടാളക്കാർ വെടിവെച്ചുകൊന്നിട്ടുണ്ട്. അവിടെ നടന്ന ചില സംഭവങ്ങളെപ്പററി ചെറുകാവുകാരൻ ഒരു മാപ്പിള കോൺഗ്രസ്സാപ്പീസിൽ കൊടുത്ത വാങ്മൊഴിയുടെ ഏതാനും ഭാഗമാണ് താഴെ ചേർക്കുന്നത്:

''അപ്രദേശത്തുള്ള പുരകഠം പട്ടാളക്കാർ, (ഹിന്ദുക്കളുടേയും മുസൽമാന്മാരുടെയും) തീ വെച്ചതായി കേട്ടു. അക്കൂട്ടത്തിൽ തേലപ്പുറത്ത് കുറുപ്പിൻെറ പുര തീ വെയ്ക്കുകയും അവിടെ കാവൽ നിന്നിരുന്ന പതിനൊന്നു കണക്കന്മാരെ വെടിവെച്ച് കൊല്ലുകയും ചെയ്തതായി കേട്ടു. അതിനുശേഷം ആ ദിവസം തന്നെ എൻെറ പുരയുടെ വടക്കേതിലുള്ള എട്ടൊമ്പത് കണക്കന്മാരെ വെടി വെയ്ക്കുകയും അതിൽ രണ്ടാം, (ഒരു കണക്കനും ഒരു കണക്കിയും) ഒഴികെ ശേഷമെല്ലാവരും മരണപ്പെടുകയും ചെയ്തു. അന്നു

തന്നെ അത്തിയോളി കുട്ടിയാലിയേയും മകനേയും വെടി വെച്ചു. പട്ടാളക്കാർ വന്ന സമയത്ത് അവനും മകനും അവിടെ വിരുന്നു വന്നിരുന്ന ഒരു മാപ്പിളയും അടുത്ത ഇട വഴിയിൽ ഒളിച്ചു. പട്ടാളക്കാർ വീട്ടിൽ കടന്നപ്പോൾ സ്ത്രീകൾ നിലവിളിക്കുന്നതുകേട്ട് മൂന്നുപേരും തല പൊന്തിച്ചു നോക്കി. പട്ടാളക്കാർ അവരെ കണ്ട് വെടി വെയ്ക്കുകയും മൂന്നുപേരും മരണപ്പെടുകയും ചെയ്തു. പുത്തംപാടത്തു കരങ്ങാട് കുട്ടിയസ്സനേയും കെട്ടിയവ ളേയും വെടി വെച്ചു. അവിടെ തന്നെ ഉണ്ടായിരുന്ന അന്തി യോളി അവുലൻ എന്നവനെ വെടിവെച്ചെങ്കിലും വെടി കൊള്ളാതെ പേടിച്ചു ബോധം കെട്ടു വീഴുകയും മരിച്ചു വെന്ന് വിചാരിച്ചു പട്ടാളക്കാർ പുരയ്ക്ക് തീ കൊളുത്തി പോവുകയും ചെയ്തു. കുറച്ചു കഴിഞ്ഞശേഷം ബോധമു ണ്ടാവുകയും അങ്ങനെ രക്ഷപ്പെടുകയും ചെയ്തു. അവൻെറ ഒരു ഭാഗം മുഴുവൻ തീകൊണ്ട് വെന്തിരുന്നു. (ഇവനെ ഈ ചരിത്രകർത്താവ് കാണുകയും കോൺഗ്രസ്സ് ഫണ്ടിൽ നിന്നു ഇടയ്ക്കിടയ്ക്ക് സഹായങ്ങൾ നൽകുകയും ചെയ്തി ട്ടുണ്ട്). അവിടെനിന്നു കിഴക്കോട്ടു കടന്ന് ഒരംശം കോൽ ക്കാരൻെറ പുരയ്ക്ക് തീ വെക്കുകയും അവിടെ കിടന്നിരുന്ന ഒരു മാപ്പിളയെ വെടിവെച്ചു കൊല്ലുകയും ചെയ്തു. കോൽ ക്കാരൻ സെയ്ത് എന്ന ഒരു മാപ്പിളയാണ്. അവൻ ഇപ്പോഴും ഉദ്യോഗത്തിൽ തന്നെയാണ്.''

മേപ്പടി സ്റ്റേററ്മെൻറിൽ പറഞ്ഞ അവുലൻ എന്നാ ളോട് നേരിട്ടു ഞാൻ വാങ്ങിയ വാങ്മൊഴിയാണ് താഴെ ചേർക്കുന്നത്: ''ഞാൻ ലഹളയ്ക്കൊന്നും പോയിട്ടില്ല. ചെറുകാവ് അംശത്തിൽ ആദ്യം പട്ടാളം വന്നതു തുലാം ഒടു വിലോ വൃശ്ചികം ആദ്യത്തിലോ ആണ്. പട്ടാളം വരു മ്പോൾ ഞാൻ കുട്ട്യസ്സൻെറ കുടിയിലായിരുന്നു. ഞാനും കുട്ട്യസ്സനും അവൻെറ പെണ്ണുങ്ങളും അവിടെയുണ്ടായി രുന്നു. പറമ്പിൽകൂടെ പട്ടാളം വന്നു പുര വളഞ്ഞു. ഞങ്ങൾ അകത്ത് കഞ്ഞി കുടിക്കയായിരുന്നു. പട്ടാളം വരുന്നുണ്ടെന്നറിഞ്ഞ് അവർ ഉപദ്രവിച്ചെങ്കിലോ എന്നു ഭയപ്പെട്ട് പുറത്തിറങ്ങി. അപ്പോഴേയ്ക്കും പട്ടാളം വീടു വള ഞ്ഞിരുന്നു. അവർ ഞങ്ങളെ വെടിവെച്ചു. ഒന്നും പറയാ തെയാണ് വെടി വെച്ചത്. പട്ടാളം ഞങ്ങളിൽനിന്നു പതി നഞ്ചുകോൽ വിട്ടിട്ടായിരുന്നു. ഞങ്ങളുടെ കയ്യിൽ യാതൊ രായുധവും ഉണ്ടായിരുന്നില്ല. കുട്ട്യസ്സൻ വെടികൊണ്ടു മരിച്ചു. എൻെറ കയ്യിൻെറ പടത്തിൻെറ മുകളിൽകൂടി പാളിയിട്ടാണ് ഉണ്ട പോയത്. ആ വെടിയാണ് കുട്ട്യ

സ്സുന്നു പററിയത്. ഞാൻ തല തിരിഞ്ഞു ഉമ്മറപ്പടിയിൽ തലവെച്ചടിച്ചു വീണു. കുട്ട്യസ്സൻെറ കെട്ടിയ ഉമ്മ പാഞ്ഞു പോയി. ഉമ്മയെ പായുന്ന വഴിയ്ക്ക് വെടി വെച്ചു. ഉമ്മ മരിച്ചുപോയി. പട്ടാളക്കാർ പുരയ്ക്കു തീ വെച്ചു. അപ്പോഠം എനിക്കോർമ്മയില്ല. ഞാനവിടെ കിടക്കുന്ന പാട്ടിലാണ് തീ വെച്ചത്. എൻെറ മേൽ തീ വീണു വെന്തു. വലത്തു ഭാഗവും പുറവും മുഴുവനും വെന്തു.

ഇപ്രകാരം പല അക്രമങ്ങളും പട്ടാളക്കാർ ആ പ്രദേശങ്ങളിൽ നടത്തി. ക്രൂരകർമ്മങ്ങഠം ചെയ്യുന്നതിൽ നാട്ടുകാരായ പട്ടാളക്കാർ തന്നെയായിരുന്നു അഗ്രഗണ്യർ. സുപ്രഡണ്ട് ടോട്ടൻഹാം ഒഴികെ ശേഷമുള്ള യൂറോപ്യൻ പട്ടാള ഉദ്യോഗസ്ഥന്മാർ കഠിനക്രിയകഠം ചെയ്യുന്നതിനെ ഏതാണ്ട് തടഞ്ഞിരുന്നുവെന്നുതന്നെ പറയാവുന്നതാണ്. പൂക്കോട്ടൂരും കൊന്നാറയും ഉണ്ടായ സംഭവങ്ങളെല്ലാം ടോട്ടൻഹാമിൻെറ നേതൃത്വത്തിൽ നടന്നവയായിരുന്നു. മുറിപ്പെട്ടവരെ അടുക്കെ കൊണ്ടുചെല്ലുമ്പോഠം, ''ഞാൻ ഡോക്ടറാണോ'' എന്നർത്ഥഗർഭമായ ചോദ്യം ചോദിച്ചിരുന്നു. മിസ്റ്റർ ടോട്ടൻഹാം മലബാർ ലഹളയിലെ ജനറൽ ഡയർ തന്നെയായിരുന്നു. പക്ഷേ, യൂറോപ്യന്മാരായ മററു പട്ടാള ഉദ്യോഗസ്ഥന്മാർ മിക്കവരുംഅത്ര ഭയങ്കരന്മാരായിരുന്നില്ല എന്നാണ് അന്വേഷണത്തിൽ നിന്നറിഞ്ഞിട്ടുള്ളത്.

ചെറുകാവ് അംശക്കാരനായ ഒരു മാപ്പിള തന്ന വാങ്മൊഴിയിൽ ഇങ്ങനെ കാണുന്നു:

''കുറച്ചു കഴിഞ്ഞ് രണ്ടു പട്ടാളവും ഒപ്പം മടങ്ങി പടിഞ്ഞാട്ടേയ്ക്കുതന്നെ വരുന്നതു കണ്ടു. വരുന്ന വഴിക്കുതന്നെ പീടികയ്ക്കു തീ കൊളുത്തി. സ്ത്രീകളെ എല്ലാം അകത്താക്കി പുരയ്ക്കു തീ കൊളുത്തി. സ്ത്രീകളും കുട്ടികളുമായി ഏകദേശം മുപ്പതോളം പേരുണ്ടായിരുന്നു. അവരെ ആട്ടിത്തെളിച്ച് അകത്താക്കിയതിന്നുശേഷമാണ് പുരയ്ക്കു തീ കൊളുത്തിയത്. സായ്‌വ് തെക്കുഭാഗത്തുകൂടിയാണ് വന്നത്. സായ്‌വ് വന്ന ഉടനെ സ്ത്രീകളെ അകത്തുനിന്നു പിടിച്ചു പുറത്താക്കി. തെക്കോട്ടകററി നിർത്തി. അപ്പോഠം ആരേയും വെടിവെച്ചില്ല........

........ഞാൻ ഇടവഴിയിൽ ഒരു കുഴിയിൽ ഒളിച്ചിരുന്നു. അവിടെനിന്നു വെടി പൊട്ടുന്നതു കേട്ടു. കുട്ടീനിലവിളിക്കുന്നതു കേട്ടു. കുറെ വെടികഠം പൊട്ടുന്നതു കേട്ടു. നാലു മണിയായപ്പോഠം ഞാൻ കുഴിയിൽനിന്നു കയറി. ചെന്നു നോക്കിയപ്പോഠം സ്ത്രീകളെ കാണുവാനില്ല.

തിരിഞ്ഞുനോക്കിയപ്പോൾ കിഴക്കുഭാഗത്ത് വേലിയുടെ അടുക്കൽ കിടക്കുന്നതു കണ്ടു. അവർക്കൊന്നും പററീട്ടുണ്ടായിരുന്നില്ല. ഇക്കാക്കയേയും കുട്ടിയേയും വെടിവെച്ചു കൊന്നിരിക്കുന്നുവെന്നു പെററ ഉമ്മ പറഞ്ഞു. വേറൊരാണിനേയും ഒരു പെൺകുട്ടിയേയും വെടിവെച്ചു കൊന്നതായി പറഞ്ഞു. ഞാൻ കാരണവരെ പോയി നോക്കി. കാരണവരും കുട്ടിയും മരിച്ചുകിടക്കുന്നതു കണ്ടു.''

ചെറുകാവ് അംശക്കാരൻ കുരിക്കാടൻ അയമ്മത്എന്നാളുടെ വാങ്മൊഴിയാണ് താഴെ ചേർക്കുന്നത്. (19–2–1922):

''മൂന്നു മാസം മുമ്പ് ഞാൻ ചെറുകാവിൽനിന്ന് കരുവന്തിരുത്തിയ്ക്കു ചുമടുമായി പോകയായിരുന്നു. എന്റെ ഒപ്പം അനുജനുണ്ടായിരുന്നു. ഞാൻ ചെറുകാട്ടു കുറുപ്പന്മാരുടെ പടിക്കലെത്തി. അവിടെ അടുത്ത് അത്താണിയും പീടികയുമുണ്ടായിരുന്നു. ആ പീടികയിൽനിന്നു തിയ്യർ ഇറങ്ങിവന്നു. ഏകദേശം നാല്പതോളം ആളുകളുണ്ടായിരുന്നു. അവരുടെ കയ്യിൽ കത്തിയുണ്ടായിരുന്നു. അവർ വന്ന ഉടനെ എന്റെ കയ്യുപിടിച്ചു അടിയ്ക്കുകയും പുറത്തു കത്തികൊണ്ടു കുത്തുകയും മുഖം അടിച്ചു പൊട്ടിക്കുകയും ചെയ്തു. എന്നെ ആ സ്ഥിതിയിൽ പിടിച്ചുകൊണ്ടു പോയി. പട്ടാളം ഫറൂക്കാപ്പീസ്സിൽ നിന്നിരുന്നു. അവരുടെ അടുത്ത് എന്നെകൊണ്ടേല്പിച്ചു. എന്നെ പിടിച്ച സമയത്തുതന്നെ എന്റെ അനുജനെ പിടിച്ചു കൈ കെട്ടി. പിന്നെ മേലെല്ലാം അടിച്ചു കത്തികൊണ്ടു കുത്തി. ഈ സ്ഥിതിക്കുതന്നെ അവനേയും പിടിച്ചു പട്ടാളത്തിന്റെ അടുക്കെ കൊണ്ടുപോയി. പട്ടാളം എന്നെ കിടത്തി ബൂട്സ്കൊണ്ടു ചവിട്ടി. സായ്‌വ് വന്നതിന്റെ ശേഷം പട്ടാളക്കാരെ ചീത്ത പറഞ്ഞു. എന്റെ അനുജന്റെ മുറി മരുന്നുവെച്ചു കെട്ടി. കട്ടിലിന്മേൽ പായയിട്ടു കിടത്തി. എന്നെ പിടിച്ചുകൊണ്ടുവരുന്ന വഴിക്കുതന്നെ എന്റെ കണ്ണ് കുത്തി പൊട്ടിച്ചിരുന്നു. എന്റെ അനുജൻ അവിടെനിന്നു തന്നെ ചോര ഛർദ്ദിച്ചു മരിച്ചു. അവനെ പുഴയിലൊഴുക്കി. എന്നെ കൊണ്ടുപോയി പുഴയിലിടുന്നതാണ് നല്ലതെന്ന് ചില പട്ടാളക്കാർ അഭിപ്രായപ്പെട്ടു. മരിച്ചിട്ടു മതിയെന്നു പട്ടാളത്തിലെ സായ്‌വ് പറഞ്ഞു. അതുകൊണ്ട് ഒന്നും ഉണ്ടായില്ല. കമ്പനി പട്ടാളക്കാരാണ് ഇങ്ങനെ ചെയ്തത്. അന്ന് അഞ്ഞൂറോളം ഗൂർക്കാപട്ടാളം വൈകുന്നേരത്തെ വണ്ടിയ്ക്കു ഇറങ്ങിയിരുന്നു. അവർ എന്റെ

കയ്യിനും അരയ്ക്കു കീഴ്പോട്ടും തോക്കിൻെറ ചട്ടകൊണ്ട് കുത്തി. പിറെറ ദിവസം കോഴിക്കോട്ടേയ്ക്കു കൊണ്ടുവന്നു. മൂന്നുമാസം ആസ്പത്രിയിൽ കിടന്നു. അഞ്ചു പ്രാവശ്യം വിചാരണയ്ക്കു ഹജൂരിലേയ്ക്കു കൊണ്ടുപോയി. വിളിച്ച് വിസ്തരിച്ചില്ല. മൂന്നു മാസം കഴിഞ്ഞപ്പോഠം വിടുകയും ചെയ്തു.''

മേൽ ഉദ്ധരിച്ച വാങ്മൊഴിയിൽ നിന്ന് ലഹളയില്ലാത്ത പ്രദേശങ്ങളിൽ പോലും പട്ടാളക്കാർ പ്രവർത്തിച്ചിരുന്ന അക്രമങ്ങളുടെ സ്വഭാവം വായനക്കാർക്ക് ധരിപ്പാൻ കഴിയുന്നതാണ്. ലഹളയുണ്ടായ പ്രദേശങ്ങളിൽ നിരപരാധികളായവരും അല്ലാത്തവരും അനുഭവിച്ച സങ്കടങ്ങഠം ഇതിലെത്രയോ കവിഞ്ഞ നിലയിലാകാനേ തരമുള്ളു. സ്ത്രീകളും കുട്ടികളും അനുഭവിച്ച സങ്കടങ്ങഠംക്ക് കയ്യും കണക്കുമില്ല. പരിക്കേററ പല മാപ്പിള സ്ത്രീകളേയും ലഹളയുടെ അവസാനകാലത്ത് കോഴിക്കോട്ടുവെച്ച് ഞങ്ങളാൽ ചിലർ തന്നെ കണ്ടിട്ടുണ്ട്.

മണ്ണൂർ അംശക്കാരിയായ കുന്നത്ത് കതീശ്ശ എന്നൊരു മാപ്പിളസ്ത്രീ മി. കെ. പി. കേശവമേനോന്ന് കൊടുത്ത ഒരു വാങ്മൊഴിയുടെ ഏതാനും ഭാഗമാണ് താഴെ ചേർക്കുന്നത്:

''എൻെറ സാധാരണ താമസം മണ്ണൂരംശത്തിലാണ്. ഞാൻ ചിലപ്പോഠം കോഴിക്കോടു താലൂക്ക് എളന്നീമ്മൽ കിഴക്കെതൊടിയിൽ എൻെറ ജ്യേഷ്ഠത്തിയുടെ വീട്ടിൽ വന്നു പാർക്കാറുണ്ട്. ജ്യേഷ്ഠത്തിയുടെ വീട്ടിൽ ജ്യേഷ്ഠത്തിയും മാപ്പിളയും അഞ്ചു മക്കളുമുണ്ടായിരുന്നു. നവംബർ അവസാനത്തിലൊരു ദിവസം ഏകദേശം മൂന്നുമണിയോടെ കുറേ പട്ടാളക്കാർ ഞങ്ങളുടെ വീട്ടിൽ വന്നു. അവരുടെ വരവു കണ്ടപ്പോഠം ഏട്ടത്തിയും കുട്ടികളും മാപ്പിളയും ഭയപ്പെട്ടു ഓടിപ്പോയി. ഞാൻ വീട്ടിൻെറ അകത്ത് അടുക്കളയിൽ അരിവാർത്തിരിക്കുകയായിരുന്നു. രണ്ടു പട്ടാളക്കാർ അകത്തു കടന്നുവന്നു. അവർ വെളുത്ത പട്ടാളക്കാരല്ല. അവർ തൊപ്പിയും കുപ്പായവും കാലുറയും ബൂട്സും ഇട്ടിട്ടുണ്ടായിരുന്നു. അവരുടെ കൈവശം തോക്കുണ്ടായിരുന്നു. ആ തോക്കിന്മേൽ കുന്തവും ഉണ്ടായിരുന്നു. ''ഇവിടുത്തെ ആണുങ്ങളെവിടെ'' എന്നു ചോദിച്ചു. ''ഇവിടെയില്ല, എവിടെയോ പോയി'' എന്നു ഞാൻ പറഞ്ഞു. ഇതു പറഞ്ഞപ്പോഠം തോക്കിന്മേലുള്ള കുന്തം കൊണ്ട് എന്നെ കുത്തി. ഞാൻ ബോധം കെട്ടു മറിഞ്ഞു

വീണു. ഏകദേശം സന്ധ്യാസമയത്തു ബോധംതെളിഞ്ഞു. അപ്പോൾ എന്റെ മേലെല്ലാം മുറി കണ്ടു. നെഞ്ഞത്ത് രണ്ടു മുറി. എടത്തെ കയ്യിന്മേൽ മൂന്ന്, വലത്തേതിൽ രണ്ട്, ചന്തിയിൽ ഒന്ന്, പുറത്ത് ഒന്ന്. ഇങ്ങനെ ദേഹത്തിന്മേൽ ഒമ്പതു മുറികളുണ്ട്. ഏട്ടത്തിയേയും മാപ്പിളയേയും അവരുടെ രണ്ടു മക്കളേയും വെടിവെച്ചുകൊന്നു.''

സ്ത്രീകൾ അനുഭവിച്ചിട്ടുണ്ടാവുന്ന മററു സങ്കടങ്ങൾ അവർണ്ണ്യമാണ്. ലഹളക്കാലത്ത് ഹിന്ദുക്കൾ ലഹളക്കാരിൽനിന്നനുഭവിച്ചതിനേക്കാൾ അധികം പട്ടാളക്കാരിൽ നിന്ന് മാപ്പിളസ്ത്രീകളും അനുഭവിച്ചിട്ടുണ്ടെന്നു പറഞ്ഞു അവസാനിപ്പിക്കട്ടെ.

## വാഗൺ ട്രാജഡി

പട്ടാളക്കാരിൽനിന്നും മററും മാപ്പിളമാർ അനുഭവിച്ച സങ്കടങ്ങളെല്ലാം വിവരിക്കുന്നത് അസാദ്ധ്യമാണെങ്കിലും അക്കാലത്തു നടന്നതും ലോകരെ പരക്കെ ക്ഷുഭിതരാക്കിയതും ഏററവും മൃഗീയവുമായ ഒരു സംഭവം ഇവിടെ പ്രത്യേകമായി വിവരിക്കാതെ നിവൃത്തിയില്ല. അതാണ് കുപ്രസിദ്ധമായിത്തീർന്നിട്ടുള്ള തീവണ്ടി ദുരന്തം (Wagon Tragedy).

ലഹളയാരംഭിച്ച് ഒരു മാസം കഴിയുമ്പോഴേയ്ക്കും മാർഷ്യൽ ലോ കോടതികൾ അനവധി മാപ്പിളമാരെ ശിക്ഷിച്ചു. അതിനുശേഷം ആയിരക്കണക്കായിട്ടായിരുന്നു ശിക്ഷകളുണ്ടായിരുന്നത്, ശിക്ഷിക്കപ്പെട്ടവർക്കു താമസിക്കുവാൻ മാത്രം ജെയിലുകൾ മലബാറിലുണ്ടായിരുന്നില്ല. കണ്ണൂർ ജെയിലിലെ സ്ഥലം മുഴുവൻ ഒടുങ്ങിയപ്പോൾ തടവുകാരെ ബല്ലാരി മുതലായ സ്ഥലങ്ങളിലേയ്ക്കു കൊണ്ടുപോകുവാൻ തുടങ്ങി. അറസ്റ്റിന്നു ശേഷം റിമാണ്ടിൽ കിടക്കേണ്ടിവന്ന തടവുകാരുടെ സങ്കടങ്ങൾ തന്നെയും അവർണ്ണ്യങ്ങളായിരുന്നു. തിരൂർ മുതലായ സ്ഥലങ്ങളിലെ പോലീസ്സ്സ്റ്റേഷനോട് സംബന്ധിച്ച ചെറിയ ജെയിൽ മുറികളിൽ അനവധി തടവുകാരെ ഒന്നിച്ചാണ് ഇട്ടു ബന്ധിച്ചിരുന്നത്. അവർക്ക് ഇരിക്കാനും കിടക്കാനും ഉണ്ണാനും മലമൂത്രവിസർജ്ജനം ചെയ്യുവാനുമെല്ലാം കൂടി നാലടി സമചതുരം സ്ഥലംപോലും ലഭിച്ചിരുന്നില്ല. ശിക്ഷ കഴിഞ്ഞതിന്നു ശേഷം ജെയിലുകളിലേയ്ക്കു കൊണ്ടുപോകുവാൻ അധികൃതന്മാർ ചെയ്ത ഏർപ്പാടുകൾ അവരുടെ നിർദ്ദയതതയെ വെടിപ്പെടുത്തി. കർണ്ണൽ ഹംഫ്രിസ് (പട്ടാള

കമാണ്ടർ) മിസ്റ്റർ ഹിച്ച്കോക്ക്, മിസ്റ്റർ എവാൻസ് (സ്പെഷൽ ഡിവിഷൻ ഉദ്യോഗസ്ഥൻ) ഇവരായിരുന്നു തടവുകാരെ തീവണ്ടി വഴിക്കു അയക്കുന്ന കാര്യം മേൽനോട്ടം ചെയ്തിരുന്നത്. അധികം തടവുകാരെ ഒന്നിച്ചു വണ്ടിക്കയയ്ക്കുമ്പോൾ അവരുടെ കൂടെ അധികം പോലീസ്സുകാരും പോകേണ്ടതാണ്. പോലീസ്സിന്നു പല ദിക്കിലും പല പ്രവൃത്തികളുമുണ്ടായിരുന്നതിനാൽ തടവുകാരോടൊപ്പം സാധാരണ അയയ്ക്കുന്നപോലെ അയപ്പാൻമാത്രം പോലീസ്സുകാരെ കിട്ടുവാൻ അധികൃതന്മാർക്കു സാധിക്കാതെ വന്നു. തടവുകാർ ജീവജന്തുക്കളാണെന്നോ കുററക്കാരാണെങ്കിൽ തന്നെ മനുഷ്യരുടെ നിലയിൽ പെരുമാറപ്പെടേണ്ടവരാണെന്നോ ഉള്ള ചിന്തകളൊന്നും അധികൃതന്മാരെ ശല്യപ്പെടുത്തിയിരുന്നില്ല. നേരെ മറിച്ച് അവരെ കഴിയുന്നതും സങ്കടപ്പെടുത്തുന്നത് ഏററവും രസമായിത്തന്നെ തോന്നിയിട്ടുണ്ടായിരിക്കണം. ഇത്തരം മനോഭാവത്തോടുകൂടി പ്രവർത്തിച്ചിരുന്ന അധികാരസ്ഥന്മാർക്കു എസ്കോർട്ടിന്നുള്ള ആൾദൌർല്ലഭ്യം പരിഹരിക്കാൻ ഒന്നാന്തരം ഒരു യുക്തി തോന്നി. വാതിലുകളും ജനലുകളുമുള്ള വണ്ടികളിൽ തടവുകാരെ കൊണ്ടുപോകുന്നതായാൽ അവർ ചാടിപ്പോകാതിരിപ്പാൻ അധികം ബന്തോവസ്തുകൾ വേണ്ടിവരും. അതിനാൽ അങ്ങനെയുള്ള വണ്ടികൾ വേണ്ടെന്ന് അവർ തീർച്ചപ്പെടുത്തി. തുറന്ന വണ്ടികളാണു ആദ്യകാലത്ത് ഇതിന്നായി ഉപയോഗിച്ചിരുന്നത്. പക്ഷേ, ഹിച്ച്കോക്ക് സായ്വ് അതിന്നും വലുതായ ഒരു ദൂഷ്യം കണ്ടു. അദ്ദേഹം അന്വേഷണക്കമ്മിററി മുമ്പാകെ കൊടുത്ത തെളിവിൽ ഇങ്ങനെ കാണുന്നു:

''ലഹളയുടെ ആരംഭകാലത്ത് തുറന്ന വണ്ടികളിൽ മാപ്പിളത്തടവുകാരെ ലഹളപ്രദേശങ്ങളിൽക്കൂടെ കൊണ്ടുപോകുന്നതു ശരിയല്ലെന്നു എനിക്കു തോന്നി. എന്തെന്നാൽ അവരെ മററുള്ളവർ കാണാനും രക്ഷപ്പെടുത്താനും ഇടയുണ്ട്. ഒരിക്കൽ കോഴിക്കോട്ടുനിന്ന് കണ്ണൂർക്ക് തടവുകാരെ കൊണ്ടുപോകുമ്പോൾ വണ്ടിയുടെ ജനലുകൾ അടയ്ക്കുവാൻ ഞാൻ കല്പന കൊടുത്തു.''

കോഴിക്കോട്ടുനിന്നു കണ്ണൂർക്കുള്ള യാത്ര ലഹളപ്രദേശത്തുകൂടിയല്ലായിരുന്നുവെങ്കിലും അവിടങ്ങളിലും തുറന്ന വണ്ടികൾ ഉപയോഗിപ്പാൻ പാടില്ലെന്നു തന്നെയായിരുന്നു മിസ്റ്റർ ഹിച്ച്കോക്കിന്റെ നിഷ്കർഷ. കന്നുകാലികളെ കയററിക്കൊണ്ടുപോയിരുന്ന വണ്ടികളായിരുന്നുവത്രെ

ആദ്യം ഇതിന്നായി ഉപയോഗിച്ചിരുന്നത്. പക്ഷേ, താമസിയാതെ അതു മാററി സാമാനങ്ങരം കയററുന്ന ഗൂഡ്സ് വാഗണാക്കി. ആദ്യകാലങ്ങളിൽ ഈ വാഗണുകളുടെ വാതിലുകരം തുറന്ന് പുറത്തേയ്ക്കു ചാരി കയറുകൊണ്ട് കെട്ടീട്ടായിരുന്നു കൊണ്ടുപോയിരുന്നത്. പക്ഷേ, മിസ്റ്റർ ഹിച്ച്കോക്കിൻെറ തെളിവിലും വേറെ ചിലർ കൊടുത്ത തെളിവുകളിലും സൂചിപ്പിച്ചപ്രകാരം പുറമെയുള്ളവർ തടവുകാരെ കാണുന്നതും അവരുമായി സംസാരിക്കുന്നതും തടസ്സപ്പെടുത്തുവാനായി വാതിൽ പൂട്ടി ബന്ധിച്ചാണ് പിന്നീട് കൊണ്ടുപോയിരുന്നത്. ഇടയ്ക്ക് ചില സ്റ്റേഷനുകളിൽ വാതിൽ തുറന്നുകൊടുത്ത് വായുവിന്നു പ്രവേശം നല്കിയിരുന്നുവത്രെ. 122 ആളുകളോളം ഒരു വാഗണിൽ തന്നെ കുത്തിക്കയററിക്കൊണ്ടുപോകയുണ്ടായിട്ടുണ്ട് എന്നറിയുമ്പോരം ഈ തടവുകാരെ മനുഷ്യരായി അധികൃതന്മാർ കരുതിയിരുന്നതേയില്ല എന്നു വ്യക്തമാകുന്നുണ്ട്. കെ. കേളപ്പൻനായർ, കെ. വി. ബാലകൃഷ്ണമേനോൻ, കെ. വി. രാമൻമേനോൻ ഇവരെ ലഹളക്കാലത്തു തടവുകാരായി പിടിച്ചപ്പോരം ഇപ്രകാരമുള്ള ഒരു വണ്ടിയിലാണത്രെ അവരെ മററു തടവുകാരോടൊപ്പം കണ്ണൂർക്കു കൊണ്ടുപോയിരുന്നത്. തിരൂരിൽനിന്നു ആ വാഗണിൻെറ വാതിലടയ്ക്കാൻ തുടങ്ങിയപ്പോരം, വാതിൽ തുറന്നുവെയ്ക്കണമെന്നും, വാതിക്കൽ ഓരോ പോലീസ്സുകാരെ നിർത്തിയാൽ മതിയെന്നും കേളപ്പൻനായർ നിർദ്ദേശിച്ചത് പോലീസ്സ് സാർജ്ജൻറ് സ്വീകരിച്ചു. അതുകൊണ്ടാണ് താനും കൂട്ടുകാരും ചാവാതെ കണ്ണൂരിലെത്തിച്ചേർന്നതെന്ന് കേളപ്പൻനായർ പറയുകയുണ്ടായിട്ടുണ്ട്.

രണ്ടായിരത്തഞ്ഞൂറോളം തടവുകാരെ മുപ്പത്തിരണ്ടു പ്രാവശ്യമായി ഇങ്ങനെയുള്ള വാഗണുകളിൽ കൊണ്ടുപോയിട്ടുണ്ടായിരുന്നുവെന്നാണ് ഗവർമ്മേണ്ട് നിശ്ചയിച്ച അന്വേഷണക്കമ്മിററിയുടെ റിപ്പോർട്ടുകൊണ്ട് കാണുന്നത്.

പ്രസ്താവത്തിലെ കുപ്രസിദ്ധമായ തീവണ്ടി ദുരന്തമുണ്ടായത് നവംബർ ഇരുപതാം തിയ്യതിയായിരുന്നു. നൂറോളം തടവുകാരെ തിരൂരിൽനിന്നു മേൽപറഞ്ഞ വിധമുള്ള വണ്ടിയിൽ കയററി. മിസ്റ്റർ ഹിച്ച്കോക്കിൻെറ മേൽനോട്ടത്തിലാണ് ഇവരെ വണ്ടിയിൽ കയററിയത്. കയററിയ ഉടനെ വാതിലെല്ലാം അടച്ചു പൂട്ടി ഭദ്രമാക്കി. അങ്ങനെ ഭദ്രമാക്കിയവർക്കു പാറാവ് ആവശ്യമില്ലാതിരുന്നതിനാൽ സാർജൻറും കോൺസ്റ്റബിരംമാരും സുഖമായി

വേറെ വണ്ടിയിലാണ് സഞ്ചരിച്ചിരുന്നത്. തിരൂരിൽ നിന്നു കോയമ്പത്തൂർ എത്തുന്നതു വരെ ഈ വണ്ടിയുടെ വാതിൽ തുറന്നുകൊടുക്കുകയോ അതിലുള്ളവരെപ്പററി വല്ല അന്വേഷണം ചെയ്യുകയോ ഒന്നുംതന്നെ അവർ ചെയ്തിരുന്നില്ല. മനുഷ്യർക്ക് ശ്വാസിപ്പാൻ വായു വേണ്ടേന്ന് സാക്ഷാൽ ഹിച്ച്കോക്ക് തന്നെ തീർച്ചപ്പെടുത്തിയിരിക്കെ, അതു വേണമെന്നു വിചാരിപ്പാൻ സാർജൻറിനോ കോൺസ്റ്റബിൾമാർക്കോ എന്തധികാരമാണുള്ളത്? അതിനാൽ അങ്ങനെയുള്ള അന്വേഷണങ്ങൾ അവർ ചെയ്യാത്തതിനാൽ അവരെ ഒരു വിധത്തിലും കുററപ്പെടുത്തുവാനില്ല. മഞ്ചേരി രാമയ്യർ മുതലായവർ അടങ്ങിയ ഒരു കമ്മിററി കുററം സാർജൻറ തലയ്ക്കാണത്രെ ആരോപിച്ചത്. ചെറുവണ്ണൂർ വെച്ചു തടവുകാർ വെള്ളത്തിന്നാവശ്യപ്പെട്ടുവെന്നും വെള്ളം കൊണ്ടുവന്നു കൊടുപ്പാൻ സമയമില്ലായ്കയാൽ കൊടുത്തില്ലെന്നും ആ സാർജൻറ് തെളിവ് കൊടുത്തതായി കണ്ടു. അയാൾക്ക് അത്രയെങ്കിലും ദയാബുദ്ധി തോന്നിയത് അഭിനന്ദനീയം തന്നെ. ഏതായാലും നിർഭാഗ്യവാന്മാരായ ഈ തടവുകാർ ശ്വാസിപ്പാൻ വായുവില്ലാതെയും കുടിപ്പാൻ വെള്ളമില്ലാതെയും കാട്ടിക്കൂട്ടിയ മരണഗോഷ്ഠികൾ ഭയങ്കരങ്ങളായിരുന്നു. തമ്മിൽ കടിച്ചും മാന്തിയും പലരുടെയും ദേഹത്തിൽ മുറിവുകളുണ്ടായിരുന്നു. ആ വക മുറിവുകൾ കടിച്ചുണ്ടായതല്ലെന്നും മാന്തലിൻെറ ചിഹ്നങ്ങളായിരുന്നുവെന്നുമാണ് ഉദ്യോഗസ്ഥന്മാർ അഭിപ്രായപ്പെട്ടത്.

ശ്വാസം മുട്ടീട്ടല്ല ഈ തടവുകാർ മരിച്ചതെന്നു വരുത്തിത്തീർക്കുവാൻ ചിലർ ശ്രമിച്ചു. പക്ഷേ, കോയമ്പത്തൂർ മെഡിക്കൽ ഓഫീസ്സർ അതിന്നനുവദിച്ചില്ല. മർക്കടന്മാരിലും മുഷ്കരന്മാരുണ്ട്. തടവുകാർ മരിച്ചത് ശ്വാസം മുട്ടീട്ടാണെന്നും അവരെ കൊണ്ടുപോയിരുന്ന വണ്ടി മനുഷ്യരെ കയററിക്കൊണ്ടുപോകാൻ തക്കതല്ലായിരുന്നുവെന്നും അയാൾ തെളിവു കൊടുത്തു. ആകെ നൂറു പേരെ കയററിക്കൊണ്ടുപോയതിൽ 64 പേരോളം പോത്തനൂർ എത്തിയപ്പോഴേയ്ക്കുതന്നെ മരിച്ചു. ഏതാനും പേർ പുറത്തിറക്കിയതിനുശേഷവും മരിച്ചു.

ഇപ്രകാരം തടവുകാർ മരിച്ചുവെന്നറിഞ്ഞത് പട്ടാളനിയമം നടപ്പില്ലാത്ത കോയമ്പത്തൂർ വെച്ചായതുകൊണ്ട് ഈ സംഭവം എല്ലാവരും അറിവാനിടയായി. അതിനെപ്പററി നിയമസഭയിലും അസംബ്ലിയിലും പ്രമാദമായ വാദപ്രതിവാദങ്ങൾ നടന്നു. അക്കാലത്ത് മലബാർ ജില്ലയുടെ ഭരണ

ത്തലവനും ഈ വക സംഭവങ്ങരംക്കു ഏതാണ്ട് ഉത്തരവാദി യുമായ നാപ്പ് സായ്വ് അദ്ധ്യക്ഷനായും ഗവർമ്മേണ്ടിൻെറ പ്രത്യേക വാത്സല്യത്തിന്ന് എന്നും പാത്രമായ കല്ലടി മൊയ്തുട്ടി സാഹിബ് മുതലായവർ മെമ്പർമാരായും ഒരന്വേ ഷണക്കമ്മിററിയെ ഗവർമ്മെണ്ട് നിശ്ചയിച്ചു. ആ കമ്മി ററിയിൽ ജനങ്ങരംക്കു വിശ്വാസമില്ലെന്നും മററും നിയമസഭ ക്കാർ ആക്ഷേപം പറഞ്ഞുവെങ്കിലും ഗവർമ്മെണ്ട് അതു കൊണ്ടൊന്നും കുലുങ്ങിയില്ല. ഒടുവിൽ ആ കമ്മിററി ക്കാർ ചില തെളിവുകളെല്ലാമെടുത്ത് അവർക്കു തോന്നിയ അഭിപ്രായങ്ങരം ഗവർമ്മേണ്ടിലേയ്ക്കയച്ചു.

ഈ മാതിരി വണ്ടി ആവശ്യപ്പെട്ടവരും വണ്ടികളിൽ തടവുകാരെ കയററി അയച്ചവരുമായ ഹിച്ച്കോക്ക് മുത ലായവർ അപരാധികളല്ലെന്ന് കമ്മിററിക്കാർ തീർച്ചപ്പെ ടുത്തി. വാഗൺ ഉണ്ടാക്കിയ തീവണ്ടിക്കമ്പനിക്കാരും അതേല്പിച്ചുകൊടുത്ത ട്രാഫിക് ഇൻസ്പെക്ടരും, യാത്രയിൽ തടവുകാരുടെ സ്ഥിതിയെപ്പററി അന്വേഷിക്കാത്ത സാർ ജൻറുമാണ് അപരാധികരം എന്നായിരുന്നു അവരുടെ തീർപ്പ്.

മരിച്ചുപോയ തടവുകാരുടെ കുടുംബങ്ങരംക്കു മുന്നൂ റുറുപ്പിക വീതം സംഭാവന ലഭിച്ചു. ഈ അപകടത്തെ പ്പററി ജനങ്ങരം ചെയ്ത ആക്ഷേപത്തിന്ന് അത്രയെങ്കിലും ഫലമുണ്ടായെന്ന് ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

മാർഷ്യൽ നിയമപ്രകാരം നടന്ന വിചാരണകളുടേയും ശിക്ഷകളുടേയും സ്വഭാവം കൂടെ അല്പം വിവരിച്ച് ഈ അദ്ധ്യായത്തെ അവസാനിപ്പിക്കാം.

# മലബാർ കലാപം

## കെ. മാധവൻനായർ

1921–ൽ ആണ് മലബാർ കലാപം നടന്നത്. അന്ന് അതിൻെറ ചരിത്രമെഴുതുക പ്രയാസമായിരുന്നു. വാർത്താശേഖരണസാധ്യതയോ, ഗതാഗതസൗകര്യമോ ഇല്ലായിരുന്നു. എങ്കിലും ഗ്രന്ഥകാരനായ കെ. മാധവൻനായർ രംഗത്ത് ആദ്യന്തം സമാധാനദൂതനായി വർത്തിച്ചതുകൊണ്ട് അദ്ദേഹം ജനങ്ങളുടെ വികാരവും സംഭവങ്ങളുടെ പോക്കും നേരിട്ടു മനസ്സിലാക്കി. അങ്ങനെ നിഷ്പക്ഷമായി രചിച്ച, വിശ്വാസയോഗ്യമായ, വസ്തുനിഷ്ഠമായ ചരിത്രഗ്രന്ഥമാണ് ''മലബാർ കലാപം.'' ''സ്വാതന്ത്ര്യസമരത്തിൻെറ തുടക്കം മുതൽ ശ്രീ മാധവൻനായരുടെ ദേഹവിയോഗം വരെ (1933) നിരന്തരം ഒന്നിച്ചു പ്രവർത്തിക്കാൻ അവസരം ലഭിച്ച എനിക്ക് പരേതൻെറ സത്യസന്ധതയും കൃത്യനിഷ്ഠയും ഹൃദയനൈർമ്മല്യവും അനുഭവസിദ്ധമാണ്. ഹിന്ദുക്കളേയും മുസ്ലീങ്ങളേയും അദ്ദേഹം ഒരുപോലെ സ്നേഹിച്ചു''—എന്ന് ഇരു സമുദായങ്ങൾക്കും അദ്ദേഹത്തോടുണ്ടായിരുന്ന സ്നേഹാദരങ്ങൾ നേരിട്ടനുഭവമായിരുന്ന കെ. കേളപ്പൻ രേഖപ്പെടുത്തിയിരിക്കുന്നു.

അഭിഭാഷകനും രാഷ്ട്രീയനേതാവും സാമൂഹ്യപരിഷ്കർത്താവുമെല്ലാമായിരുന്ന മാധവൻനായർ കേരളത്തിലെ ദേശീയ സ്വാതന്ത്ര്യസമരചരിത്രത്തിലെ സമാരാധ്യനായ വീരനായകനാണ്. 1923–ൽ 'മാതൃഭൂമി' ആരംഭിച്ചപ്പോൾ മാധവൻനായർ അതിൻെറ മാനേജിങ് ഡയരക്ടരായിരുന്നു. സൂക്ഷ്മദൃഷ്ടിയായ നിരീക്ഷകനും നിരൂപകനും മികച്ച ഗദ്യലേഖകനുമായിരുന്ന അദ്ദേഹം ഒരു കവികൂടിയായിരുന്നു.

വില: 30.00

ഒരു മാതൃഭൂമി പ്രസിദ്ധീകരണം